# ആറന്മുള ഗ്രാമപഞ്ചായത്ത്

## സമഗ്രവികസനരേഖ



34-2

# ജനകീയ ആസൂത്രണം



## ആറന്മുള ഗ്രാമപഞ്ചായത്ത്

സമഗ്ര വികസന രേഖ

## ആറന്മുള ഗ്രാമപഞ്ചായത്ത് ഭൂപടം



പ്രതീക്ഷയോടെ..............



# ആറന്മുള ഗ്രാമ പഞ്ചായത്ത്





**ആറന്മുള രഘുനാഥൻ**



കെ.പി ശ്രീരംഗനാഥന് ഇന്ത്യാ ഇന്റർനാഷണൽ ഫോട്ടോ ഗ്രാഫിക്ക് കൗൺസിൽ അവാർഡ് നേടികൊടുത്ത ചിത്രം.

# ആറന്മുള ഗ്രാമപഞ്ചായത്ത് ഭരണ സമിതി



വി. ആർ. ഉണ്ണികൃഷ്ണൻ നായർ
വൈ. പ്രസിഡൻറ്

ഷാജി ചാക്കോ
സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ

എസ്. ആർ. ഉണ്ണികൃഷ്ണൻ

ഷീജാ റ്റി. റ്റോജി

അന്നമ്മ മാത്യു

പി. കെ. ഗംഗാധരൻപിള്ള

കുമാരി പി. ആർ. ഗീതാകുമാരി
പ്രസിഡൻറ്

എം. പി. ഗോപാലകൃഷ്ണൻ

പി. കെ. വിദ്യാധരൻ

എം. റ്റി. ദാമോദരൻ

ജോർജ്ജ് പി. തോമസ്

തങ്കമ്മ രാജപ്പൻ നായർ

# താളുകൾ മറിക്കുമ്പോൾ


1. ആമുഖം
2. പൊതു വിതരണം
3. ആറന്മുള ഗതകാല നന്മകളിലൂടെ
4. ഭൂപ്രകൃതിയും വിഭവങ്ങളും
5. വികസന മേഖലകൾ
   - 5.1 കൃഷിയും,ജലസേചനവും
   - 5.2 മൃഗസംരക്ഷണവും മത്സ്യ ബന്ധനവും
   - 5.3 വ്യവസായം
   - 5.4 വിദ്യാഭ്യാസം
   - 5.5 കുടിവെള്ളവും, പൊതുജനാരോഗ്യവും
   - 5.6 ഗതാഗതം,ഊർജ്ജം,മാർക്കറ്റ്
   - 5.7 ഭവന നിർമ്മാണവും, സാമൂഹ്യ ക്ഷേമവും
   - 5.8 സംസ്കാരം
   - 5.9 വനിത
   - 5.10 സഹകരണം
   - 5.11 പട്ടിക ജാതി പട്ടിക വർഗ്ഗം
   - 5.12 വിഭവ സമാഹരണം
6. ടൂറിസം
7. സ്നേഹാദരങ്ങളോടെ



**എഡിറ്റോറിയൽ ബോർഡ്**

ബാബു തോമസ്
കാശി വിശ്വനാഥൻ നായർ
മാലേത്ത് സരളാദേവി
വിദ്വാൻ പി.കെ തങ്കപ്പൻ
എം.കെ കുട്ടപ്പൻ
മധു
ബിജു
ഉണ്ണികൃഷ്ണൻ നായർ
ബാലകൃഷ്ണപിള്ള
രാജഗോപാലൻ

# ആമുഖം





ആസൂത്രിത വികസനത്തെ സംബന്ധിച്ച് നമ്മുടെ പ്രഥമ പ്രധാനമന്ത്രി പണ്ഡിറ്റ് ജവഹർലാൽനെഹ്റു തികച്ചും ബോധവാനായിരുന്നു. അതിനാൽ ജനാധിപത്യഭരണത്തിന്റെ പ്രാരംഭത്തിൽതന്നെ പ്ലാനിങ്ങ് ബോർഡ് രൂപീകരിക്കാനും ബോർഡുയോഗങ്ങളിൽ ശുഷ്ക്കാന്തിയോടു പങ്കെടുക്കാനും അദ്ദേഹം ശ്രദ്ധവച്ചിരുന്നു. സോവിയറ്റ്റഷ്യയിലെ പഞ്ചവത്സരപദ്ധതിയുടെ ചുവടുപിടിച്ച് അഞ്ചുവർഷംകൊണ്ടു പൂർത്തിയാകുന്ന പദ്ധതികൾ ആസുത്രണം ചെയ്തു നടപ്പാക്കുന്ന ഒരു ആസൂത്രണ ശൈലി രൂപപ്പെടുത്താൻ അദ്ദേഹത്തിനു കഴിഞ്ഞു.

എന്നാൽ കഴിഞ്ഞ എട്ടു പഞ്ചവത്സരപദ്ധതികളുടെയും രൂപ രേഖ തയ്യാറാക്കുന്നതും, അതിനാവശ്യമായ വിഭവസമാഹരണ പരിപാടികൾ രൂപീകരിക്കുന്നതും, പദ്ധതികളുടെ നടത്തിപ്പും കേന്ദ്ര സംസ്ഥാന സർക്കാരുകൾ ഏതാനും വിദഗ്ധന്മാരുടേയും ഉദ്യോഗസ്ഥമേധാവികളുടെയും ചുമതലയിലാണ് നടത്തിയത് എന്നതാണ് പരമാർത്ഥം. ഈ എട്ടു പദ്ധതികളിലൂടെ നമ്മുടെ രാജ്യത്തെ നിരവധി വികസന പ്രവർത്തനങ്ങൾ നടക്കുകയും ഒട്ടേറെ നേട്ടങ്ങൾ കൈവരിക്കുകയും ചെയ്തു. എങ്കിലും അതിന് പല പോരായ്മകളും ഉണ്ടായിരുന്നു. വിവിധ സർക്കാർ വകുപ്പുകൾ പരസ്പര ബന്ധമില്ലാതെ സാമാന്യജനങ്ങളുടെ ആവശ്യങ്ങൾക്കും അഭിപ്രായങ്ങൾക്കും പ്രാമുഖ്യം നൽകാതെ രൂപീകരിക്കുന്ന കുറെ സ്കീമുകളുടെ സമാഹാരം മാത്രമായി നമ്മുടെ ആസൂത്രണവും വികസനവും. നാളിതുവരെ നടന്ന വികസന പ്രവർത്തനങ്ങൾ കേന്ദ്രീകൃതവും, ഉദ്യോഗസ്ഥമേധാവിത്വപരവും, ആയിരുന്നതുപോലെ ജനങ്ങളുടെ ആവശ്യങ്ങൾ പരിഗണിക്കാത്തതും, നമ്മുടെ നാട്ടിൽ ലഭ്യമാകുന്ന, സ്ഥല, ജല, മാനവ വിഭവങ്ങളെ വേണ്ടരീതിയിൽ രാജ്യപുരോഗതിക്ക് ഉപയോഗിക്കാൻ ശ്രമിക്കാത്തതുമായിരുന്നു. പ്രദേശപരമായ വ്യത്യാസങ്ങൾ തീരെ പരിഗണിച്ചിരുന്നില്ല എന്നു തന്നെയല്ല ജനങ്ങളെ വികസന പ്രവർത്തനങ്ങളിൽനിന്ന് അകറ്റിനിർത്തുക കൂടി ചെയ്തിരുന്നു.

ഈ പോരായ്മകൾ പരിഹരിക്കുന്നതിനാണ് ഒമ്പതാം പഞ്ചവത്സര പദ്ധതി ഒരു ജനകീയ പദ്ധതിയാക്കാനുള്ള "ജനകീയ ആസൂത്രണ പ്രസ്ഥാനം" കേരളത്തിൽ നടപ്പിലാക്കുവാൻ സംസ്ഥാന പ്ലാനിങ്ങ് ബോർഡ് തീരുമാനിച്ചത്. ആസൂത്രണം അടിത്തട്ടിൽനിന്നാരംഭിക്കാനും പരമാധികാരികളായ ജനങ്ങളുടെ അഭിലാഷങ്ങൾക്കും അഭിപ്രായങ്ങൾക്കും പ്രാധാന്യം നൽകാനുമുള്ള ചരിത്രപരമായ ദൗത്യമാണ് ഇന്ന് നമുക്ക് നിറവേറ്റാനുള്ളത്.

വികസനം എന്നത് സ്ഥായിയും; പടിപടിയായും മുൻഗണനാക്രമത്തിലുമുള്ള വികാസമാണല്ലൊ. ജനങ്ങളുടെ ഭൗതിക ജീവിത നിലവാരമുയരുന്നതിനാവശ്യമായ ജീവനോപാധികളുടെ ഉല്പാദനം ഗണ്യമായി ഉയരണം. സാമ്പത്തിക വളർച്ച നീതിപൂർവ്വവും സ്ഥായിയുമാവണം. അതിനുള്ള പരിപാടികൾ ഏതാനും വ്യക്തികളുടെ ബുദ്ധിയിലുദിച്ചാൽ പോരാ, സാമൂഹ്യപങ്കാളിത്തവും ഇടപെടലും അനിവാര്യമാണ്. ലഭ്യമാവുന്ന പരിമിതമായ വിഭവങ്ങൾ കാര്യക്ഷമമായി കൂടുതൽ പേർക്കു കൂടുതൽ കാലത്തേക്ക് പ്രയോ ജനീഭവിക്കത്തക്ക നിലയിൽ ഉപയോഗിക്കപ്പെടണം. ആസൂത്രണം

ജനങ്ങൾക്കുവേണ്ടി ജനങ്ങൾ തന്നെ നടത്തുകയാണ് വേണ്ടത്.

പ്രാദേശിക ആസൂത്രണത്തിന് പ്രദേശത്തിന്റെ സ്ഥല, ജല, മാനവ വിഭവങ്ങൾ, സാമൂഹ്യ സാമ്പത്തിക സ്ഥിതികൾ ഇവയെ രൂപപ്പെടുത്തുന്നതുകൂടാതെ വികസന പദ്ധതികൾക്ക് പ്രാദേശികമായി രൂപം നൽകാൻ കഴിയുന്ന വിദഗ്ധരുടെ ചെറുസംഘങ്ങളും (Core Group) ഇതിനുണ്ടാവണം.

കേരളത്തിലെ സാമൂഹികമായ പ്രത്യേകതകൾ മറ്റു സംസ്ഥാനങ്ങളുടേതിൽനിന്നും, വികസ്വര രാഷ്ട്രങ്ങളുടേതിൽനിന്നും തുലോം ഭിന്നമാണ്. സമ്പൂർണ്ണ സാക്ഷരത, കുറഞ്ഞ ജനന മരണനിരക്ക്, ശിശുമരണ നിരക്ക് കൂടിയ ആയുർദൈർഘ്യം, നഗരവും ഗ്രാമവും തമ്മിലുള്ള അന്തരക്കുറവ്, എല്ലാ ഗ്രാമത്തിലും സ്കൂളുകൾ, വായനശാലകൾ ആശുപത്രികൾ, കൃഷി ഭവനുകൾ, പോസ്റ്റ് ആഫീസ്, യാത്രാ സൗകര്യങ്ങൾ, ന്യായവിലഷാപ്പുകൾ ഒട്ടേറെ സാമൂഹ്യക്ഷേമ സുരക്ഷിതത്വപരിപാടികൾ ഇവയൊക്കെ കണക്കിലെടുക്കേണ്ട വസ്തുതകളാണ്. ഈ സാമൂഹ്യപരിഷ്കാരത്തിന്റെയും വികാസത്തിന്റെയും ഫലമായുണ്ടായിട്ടുള്ള സദ്ഫലങ്ങൾ നിലനിർത്തുക മാത്രമല്ല ഇവയുടെ ഗുണനിലവാരം മെച്ചപ്പെടുത്തുകയും സാമ്പത്തിക വികസനത്തിലുണ്ടായിട്ടുള്ള സ്തംഭനാവസ്ഥ പരിഹരിക്കുകയും പ്രധാനമാണ്.

കാർഷീക വ്യവസായിക മേഖലകളിലെ ഉല്പാദനമുരടിപ്പും സാമ്പത്തീക വളർച്ചയിലെ പിന്നോക്കാവസ്ഥയും ഗൗരവപൂർവ്വം കണക്കിലെടുക്കുകയും, അവയ്ക്കു പരിഹാരം കണ്ടെത്താനുള്ള പുതിയ വികസനതന്ത്രങ്ങൾ ജനപങ്കാളിത്തത്തോടെ ആവിഷ്കരിക്കുകയും ചെയ്യുക എന്നതാണ് ജനകീയാസൂത്രണ പ്രസ്ഥാനത്തിന്റെ കാതൽ. ഈ പരിപാടിയുടെ വിജയത്തിന് നമ്മുടെ ഗ്രാമത്തിൽ ഒരു സന്നദ്ധ വികസന സംസ്ക്കാരം രൂപപ്പെടുത്താനും ജനകീയാവശ്യങ്ങളും പ്രശ്നങ്ങളും പരിഹരിക്കുവാൻ ബോധപൂർവ്വമായ നേതൃത്വം നൽകുവാൻ തയ്യാറാവുന്ന ഒരു സംഘം നിസ്വാർത്ഥ പ്രവർത്തകരെ വളർത്തിക്കൊണ്ടു വരുവാനും ശ്രമം ആവശ്യമുണ്ട്. ഇതിലേക്കുള്ള ബോധവൽക്കരണവും, നിലവിലുള്ള ഭൗതിക സാഹചര്യങ്ങളുടെയും പരിതസ്ഥിതികളുടെയും നിഷ്കൃഷ്ടമായ വിലയിരുത്തലും ഗ്രാമ സഭാ ചർച്ചകളിലൂടെ ഒരളവുവരെ നടന്നിരിക്കുകയാണ്.

## ഗ്രാമസഭ പങ്കാളിത്തം

| വാർഡ് | തീയതി | പങ്കെടുത്തവർ | | | ഉദ്ഘാടനം |
|---|---|---|---|---|---|
| | | ആൺ | പെൺ | ആകെ | |
| 1 | 05.10.96 | 120 | 152 | 172 | കടമ്മനിട്ട രാമകൃഷ്ണൻ എം. എൽ. എ. |
| 2 | 12.10.96 | 150 | 112 | 262 | പന്തളം ശിവൻകുട്ടി. ജില്ലാ പഞ്ചാ. സ്റ്റാൻ. കമ്മറ്റി ചെയർമാൻ |
| 3 | 12.10.96 | 135 | 120 | 255 | പന്തളം ശിവൻകുട്ടി. |
| 4 | 14.10.96 | 155 | 90 | 245 | പന്തളം ശിവൻകുട്ടി. |
| 5 | 13.10.96 | 155 | 90 | 245 | പന്തളം ശിവൻകുട്ടി. |
| 6 | 12.10.96 | 147 | 115 | 262 | കെ. കെ. ശിവാന്ദൻ ബ്ലോക്ക്. പഞ്ചാ. മെമ്പർ |
| 7 | 13.10.96 | 147 | 120 | 267 | പന്തളം ശിവൻകുട്ടി |
| 8 | 13.10.96 | 139 | 109 | 248 | കെ. കെ. ശിവാനന്ദൻ |
| 9 | 11.10.96 | 144 | 121 | 265 | കെ. കെ. ശിവാനന്ദൻ |
| 10 | 12.10.96 | 130 | 132 | 262 | പന്തളം ശിവൻകുട്ടി |
| 11 | 11.10.96 | 145 | 107 | 152 | തങ്കച്ചൻ കാക്കനാട് ബ്ലോക്ക്. പഞ്ചാ. വൈസ്പ്രസിഡന്റ് |
| 12 | 10.10.96 | 141 | 124 | 265 | തങ്കച്ചൻ കാക്കനാട് |

ജനകീയാസൂത്രണ പരിപാടിയുടെ ഭാഗമായി നടന്ന ഗ്രാമസഭാ ചർച്ചകളിൽ നല്ല ഗ്രാമീണ ജനപങ്കാളിത്തം ഉണ്ടായി. 29.10.96 മുതൽ നടത്തിയ ദ്വിതീയ വിവരശേഖരണ റിപ്പോർട്ടുകളും ഗ്രാമസഭാചർച്ചകളിൽ പരാമർശിതമായ പ്രാഥമിക വിവരങ്ങളും ക്രോഡീകരിച്ചും വിശകലനം ചെയ്തും ആണ് ഈ വികസനരേഖ തയ്യാറാക്കിയത്.

നമ്മുടെ ഗ്രാമത്തെ സമ്പൽസമൃദ്ധിയിലേക്കും പുത്തൻവികസനസംസ്കാരത്തിന്റെ ദിവ്യപ്രകാശത്തിലേക്കും നയിക്കുന്നതിന് പഞ്ചായത്തിന്റെ സമസ്തമേഖലകളേയും സ്പർശിക്കുന്ന വികസന നിർദ്ദേശങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. സമഗ്ര വികസനത്തിനുതകുന്ന ജനകീയമായ ഒരു പദ്ധതി രൂപീകരിക്കുവാൻ നമുക്കു കഴിയുമെന്നുള്ള പ്രത്യാശയോടുകൂടി ആറന്മുള പഞ്ചായത്തിന്റെ വികസനരേഖ ജനസമക്ഷം സമർപ്പിക്കുന്നു.

# പൊതുവിവരണം

| | |
|---|---|
| പഞ്ചായത്തിന്റെ പേര് | ആറന്മുള ഗ്രാമപഞ്ചായത്ത് |
| പഞ്ചായത്ത് ആസ്ഥാനം | ഇടയാറന്മുള വെസ്റ്റ് |
| ഉൾപ്പെടുന്ന വില്ലേജുകൾ | ആറന്മുള, കിടങ്ങന്നൂർ |
| ഉൾപ്പെടുന്ന ബ്ലോക്ക് പഞ്ചായത്ത്. | കുളനട |
| അസംബ്ലിമണ്ഡലം. | ആറന്മുള |
| ലോകസഭാമണ്ഡലം | മാവേലിക്കര |
| ജില്ല. | പത്തനംതിട്ട |
| താലൂക്ക് | കോഴഞ്ചേരി |
| വിസ്തീർണ്ണം. | 24.94 ച.കി.മീ. |
| വാർഡുകൾ | 12 |
| അതിരുകൾ വടക്ക്. | പമ്പാനദി |
| കിഴക്ക്. | മല്ലപ്പുഴശ്ശേരി പഞ്ചായത്ത് |
| തെക്ക്. | മെഴുവേലി, മുളക്കുഴ പഞ്ചായത്തുകൾ |
| പടിഞ്ഞാറ്. | ചെങ്ങന്നൂർ നഗരസഭ. |
| ജനസംഖ്യ. | 28679 |
| പുരുഷന്മാർ | 13605 |
| സ്ത്രീകൾ | 15074 |
| ജനസാന്ദ്രത | 1150 |
| അക്ഷരജ്ഞാനമുള്ളവർ | 24153 |

| | |
|---|---|
| പ്രസിഡണ്ടിന്റ് | പി. ആർ. ഗീതാകുമാരി |
| വൈസ് പ്രസിഡന്റിന്റ് | വി. ആർ. ഉണ്ണികൃഷ്ണൻ നായർ |
| സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ. | ഷാജി ചാക്കോ. |

# നിലവിലുള്ള പ്രധാന സ്ഥാപനങ്ങൾ

| ക്രമനം. | സ്ഥാപനം | വാർഡ് | സ്ഥലം |
|---|---|---|---|
| 1 | പഞ്ചായത്ത്ആഫീസ് | 8 | ഇടയാറന്മുള |
| 2 | കൃഷിഭവൻ | 11 | കിടങ്ങന്നൂർ |
| 3 | മൃഗാശുപത്രി | 6 | കുറിച്ചിമുട്ടം |
| 4 | മൃഗാശുപത്രി | 11 | കിടങ്ങന്നൂർ ഓവർസീയർ ഓഫീസ് കിടങ്ങന്നൂർ |
| 5 | ഇലക്ട്രിസിറ്റി മേജർ സെക്ഷനോഫീസ് | 1 | ആറന്മുള |
| 6 | സർവ്വീസ് സഹകരണബാങ്ക് | 12 | നാല്ക്കാലിക്കൽ ബ്രാഞ്ചുകൾ ഇടയാറന്മുള, കോട്ട, ആറന്മുള |
| 7 | സർവ്വീസ് സഹകരണബാങ്ക് | 4 | ആറാട്ടുപുഴ |
| 8 | ക്ഷീര സംഘം | 5 | നീർവിളാകം |
| 9 | ക്ഷീരസംഘം | 8 | ഇടയാറന്മുള |
| 10 | ക്ഷീരസംഘം | 10 | കോട്ട |
| 11 | ക്ഷീരസംഘം | 11 | കിടങ്ങന്നൂർ |
| 12 | മാവേലിസ്റ്റോർ | 1 | ആറന്മുള |
| 13 | വനിതാ വ്യവസായയൂണിറ്റ് | 1 | ഇടശ്ശേരിമല |
| 14 | വനിതാവ്യവസായ യൂണിറ്റ് | 2 | ളാക, ഇടയാറന്മുള |
| 15 | ദേവസ്വം ആഫീസ് | 1 | ആറന്മുള |
| 17 | ഫർക്കാ ഇൻസ്പക്ടർ ആഫീസ് | 11 | കിടങ്ങന്നൂർ |
| 18 | വില്ലേജ് എക്സ്റ്റൻഷൻ ആഫീസ് | 3 | മാലക്കര |
| 20 | വില്ലേജ് എക്സ്റ്റൻഷൻ ആഫീസ് | 5 | കോട്ട |
| 21 | വില്ലേജ് എക്സ്റ്റൻഷൻ ആഫീസ് | 12 | കിടങ്ങന്നൂർ |
| 22 | സബ് പോസ്റ്റാഫീസ് | 1 | ആറന്മുള |
| 23 | സബ് പോസ്റ്റാഫീസ് | 2 | ഇടയാറന്മുള |
| 24 | ബ്രാഞ്ച് പോസ്റ്റാഫീസ് | 3 | മാലക്കര |
| 25 | ബ്രാഞ്ച് പോസ്റ്റാഫീസ് | 4 | ആറാട്ടുപുഴ |
| 26 | ബ്രാഞ്ച് പോസ്റ്റാഫീസ് | 5 | നീർവിളാകം |
| 27 | ബ്രാഞ്ച് പോസ്റ്റാഫീസ് | 6 | കുറിച്ചിമുട്ടം |
| 28 | ബ്രാഞ്ച് പോസ്റ്റാഫീസ് | 7 | എരുമക്കാട് |
| 29 | ബ്രാഞ്ച് പോസ്റ്റാഫീസ് | 8 | ഇടയാറന്മുള വെസ്റ്റ് |
| 30 | ബ്രാഞ്ച് പോസ്റ്റാഫീസ് | 10 | കോട്ട |
| 31 | ബ്രാഞ്ച് പോസ്റ്റാഫീസ് | 11 | കിടങ്ങന്നൂർ |
| 32 | ബ്രാഞ്ച് പോസ്റ്റാഫീസ് | 12 | നാല്ക്കാലിക്കൽ |
| 33 | വിദ്യാലയങ്ങൾ എം.റ്റി.എൽ.പി.എസ് | 1 | നാല്ക്കാലിക്കൽ |
| 34 | എൻ. എം. യു. പി. എസ്. | 2 | ഇടയാറന്മുള |
| 35 | എം. റ്റി. എൽ. പി. എസ്. | 2 | ഇടയാറന്മുള |
| 36 | ഗവ.SNDP എൽ. പി. എസ്. | 2 | ളാക |
| 37 | എ. എം. എം. എച്ച്. എസ്. എസ് | 2 | ഇടയാറന്മുള |
| 38 | ഗവ. എൽ. പി. എസ്. | 3 | മാലക്കര |
| 39 | ശ്രീ. ആത്മാനന്ദസ്മാരകവിദ്യാലയം | 3 | മാലക്കര |
| 40 | ഗവ. യൂ. പി. എസ്. | 4 | ആറാട്ടുപുഴ |
| 41 | എം. ഡി. എൽ. പി. എസ് | 5 | നീർവിളാകം |
| 42 | ഹരിജൻ വെൽഫയർ നേഴ്സറിസ്കൂൾ | 6 | എഴിക്കാട് |
| 43 | ഇ. എ. എൽ. പി. എസ് | 7 | എരുമക്കാട് |

| | | | |
|---|---|---|---|
| 44 | ഗവ. വെൽഫയർ എൽ. പി. സ്കൂൾ 8 | | എരുമക്കാട് |
| 45 | എം.റ്റി.എൽ.പി.എസ്.ഇടയാറന്മുളവെസ്റ്റ് | 8 | ഇടയാറന്മുള വെസ്റ്റ് |
| 46 | ഗവ. എസ്. എൻ.ഡി.പി. യു.പി.എസ്. | 9 | വല്ലന |
| 47 | റ്റി.കെ.എം.ആർ.എം.വി.എച്ച്.എസ്. | 9 | വല്ലന |
| 48 | ഗവ. ഡി. വി.എൽ.പി.എസ്. | 10 | കോട്ട |
| 49 | സെന്റ് മേരീസ് എം.റ്റി.എൽ.പി.എസ് | 11 | കിടങ്ങന്നൂർ |
| 50 | ഗവ. എൽ. പി. എസ്. | 12 | കിടങ്ങന്നൂർ |
| 51 | എസ്.വി.ജി.എച്ച്.എസ്. | 12 | കിടങ്ങന്നൂർ |
| | സാങ്കേതിക വിദ്യാലയം | | |
| 52. | വാസ്തുവിദ്യാഗുരുകുലം | 1 | ആറന്മുള |
| | കമ്മ്യൂണിറ്റി പോളിടെക്നിക്ക് | 1 | ആറന്മുള |
| 53 | ഉപജില്ലാവിദ്യാഭ്യാസ ആഫീസ് | 1 | ആറന്മുള |
| | ആശുപത്രികൾ | | |
| 54 | ഗവ. ആയുർവേദഡിസ്പെൻസറി | 1 | ആറന്മുള |
| 55 | ഗവ. ഹോമിയോ ഡിസ്പെൻസറി | 1 | ആറന്മുള |
| 56 | സെന്റ് തോമസ് ഹോസ്പിറ്റൽ | 3 | മാലക്കര |
| 57 | പ്രൈമറി ഹെൽത്ത്സെന്റർ | 9 | വല്ലന |
| 58 | ജി. എം. ഹോസ്പിറ്റൽ | 11 | കിടങ്ങന്നൂർ. |
| | കുടുംബാരോഗ്യ ഉപ കേന്ദ്രങ്ങൾ | | |
| | 1. നീർവിളാകം | | |
| | 2. കോഴിപ്പാലം | | |
| | 3. എരുമക്കാട് | | |
| | 4. കല്ലൂരിക്കോട് | | |
| | 5. കിടങ്ങന്നൂർ | | |
| | 6. കുറിച്ചിമുട്ടം. | | |
| | ബാങ്കുകൾ | | |
| 59. | കാനറാ ബാങ്ക് | 1 | ആറന്മുള |
| 60 | സെൻട്രൽ ബാങ്ക് ഓഫ് ഇന്ത്യ | 1 | ആറന്മുള |
| 61 | ഇന്ത്യൻ ഓവർസീസ് ബാങ്ക് | 2 | ഇടയാറന്മുള |
| 62 | കാത്തലിക് സിറിയൻബാങ്ക് | 3 | മാലക്കര |
| 63 | ഫെഡറൽ ബാങ്ക് | 4 | ആറാട്ടുപുഴ |
| | സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ എക്സ്റ്റൻഷൻ കൗണ്ടർ | 2 | ഇടയാറന്മുള |
| 65 | പത്തനംതിട്ട ജില്ലാസഹ. ബാങ്ക്ശാഖ | 10 | കോട്ട |
| 66 | ഫെഡറൽ ബാങ്ക് | 11 | കിടങ്ങന്നൂർ |
| 67 | സെൻട്രൽ വാട്ടർകമ്മീഷൻസൈറ്റ്ആഫീസ് | 2 | ഇടയാറന്മുള |
| 68 | കുളനടബ്ലോക്ക്വനിതാസഹ.സംഘം | 2 | ഇടയാറന്മുള |
| 70 | എയ്ഡഡ്സ്കൂൾ എംപ്ലോയിസ്സഹ.സംഘം | 12 | നാല്ക്കാലിക്കൽ |
| 71 | അംഗണവാടികൾ (35) | | എല്ലാ വാർഡുകളിലുമായി |
| 73 | മാന്തുക ഗവ. സെർവെൻസ് കോ. ഓപ്പ.ബാ | | നീർവിളാകം |

| | | |
|---|---|---|
| 74 | സുബല യൂണിറ്റ് | മാലക്കര, ആറന്മുള, ഇടയാറന്മുള |
| 75 | ജയന്തി മിൽക്ക് പ്രൊസെക്ടേഴ്സ് | കിടങ്ങന്നൂർ |
| 76 | കൃപാ ഗാർമെന്റ്സ് ആൻഡ് എംബ്രോയിഡറി | കിടങ്ങന്നൂർ |
| 77 | ഐ. സി. ഡി. എസ് സബ് സെന്റർ | നീർവിളാകം. |

## പെൻഷനുകൾ ധനസാഹയം സംബന്ധിച്ച വിവരങ്ങൾ

| വില്ലേജ് | ആറന്മുള - കിടങ്ങന്നൂർ |
|---|---|
| അഗതിപെൻഷൻ | ഇല്ല |
| വിധവപെൻഷൻ | 58 |
| വികലാംഗപെൻഷൻ | 56 |
| വാർദ്ധക്യപെൻഷൻ | 103 |
| അവശകലാകാരപെൻഷൻ | 1 |
| അവശകായികതാര പെൻഷൻ | 1 |
| ക്ഷയരോഗി പെൻഷൻ | ഇല്ല |
| കുഷ്ഠരോഗി പെൻഷൻ | ഇല്ല |
| കാൻസർരോഗി പെൻഷൻ | 2 |
| കർഷകതൊഴിലാളിപെൻഷൻ | 280 |
| തൊഴിലില്ലായ്മ വേതനം | 284 |

അവലംബം ദ്വിതീയ വിവര ശേഖരണം.

# ആറന്മുള ഗതകാല നന്മകളിലൂടെ

ചരിത്രവും ഐതിഹവും സമന്വയിക്കുന്ന നാടാണ് ആറന്മുള. മധ്യതിരുവിതാംകൂറിന്റെ ഹൃദയതാളമായി പ്രവഹിക്കുന്ന പുണ്യനദിയായ പമ്പയുടെ കുളിർതെന്നലും കുഞ്ഞലകളും ഏറ്റുവാങ്ങുന്ന ഗ്രാമം. എ. ഡി. മൂന്നാം നൂറ്റാണ്ടുമുതലുള്ള ലിഖിതവും സഹസ്രാബ്ദങ്ങൾക്കപ്പുറമുള്ള വാമൊഴിയും ഈ ഗ്രാമത്തിന്റെ ചരിത്രമായി നിലനിൽക്കുന്നു. സംഘകാല ചരിത്രത്തിലെ ആഴ്‌വാന്മാരിൽ പ്രമുഖൻ നമ്മായ്‌വാർ രചിച്ച തിരുവായ്മൊഴി എന്ന കൃതിയിലും പന്ത്രണ്ടാം നൂറ്റാണ്ടിൽ രചിക്കപ്പെട്ട തിരുനിഴൽമാലയിലും ആറന്മുളയുടെ സവിശേഷതകൾ കണ്ടെത്താം.

പൗരാണിക കാലത്തെന്നോ ആറുമുളകളിൽ തീർത്ത ചങ്ങാടത്തിൽ (ആറുമുളം ചങ്ങാടകളിലോ) നിലയ്ക്കൽ പ്രദേശത്തുനിന്നും പമ്പാനദിയിലൂടെ താഴോട്ടുവന്ന ശ്രീകൃഷ്ണനും ബലരാമനും രാത്രിയിൽ വിശ്രമിക്കാൻ സ്ഥലം നോക്കിവരുമ്പോൾ ഇടയാറന്മുളയിൽ ഒരു ഗൃഹത്തിൽ വിളക്കു കാണുകയും അവിടെ ചങ്ങാടം അടുപ്പിച്ച് ആ വീട്ടിലെ അമ്മയുടെ ആതിത്യം സ്വീകരിച്ചു വിശ്രമിച്ചശേഷം കാലത്ത് തങ്ങൾക്കു പാർക്കാൻ സൗകര്യപ്രദമായ സ്ഥലം നോക്കാൻ ബലരാമനെ കിഴക്കോട്ടയച്ചു എന്നും ജേഷ്ഠനെ കാണായ്കയാൽ ശ്രീകൃഷ്ണനും പുറകേ പുറപ്പെട്ടു എന്നും ജേഷ്ഠൻ ഇരുന്ന ഇന്ന് ആറന്മുള ക്ഷേത്രം സ്ഥിതിചെയ്യുന്ന സ്ഥലത്ത് അദ്ദേഹവും സ്ഥാനം കണ്ടെത്തി എന്നുമുള്ള മിത്തിനെ അടിസ്ഥാനമാക്കി രൂപപ്പെട്ട സ്ഥലനാമം തലമുറകൾ കൈമാറി ജനമനസ്സുകളിൽ നിലനിൽക്കുന്നു.

ആദ്യം 'ആയ്നാട്ടിലും' പിന്നീട് 'ഓടനാട്ടിലും' ഉൾപ്പെട്ടിരുന്നു ഈ ഗ്രാമം. തെക്കുംകൂറിന്റേയും പിന്നീട് പാണ്ടിവരെ നീണ്ടുകിടന്ന പന്തളത്തിന്റെയും പിന്നീട് തിരുവിതാംകൂറിന്റെയും ആധിപത്യം ഈ പ്രദേശത്തു നിലനിന്നിരുന്നു. മഹോദയപുരം കേന്ദ്രമാക്കി വാണിരുന്ന ചേര രാജാവിന്റെ ആധിപത്യവും നിലനിന്നിരുന്നതായി ചരിത്രരേഖകൾ ഉണ്ട്. എന്നാൽ നാടിന്റെ സുപ്രധാനമായ വളർച്ചയുടെ കാലഘട്ടം ആറന്മുള രാജാക്കന്മാരുടെ ഭരണകാലമായിരുന്നു.

നൂറ്റിഎട്ട് വൈഷ്ണവതിരുപ്പതികളിൽ പതിമൂന്നെണ്ണം മലനാട്ടിലായിരുന്നു. ഇതിൽ പ്രധാനപ്പെട്ട ഒന്നായിരുന്നു. തിരുവാറൻ വിളൈ (തിരുവാറന്മുള.) നൂറ്റാണ്ടിൽ ചരിച്ച കാവ്യഗ്രന്ഥമായ തിരുനിഴൽമാല ആറന്മുള പാർത്ഥസാരഥിക്ഷേത്രത്തേക്കുറിച്ചാണ്. അക്കാലത്തേ 64 ഗ്രാമങ്ങളിലൊന്നായിരുന്നു ആറന്മുള. ആറുപുറം ചേരികളും നാല് അകം ചേരികളും ചേർന്ന അതിവിശാലമായ ഭൂപ്രദേശം. കൊഴുമഞ്ചേരി (കോഴഞ്ചേരി) മേലുവാ (മേലുകാവ്) മേലുള്ളാർ ഭവനം. (?) ചെറുകോല് (ചെറുകോൽ) ആയിരൂർ എന്നിവയായിരുന്നു പുറം ചേരികൾ. പൂഴച്ചേരി, മല്ലപ്പള്ളി, ഇടച്ചേരി, നെടും പുറയാറ്, (നെടുമ്പ്രയാർ) എന്നിവ അകംചേരികളും തൃച്ചിറ്റാറ് വെണ്മണ്ടൂർ, തൃക്കൊടിത്താനം പുലിയൂർ ആറന്മുള എന്നീ വൈഷ്ണവക്ഷേത്രങ്ങൾ ആറന്മുള ഗ്രാമത്തിലെ ക്ഷേത്രങ്ങളായിരുന്നു. ഇവിടെയെത്തി കൂത്തു നടത്തി മടങ്ങുന്ന മറവരുടെ കഥയ്ക്ക് തിരുനിഴൽ മാല ജീവിക്കുന്ന സാക്ഷ്യമാണ്.

ചിട്ടയോടും ക്രമീകൃതവുമായ ലിഖിത ചരിത്രം ഏറെയില്ലെങ്കിലും ആറന്മുള രാജവംശത്തിന്റെ അവശിഷ്ടമായി കാഞ്ഞിരവേലിയിൽ കഴിഞ്ഞ പതിറ്റാണ്ടുവരെ നിലനിന്നിരുന്ന തൂക്കുകളവും ആറന്മുള ക്ഷേത്രപരിസരത്തെ കിടങ്ങുകളും രാജഭരണത്തിന്റെ ബാക്കിപത്രങ്ങളായി അവശേഷിക്കുന്നു.

അതി പ്രാചീനമായ ഒരു ജനതയിലേക്കും സംസ്കൃതിയിലേക്കും വെളിച്ചം വീശുന്നതാണ്. ആറന്മുള ക്ഷേത്രം. ക്ഷേത്രത്തിന്റെ ചുറ്റുമതിലും ശ്രീകോവിലിനു ചുറ്റുമുള്ള ശില്പങ്ങളും സൈന്ധവസംസ്കാരത്തിന്റെ നിദർശനങ്ങളാണ്. അടിക്കല്ലിൽ തുളയിട്ട് മുകൾ കല്ലിൽ ആണിയുമായി മതിൽ പണിയുന്ന ശില്പ ശൈലിയും ശ്രീകോവിലിന്റെ ചുവരിൽ ചിത്രീകരിച്ചിരിക്കുന്ന പക്ഷിമൃഗാദികളുടെ ഇണചേരൽ ശില്പങ്ങളും സൈന്ധവ നിർമ്മാണ ശൈലി.യെ സൂചിപ്പിക്കുന്നു. മധ്യകാലഘട്ടത്തിന്റെ സ്മരണനിലനിർത്തുന്ന ചുവർ ചിത്രങ്ങളും ദാരുശില്പങ്ങളും ക്ഷേത്രത്തിൽ കാണാം.

പൗരാണികമായ ആറന്മുള ജലോത്സവം അനവധി ഐതിഹങ്ങളാലും കഥകളാലും ബന്ധിതമാണ്. ചുരുക്കത്തിൽ സൈന്ധവകാലഘട്ടത്തിന്റെ ഓർമ്മകൾ നിറ

യുന്ന വള്ളം കളിയും, ആറന്മുള ലോഹക്കണ്ണാടിയും താംബൂലചർവ്വണത്തിനു പ്രസിദ്ധമായ ആറന്മുള അടയ്ക്കയും ഡ്യൂവൽ ടെക്കനോളജിയിൽ തീർത്ത പാർത്ഥസാരഥിക്ഷേത്രമതിലും ക്ഷേത്രത്തിലെ ചുവർ ചിത്രങ്ങളും ദാരുശില്പങ്ങളും കിടങ്ങന്നൂർ പള്ളിമുക്കും ക്ഷേത്രത്തിലെ പള്ളിവിളക്കും ആറാട്ടുപുഴയിലെ ആറാട്ടുകടവും ദേശപ്പഴക്കത്തിലേക്കുള്ള ചൂണ്ടുപലകകളാണ്.

ആറന്മുളയുടെ പ്രശസ്തി ലോകമെമ്പാടുമെത്തിക്കുന്നതിൽ ആറന്മുള ലോഹക്കണ്ണാടി വഹിച്ച പങ്ക് നിസ്തുലമാണ്. ആറന്മുള ക്ഷേത്രത്തിന്റെ തെക്കേനടയിലുള്ള മൂശാരികുടുംബങ്ങളിൽ ഒന്നിലെ ഒരു സ്ത്രീ യാദൃശ്ചികമായി കണ്ടെത്തിയ ഇതിന്റെ സാങ്കേതിക വിദ്യ ഇന്നും ഏതാനും ചില കുടുംബക്കാരുടെ സ്വന്തമാണ്. ചെമ്പും വെളുത്തീയവും ഒരു പ്രത്യേക അനുപാതത്തിൽ ചേർത്ത് ഉരുക്കിയുണ്ടാക്കുന്ന കൂട്ടുലോഹം മിനുക്കി ലോഹക്കണ്ണാടി ആക്കുന്ന വിദ്യ ആറന്മുളയുടേതുമാത്രമാണ്. ലോകത്തെമ്പാടുമുള്ള നിരവധി കാഴ്ചബംഗ്ലാവുകളിലും ഭവനങ്ങളിലും ആറന്മുള കണ്ണാടി പ്രഥമസ്ഥാനം വഹിക്കുന്നു. കണ്ണാടി നിർമ്മാണത്തിലേർപ്പെട്ടിരിക്കുന്ന കുടുംബങ്ങൾ ഇന്നും നമ്മുടെ പ്രശസ്തി ഉയരങ്ങളിലെത്തിക്കാൻ പ്രയത്നിക്കുന്നു.

ആറന്മുളയുടെ സാംസ്കാരിക സാഹിത്യ പൈതൃകവും ഈടുറ്റതാണ്. ക്ഷേത്രപ്രവേശന വിളംബരം പുറപ്പെടുവിക്കും മുമ്പ് നാലായിരത്തിലേറെ ഹരിജനങ്ങളെ സംഘടിപ്പിച്ച് ചെങ്ങന്നൂർ ആറന്മുള ക്ഷേത്രങ്ങളിലേക്കു മാർച്ചു ചെയ്ത് ഹരിജനങ്ങളുടെ ക്ഷേത്രപ്രവേശനത്തിനു വേണ്ടി ശക്തമായ സമരം നടത്തിയ കുറുമ്പൻ ദൈവത്താൻ ഈ പഞ്ചായത്തിന്റെ പുത്രനാണ്. സുദൃഢമായിരുന്ന ചാതുർവർണ്ണ്യത്തിന്റെ തീണ്ടപ്പാടു തർകത്ത് മലവെള്ളപ്പാച്ചിൽ പോലെ ആരാധനാ സ്വാതന്ത്ര്യത്തിനുവേണ്ടി പട നയിക്കുക മാത്രമല്ല അധഃസ്ഥിതന്റെ അദ്ധ്വാനത്തിനു മതിയായ കൂലി നല്കാത്ത ജന്മിത്വത്തിന്റെ നെറികേടുകളെ ചെറുക്കുകയും ശ്രീമൂലം പ്രജാസഭയിൽ സാമൂഹ്യ മുന്നേറ്റത്തിനുവേണ്ടി വാദിക്കുകയും ചെയ്ത മഹാനാണ് കുറുമ്പൻ ദൈവത്താൻ.

ഭാരതീയ പശ്ചാത്തലത്തിൽ വേദപുസ്തക ഭാഗങ്ങളെ കാവ്യങ്ങളായി അവതരിപ്പിച്ച മഹാകവി കെ. വി സൈമൺ ഇൻഡ്യയുടെ കാവ്യമേഖലക്ക് ഒരിക്കലും മറക്കാനാവാത്ത വ്യക്തിത്വമാണ്. വ്യവസ്ഥാപിത സഭാ നേതൃത്വത്തിന്റെ തെറ്റായ തീരുമാനങ്ങളെ ഒറ്റയാന്റെ കരുത്തോടെ ചെറുത്തുനിന്ന മഹാകവി മത നവോത്ഥാന പ്രസ്ഥാനങ്ങൾക്കു നല്കിയ സംഭാവന ചെറുതല്ല.

മഹാകവി ഇടയാറന്മുള കെ. എം. വറുഗീസും മൂത്താമ്പാക്കൽ സാധു കൊച്ചു കുഞ്ഞ് ഉപദേശിയും, പള്ളത്ത് ഡോ. കെ ഭാസ്കരൻനായരും, ഇടയാറന്മുള എൻ. കെ ദാമോദരനും, ആറന്മുള സത്യവൃതനും ആറന്മുള വി. ജെ തോമസ്സും ഒക്കെ കൊളുത്തിയ ദീപശിഖ പ്രകാശദീപ്തമാണ്. ഡോ. ആറന്മുള ഹരിഹരപുത്രനും ഡോ. കെ. എം ജോർജും ചലച്ചിത്രതാരം ആറന്മുള പൊന്നമ്മയും മറ്റും വർത്തമാന കാല സജീവിതകളാണ്.

പ്രാണവായുവിനെക്കാൾ പ്രധാനമാണ് സ്വാതന്ത്ര്യം എന്നു ചിന്തിച്ച ഉല്പതിഷ്ണുക്കളും ഇവിടെയുണ്ടായിരുന്നു. ഇന്നും നമ്മോടൊപ്പമുള്ള സ്വാതന്ത്ര്യസമര സേനാനി ആർ. പ്രതാപവർമ്മ രാഷ്ട്രീയ രംഗത്തു കൊളുത്തിയ ദീപശിഖ ഇന്നും കത്തിനിൽക്കുന്നു. ശ്രീമൂലം പ്രജാസഭാംഗങ്ങളായിരുന്ന കുറുമ്പൻ ദൈവത്താൻ, മഹാകവി. കെ. വി. സൈമൺ, കിഴക്കിലേത്തുകൊച്ചു കൃഷ്ണപിള്ള, നിയമസഭാംഗങ്ങളായിരുന്ന മാലേത്തു ഗോപിനാഥപിള്ള, എ. പത്മകുമാർ, ദേശീയ കാർഷിക വികസന ബാങ്കിന്റെ പ്രസിഡണ്ടായിരുന്ന കെ. ശിവദാസൻ നായർ, ബംഗ്ലാദേശ് യുദ്ധത്തിലെ ധീരതയ്ക്ക് മഹാ വീരചക്രം ലഭിച്ച പാറടയിൽ തോമസ് ഫിലിപ്പോസ്, ഫോട്ടോഗ്രഫിയിൽ അന്തർദേശീയ അവാർഡു നേടിയ കെ.പി. ശ്രീരംഗനാഥൻ, സാമൂഹ്യസേവനത്തിനുള്ള സംസ്ഥാന അവാർഡു നേടിയ മാലേത്ത് സരളാദേവി, എൻ.ഡി.പി. യുടെ സ്ഥാപക ജനറൽ സെക്രട്ടറി ആറന്മുള കേശവൻ നായർ എന്നിവർ ആറന്മുളയുടെ പ്രഗത്ഭപുത്രരാണെന്നത് നമുക്ക് അഭിമാനർഹമാണ്

രാഷ്ട്രപിതാവ് മഹാത്മാ ഗാന്ധിയുടെ പാദസ്പർശം കൊണ്ടും ആറന്മുള ധന്യമാണ്. 1937ൽ ക്ഷേത്രപ്രവേശ വിളംബരത്തിന്റെ ഒന്നാം വാർഷികവുമായി ബന്ധപ്പെട്ട് ഹരിജനങ്ങളോടൊപ്പം ആറന്മുള ക്ഷേത്രത്തിൽ മഹാത്മജി ദർശനം നടത്തുകയുണ്ടായി. തുടർന്നു സത്രകടവിന് എതിർവശത്തുള്ള പമ്പാ മണൽപുറത്തു നടന്ന പ്രാർത്ഥനായോഗത്തിലും അദ്ദേഹം പങ്കെടുത്തു. സത്രക്കടവിന് എതിർവശമുള്ള പമ്പാമണൽപ്പുറത്തു നടന്നിരുന്ന ഹിന്ദുമതമഹാമണ്ഡലം ആഗമാനന്ദസ്വാമികൾ, വള്ളത്തോൾ നാരായണമേ നോൻ, എം. പി മന്മഥൻ തുടങ്ങിയവർക്കു ആഥിത്യം അരുളിയിട്ടുണ്ട്. ഈ മഹാസമ്മേളനത്തിന്റെ തുടർച്ചയാണ് ഇന്ന് ചെറുകോൽപ്പുഴയിൽ നടക്കുന്ന മത മഹാസമ്മേളനം. പ്രസിദ്ധമായ മാരാമൺ കൺവൻഷൻ ആരംഭിച്ചത് ക്ഷേത്രക്കടവിനെതിർവശത്തുനിന്നുമാണ്

ഹൈന്ദവ നവോത്ഥാന പ്രസ്ഥാനത്തിലെ പ്രാതഃസ്മരണീയനായ ചട്ടമ്പി സ്വാമി തിരുവടികളുടെ പ്രമുഖ ശിഷ്യനായ ശ്രീ വിജയാനന്ദഗുരുദേവന്റെ പ്രധാന പ്രവർത്തന കേന്ദ്രം നമ്മുടെ പഞ്ചായത്തായിരുന്നു. ഹൈന്ദവ, ക്രൈസ്തവ, മുസ്ലീം, ജനസാമാന്യം തങ്ങളുടെ വിശ്വാസ പ്രമാണങ്ങളേ സാഹോദര്യത്തോടെ കാത്തു സൂക്ഷിക്കുന്ന നാടുകൂടിയാണിത്. വിദ്യാഭ്യാസരംഗത്ത് ക്രൈസ്തവ സഭകളുടേയും വിജയാനന്ദാശ്രമത്തിന്റെയും പ്രവർത്തനവും ശ്ലാഘനീയമാണ്.

വിവിധ ഘട്ടങ്ങളിലായി ഇൻഡ്യയുടെ രാഷ്ട്രപതി മാരായിരുന്ന ഡോ. രാജേന്ദ്രപ്രസാദ് , വി. വി. ഗിരി, വെങ്കിട്ടരാമൻ, ശങ്കർദയാൽ ശർമ്മ, ഉപരാഷ്ട്രപതി കെ. ആർ. നാരായണൻ തുടങ്ങിയവർക്ക് ആഥിത്യമരുളാനും ആറന്മുളക്കു കഴിഞ്ഞിട്ടുണ്ട്. ഒട്ടനവധി കേന്ദ്രമന്ത്രിമാരും മുഖ്യമന്ത്രിമാരടക്കമുള്ള സംസ്ഥാനമന്ത്രിമാരും ഇവിടം സന്ദർശിച്ചിട്ടുണ്ട്. ഇൻഡ്യൻ കമ്യൂണിസ്റ്റ് പാർട്ടിയുടെ ആദ്യകാല നേതാക്കളായ പി. കെ. ചന്ദ്രാനന്ദൻ എം. എൻ ഗോവിന്ദൻനായർ, ശങ്കരനാരായണൻ തമ്പി തുടങ്ങിയവരുടെ ഒളിവുകാല പ്രവർത്തനങ്ങളുടെ വിഹാര രംഗങ്ങളിലൊന്നായിരുന്നു ചരിത്രപ്രസിദ്ധമായ ആറന്മുള.

ആറന്മുള പഞ്ചായത്തുമന്ദിരം നിർമ്മിക്കുന്നതിന് സ്ഥലം സംഭാവന നല്കിയ കൈപ്പള്ളിൽ കേശവപിള്ളയെ ഈ തരുണത്തിൽ സ്മരിക്കേണ്ടിയത് അത്യന്താപേക്ഷിതമാണ്.

24. 94 ചതുരശ്രകിലോമീറ്റർ വിസ്തൃതിയുള്ള നമ്മുടെ പഞ്ചായത്ത് സ്സ്ഥാനത്തെ ആദ്യ പഞ്ചായത്തുകളിൽ ഒന്നാണ്. ആദ്യം തിരുവല്ല താലൂക്കിലും പിന്നീട് ചെങ്ങന്നൂർ താലൂക്കിലും ഇപ്പോൾ കോഴഞ്ചേരി താലൂക്കിലും ഉൾപ്പെട്ടിരിക്കുന്ന ഈ പഞ്ചായത്തിൽ കിടങ്ങന്നൂർ ആറന്മുള എന്ന രണ്ടു വില്ലേജുകൾ കൂടിയുണ്ട്. കൊല്ലം ജില്ലയിൽ ഉൾപ്പെട്ടിരുന്ന ഈ പഞ്ചായത്ത് ആലപ്പുഴ ജില്ല രൂപീകരിച്ചപ്പോൾ ആ ജില്ലയുടെ കിഴക്കു ഭാഗമായി. 1983 ൽ പത്തനംതിട്ട ജില്ലാ രൂപികരണത്തോടു കൂടി ഇതു പത്തനംതിട്ട ജില്ലയുടെ പടിഞ്ഞാറൻഭാഗമായിത്തീർന്നിരിക്കുകയാണ്.

ഇങ്ങനെ പ്രഗത്ഭമായ ഒരു ഭൂതകാല ചരിത്രത്തിനുടമയായ നമ്മുടെ പഞ്ചായത്തുഭരണത്തിന്റെ ചുക്കാൻ പിടിച്ച് വികസനത്തിന്റെ പാതയിലൂടെ നമ്മെ നയിച്ച പ്രസിഡണ്ടുമാർ ഇനി പറയുന്നവരാണ്.

1. അഡ്വ. എം. പി. രാമൻപിള്ള
2. പി. ആർ. കൊച്ചുകുഞ്ഞ്
3. ആർ. പ്രതാപവർമ്മ
4. പല്ലാട്ടുതറ ചാണ്ടി
5. അഡ്വ. എം കെ. രാമകൃഷ്ണപിള്ള
6. കെ. കെ. രാമചന്ദ്രൻ
7. ദാനിയേൽ തോമസ്
8. എം. എം. സുകുമാരൻ

ഇവർ കാട്ടിയ പാതയിലൂടെ ജനകീയാസൂത്രണത്തിന്റെ പുതുവെളിച്ചവുമായി നന്മയുടേയും, കൂട്ടായ്മയുടേയും സമൃദ്ധിയുടേയും സന്ദേശം വഹിച്ചുകൊണ്ട് വികസനരംഗത്ത് അവശേഷിക്കുന്ന വെല്ലുവിളികളേ നമുക്ക് സധൈര്യം നേരിടാം

# 4

# ഭൂപ്രകൃതിയും വിഭവങ്ങളും

പത്തനംതിട്ട ജില്ലയുടെ പടിഞ്ഞാറു ഭാഗത്തായി ആലപ്പുഴ ജില്ലയോടു ചേർന്നു ആറമ്മുള പഞ്ചായത്തു സ്ഥിതിചെയ്യുന്നു. വടക്കു പമ്പാ നദി കിഴക്കു മല്ലപ്പുഴശ്ശേരി ഗ്രാമപഞ്ചായത്ത്, തെക്ക് മെഴുവേലി-മുളക്കുഴ പഞ്ചായത്ത്കൾ പടിഞ്ഞാറ് ചെങ്ങന്നൂർ മുനിസിപ്പാലിറ്റി എന്നിവയാണ് പഞ്ചായത്തിന്റെ അതിരുകൾ. കാലാവസ്ഥാടിസ്ഥാനത്തിലുള്ള വിവിധ കാർഷിക മേഖലകളായി കേരളത്തേ തിരിച്ചിട്ടുള്ളതിൽ ആർദ്രത കൂടിയ ഉഷ്ണകാലാവസ്ഥയുള്ള തെക്കൻ ഇടദേശം എന്ന വിഭാഗത്തിലാണ് ഈ പഞ്ചായത്തുൾപ്പെടുന്നത്. കുന്നുകളും താഴ്വരങ്ങളും നിറഞ്ഞതാണ് പഞ്ചായത്ത്. ഭൂമിയുടെ പൊതുവായ ചരിവ് വടക്കോട്ടണ്. ഭൂരിഭാഗം തോടുകളും വടക്കോട്ടോഴുകി പമ്പാനദിയിൽ ചേരുന്നു. ഏറ്റവും പ്രധാനപ്പെട്ട തോടായ കോഴിത്തോട് ആറമുള കിടങ്ങന്നൂർ പുഞ്ചകളുടെ ഇടയിലൂടെ ഇടക്കടവ്, നാല്കാലിക്കൽ, കരിമ്പും തലയ്ക്കൽ ഒഴൂർക്കടവ് വഴി പടിഞ്ഞാറോട്ട് ഒഴുകിയ ശേഷം തുരുത്തിമല, ഇടയാറന്മുള വഴി വടക്കോട്ട് ഒഴുകി കോഴിപ്പാലത്തിനു വടക്ക് പമ്പയാറ്റിൽ പതിക്കുന്നു. അടുത്ത പ്രധാന തോടായ പെരുംതോട് കോട്ട -വല്ലന-വെട്ടിക്കൽ വഴി നീർവിളാകം ചാലിൽ എത്തിച്ചെരുന്നു. പമ്പാ ജലസേചന പദ്ധതിയുടെ ഇടതുകര പ്രധാന കനാൽ മെഴുവേലി പഞ്ചായത്തിൽ നിന്നും മണപ്പള്ളി-വല്ലന-കോട്ട വഴി തെക്ക് മുളക്കുഴ പഞ്ചായത്തിലെക്ക് ഒഴുകുന്നു. വല്ലന നിന്നും മാലക്കര ബ്രാഞ്ചുകനാൽ വല്ലന, കുറിച്ചിമുട്ടം, മാലക്കര ആറാട്ടുപുഴ നീർവിളാകം വഴി നീർവിളാകം പാടത്തേക്കും, കുറിച്ചിമുട്ടം ബ്രാഞ്ചുകാനാൽ കുറിച്ചിമുട്ടത്തുനിന്നും എഴിക്കാടു പട്ടികജാതി കോളനി വഴി നീർവിളാകം പാടത്തേക്കും എരുമക്കാട് ബ്രാഞ്ചു കനാൽ വല്ലന നിന്നും എരുമക്കാടു വഴി തുരുത്തിവേലി പാടശേഖരത്തേക്കും ഒഴുകുന്നു. ഇവ കൂടാതെ ആറന്മുള പാടശേഖരിത്തിനു വേണ്ടിയും മാലക്കര പാടശേഖരത്തിനു വേണ്ടിയും മൈനർ ഇറിഗേഷൻ വകുപ്പിന്റെ കീഴിൽ ലിഫിറ്റ് ഇറിഗേഷൻ പമ്പുകളുമുണ്ട്.

## I. ഭൂപ്രകൃതി

ഭൂപ്രകൃതി അനുസരിച്ച് ആറന്മുളയേ മൂന്നായി തിരിക്കാം

a. കുന്നിൻ പ്രദേശങ്ങൾ
b. ചരിവു പ്രദേശങ്ങൾ
c. താഴ്വാരങ്ങൾ

അവയുടെ വിവരണവും ഏകദേശ വിസ്തൃതിയും ചുവടെ പട്ടികയിൽ കൊടുക്കുന്നു.

**പട്ടിക 1**

| ക്രമ നമ്പർ | ഭൂപ്രകൃതി. | വിസ്തീർണ്ണം (ഹെക്ടർ) | ആകെ (ഹെക്ടർ) | ശതമാനം |
|---|---|---|---|---|
| 1. | കുന്നിൽ പ്രദേശങ്ങൾ | | | |
| | a. ഉയർന്ന കുന്നുകളുടെ മുകൾതട്ട് | 300 | | |
| | b. ചെറിയ കുന്നുകളുടെ മുകൾതട്ട് | 150 | 450 | 18 |
| | ചരിവു പ്രദേശങ്ങൾ | | | |
| 2 | a. കുത്തനെ ചരിവ് | 350 | | |
| | b. ചെറിയചരിവ് | 1200 | 1550 | 62 |
| 3 | താഴ്വാരങ്ങൾ | 499 | 499 | 20 |
| | ആകെ. | 2494 | 2494 | 100 |

## ഉയർന്ന പ്രദേശങ്ങൾ

സമുദ്ര നിരപ്പിൽ നിന്നും 50 മീറ്റർ മുതൽ 120 മീറ്റർ വരെ ഉയരത്തിൽ സ്ഥിതിചെയ്യുന്ന ഉയർന്നപ്രദേശങ്ങളുടെ ആകെ വിസ്തൃതി 450 ഹെക്ടർ വരും. 120 മീറ്റർ ഉയരത്തിൽ സ്ഥിതിചെയ്യുന്ന കിടാരത്തു മലയാണ് പഞ്ചായത്തിലെ ഏറ്റവും ഉയർന്ന പ്രദേശം.ഉയർന്ന പ്രദേശങ്ങളേ ഉയർന്നകുന്നുകളായും ചെറിയ കുന്നുകളായും രണ്ടായിതിരിക്കാം ചരൽമണ്ണ്, വെട്ടുകല്ല് ഇടകലർന്ന ചരൽമണ്ണ് എന്നിവയാണ് ഈ പ്രദേശങ്ങളിൽ കാണപ്പെടുന്നത്. ഏറ്റവും ഉയർന്ന സ്ഥലങ്ങളിൽ ജല ലഭ്യത കുറവാണ്. ഈ പ്രദേശങ്ങളിലെ പ്രധാന വിള റബർ ആണ്.

## ചരിവുകൾ

ആകെ വിസ്തൃതിയിൽ 62 ശതമാനം ചരിവു പ്രദേശങ്ങളാണ്. വെട്ടുകല്ലും ചരൽമണ്ണും ഇടകലർന്നു കാണപ്പെടുന്ന ഈ പ്രദേശം വളരെ ഫലഭൂയിഷ്ഠമാണ്. ഭൂഗർഭ ജല ലഭ്യതയുള്ള ഈ പ്രദേശങ്ങളിൽ ജനങ്ങൾ താമസിക്കുന്നു. എല്ലായിടത്തും മണ്ണെലിപ്പു കാണപ്പടുന്നു. റബർ, തെങ്ങ്, കമുക്, മറച്ചീനി, കുരുമുളക്, കശുമാവ് തുടങ്ങിയവയാണ് പ്രധാന വിളകൾ.

## താഴ്‌വാരങ്ങൾ

സമുദ്രനിരപ്പീൽ നിന്നും 50 മീറ്റർ വരെ ഉയരത്തിൽ നിരപ്പായി താഴ്‌വാരങ്ങൾ സ്ഥിതിചെച്ചുന്നു. ഈ പ്രദേശങ്ങളിൽ എക്കൽ കലർന്ന കളിമണ്ണാണുള്ളത്. കോട്ട, വല്ലന, കുറിച്ചുമുട്ടം, എരുമക്കാട് എന്നീ താഴ്‌വരകളിൽ മണ്ണൊലിപ്പ് അനുഭവപ്പെടുന്നു. നെല്ല്, വാഴ, പച്ചക്കറി, വെറ്റില എന്നിവയ്ണ് പ്രധാന കൃഷികൾ. പമ്പയാറിന്റെ തീരപ്രദേശങ്ങളിൽ കമുക്, ജാതി, തെങ്ങ്, നാടൻ വാഴ (കുടിവാഴ) തുടങ്ങിയ കൃഷികൾ സുലഭമാണ്. മുൻകാലത്ത് വിപുലമായി നടന്നിരുന്ന കരിമ്പു കൃഷി മിക്കവാറും അസ്തമിച്ചമട്ടാണ്. ഇഞ്ചിയും ഒരു പ്രധാന കൃഷിയാണ്.

## II കാലാവസ്ഥ

പഞ്ചായത്തിൽ അനുഭവപ്പെടുന്ന കാലാവസ്ഥാ മാറ്റവും കാലയളവും പട്ടിക 2-ൽ കൊടുക്കുന്നു.

**പട്ടിക 2**

| കാലം | കാലയളവ് | ലഭിക്കുന്നമഴ മി.മി. |
|---|---|---|
| കാലവർഷം | ജൂൺ-ആഗസ്റ്റ് | 1482 |
| തുലാവർഷം | സെപ്തംബർ-നവംബർ | 1043 |
| വരണ്ട കാലം | ഡിസംബർ-ഫെബ്രുവരി | 42.6 |
| വേനൽകാലം | മാർച്ച്- മെയ് | 1485 |

## കാറ്റ്

ഏപ്രിൽ-മെയ് മാസങ്ങളിൽ വേനൽ മഴയോടൊപ്പം ശക്തമായ കാറ്റ് അനുഭവപ്പെടാറുണ്ട്. ഈ സമയത്ത് കർഷകർക്ക് സാരമായ കൃഷി നാശം സംഭവിക്കുന്നു റബ്ബർ, വാഴ, വെറ്റില, എന്നിവയാണ് പ്രധാനമായും നശിക്കുന്നത്. കൂടാതെ കാലവർഷക്കാലത്ത് ജൂൺ ജൂലൈ മാസങ്ങളിൽ ശക്തമായ കാറ്റനുഭപ്പെടുന്നു. ആ കാലത്തും വ്യാപകമായ കൃഷിനാശം സംഭവിക്കുന്നു.

## വർഷപാതം

വർഷത്തിൽ ശരാശരി 2793.6 മി. മീറ്റർ മഴ ലഭിക്കുന്നു. ജൂൺ-ജൂലൈ-ആഗസ്റ്റ് മാസങ്ങളിലാണ് ഏറ്റവും കൂടുതൽ മഴ ലഭിക്കുന്നത്. ഏറ്റവും കുറച്ചു മഴ കിട്ടുന്നത് ജനുവരി - ഫെബ്രുവരി - മാർച്ച് മാസങ്ങളിലാണ്. കഴിഞ്ഞ 11 വർഷത്തെ പ്രതിമാസ വർഷപാതത്തിന്റെ പട്ടിക കൊടുത്തിരിക്കുന്നു.

## വെള്ളപ്പൊക്കം

20 വർഷങ്ങൾക്കു മുമ്പുവരെ. പഞ്ചായത്തു പ്രദേശത്ത് രൂക്ഷമായ വെള്ളപ്പൊക്കം അനുഭവപ്പെട്ടിരുന്നു. അക്കാലത്ത് വ്യാപകമായ കൃഷി നാശം സംഭവിച്ചിരുന്നു എങ്കിലും വെള്ളപ്പൊക്കത്തിലൂടെ വന്നടിഞ്ഞിരുന്ന വളക്കൂറുള്ള എക്കൽ മണ്ണ് ആറന്മുള, ഇടയാറമുള, മാലക്കര, ആറാട്ടുപുഴ പ്രദേശങ്ങളിലെ ഭൂമിയെ ഫലഭൂയിഷ്ഠമാക്കീയിരുന്നു. വെള്ളപ്പൊക്കം കൃഷിനാശം വരുത്തിയിരുന്നു. എങ്കിൽ തന്നെയും ഈ ജൈവ വളസ്രോതസ്സ് കൃഷികളെ ഏറെ സഹായിച്ചിരുന്നു. കൂടാതെ ഏറെ മത്സ്യസമ്പത്തും ലഭ്യമായിരുന്നു. പമ്പാ ഡാം പൂർത്തിയാതും, അനിയന്ത്രിതമായ മണൽ വാരൽ കാരണം പമ്പാ നദിയുടെ അടിത്തട്ട് താഴ്ന്നു പോയതും മൂലം പമ്പയാറു കരകവിഞ്ഞൊഴുകി രൂക്ഷമായ വെള്ളപ്പൊക്കം ഉണ്ടാകാറില്ല. ഭൂഗർഭ ജലവിതാനം താഴ്ന്നതു കാരണം ആറ്റുതീരത്തേ കിണറുകൾ പോലും വേനൽക്കാലത്തു വറ്റിവളരുന്നു. വെള്ളപ്പൊക്കം ഇനി ഉണ്ടാവില്ല എന്ന വിശ്വാസത്തിൽ താഴ്ന്ന പ്രദേശങ്ങളിൽ വ്യപകമായി കൃഷിയിറക്കുന്ന കർഷകർക്ക്, ചിലവർഷങ്ങളിൽ അവിചാരിതമായുണ്ടാകുന്ന ഉരുൾ പൊട്ടലും വെള്ളപ്പൊക്കംവും കൃഷിനാശത്തിനും ഭവന നാശത്തിനും കാരണമാകാറുണ്ട്.

## IV താപനില

ആറന്മുള പഞ്ചായത്തു പ്രദേശത്ത് 1990-94 കാലയളവിൽ അനുഭവപ്പെട്ട ശരാശരി താപനില പട്ടിക 4-ൽ കൊടുത്തിരിക്കുന്നു.

## പ്രതിമാസ താപനില- വ്യത്യാസം കാണിക്കുന്ന ഗ്രാഫ്




x————x ഉയർന്ന താപനില
x — — —x ശരാശരി താപനില
x ..............x കുറഞ്ഞ താപനില

## V. ജലസമ്പത്ത്

പഞ്ചായത്ത് പ്രദേശത്ത് ലഭിക്കുന്ന വാർഷീക വർഷാപാതം മുകളിൽ പറഞ്ഞിട്ടുണ്ടല്ലൊ. ഈ ജലത്തിന്റെ സിംഹഭാഗവും ഫലഭൂയിഷ്ഠമായ മേൽമണ്ണിനേയും വഹിച്ചുകൊണ്ട് പാഴായി പമ്പാ നദീയിലൂടെ ഒഴുകിപ്പോകുന്നു. മലകളിൽ ഭൂമി തട്ടുതിരിച്ച് റബ്ബർ കൃഷി വന്നതോടുകൂടി ഒരു പരിധിവരെ ഭൂഗർഭ ജല സംഭരണം നടക്കുന്നു എങ്കിലും തടയണകളോ മറ്റു സംവിധാനങ്ങളോ ഏർപ്പെടുത്താത്തതുകാരണം ജലം പൂർണ്ണമായും വിനിയോഗിക്കാനാകുന്നതല്ല. പുന്നറ, ചേലവേലി നിലങ്ങളിൽ സ്ഥാപാ ച്ചിട്ടുള്ള ചീർപ്പ് (ക്രേസ്ബാർ) കളിൽ പലകയിടുകയും ഇപ്പോൾ മിക്കവാറും നികന്നു പോയിരിക്കുന്ന കറ്റാറ്റു ചാൽ, ആറന്മുള കൈപ്പാല ചാൽ, നീർവീളാകം ചാൽ, കിടങ്ങന്നൂർ പുന്നമല ചിറ എന്നിവ ആഴം കൂട്ടി ജലസം ഭരണശേഷി വർദ്ധിപ്പിക്കുകയും ചെയ്താൽ ഭൂഗർഭ ജല വിതാനം ഉയർന്നുതിനും കിണറുകളിലെയും കുളങ്ങളി ലെയും വേനൽകാല ജല ലഭ്യത ഉറപ്പാക്കുന്നതിനും സാധിക്കും.

വേനൽ കാലത്തല്ലാതെയും ആറന്മുള പഞ്ചായത്തു പ്രദേശത്ത് കിണറുകൾ വറ്റാറുണ്ട്. ഭൂഗർഭ ജല ലഭ്യതയേപ്പറ്റി സമഗ്ര പര്യവേഷണം ശാസ്ത്രീയമായി നടത്തിയിട്ടില്ല. എങ്കിൽ തന്നെയും 1993-ൽ ഭൂഗർഭ ജലവകുപ്പ് ഉദ്യോഗസ്ഥർ നടത്തിയ ഒരു ദ്രുത പര്യവേഷണത്തിൽ ആറന്മുള പഞ്ചായത്തിലെ അമ്പതു ശതമാനം പ്രദേശങ്ങളിൽ ഉയർന്ന ഭൂഗർഭ ജല ലഭ്യതയുള്ളതായി കണ്ടിട്ടുണ്ട്.

## VII മണ്ണ്

പഞ്ചായത്തിൽ ചരൽ കലർന്ന മണ്ണാണ് കൂടുതലായിക്കാണുന്നത്. ജലസംഭരണശേഷിയും വളക്കൂറും ഈ മണ്ണിനു കൂടുതലാണ്. പമ്പയാറിന്റെ തീരത്തോടു ചേർന്ന പ്രദേശങ്ങളിൽ ഏറെ വളക്കൂറുള്ള എക്കൽ മണ്ണാണുള്ളത്. ഉപരിതലമണ്ണിന്റെ ഇനവും വിസ്തൃതിയും പട്ടിക ഒന്നിൽ കാണാവുന്നതാണ്.

വ്യത്യസ്ത ഭൂപ്രകൃതിമേഖലകളിൽ കാണപ്പെടുന്ന മണ്ണിന്റെ സ്വഭാവം പട്ടിക 5-ൽ കൊടുത്തിരിക്കുന്നു.

### പട്ടിക 5

### വിവിധ ഭുപ്രകൃതി മേഖലകളിലെ മണ്ണിന്റെ സ്വഭാവം

| ഭൂപ്രകൃതി | വിവരം | മണ്ണിന്റെ ആഴം | ജലനിർഗ്ഗമനശേഷി | മണ്ണൊലിപ്പ് |
|---|---|---|---|---|
| കുന്നിൻപ്രദേശങ്ങൾ | സാന്ദ്രതകൂടിയ ചെങ്കല്ലിനു മുകളിൽ ചരൽ കലർന്ന മണ്ണ്അമ്ല സ്വഭാവം | കുറവ് | കൂടുതൽ | കൂടുതൽ |
| ചരിവുപ്രദേശങ്ങൾ | ചെങ്കല്ലിനു മുകളിൽ 50, 100 സെ. മീ.. വരെ ആഴമുള്ള ചരൽകലർന്ന മണ്ണ്. അമ്ല സ്വഭാവം | ഇടത്തരം | കൂടുതൽ | കൂടുതൽ |
| താഴ്വരകൾ | നദീതട എക്കൽമണ്ണിനു മുകളിൽ മണൽ കലർന്നതും കലരാത്തതുമായ ചെളിമണ്ണ് അമ്ല സ്വഭാവം. | കൂടുതൽ | കുറവ് | കുറവ് |

## VIII. മണ്ണ്.

കേരളത്തിന്റെ മൊത്തം വിസ്തീർണ്ണത്തിന്റെ 0.064 ശതമാനം മാത്രമായ 2494 ഹെക്ടർ വിസ്തീർണ്ണമാണ്. നമ്മുടെ പഞ്ചായത്തിനുള്ളത്. കാർഷിക വിളകളും കാർഷികഭൂമിയും എങ്ങനെ വിന്യസിച്ചിരിക്കുന്നു. എന്ന് പട്ടിക 6-ൽ കാണിച്ചിരിക്കുന്നു.

കൃഷി ചെയ്യാൻ പറ്റാത്ത ഭൂമി ഈ പഞ്ചായത്തു പ്രദേശത്തില്ല. കർഷകരുടെ ഗൃഹങ്ങളും മറ്റുകെട്ടിടങ്ങളും ഉൾപ്പെട്ട സ്ഥലങ്ങൾ കൃഷി ഭൂമിയായി കണക്കാക്കുന്നു.

## പട്ടിക 6

### കാർഷിക, കാർഷികേതര ഭൂവിതരണം.

| ക്രമനമ്പർ | ഭൂവിനിയോഗം | വിസ്തീർണ്ണം ഹെക്ടർ |
|---|---|---|
| 1 | നെല്ല് ഒരുവിള | 400 |
| 2 | നെല്ല് രണ്ടുവിള | 50 |
| 3 | റബർ | 1090 |
| 4 | തെങ്ങ് മിശ്രവിളകൾ | 300 |
| 5 | മരച്ചീനി | 115 |
| 6 | കുരുമുളക് | 6 |
| 7 | കശുമാവ് | 5 |
| 8 | കമുക് | 13 |
| 9 | വാഴ | 100 |
| 10 | പച്ചക്കറി | 15 |
| 11 | തരിശ് കൃഷിചെയ്യാൻ പറ്റാത്തത് | 50 |
| 12 | തരിശ് കൃഷിയോഗ്യം | 350 |
| | ആകെ | 2494 |

അവലംബം കൃഷിഭവൻ

## IX മനുഷ്യവിഭവം

1991-ലെ കാനേഷുമാരി പ്രകാരം ആറന്മുള ഗ്രാമപഞ്ചായത്തിലെ ജനസംഖ്യ 28679 ആണ്. അതിൽ 13605 പുരുഷന്മാരും 15074 സ്ത്രീകളുമുണ്ട്. ആയിരം പുരുഷന്മാർക്ക് 1015 സ്ത്രീകളാണുള്ളത്. ആകെ വീടുകളുടെ എണ്ണം 8783 ആണ്. വീടൊന്നിന് ശരാശരി 4 ആൾക്കാർ വീതമുണ്ട്. ജനസാന്ദ്രത ചതുരശ്രകിലോമീറ്ററിന് 1150 ആണ്.

പഞ്ചായത്തിലെ വാർഡുതല ജനസംഖ്യാവിവരണം പട്ടികയിൽ ചേർത്തിരിക്കുന്നു. 1991-ൽ പഞ്ചായത്തിന് 11 വാർഡുകൾ മാത്രമേ ഉണ്ടായിരുന്നുള്ളു.

[redacted]

# കൃഷിയും ജലസേചനവും

ആറന്മുള ഒരു കാർഷീക ഗ്രാമമാണ്. ഒരു കാലത്ത് ഈ പഞ്ചായത്തിലെ ജനങ്ങൾക്ക് ആവശ്യമായ ഭക്ഷ്യ വസ്തുക്കൾ മിക്കതും ഇവിടെ ഉല്പാദിപ്പിച്ചിരുന്നു. പമ്പാ നദിയും 35 തോടുകളും ഇവയെ പരസ്പരം ബന്ധിപ്പിക്കുന്ന നിരവധി കൈത്തോടുകളും കൊണ്ട് അനുഗൃഹീതമാണ് ഈ നാട്. ആദ്യ കാലങ്ങളിൽ മുകളിൽ പറഞ്ഞ ജല സ്രോതസ്സുകളെ കേന്ദ്രീകരിച്ചായിരുന്നു കാർഷീക പ്രവർത്തനങ്ങൾ എന്നാൽ പമ്പാ ജലസേചന പദ്ധതി കനാലുകളും പമ്പയിലെ രണ്ട് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളും ആറന്മുളയിലെ കാർഷീക പ്രവർത്തനങ്ങളെ നിയന്ത്രിക്കുന്നു.

## പ്രധാന മണ്ണിനങ്ങളും ഭൂപ്രദേശങ്ങളും

ചരൽമണ്ണ്, ചെമ്മണ്ണ്, എക്കൽ മണ്ണ്. ചെളി നിറഞ്ഞ എക്കൽ മണ്ണ് തുടങ്ങിയവയാണ് പ്രധാന മണ്ണിനങ്ങൾ.

## ഭൂപ്രദേശം

ഉയർന്ന ഭൂപ്രദേശങ്ങൾ, എക്കൽ നിറഞ്ഞ നദീതീര പ്രദേശങ്ങൾ, പുഞ്ച നിലങ്ങൾ സമതല പ്രദേശങ്ങൾ, ചെറിയ കുന്നുകളും അവയുടെ ഇടയിലുള്ള ചരിവുകളും ചേർന്ന പ്രദേശങ്ങൾ, പാറകൾ എന്നിവ ഉൾപ്പെടുന്ന ഭൂപ്രദേശമാണ് നമ്മുടേത്.

## പ്രധാന കൃഷി ഇനങ്ങൾ

നെല്ല്, തെങ്ങ്, മരച്ചീനി, വാഴ, പച്ചക്കറികൾ, കിഴങ്ങുവർഗ്ഗങ്ങൾ, കരിമ്പ്, വെറ്റില, കുരുമുളക്, കശുമാവ്, റബ്ബർ.

## കൃഷിഭൂമിയുടെ വിതരണം

ഭൂരിഭാഗവും ഇടത്തരം, ചെറുകിട നാമമാത്ര കർഷകരാണ്. രണ്ടു ശതമാനം ആളുകൾക്ക് ഒരു ഹെക്ടറോ അതിൽ കൂടുതലോ ഭൂമിയുണ്ട്

## കൃഷിയിലെ പുതിയ പ്രവണതകൾ

റബ്ബർ കൃഷി വ്യാപകമായതും, കരിമ്പുകൃഷിയുടെ തിരോധാനവും കഴിഞ്ഞ 15 വർഷത്തിനിടയിൽ നടന്ന സുപ്രധാനമായ മാറ്റങ്ങളിലൊന്നാണ്.

മരച്ചീനി, കശുമാവ്, തുടങ്ങിയവയുടെ ഉല്പാദനം കുറഞ്ഞുകൊണ്ടിരിക്കുന്നു. വെറ്റില, പച്ചക്കറി, തുടങ്ങിയവ ചില മേഖലകളിൽ മാത്രമായി ചുരുങ്ങിയിട്ടുണ്ട്. തേക്കു കൃഷി വ്യാപകമായി. വാഴ കിഴങ്ങുവർഗ്ഗങ്ങൾ തുടങ്ങിയ കൃഷികൾ വലിയ മാറ്റമില്ലാതെ തുടരുന്നു. തെങ്ങ്, കമുക്, കൃഷികൾ തളർച്ച നേരിട്ടുകൊണ്ടിരിക്കുകയാണ്.

## കൃഷിയുടെ പ്രധാന പ്രശ്നങ്ങൾ

**a.** നെല്ല്.

ജലസേചന സൗകര്യക്കുറവ്, പഞ്ചായത്തിലുള്ള 2 ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളും (ആറന്മുള നമ്പർ1 മാലക്കര) ഫലപ്രദമായി പ്രവർത്തിക്കുന്നില്ല. പ്രകൃതിദത്തമായ പല തോടുകളും ചാലുകളും നികത്തപ്പെടുകയോ ഉപയോഗശൂന്യമാവുകയോ ചെയ്തു.

പമ്പാ ഇറിഗേഷൻ പദ്ധതി കനാലുകൾ പലതും പൂർണ്ണമായി ഉപയോഗിക്കാൻ കഴിയുന്നില്ല. മോട്ടറുകൾ സ്ഥാപിക്കാനുള്ള സാമ്പത്തീക ബാധ്യതകൾ, വൈദ്യുതി ലഭിക്കാനുള്ള കാലതാമസം, ഡീസലിന്റെ വിലവർദ്ധനവ്, പുതിയ തലമുറയ്ക്ക് നെൽക്കൃഷിയിലുള്ള താല്പര്യക്കുറവ്, കർഷകത്തൊഴിലാളികളുടെ ലഭ്യതക്കുറവ്, വീടുകളും കെട്ടിടങ്ങളും പണിയാൻ പാടങ്ങൾ പലതും നികത്തപ്പെടുന്നത്, കര കൃഷി ചെയ്തിരുന്ന മണ്ണുകൾ (സമതലങ്ങൾ) വാസകേന്ദ്രങ്ങളായും ഇഷ്ടിക ചൂളകളായും മാറിയത് എന്നിവ നെൽക്കൃഷിയെ ബാധിച്ചിരിക്കുന്നു. ഇരിപ്പൂ നിലങ്ങൾ പലതും ഒരുപ്പൂനിലങ്ങളായി മാറി. ഉല്പദന ചെലവ് കൂടുകയും, ആനുപാതിക വില ഉല്പാദനത്തിനു ലഭിക്കാതിരിക്കുകയും ചെയ്തതോടെ കർഷകർ പലരും നെൽക്കൃഷി ഉപേക്ഷിക്കുകയും തങ്ങളുടെ നിലം തരിശിടുകയും ചെയ്യാൻ തുടങ്ങി.

**b.** തെങ്ങ്

കാറ്റുവീഴ്ചമൂലം പഞ്ചായത്തിലെ 60% തെങ്ങുകൾ നശിച്ചുപോയി. രോഗം ബാധിക്കാത്ത പുതിയ വിത്തിനങ്ങളുടെ ലഭ്യത കുറവായത് ഈ മേഖലയിലെ പ്രശ്നങ്ങൾ കൂടുതൽ രൂക്ഷമാക്കി. നാളീകേര വിലയിടിവ്, റബ്ബർ, തേക്ക്, തുടങ്ങിയ കൃഷികളുടെ പ്രചാരണം എന്നിവയാണ് മറ്റു പ്രശ്നങ്ങൾ. കഴിഞ്ഞ നിരവധി വർഷ

ങ്ങളിൽ നാളീകേര ഉല്പാദനത്തിൽ വമ്പിച്ച കുറവ് ഉണ്ടായിട്ടുണ്ട്

**c. കരിമ്പ്**

ഏതാണ്ട് പതിനഞ്ചുവർഷങ്ങൾക്കു മുമ്പുവരെ പഞ്ചായത്തിൽ വളരെ വ്യാപകമായി കൃഷി ചെയ്തിരുന്ന ഒരു വിളയായിരുന്നു കരിമ്പ്. എന്നാലിന്ന് ഏതാണ്ട് പൂർണ്ണമായിത്തന്നെ കരിമ്പുകൃഷി അപ്രത്യക്ഷമായിരിക്കുകയാണ്. കരിമ്പിന് ന്യായമായ വില കിട്ടാത്തതും പന്തളം, തിരുവല്ല എന്നിവിടങ്ങളിലെ പഞ്ചസാരമില്ലുകൾ അടച്ചുപൂട്ടിയതും കരിമ്പു കൃഷിയുടെ തിരോധാനത്തിനു വഴി വെച്ചു. കരിമ്പുകൃഷി ചെയ്തിരുന്ന പ്രദേശങ്ങൾ പലതും ഇഷ്ടിക നിർമ്മാണത്തിനും ഭവനനിർമ്മാണത്തിനും ഉപയോഗിച്ചുവരുന്നു.

**d മരച്ചീനി**

1985-നുശേഷം മരച്ചീനി ഉല്പാദനത്തിലും വലിയ കുറവ് ഉണ്ടായിട്ടുണ്ട്. മരച്ചീനി കൃഷി ചെയ്തിരുന്ന പല സ്ഥലങ്ങളും ഗൃഹനിർമ്മാണത്തിനും റബ്ബർ കൃഷിക്കും ഉപയോഗിക്കപ്പെട്ടു. മരച്ചീനിയുടെ ഉല്പാദനത്തിലും ഉപഭോഗത്തിലും ഗണ്യമായ കുറവുണ്ടായിട്ടുണ്ട്.

**e.വാഴക്കൃഷി**

വലിയമാറ്റങ്ങളില്ലാതെ പഞ്ചായത്തിൽ കൃഷി ചെയ്യപ്പെട്ടുകൊണ്ടിരിക്കുന്ന ഒരു വിളയാണ് വാഴ. പല വിധരോഗങ്ങളും ഈ കൃഷിയെ അലട്ടുന്നുണ്ടെങ്കിലും ലാഭകരമായി കൃഷി ചെയ്യുവാൻ കർഷകർക്ക് കഴിയുന്നുണ്ട്.

**f.പച്ചക്കറി കൃഷി**

പഞ്ചായത്തിലെ കോട്ട, കിടങ്ങന്നൂർ, മാലക്കര, വല്ലന, ആറാട്ടുപുഴ തുടങ്ങിയ ഭാഗങ്ങളിൽ പച്ചക്കറി കൃഷി കേന്ദ്രീകരിച്ചിരിക്കുന്നു. ജലസേചന സൗകര്യത്തിന്റെ അഭാവം കർഷകരെ അലട്ടുന്നുണ്ട്. അടുക്കളത്തോട്ടം നിർമ്മിക്കാൻ വീട്ടമ്മമാരേ പ്രോത്സാഹിപ്പിക്കാനുള്ള പരിപാടി നടപ്പിൽ വരുത്തണം. ഇതിനോടൊപ്പം തന്നെ കൂൺകൃഷിയും പ്രോത്സാഹിപ്പിക്കേണ്ടതാണ്.

**g.കശുമാവ്**

പഞ്ചായത്തിലെ മിക്ക സ്ഥലങ്ങളിലും കൃഷി ചെയ്യുന്ന ഒരു ഇനമാണ് കശുമാവ്. തികച്ചും ലാഭകരമാണിത്. അത്യൂല്പാദനശേഷിയുള്ള കശുമാവിനങ്ങൾ കർഷകർക്കു നല്കാനുള്ള സംവിധാനം ഉണ്ടാകേണ്ടതുണ്ട്.

**h.റബ്ബർ**

പഞ്ചായത്തിൽ അടുത്തകാലത്തായി വ്യാപക പ്രചാരം സിദ്ധിച്ച ഒരു കൃഷിയാണിത്. നല്ല വിലയും, വിപണനസൗകര്യങ്ങളും കർഷകരെ ഈ മേഖലയിലേക്ക് ആകർഷിക്കുന്നു. പ്രധാന പ്രശ്നം ഉല്പാദനക്ഷമതയിലുള്ള കുറവും, രോഗങ്ങളുമാണ്.

**i.തേക്ക്**

സമീപകാലത്ത് കർഷകരുടെ സജീവശ്രദ്ധലഭിച്ച ഒരു മേഖലയാണ് തേക്കു കൃഷി. ഇതിന്റെ പ്രചാരം കൂടിക്കൊണ്ടിരിക്കുന്നു.

**j.ഇടവിളകൾ**

കിഴങ്ങുവർഗ്ഗങ്ങൾ, കമുക്, വെറ്റില, കുരുമുളക് തുടങ്ങിയ വിളകൾ വലിയമാറ്റമില്ലാതെ കൃഷി ചെയ്യപ്പെടുന്നുണ്ട്.

പുതിയ തലമുറയ്ക്ക് കൃഷിയോടുള്ള ആഭിമുഖ്യം കുറഞ്ഞത് വലിയ പ്രശ്നമാണ്. അഭ്യസ്തവിദ്യരായ ചെറുപ്പക്കാർ മിക്കതും തൊഴിൽതേടി അന്യസംസ്ഥാനങ്ങളിലും വിദേശത്തും പോകുന്നതുകൊണ്ട് കാർഷികമേഖലയുടെ ഭാവി ശോഭനമല്ല. ജനങ്ങളിൽ ആധുനിക കൃഷിരീതികളെക്കുറിച്ച് അവബോധം സൃഷ്ടിക്കുവാനുള്ള ശ്രമങ്ങൾ അത്യാവശ്യമാണ്. കർഷക തൊഴിലാളികളുടെ ലഭ്യതക്കുറവും പ്രശ്നമാവുന്നു. പുതിയതലമുറ ഈ രംഘത്തേക്കുവരാതിരിക്കുന്നതും, നിർമ്മാണരംഗത്ത് ലഭിക്കുന്ന കൂലിയും കാർഷിക മേഖലയിലെ കൂലിയും തമ്മിലുള്ള അന്തരവും ഇതിനു കാരണമാണ്.

## കാർഷികോല്പാദനം മെച്ചപ്പെടുത്തുവാനുള്ള നിർദ്ദേശങ്ങൾ.

1. കാർഷികമേഖലയുടെ പ്രാധാന്യവും സാദ്ധ്യതകളും യുവജനങ്ങളെ മന:സിലാക്കാനുള്ള ഒരു പരിപാടി നടപ്പിലാക്കുക.
2. ആധുനിക കൃഷിരീതികളെക്കുറിച്ച് വ്യാപകമായ പ്രചരണം നല്കുക.
3. കർഷക തൊഴിലാളികൾക്ക് മികച്ച വേതന വ്യവസ്ഥകൾ നടപ്പിലാക്കുക
4. പഞ്ചായത്തിൽ 2 കൃഷിഭവനുകൾകൂടി ആരംഭിക്കുക
5. കർഷകർക്ക് സൗജന്യനിരക്കിൽ വിത്തും, വളവും കീടനാശിനികളും വിതരണം ചെയ്യുക
6. തിവ്ര പച്ചക്കറികൃഷി, വികസനം, നെൽക്കൃഷി വികസനം തെങ്ങുകൃഷി നവീകരണം, തുടങ്ങിയ പദ്ധതികൾ നടപ്പാക്കുക
7. ജലസേചന സൗകര്യങ്ങൾ വ്യാപകമാക്കുക
8. മത്സ്യകൃഷി, കൂൺകൃഷി, ഉദ്യാനകൃഷി, കുറ്റിമുല്ല, ഓർക്കിഡ്, ആന്തൂറിയം, പച്ചമരുന്നുകൃഷി തുടങ്ങിയവയെ പ്രോത്സാഹിപ്പിക്കുക.
9. നാണ്യവിളകളുടെ കൃഷി പ്രോത്സാഹിപ്പിക്കുക
10. വിള ഇൻഷ്വറൻസ് നടപ്പാക്കുക
11. മൈനർ ഇറിഗേഷൻ ആഫീസ് ആറന്മുളയിൽ സ്ഥാപിക്കുക. (ഇപ്പോൾ 30 കി.മി. അകലെ അടൂരിലാണ് ആഫീസുള്ളത്)
12 തടയണകൾ നിർമ്മിക്കുക

13. മണ്ണൊലിപ്പു തടയാനുള്ള പദ്ധതിയിൽ ആവിഷ്ക രിച്ചു നടപ്പാക്കുക.
14. കാർഷിക വായ്പാ സമ്പ്രദായം ഉദാരമാക്കുക
15. മികച്ച കർഷകരെ വാർഡ് അടിസ്ഥാനത്തിൽ ആദ രിക്കുക.
16. ജൈവവളങ്ങളും ജൈവ കീടനാശിനികളും പ്രചരി പ്പിക്കുക.
17. പ്ലാസ്റ്റിക്കുകളുടെ ഉപയോഗം കർശനമായി തടയുക.
18. തോടുകളും പ്രകൃതിദത്ത ജലസ്രോതസ്സുകളും സംര ക്ഷിക്കുക.
19. കാലകാലങ്ങളിൽ മണ്ണു പരിശോധിക്കുക
20. കാർഷികോല്പന്നങ്ങളുടെ വില ഉല്പാദന ചെലവിന നുസരണമായി ലഭ്യമാക്കുക.

## ഇഷ്ടിക ചൂളകളുംകൃഷിഭൂമിയുടെ നശീ കരണവും

പഞ്ചായത്തിലാകമാനം ഏതാണ്ട് 1000-ത്തോളം ഏക്കർ ഒന്നാന്തരം കൃഷിഭൂമി ഇഷ്ടിക നിർമ്മാണംമൂലം പാഴ്നിലങ്ങളായി മാറിക്കഴിഞ്ഞു. ഇത് വളരെയേറെ പരിസ്ഥിതി പ്രശ്നങ്ങൾക്കും കാരണമാവുന്നു. ഇഷ്ടിക നിർമ്മാണംമൂലം ഉപയോഗ ശൂന്യമായ സ്ഥലങ്ങൾ വീണ്ടെടുക്കാൻ കേരളാ ഭൂവികസന കോർപ്പറേഷന്റെ സഹായത്തോടെ പദ്ധതികൾ നടപ്പാക്കണം.

പമ്പാ ഇറിഗേഷൻ കനാലിന്റെ ചോർച്ചമൂലം ഏതാണ്ട് 250 ഏക്കറോളം നെൽപാടങ്ങൾ ചതുപ്പുനിലമായി മാറിയിട്ടുണ്ട്. ഇത് വീണ്ടെടുക്കാനുള്ള പദ്ധതികൾ സ്വീക രിക്കണം.

## കാർഷികോല്പന്നങ്ങളുടെ വിപണനം

പഞ്ചായത്തിൽ നിലവിൽ രണ്ട് മാർക്കറ്റുകളാണുള്ളത്. കോട്ടയിലും കിടങ്ങന്നൂരിലും, ആറന്മുളയിൽ ഒരെണ്ണം സ്ഥാപിക്കാനുള്ള നടപടികൾ നടന്നുവരുന്നു. ഇതു കൂടാതെ ആറാട്ടുപുഴയിൽ ഒരു മാർക്കറ്റ്കൂടി തുടങ്ങാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇതിനു വേണ്ടി Kerala State Rural Development board യൂറോപ്യൻ സാമ്പത്തിക സമൂഹം തുടങ്ങിയ ഏജൻസികളുമായി ബന്ധപ്പെട്ട് നടപടികൾ സ്വീകരിക്കാനും, നിലവിലുള്ള മാർക്കറ്റുകൾ നവീകരിക്കാനുമുള്ള നടപടികളും സ്വീകരിക്കണം.

## പ്രധാന ജലസേചന മാർഗ്ഗങ്ങൾ

### 1. പമ്പാനദി

വാർഡ് I

1. കരിമാരം കടവ് മുതൽ ഇടക്കടവ്വരെയുള്ള തോട്
2. കൈപ്പാല നടുവാടി തോട്, കൈപ്പാല ചാല്
3. പുത്തൻകണ്ടം-തറുവേലി മണ്ണ് വടക്കുഭാഗം തോട്
4. ലിഫ്റ്റ് ഇറിഗേഷൻ കനാലുകൾ

വാർഡ് 2

1. ളാകവയൽതോട്, ളാകവയൽ ചാല്
2. കോഴിത്തോട്
3. കുഴിവേലിതോട്
4. പത്താം തോട്, വാളോത്തിൽ ചാല്

വാർഡ് 3

1. പാങ്ങാട്ടേത്തുപടി-മുതുവാം കോട്ടുപടി തോട്
2. കൊച്ചുകരിങ്ങാട്ടിൽ പടി-ഐരുവേലി തോട്
3. ഐരുവേലി-കൈത്തോട്ടാ തോട്
4. വാളകത്തിൽ-കോയിക്കലേത്ത് തോട്
5. കാവിൽ തോട്
6. ലിഫ്റ്റ് ഇറിഗേഷൻ കനാലുകൾ

വാർഡ് 4

1. ഐക്കാട് തോട്
2. തുലാക്കുഴി-പുഞ്ചതോട്
3. തുലാക്കുഴി-പള്ളിക്കുന്ന്-കടയ്ക്കിട് തോട്
4. കോരുതോണ്ടാപ്പടി-പാടിപ്പാട് തോട്

വാർഡ് 5

1. ഒട്ടേലക്കുഴി-ഐരുവേലിതോട്
2. ഐരുവേലി വാളോലി തോട്
3. മാലക്കര-കടയ്ക്കാടു തോട്
4. കുന്നത്ര വടക്ക്-മുട്ടോലിതോട്
5. കൈത്തോട്ടാപടി-മുണ്ടകൻതോട്
6. ഐരുവേലി-തോവേലിതോട്
7. അടിച്ചിൽ-മണക്കതോട്

വാർഡ് 6

1. മണലോടി തോട്
2. വെട്ടിക്കൽ പെരുംതോട്
3. ഇരപ്പൻ പാറതോട്
4. കണ്ണൻ ചാത്തൻ കുളഞ്ഞിതോട്
5. വെമ്പിലോട്ടുതോട്
6. ഒട്ടലക്കുഴിതോട്
7. കൊക്കോട്ട് നീർവിളാകം തോട്
8. വെട്ടിക്കൽ-തച്ചൻ കേരി തോട്
9. തച്ചൻകേരി-കൈപ്പൂരംതോട്
10. ഐരവേലി-ഇടച്ചാത്രതോട്
11. ഇടച്ചാത്രക്കുന്ന്-കൊക്കോട്തോട്
12. തുണ്ടുചാൽ-കല്ലുമലതോട്

വാർഡ് 7

1. പുലിവാരത്തിൽപടി-കാഞ്ഞിരോടി തോട്
2. കറ്റാറ്റുചാൽ-വലിയതോട്
3. ചക്കോളചാൽ-കറ്റാത്തുതോട്
4. പാറപ്പാട്ടു-കരിമ്പിൻതലയ്ക്കൽ തോട്

വാർഡ് 8

1. മണക്കുപ്പിപ്പടി തെക്കേവശം തോട്
2. കളരിക്കോട്-കരിങ്ങാട്ടുപ്പടിതോട്
3. കോഴിത്തോട്

വാർഡ് 9

1. പറത്തിട്ടപ്പടി-കരാലിൽ തോട്
2. മുറിയായ്കകൽ പടി-പമ്പാക്കോട് തോട്
3. ചിറക്കരോടുപടി-പാലനില്ക്കുന്നതിൽതോട്
4. മണലോടിപ്പടി-പാമ്പാക്കോടുതോട്
5. നെടുവന്താനം-കോടുതോട്
6. ചരുവിൽപടി-കൊല്ലൻപടിതോട്
7. വല്ലനവയൽ-പാമ്പാക്കോട് തോട്
8. കരിങ്ങാട്ടിൽ പടി-പമ്പാക്കോട് തൊട്
9. ഇരപ്പൻ പാറ-പാമ്പാക്കോടുതോട്
10. വെട്ടിക്കൽ തോട്

വാർഡ് 10

1. പൊയ്കകുളം നീർവിളാകംചാൽ തോട്
2. പൈനുംകീഴ്-മങ്കുഴിതോട്
3. പന്നിമൂല-വെട്ടിക്കൽ-നീർവിളാകം തോട്
4. കോട്ടക്കുളം-മണ്ണാറക്കോട്ചാൽ തോട്
5. കോട്ടചന്തതോട്
6. പെരുംതോട്-കീരിതോട്-കാരായ്ക്കാല മോടി പെരുംതോട്

വാർഡ് 11

1. പുന്നമല ചിറ കിടങ്ങന്നൂർ ചാൽതോട്
2. മുല്ലശ്ശേരിചിറ-മുട്ടത്തുമണ്ണ് തോട്
3. പറത്തോട്-കിടങ്ങന്നൂർ ചാൽതോട്
4. കോങ്കളഞ്ഞിപ്പടി-മേപ്രത്തേരിൽ തോട്
5. പുതുശ്ശേരി കോളനി-പൂങ്കിഴാമണ്ണിൽ തോട്

വാർഡ് 12

1. നീർവേലി-പാരാറ്റുതോട്
2. വടക്കുംകുളം-ഇടക്കുളംതോട്
3. വടക്കുംകുളം-കളരിക്കമണ്ണ് തോട്
4. മായലുമൺ-മറുകരക്കുഴി തോട്
5. മുല്ലശ്ശേരി തോട്
6. മുളക്കനോടി-കറ്റാറ്റുചാൽ തോട്

## കുളങ്ങൾ ചാലുകൾ

| | | |
|---|---|---|
| വാർഡ് 1 | - | കൈപ്പാലചാൽ, കൊശക്കുഴി ചാൽ |
| വാർഡ് 2 | - | ളാകവയൽചാൽ |
| വാർഡ് 3 | - | വാളോത്തിൽ ചാൽ |
| വാർഡ് 4 | - | ഇല്ല |
| വാർഡ് 5 | - | നീർവിളാകം ചാൽ |
| വാർഡ് 6 | - | എഴിക്കാട്ട് കോളനികുളം |
| വാർഡ് 7 | - | പുലിക്കുന്നു മലകുളം കറ്റാറ്റുചാൽ-ചക്കോളചാൽ |
| വാർഡ് 8 | - | പുലിവാരത്തിൽ കുളം മണക്കുപ്പികുളം-കൊങ്ങളത്തു കുളം |
| വാർഡ് 9 | - | കരാലിൽ പറത്തിട്ട കുളം |
| വാർഡ് 10 | - | പൊയ്കക്കുളം-ഐക്കരകുളം ഏനാത്തുകുഴികുളം-കോട്ടകുളം |
| വാർഡ് 11 | - | പറക്കോട്ടുകുളം പുന്നമലച്ചിറ |
| വാർഡ് 12 | - | പള്ളിമുക്കം കുളം കുളത്തും കരോടു കുളം കവുംകോട്ടേത്തുപടി കുളം |

## നിർദ്ദേശങ്ങൾ

1 പ്രധാനപ്പെട്ട എല്ലാ തോടുകളും ആഴംകൂട്ടി സംരക്ഷണഭിത്തി കെട്ടുക.

2 പ്രധാന തോടുകളും, പമ്പാ ഇറിഗേഷന്റെയും ലിഫ്റ്റ് ഇറിഗേഷന്റേയും കനാലുകളും തമ്മിൽ ബന്ധിപ്പിക്കുക.

3 കുളങ്ങളും ചാലുകളും ആഴംകൂട്ടി സംരക്ഷണ ഭിത്തി കെട്ടുക.

4 പ്രധാനതോടുകളിൽ തടയണകൾ നിർമ്മിക്കുക

5 P.I.P. കനാലുകളുടെ വാർഷിക സംരക്ഷണ വേലകൾ നടത്തുക

6 ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ കൂടുതൽ സ്ഥലങ്ങളിലേക്കു വ്യാപിപ്പിക്കുക

7 പമ്പാനദിയിൽ വേനൽക്കാലത്ത് തടയണകൾ നിർമ്മിക്കുക

8 കൂടുതൽ കിണറുകൾ കുഴിച്ച് മോട്ടറുകൾ സ്ഥാപിച്ച് ജലം എത്തിക്കുക

9 കുളങ്ങളുംP.I.P.കനാലുകളുമായി ബന്ധിപ്പിക്കുന്ന തോടുകൾ നിർമ്മിക്കുക

10 വേനൽകാലത്ത് ജലസ്രോതസ്സുകൾ മലിനമാക്കാതെ സൂക്ഷിക്കുക

11 മെച്ചപ്പെട്ട ജല ഉപയോഗരീതികളേക്കുറിച്ച് ജനങ്ങളെ ബോധവാന്മാരാക്കുക

12 പുഞ്ചനിലങ്ങളിലെ കർഷകർക്ക് വിത്തും വളവും കൃഷിസ്ഥലത്ത് എത്തിക്കുവാൻ ഫാംറോഡുകൾ നിർമ്മിക്കുക

13 മഴവെള്ളം കൃഷിഭൂമിയിൽനിന്നും ഒലിച്ചുപോകാതെ തടഞ്ഞ് ഭൂഗർഭജല സമ്പത്ത് വർദ്ധിപ്പിക്കാൻ പദ്ധതി ആവിഷ്ക്കരിക്കുക.

## കാർഷികജലസേചനരംഗത്ത് നടപ്പാക്കേണ്ട പ്രധാന പദ്ധതികൾ

വാർഡ് ഒന്ന്

1 ആറന്മുള No.1 ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ പഴയ മോട്ടറുകൾമാറ്റി പുതിയ 75 HP മോട്ടർ സ്ഥാപിക്കുക. ഫുട്വാൽവിന്റെ പിറ്റിൽ വെള്ളം ക്രമമായി ലഭിക്കുന്നതിനുള്ള ലീഡിങ്ങ് ചാനൽ കാര്യക്ഷമമാക്കുക.

2 നിലവിലുള്ള തോടുകൾ കരിമാരം, തടിക്കൽ ഭാഗം, കോളമാപ്പൂഴി ഭാഗത്തേക്ക് നീട്ടുക

3 പാലച്ചുവട്-നടുവാടി കനാൽ നിർമ്മിക്കുക

4 ഇറിഗേഷൻ കനാലുകളുടെ സംരക്ഷണവേലകൾ കൃത്യമായി നടത്തുക
5 കരിമാരത്ത് 200 മീറ്റർ ചിറ നിർമ്മിക്കുക
6 കോഴിപ്പാലം, പമ്പാനദി തുടങ്ങിയവയിൽ തടയണകൾ നിർമ്മിക്കുക

വാർഡ് രണ്ട്

1 കോഴിപ്പാലം കേന്ദ്രമായി ചെക്ഡാം പണിയുക
2 തെക്കേടത്തു ലിഫ്റ്റ് ഇറിഗേഷൻ പുനഃസ്ഥാപിക്കുകയും, തെക്കേടത്തുകടവിൽ കോഴിത്തോടിനു കുറുകെയുള്ള അക്വഡേറ്റ് കേടുപാടു തീർക്കുകയും ചെയ്യുക.
3 നായ്മണക്കൽ ഭാഗത്ത് കോഴിത്തോടിനു കുറുകെ അക്വഡേറ്റ് നിർമ്മിച്ച് P.I.P. കനാലിൽനിന്നുള്ള വെള്ളം ലഭ്യമാക്കുക
4 ചിറ്റുവേനി പാടത്തേ വെള്ളം കോഴിത്തോട്ടിലേക്ക് ഒഴുകിപ്പോകുവാൻ ചിറ്റുവേനിമുതൽ മറുകപ്പാട്ടുവരെ തോടു വെട്ടുക
5 ളാകവയൽ ചാൽ വീണ്ടെടുത്ത് ആഴംകൂട്ടി സംരക്ഷിക്കുക
6 പമ്പയാറിന്റെയും കോഴിത്തോടിന്റെയും തീരം ഇടിഞ്ഞുപോകാതെ സംരക്ഷിക്കുക
7 ളാകവയൽ ഇറിഗേഷൻ കനാൽ പുനരുദ്ധരിച്ച് വയലിന്റെ എല്ലാഭാഗത്തും വെള്ളം എത്തിക്കുക.

വാർഡ് 3

1 കാവിൽതോട് (കീക്കുന്നത്തുതോട്) പുനരുദ്ധരിച്ച് ജലസേചന യോഗ്യമാക്കുക
2 മുണ്ടകൻപാടത്ത് കൃഷിക്ക് വെള്ളമെത്തിക്കുക
3 മേപ്പടവുമുതൽ തെള്ളവഴവരെ ജലം എത്തിക്കുന്നതിന് പുളിന്താന പാറമടയ്ക്കു സമീപം തടയണ നിർമ്മിക്കുക
4 മാടയ്ക്കാപ്പള്ളിൽ തോട് ആഴംകൂട്ടി സംരക്ഷിക്കുക
5 മുതുവാൻ കോട്, വെമ്പിലോടി ഭാഗത്തേ നിലങ്ങളിൽനിന്നും വെള്ളം ഒഴിഞ്ഞു പോകാനുള്ള സംവിധാനമുണ്ടാക്കുക
6 വെമ്പിലത്തോട്-ഐരുവേലി ചിറയുമായി ബന്ധിക്കുന്നിടത്ത് കലുങ്ക് നിർമ്മിക്കുക
7 P.I.P. കനാലിന്റെ ചോർച്ചമൂലം ഉപയോഗശൂന്യമായ കൊല്ലരിക്കൽ തടം, അടയപ്പാട് ഭാഗങ്ങളിലെ നിലം സംരക്ഷിക്കുക

വാർഡ് 4

1 മാലക്കര-ഐക്കാട് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ പുനഃസ്ഥാപിക്കുക
2 തുലാക്കുഴി-പള്ളിക്കുന്നുതോടിനു സംരക്ഷണഭിത്തി കെട്ടുക
3 മാലക്കര വേലിചാൽ വീതിക്കൂട്ടി സംരക്ഷിക്കുക

വാർഡ് 5

1 P.I.P. മാലക്കര ബ്രാഞ്ചുകനാൽ നീർവിളാകംവരെ നീട്ടുക
2 പറത്തോട്, പീലിക്കോട്, അടിച്ചൽ, കൂട്ടമത്ത്കടരിക്കോട്, മണയ്ക്കൽ പാടങ്ങളിലേക്ക് കനാലുകൾ നിർമ്മിക്കുക
3 പാമ്പനക്കുളം, നീർവിളാകംചാൽ, ചെറേക്കുളം ഇവ സംരക്ഷിക്കുക

വാർഡ് 6

1 കുറിച്ചിമുട്ടം, കരാലിൽ നിലം, മുണ്ടുചാൽഭാഗം പൊട്ടടിഭാഗം, ശ്രീ വിലാസം, പുതുവന, തേവിരേത്തുപടി, പുളിച്ചാന പടി, മണ്ണാരേത്തുപടി-ഭാഗങ്ങളിലെ വെള്ളം വാർന്നുപോകാനുള്ള സംവിധാനമുണ്ടാക്കുക.
2 നീർവിളാകംചാൽ താഴ്ത്തുകയും, നീർവിളാകംപാലം മുതലുള്ള കൈത്തോട് വീതികൂട്ടുകയും ചെയ്യുക
3 വെട്ടിക്കൽ പെരുംതോട് സംരക്ഷിക്കുക
4 കരാലിൽപടി മുതൽ നീർവിളാകം ചാൽവരെ ഉള്ള തോടുകൾക്ക് വീതികൂട്ടുക
5 കുറിച്ചിമുട്ടം വടക്കേടത്തുപടിമുതൽ താളിക്കാട്ടുവഴി P.I.P. കനാൽ കർഷകർക്ക് ഉപയോഗയോഗ്യമാക്കുക

വാർഡ് 7

1 കറ്റാറ്റുചാൽ, ചക്കോളചാൽ ഇവ ആഴം കൂട്ടി ജലം സംഭരിച്ച് ചക്കോള, കറ്റാറ്റ് ചുഞ്ചകൾക്ക് ജലസേചന സൗകര്യമുണ്ടാക്കുക
2 പുലിക്കുന്നുമല ക്ഷേത്രത്തിനു സമീപം ഒരു കുളം നിർമ്മിക്കുക
3 മുളക്കതോടിത്തോട്, കോഴിത്തോട്വരെ താഴ്ത്തുക
4 അമേൽ ഭാഗത്തു മണക്കുപ്പി മുതൽ കോഴിത്തോടുവരെ ആഴം കൂട്ടുക
5 മുളക്കനോടി കറ്റാറ്റുതോട്ടിൽ പറപ്പാട്ട്, കല്ലുവരമ്പ് ചീർപ്പുകൾ സംരക്ഷിക്കുക

വാർഡ് 8

1 കോഴിത്തോട്ടിൽ പുലിപ്ലാവിൽ കടവിൽ ലിഫ്റ്റ് ഇറിഗേഷൻ സൗകര്യം സ്ഥാപിക്കുക

വാർഡ് 9

1 വല്ലന പാമ്പാക്കോട്ടുവയലിന്റെ തെക്കും വടക്കുമുള്ള തോടുകൾ വെട്ടുക
2 കിണറ്റടി കണ്ടംകോട് നിലങ്ങളിലെ തോടുകൾ വെട്ടി ശരിയാക്കുക
3 ചുട്ടിപ്പാറ മുതൽ കീഴേപാലയ്കൽവരെ തോടു നിർമ്മിക്കുക
4 പുത്തേത്തുമോടിയിൽ ഒരു കുളം നിർമ്മിക്കുക

വാർഡ് **10**

1 ഗന്ധർവ മുറ്റം ക്ഷേത്രത്തിനു സമീപം കൂടിപോകുന്ന P.I.P. ബ്രാഞ്ചുകനാൽ ഗതിമാറ്റി തടയുഴത്തിൽ പടി കോളനി വഴി പെരുംതോട്ടിൽ എത്തിക്കുക.
2 വെട്ടിക്കൽ, തച്ചക്കരി, ആഴകൻകാവ് വഴി ചാലി ലേക്കു പോവുന്നതോട് വികസിപ്പിച്ച് വെള്ളത്തിന്റെ ഒഴുക്കു നിയന്ത്രിക്കുക.
3 നീർവിളാകം ചാലിൽനിന്നാരംഭിക്കുന്നതോട് വീതി കൂട്ടുക

വാർഡ് **11**

1 കിടങ്ങന്നൂർ ചാലു ആഴംകൂട്ടി സൈഡുകൾ കരിങ്കൽഭിത്തി കെട്ടുക
2 മൂന്നു തെങ്ങു മുതൽ കിടങ്ങന്നൂർ ചാലുവരെയുള്ള തോട് കുഴിച്ച് സംരക്ഷിക്കുക
3 P.I.P. കനാലിന്റെ ചോർച്ച പരിഹരിക്കുക

വാർഡ് **12**

കിടങ്ങന്നൂർ പുഞ്ച P.I.P. കനാലിന്റെ ചോർച്ചമൂലം കൃഷി ചെയ്യാൻ വയ്യാത്ത സ്ഥിതിയിലാണ്. ഇത് പരിഹരിക്കാൻ താഴെപറയുന്ന നിർദ്ദേശങ്ങൾ നടപ്പാക്കുക

(a) കനാൽചോർച്ച തടയാൽ നടപടി സ്വീകരിക്കുക
(b) അരിങ്ങോട്ടുനിന്നും വരുന്ന തോട്ടിലെ വെള്ളം കോഴിതോട്ടിലേക്ക് തിരിച്ചുവിടുക
(c) ചാല് കുഴിച്ചു സൈഡുകെട്ടുക
(d) പുതുതായി 80 H.P., 120 H.P. മോട്ടറുകൾ സ്ഥാപിച്ച് വെള്ളം വറ്റിക്കുക

2 ഇടക്കുളം, പള്ളിമുക്കത്തുതെക്കേക്കര എന്നിവിടങ്ങളിൽ പുതിയകുളം നിർമ്മിക്കുക
3 കോഴിത്തോട് താഴ്തി ഇരുവശവും കെട്ടി സംരക്ഷിക്കുക
4 മുളക്കതോടി, കരീക്കൽ ഭാഗങ്ങളിലെ മടവീഴ്ച ഒഴിവാക്കാൻ തോടുകൾ സംരക്ഷിക്കുകയും, ആഴം കൂട്ടുകയും ചെയ്യുക.

## പൊതു നിർദ്ദേശങ്ങൾ

1 P.I.P. കനാലിന്റെ ചോർച്ച തടയുക
2 വളം, കീടനാശിനി, വിത്ത് തുടങ്ങിയവ മിതമായ നിരക്കിൽ ലഭ്യമാക്കുകയും സബ്സിഡി വർദ്ധിപ്പിക്കുകയും ചെയ്യുക. വെറ്റില കൃഷിക്കാരുടെ താല്പര്യം സംരക്ഷിക്കുക.
3 എല്ലാ വർഡുകളിലും കർഷകസമിതികളും ഗ്രാമ കോടതിയും സ്ഥാപിക്കുക
4 കോഴിത്തോട്-വാട്ടർഷെഡ് പദ്ധതിപ്രകാരം സംരക്ഷണ ഭിത്തികെട്ടുകയും ചെക്ക്ഡാമുകൾ നിർമിക്കുകയും ചെയ്യുക
5 ഇടയാറന്മുള വിളക്കുമാടം ക്ഷേത്രം മുതൽ ആറാട്ടുപുഴവരെ പമ്പയുടെ തീരത്ത് സംരക്ഷണഭിത്തി കെട്ടുക
6 പഞ്ചായത്തിലെ കൂലി ഏകീകരിക്കുക

## ഭൂമി സംബന്ധിച്ച വിവരങ്ങൾ

| ഇനം | വിസ്തീർണ്ണം |
|---|---|
| നിലം | 415 ഹെക്ടർ |
| പുരയിടം | 1673 ഹെക്ടർ |
| പുറമ്പോക്ക് | 2 ഹെക്ടർ |
| കൃഷിയോഗ്യമായ തരിശ് | 354 ഹെക്ടർ |
| കൃഷിയോഗ്യമല്ലാത്തത് | 50 ഹെക്ടർ |
| ആകെ | 2494 ഹെക്ടർ |

## വിളകളും അവയ്ക്കുണ്ടാകുന്ന രോഗങ്ങളും

| | വിള | രോഗങ്ങൾ |
|---|---|---|
| 1 | നെല്ല് | പോളചീയൽ, ഓലകരിച്ചിൽ മാണപ്പുഴു, ചാഴിശല്യം |
| 2 | തെങ്ങ് | മണ്ടചീയൽ, ചെന്നീരൊലിപ്പ് ഓലകരിച്ചിൽ, കാറ്റുവീഴ്ച, ചെല്ലി |
| 3 | ഇഞ്ചി | മൂടുചീയൽ |
| 4 | വാഴ | മണ്ടയടപ്പ് കോക്കാൻ മാണം ചീയൽ |
| 5 | മരച്ചീനി | മുരടിപ്പ്, വാട്ടം |
| 6 | റബ്ബർ | പട്ടമരപ്പ്-ചീക്ക പൊടിക്കുമിൾ രോഗം |
| 7 | കുരുമുളക് | ദ്രുതവാട്ടം, വേരുചീയൽ |

## വിളകളും ഉല്പാദനക്ഷമതയും

| നമ്പർ | വിള | ഉല്പാദനക്ഷമത കി. ഗ്രാം/ഹെക്ടർ |
|---|---|---|
| 1 | നെല്ല് | 2220 |
| 2 | റബ്ബർ | 1200 |
| 3 | മരച്ചീനി | 8000 |
| 4 | കശുമാവ് | 850 |
| 5 | വാഴ | 3500 |
| 6 | കുരുമുളക് | 300 |
| 7 | ഇഞ്ചി | 1300 |
| 8 | തെങ്ങ് | 1800 എണ്ണം |
| 9 | കിഴങ്ങുവർഗ്ഗം | 400 |

| കർഷകരുടെ • ഭൂവിസ്തൃതി | |
|---|---|
| ഭൂപരിധി | ശതമാനം |
| നാമമാത്രകർഷകർ 1 ഹെക്ടറിൽ താഴെ | 96% |
| ചെറുകിട കർഷകർ 1ഹെ-2 ഹെ.വരെ | 3% |
| വൻകിട കർഷകർ 2 ഹെക്ടറിൽ അധികം | 1% |

| കേരളത്തിലെ കൃഷികൾ ഇന്ത്യയിൽ എത്ര ശതമാനം | | |
|---|---|---|
| | | ശതമാനം |
| 1 | കുരുമുളക് | 95 |
| 2 | റബ്ബർ | 92 |
| 3 | കശുമാവ് | 85 |
| 4 | ഏലം | 70 |
| 5 | ഇഞ്ചി | 60 |
| 6 | നാളികേരം | 43 |



# മൃഗസംരക്ഷണവും മത്സ്യ ബന്ധനവും

ആറന്മുള പഞ്ചായത്തിന്റെ സമ്പദ് ഘടനയെ കൃഷിയും അതിനു അനുബന്ധമായ കന്നു കാലി വളർത്തലും ഏറെ സ്വാധീനിക്കുന്നുണ്ട്. എന്നാൽ പഞ്ചായത്തിൽ ആവശ്യമുള്ള പാൽ ഉല്പാദിപ്പിക്കുവാൻ ഇവിടെ കഴിയുന്നില്ല. ഇന്നത്തെ വർദ്ധിച്ച കാലിത്തീറ്റ വില, മൃഗ ചികിത്സയ്ക്കായുള്ള ഔഷധങ്ങളുടെ വിലക യറ്റം, ഉല്പാദനചെലവിനു അനുപാതികമായി പാലിനുള്ള വിലക്കുറവ്, പച്ചപുല്ലിന്റേയും വൈക്കോലിന്റേയും ദൗർ ലഭ്യം, ധാതുലവണ മിശ്രിതങ്ങളുടെ കുറവ് അത്യുല്പാദന ശേഷിയുള്ള പശുക്കളുടെ ലഭ്യതക്കുറവ്, കൃത്രിമ ബീജ ദാനം നടത്തുന്നതിനുള്ള സൗകര്യക്കുറവ്, കറവമാടു കളെ വാങ്ങുന്നതിനും തൊഴുത്തു നിർമ്മിക്കുന്നതിനു മുള്ള കർഷകന്റെ സാമ്പത്തീകമായ കഴിവുകുറവ്, മൃഗാ ശുപത്രികളുടെ പോരായ്മ എന്നിവയെല്ലാം പാൽ ഉല്പാദന ത്തേയും കന്നുകാലി വളർത്തലിനേയും,സാരമായി ബാ ധിക്കുന്നു.

മൃഗസംരക്ഷണത്തിനും മത്സ്യബന്ധനത്തിനുമായി കൂടുതൽ ഫണ്ട് പഞ്ചായത്തിനു അനുവദിക്കാൻ സർ ക്കാരിൽ സമ്മർദ്ദം ചെലുത്തി നടപടികൾ സ്വീകരിച്ചാൽ ഈ മേഖലയിൽ നിന്നുമുള്ള കുറവുകൾ പരിഹരിച്ച് കർഷകരെ രക്ഷിക്കാനാവും.

പഞ്ചായത്തിലെ എല്ലാ വാർഡുകളിലും കന്നു കാലികളെ വളർത്തു ന്നുണ്ടെങ്കിലും ആകെയുള്ളതിന്റെ നാല്പതു ശതമാനം മാത്രമാണ് അത്യുല്പാദനശേഷിയുള്ള കന്നുകാലികൾ. നിലം ഉഴുവാനായി കാള, പോത്ത്, എന്നിവയേയും ചുരുങ്ങിയ തോതിൽ വളർത്തുന്നു. ഇട യാറന്മുള, കോട്ട, നിർവിളാകം എന്നീ സ്ഥലങ്ങൾ കേന്ദ്ര മാക്കി മൂന്ന് "ആനന്ദ് പാറ്റേൺ" ക്ഷീരോല്പാദന സഹ കരണ സംഘങ്ങൾ നിലവിലുണ്ട്. കന്നുകാലികളുടെ ആഹാര പദാർത്ഥങ്ങളിൽ ഒരു പരിധി വരെ പച്ചപുല്ല് കർഷകർ ശേഖരിക്കുമെങ്കിലും ഭൂരിഭാഗം കർഷകരും വൈക്കോൽ പിണ്ണാക്ക് മറ്റു കന്നുകാലിത്തീറ്റ സാധ നങ്ങൾ എന്നിവ വിലയ്ക്കു വാങ്ങുന്നവരാണ്. ആറാം വാർഡിൽ പത്തും, മൂന്നും പത്തും വാർഡുകളിൽ ഒന്നു വീതവും ഒൻപത് പന്ത്രണ്ട് വാർഡുകളിൽ രണ്ടുവീതവും ഉൾപ്പെട്ട ആകെ പതിനാറു ഗോബർ ഗ്യാസ് പ്ലാന്റുക ളാണുള്ളത്. വാണിജ്യ അടിസ്ഥാനത്തിൽ പുല്ലു കൃഷി നടത്തുന്നവരില്ലെങ്കിലും നാമമാത്രമായി അൻപതുസെന്റു വരെയുള്ള പ്ളോട്ടുകളായി കൃഷി ചെയ്യുന്നവരും ഒരു ഹെക്ടർ പുൽകൃഷി ചെയ്യുന്ന അപൂർവ്വം ചിലരുമുണ്ട്.

### മത്സ്യബന്ധനം

പഞ്ചായത്തിന്റെ വടക്കുഭാഗം പമ്പാനദിയോടു ചേർന്നു കിഴക്കു പടിഞ്ഞാറായി നാലരകിലോമീറ്റർ ദൂരം പുഴയോരമായിട്ടുണ്ട്. പത്തു സെന്റിൽ കൂടുതൽ വിസ്തീർ ണ്ണമുള്ള ഏഴു സ്വകാര്യകുളങ്ങൾ 2, 9, 10. 12 എന്നീ വാർഡുകളിലുണ്ട്. കൂടാതെ നിരവധി തോടുകളും ചാലു കളുമുണ്ട്. ഇവയാണ് പഞ്ചായത്തിലെ ഉപരിതല ജല സ്രോതസ്സുകൾ, സാധാരണയായി വാള, തൂളി, മൂശി, കാരി, വരാൽ, പരൽ, എന്നീ ഇനം മത്സ്യങ്ങളാണ് ഇവിടെയുള്ളത്. മത്സ്യബന്ധനം മുഖ്യതൊഴിലാക്കിയ നാല്പതു കുടുംബങ്ങളും ഒരു മത്സ്യത്തൊഴിലാളി സഹ കരണസംഘവും പതിനൊന്നാം വാർഡിലുണ്ട്. ചെമ്മീൻ കൃഷിക്ക് ഉപയോഗിക്കാവുന്ന ചതുപ്പു നിലങ്ങൾ രണ്ട്, മൂന്ന്, അഞ്ച്, ആറ്, പത്ത്, പന്ത്രണ്ട് എന്നീ വാർഡി ലുണ്ടെങ്കിലും ചെമ്മീൻ കൃഷി ചെയ്യുന്നവരാരും തന്നെ യില്ല. മത്സ്യബന്ധനത്തിനുതകുന്ന മൂന്ന് ഏക്കർ 'കയ്പാല' ചാൽ ഒന്നാം വാർഡിലുണ്ട്. മത്സ്യരോഗങ്ങൾ ഈ പ്രദേശങ്ങളിൽ കണ്ടുവരുന്നു. കടൽ മത്സ്യം ധാരാ ളമായി വിറ്റഴിയുന്നു എങ്കിലും അതിനുള്ള കെട്ടിട സൗക ര്യങ്ങൾ ഇല്ല.

ഇറച്ചിക്കോഴി വളർത്തലും, മുട്ടക്കോഴി വളർത്തലും ലാഭകരമായ തൊഴിലുകളാണ്. എല്ലാ വാർഡുകളിലും കോഴി വളർത്തൽ ആഗ്രഹിക്കുന്നവർ ഉണ്ട്. 2,5,8,12 എന്നീ വാർഡുകളിൽ ഇറച്ചിക്കോഴി വളർത്തലിൽ ഏർ പ്പെട്ടിരിക്കുന്നവരുണ്ട്. താറാവു കൃഷിക്കാരും ഇവി ടെയുണ്ട്. ചുരുക്കം ചിലർ മുയലുകളെ വളർത്തുന്നു.

പേപ്പട്ടി ശല്ല്യം എല്ലാ വാർഡുകളിലും പലപ്പോഴും ഉണ്ടാകാറുണ്ട്. തെരുവു നായ്ക്കളെ ധാരാളമായി ഈ പ്രദേശങ്ങളിൽ കണ്ടുവരുന്നു.



## നിർദ്ദേശങ്ങൾ സാദ്ധ്യതകൾ പരിഹാര മാർഗ്ഗങ്ങൾ

### കന്നുകാലി വളർത്തൽ, ക്ഷീരോല്പാദനം

1. തീറ്റപ്പുൽ കൃഷി വ്യപകമാക്കുക. എല്ലാ വാർഡുകളിലും ഇടവിളയായും പുൽകൃഷി വാണിജ്യാടിസ്ഥാനത്തിലും, നാമമാത്രമായും അല്ലാതെയും ആരംഭിക്കുക, പുൽവിത്ത്, വളം, പുൽക്കടകൾ എന്നിവ സൗജന്യമായി കർഷകർക്കു ലഭ്യമാക്കുകയും നനയ്ക്കുവാൻ വേണ്ടി പമ്പു സെറ്റു വാങ്ങുവാനുള്ള ധനസഹായം സബ്സിഡി യോടുകൂടി ചെയ്തുകൊടുക്കുകയും ചെയ്യുക. പുൽകൃഷി സഹകരണാടിസ്ഥാനത്തിലും ആരംഭിക്കേണ്ടതാണ്.
2. പാലുല്പാദനത്തിനു ആനുപാതികമായി പാൽ വില കർഷകനു ലഭ്യമാക്കുക.
3. ക്ഷീര കർഷകനു സബ്സിഡിനിരക്കിൽ വിവധ ഇനം പിണ്ണാക്ക്, വൈക്കോൽ, പയർ, കടല, ചോളം, മീനെണ്ണ,കാത്സ്യം, എന്നിവ അതാതു വാർഡുകളിൽ ലഭ്യമാക്കുക.
4. കാലിത്തൊഴുത്തു നിർമ്മാണത്തിനുള്ള ധനസഹായം ഏർപ്പെടുത്തുക
5. എല്ലാ വാർഡുകളിലും ഐ.സി.ഡി.പി സബ്സെന്ററുകൾ ആരംഭിക്കുക.
6. മാടുകൾക്കു കൃത്രിമ ബീജദാനം നടത്തുന്നതിനാവശ്യമായ പരിശീലനം ക്ഷീരസംഘം ജീവനക്കാർക്കു നൽകുകയും അതിനാവശ്യമായ സൗകര്യങ്ങൾ ചെയ്തുകൊടുക്കുകയും ചെയ്യുക.
7. ആവർത്തന കുത്തി വെയ്പ്പ് സൗജന്യമായി ഏർപ്പെടുത്തുക.
8. കറവമാടുകളെ വാങ്ങുന്നതിനു കർഷകനു ധനസഹായം ഏർപ്പെടുത്തുക.
9. മുഖ്യതൊഴിലായും ഉപതൊഴിലായും കറവമാടുകളെ വളർത്താൻ സാമ്പത്തീക സഹായം ആവശ്യമായ കർഷകന്റെ ഇന്നുള്ള ലോൺ വ്യവസ്ഥകളിൽ ഉദാരവത്കരണം നടത്തി, കാലതാമസം കൂടാതെ സബ്സിഡിയോടുകൂടി ലോൺ ലഭിക്കുവാൻ വേണ്ട ഏർപ്പാടുകൾ ഉണ്ടാക്കുക.
10. ഗോബർഗ്യാസ് പ്ലാന്റു എല്ലാ വാർഡുകളിലും കൂടുതലായി ആരംഭിക്കുവാൻ പഞ്ചായത്തിൽ നിന്നും വേണ്ട സഹായ സഹകരണങ്ങൾ ചെയ്യുക
11. പഞ്ചായത്തിൽ കുറഞ്ഞത് രണ്ട് കാലിത്തീറ്റ നിർമ്മാണ യൂണിറ്റ് ആരംഭിക്കുക.
12. ശാസ്ത്രീയമായ കറവ രീതി കർഷകരെ പരിശീലിപ്പിക്കുവാൻ പഞ്ചായത്തു നടപടി സ്വീകരിക്കുക.
13. 1,2,3,4,5,6,7,8 എന്നീ വാർഡുകളിലെ ക്ഷീര കർഷകർക്കുള്ള ആശ്വാസം പകരുമാറ് ഒരു മൃഗാശുപത്രി ഈ വാർഡുകളിൽ നിന്നും തുല്യദൂരം കണക്കാക്കി സ്ഥാപിക്കാൻ അടിയന്തിര നടപടിയുണ്ടാകണം.
14. സ്വന്തമായി കെട്ടിടം ഇല്ലാത്ത ക്ഷീരസംഘങ്ങൾക്കു കെട്ടിട നിർമ്മാണത്തിനു ധനസഹായം ചെയ്യുക
15. കന്നികാലികൾക്ക് ഭ്രൂണമാറ്റം നടത്തി അത്യുല്പാദനശേഷിയുള്ള മേൽത്തരം പശുക്കളെ ലഭിക്കുവാൻ പഞ്ചായത്തടിസ്ഥാനത്തിൽ നടപടികളുണ്ടാകണം.
16. പശുക്കുട്ടികൾക്കുള്ള Calf Feed Scheme ആറന്മുള പഞ്ചായത്തിലെ ക്ഷീരസംഘങ്ങൾ വഴി വെറ്റിനറി മുഖേന എത്രയും വേഗം നടപ്പിലാക്കുക.
17. മൃഗസംരക്ഷണത്തെപറ്റിയും പാൽ ഉല്പാദനത്തെപറ്റിയും അത്യുല്പാനശേഷിയുള്ള പശുക്കളെ ലഭിക്കാവുന്ന സ്ഥലങ്ങളെ പറ്റിയുമുള്ള അറിവുകൾ ലഭിക്കാനുതകുന്ന ഒരു ഇൻഫമേഷൻ സെന്റർ/ വിജ്ഞാൻ ഭവൻ പഞ്ചായത്തിലാരംഭിക്കുക. ഇതിനായി കോഴിപ്പാലം ജംഗഷനടുത്ത് പാലത്തോടടുത്തുള്ള പുറംപോക്കുഭൂമി ഉപയോഗിക്കാം ഇടയാറന്മുള പാറക്കടവിനടുത്തുള്ള പുറംപോക്കുഭൂമി ഉപകരിക്കും. കിടങ്ങന്നൂർ വില്ലേജാഫിസിനോട് ചേർന്നുള്ള പുറംപോക്കു ഭൂമി ഏറ്റെടുത്ത് ഇതിനായും വാടകകെട്ടിടത്തിൽ നടത്തുന്ന മൃഗാശുപത്രിക്കായും ഉപയോഗിക്കാം
18. കന്നുകാലികൾക്ക് സൗജന്യ ഇൻഷുറൻസ് ഏർപ്പെടുത്തുക
19. പഞ്ചായത്തിൽ പാലുല്പാദനം വർദ്ധിപ്പിക്കുന്ന സാഹചര്യത്തിൽ ക്ഷീര സംസ്കരണ പ്ലാന്റു സ്ഥാപിക്കുകയും പാലുല്പാദന നിർമ്മാണ പരിശീലനം ലഭ്യമാക്കുകയും ചെയ്യുക. വിപണന സൗകര്യങ്ങൾ ഉണ്ടാക്കുക.
20. കറവമാടു വളർത്തലിനു സഹകരണമേഖലയിൽ ഗ്രൂപ്പ് ഫാർമിങ്ങ് ആരംഭിക്കുക.
21. ക്ഷീരസംഘങ്ങളിൽ ഡിപ്പ് ഫ്രീസർ വാങ്ങാൻ സഹായധനം നൽകുക.
22. പഞ്ചായത്തിലെ നാലു വാർഡുകളിൽ ബന്ധപ്പെട്ടു കിടക്കുന്ന കോഴിത്തോടിന്റെ ഈ ഭാഗത്തുള്ള പറപ്പുഴക്കടവ്, പുളിപ്ലാവിൽ കടവ്, കിഴക്കേചരുവിൽ കടവ്, മുഴിയേത്ത്കടവ്, അംഗൻ വാടി കടവ്, തെക്കേടത്ത് കടവ്, തലാപ്പിൽ കടവ്, ഒഴൂർ കടവ്, ആവണുത്തരകടവ്, കാരയ്ക്കാട് കടവ് എന്നീ കടവുകളും പമ്പയാറിന്റെ തീരത്ത് കൂത്താടത്തുകടവ്, നാറാണത്തു കടവ്, പാറക്കടവ്, കുളിയിലക്കടവ്, കോട്ടയ്ക്കാത്തു കടവ്, വള്ളുപ്പുരക്കടവ്, അഞ്ഞിലിമൂട്ടിൽ കടവ്, എന്നിവയും മാലക്കര ചെറുപുഴയ്ക്കാട്ടു ക്ഷേത്രത്തിനു തെക്കുവശത്തുള്ള കോയിക്കലേത്തു കടവിനേയും രണ്ടാം വാർഡിനേയും മൂന്നാം വാർഡിനേയും ബന്ധിപ്പിക്കുന്ന വാളോ

ത്തിച്ചാലും നീർവിളാകും ചാല് പാലത്തിനു സമീപം കാറ്റാറ് ചാലിന്റെ കിഴക്കു ഭാഗത്തും പടിഞ്ഞാറു ഭാഗത്തുമുള്ള കടവുകളും കല്ലുപാകി കുളിക്കടവുകളും നിർമ്മിച്ചാൽ കന്നുകാലികൾക്ക് കുടി വെള്ള ത്തിനും വസ്തു ഉടമകൾക്ക് മണ്ണൊലിപ്പിൽ നിന്നുമുള്ള സംരക്ഷണവും നൽകാം.

23. കോഴിത്തോട് വാട്ടർ ഷെഡ് പദ്ധതിപ്രകാരം കർഷകർക്ക് കാലിത്തൊഴുത്ത്, കന്നുകാലികൾ എന്നിവ കൂടുതലായി അനുവദിക്കുക.

24. നമ്മുടെ പുഞ്ചകളിലുള്ള ചാലുകളിലും സ്വകാര്യ, പഞ്ചായത്തു കുളങ്ങളിലും ഇടക്കാല കൃഷിയായി മത്സ്യം വളർത്താവുന്നതാണ്. അതുപോലെ കിടങ്ങന്നൂർ പുഞ്ചയിലെ ജലസമൃദ്ധമായ പാടങ്ങളിൽ പരിസര തോടുകളിൽ ബണ്ടു നിർമ്മിച്ചു കൊണ്ട് നെൽകൃഷി കഴിഞ്ഞുള്ള കാലയളവിൽ വൻകൊഞ്ചുകൃഷി ചെയ്യാവുന്നതാണ്.



# വ്യവസായം

ആധുനിക സമൂഹത്തിന് അടിത്തറ പണിയുന്നത് വ്യവസായ രംഗമാണ്. അന്താരാഷ്ട്ര ശക്തികൾ ആധിപത്യം നേടിയ ഈ രംഗത്ത് ഒരു പുതിയ സംസ്കാരം തന്നെ രൂപപ്പെട്ടിട്ടുണ്ട്. പരസ്യവും മറ്റും നിയന്ത്രിക്കുന്ന ഉപഭോഗസംസ്കാരത്തിന്റെ പിടിയിലാണ് നമ്മുടെ ഗ്രാമവും.

ചെറുകിട, ഇടത്തരം നാമമാത്ര കർഷകർ അധിവസിക്കുന്ന ആറന്മുളയ്ക്ക് അക്ഷരാർത്ഥത്തിൽതന്നെ വ്യവസായം അന്യമാണ്. 388 പേർ പണിയെടുക്കുന്ന കോട്ട പ്രഭുറാം മിൽ നമ്മുടെ അതിരിലാണ് സ്ഥിതിചെയ്യുന്നതെങ്കിലും തൊഴിലാളികളെ തെരഞ്ഞെടുക്കുമ്പോഴും മറ്റും ആലപ്പുഴ ജില്ലയ്ക്കു നൽകുന്ന പ്രാധാന്യം നമുക്കു ലഭിക്കുന്നില്ല.

റബറുമായി ബന്ധപ്പെട്ട രണ്ട് ഫാക്ടറിയാണ് ഇപ്പോൾ വ്യവസായ സംരംഭമായിട്ടുള്ളത്. എഴിക്കാട് ഖാദി നൂൽ നൂൽപ്പുകേന്ദ്രം, കോട്ടയിലെ കൈത്തറി യൂണിറ്റ് മാലക്കരയുൾപ്പെടെയുള്ള ചില പാറമടകൾ, 6 തടി മില്ലുകൾ, ഒരു സ്റ്റീൽ ഇൻഡസ്ട്രി, 6 പ്രിന്റിംഗ്പ്രസ്സുകൾ, ഇഷ്ടികനിർമ്മാണം, ഹോളോ ബ്ലോക്സ് യൂണിറ്റ് എന്നിവയാണ് പ്രധാന വ്യവസായ സംരംഭങ്ങൾ. പഞ്ചായത്തിലെ പതിനായിരക്കണക്കിനുവരുന്ന അഭ്യസ്തവിദ്യരായ യുവജനങ്ങൾ മറ്റു സംസ്ഥാനങ്ങളിലും കേരളത്തിലെ മറ്റു ജില്ലകളിലും ആണ് തൊഴിലെടുക്കുന്നത്. ഗൾഫ് നാടുകളിൽ പോയി പണിയെടുത്ത് ജീവിതം കരുപ്പിടപ്പിക്കുന്നവരും കുറവല്ല. ഒട്ടെല്ലാ വിദേശരാജ്യങ്ങളിലും ആറന്മുളയിലുള്ളവർ തൊഴിലെടുക്കുന്നുണ്ട്.

വ്യവസായ സംരംഭങ്ങളോടുള്ള താല്പര്യക്കുറവ്, അറിവില്ലായ്മ, ഭൂമിയുടെ വിലക്കൂടുതൽ, ബാങ്കുവായ്പകൾ നൽകുന്നതിൽ കാട്ടുന്ന അലംഭാവം, ഉദ്യോഗസ്ഥന്മാരുടെ താല്പര്യക്കുറവ്, റെയിൽ റോഡ്, ഗതാഗതസൗകര്യമില്ലായ്മ തുടങ്ങിയ ഒട്ടനവധി കാരണങ്ങളാണ് വ്യവസായസംരംഭങ്ങൾ കുറയുന്നതിന്റെ പിന്നിലെ പ്രധാന കാരണങ്ങൾ.

റബർ, നാളികേരം, മരച്ചീനി, പാൽ, കരിങ്കൽ, മണൽ ഉൾപ്പെടെ പഞ്ചായത്തിൽ സുലഭമായി കിട്ടുന്ന അസംസ്കൃതക വസ്തുക്കൾ നിരവധിയാണ്. ഇതു പ്രയോജനപ്പെടുത്തി പുത്തൻ സംരംഭങ്ങൾക്കു തുടക്കമിട്ടാൽ ആറന്മുള സാംസ്കാരിക രംഗത്തെന്നപോലെ വ്യവസായി രംഗത്തും സ്വയം പര്യാപ്തതയിലേക്കു കടന്നു വരുമെന്നതിൽ സംശയമില്ല.

നമ്മുടെ പഞ്ചായത്തിന്റെ വ്യാവസായിക വളർച്ചയെ പ്രതികൂലമായി ബാധിക്കുന്ന നിരവധി പ്രശ്നങ്ങൾ ഉണ്ട്. പ്രധാനപ്പെട്ടവ ചുവടെ ചേർക്കുന്നു.

**പ്രശ്നങ്ങൾ**

1. അസംസ്കൃത വസ്തുക്കളുടെ ദൗർലഭ്യവും വിപണന സൗകര്യങ്ങളുടെ അപര്യാപ്തതയും.
2. വിദ്യുച്ഛക്തിയുടെ അപര്യാപ്തത.
3. ബാംബു കോർപ്പറേഷൻ ഡിപ്പോ ഉണ്ടെങ്കിലും ആവശ്യത്തിന് ഈറ്റ ലഭിക്കുന്നില്ല.
4. ആറന്മുളക്കണ്ണാടി നിർമ്മാണത്തിന്റെ സാങ്കേതിക വിദ്യ ഏതാനും വ്യക്തികളുടെ സ്വകാര്യ സ്വത്താകയാൽ പുതിയ ആളുകൾക്ക് ഈ രംഗത്തേക്കു വരാൻ കഴിയുന്നില്ല.
5. എഴിക്കാട് നൂൽ നൂൽപ്പുകേന്ദ്രത്തിനാവശ്യമായ അസംസ്കൃത സാധനം ലഭിക്കുന്നില്ല. തൊഴിലാളികളുടെ കൂലിയും കുറവാണ്.
6. എണ്ണയാട്ടുമില്ലുകൾക്ക് ആവശ്യമായ എണ്ണക്കുരുക്കൾ ലഭിക്കാത്തതിനാൽ വ്യാവസായിക അടിസ്ഥാനത്തിൽ എണ്ണ ഉല്പാദിപ്പിക്കുകയോ വിപണനം നടത്തുകയോ ചെയ്യുന്നില്ല.
7. വ്യവസായം തുടങ്ങാൻ താല്പര്യമുള്ളവർക്കു ഉദ്യോഗസ്ഥന്മാരുടെയും ബാങ്കുകളുടെയും അനാസ്ഥമൂലം യഥാസമയം മൂലധനം ലഭിക്കുന്നില്ല. ലഭ്യമാകുന്ന മൂലധനം ശരിയായി ഉപയോഗിക്കപ്പെടുന്നുമില്ല.
8. വൻകിട വ്യവസായികളുടെ പരസ്യങ്ങളിൽ ആകൃഷ്ടരായി ഉപഭോക്താക്കൾ ചെറുകിട ഉല്പാദകരേ വേണ്ടത്ര ശ്രദ്ധിക്കുന്നില്ല.
9. വ്യവസായം തുടങ്ങാൻ താല്പര്യമുള്ളവർക്കു സാങ്കേതിക പരിശീലനം ലഭിക്കാൻ സൗകര്യമില്ല.
10. ഭൂമിയുടെ ലഭ്യതക്കുറവും വിലക്കൂടുതലും.

## പട്ടിക 1
## നിലവിലുള്ള വ്യവസായങ്ങൾ

| ക്രമ നമ്പർ | പേര് | എണ്ണം | സ്ഥലം |
|---|---|---|---|
| 1. | ഖാദി നൂൽ നൂല്പുകേന്ദ്രം | 1 | എഴിക്കാട് |
| 2. | ആറന്മുള കണ്ണാടി നിർമ്മാണം | 2 | ആറന്മുള |
| 3. | എഞ്ചിനിയറിംഗ് വർക്സ് | | |
| 4. | തടിമിൽ | 6 | കിടങ്ങന്നൂർ, ആറന്മുള, കോട്ട, മാലക്കര, ആറാട്ടുപുഴ 2 |
| 5. | ഇഷ്ടികനിർമ്മാണം | നിരവധി | വിവിധ വാർഡുകളിൽ |
| 6. | എണ്ണയാട്ടുമിൽ | 4 | കിടങ്ങന്നൂർ, ആറന്മുള, കോട്ട, കോട്ടക്കകം |
| 7. | ഫ്ലവർമിൽ | 5 | ആറന്മുള (2), കിടങ്ങന്നൂർ, കോട്ട, ഇടയാറന്മുള |
| 8. | കറിപൗഡർ നിർമ്മാണം | 2 | കോട്ട, ഇടയാറന്മുള |
| 9. | ഇലക്ട്രിക്, ഇലക്ട്രോണിക്സ് | 1 | എഴിക്കാട് |
| 10. | തയ്യൽ യൂണിറ്റ് | | |
| 11. | ബാബു കോർപ്പറേഷൻ ഡിപ്പോ | 1 | |
| 12. | റബർ ഫാക്ടറി | 3 | കോട്ടക്കകം, എരുമക്കാട്, കിടങ്ങന്നൂർ |
| 13. | കോഴി വളർത്തൽ | | |
| 14. | ഹോളോ ബ്രിക്സ് | 2 | നീർവിളാകം, ആറന്മുള |
| 15. | പാറമട | 2 | മാലക്കര, കളരിക്കോട് |
| 16 | സ്റ്റീൽ ഇൻഡസ്ട്രീസ് | 1 | ആറന്മുള വിനായക |
| 17 | പ്രിന്റിംഗ് പ്രസ് | 6 | കിടങ്ങന്നൂർ (2) ആറന്മുള (2), കോട്ട, കോട്ടക്കകം. |

### സാധ്യതകൾ, നിർദ്ദേശങ്ങൾ.

1. വ്യവസായ സംരംഭകരെ കണ്ടെത്തി പ്രോത്സാഹനം നൽകുക.
2. ടൂറിസം വ്യവസായത്തിൽ പ്രാധാന്യം നൽകി ടൂറിസ്റ്റ് കോംപ്ലാക്സും, ടൂറിസ്റ്റ് ലോഡ്ജുകളും ആരംഭിക്കുക.
3. പരമ്പരാഗത തൊഴിൽ ചെയ്യുന്നവർക്കും കുറഞ്ഞ വിലയ്ക്കു അസംസ്കൃത വസ്തുക്കൾ ലഭ്യമാക്കുകയും ഉല്പന്നങ്ങളുടെ വിപണനത്തിനു സൗകര്യമുണ്ടാക്കുകയും ചെയ്യുക.
4. ആറന്മുള കണ്ണാടി നിർമ്മാണത്തിന്റെ സാങ്കേതിക വിദ്യപരിശീലിപ്പിക്കുന്ന പരിശീലനകേന്ദ്രം സ്ഥാപിക്കുകയും പരിശീലനം ലഭിച്ചവർക്ക് വ്യവസായികാടിസ്ഥാനത്തിൽ ഉല്പാദിപ്പിക്കുവാൻ സൗകര്യം നൽകുകയും ചെയ്യുക.
5. സർക്കാർ ഏജൻസി വഴി അസംസ്കൃത വസ്തുക്കൾ ലാഭകരമായി നൽകുക.
6. ചെറുകിട വ്യവസായികളുടെ ഉല്പന്നങ്ങൾ നിശ്ചിത വിലയ്ക്കുവാങ്ങി വിപണനം നടത്തുക.
7. വ്യവസായസംരംഭകർക്ക് ബാങ്കുവായ്പ ലഭിക്കുന്നതിനുള്ള നടപടികളും വ്യവസ്ഥകളും ലളിതവും ഉദാരവുമാക്കുക.
8. റബർ അടിസ്ഥാനമാക്കിയുള്ള വ്യവസായ ശാല സ്ഥാപിക്കുക.
9. റബർ തടി സംസകരണഫാക്ടറി ആരംഭിക്കുക.
10. പാഴ്മരങ്ങൾ ഉപയോഗിച്ച് പാർക്കിംഗ് കെയ്സുനിർമ്മിക്കുന്ന വ്യവസായം ആരംഭിക്കുക. നിവവലുള്ള തടിമില്ലുകളുളെ ഈ വ്യവസായത്തിലേക്ക് ആകർഷിക്കുക.
11. പഞ്ചായത്തിൽ ഒരു മിനിവ്യവസായ എസ്റ്റേറ്റ് ആരംഭിക്കുക.
12. പഞ്ചായത്തിലും പുറത്തും നിന്നും ശേഖരിക്കുന്ന പഴയ ഇരുമ്പു സാധനങ്ങളുടെ പുനസംസ്കരണ ശാല സ്ഥാപിക്കുക.

ആരംഭിക്കാവുന്ന വ്യവസായങ്ങളുടെ പട്ടിക ചേർക്കുന്നു.

## പട്ടിക 2

## സാധ്യതകളുടെ വ്യവസായ സംരംഭങ്ങൾ

| | |
|---|---|
| 1. | കൊക്കോ സംസ്കരണം |
| 2. | റബർ, റബർതടി ഇവ കൊണ്ടുള്ള വ്യവസായം |
| 3. | ചിപ്സ് നിർമ്മാണം (നേത്രക്കായ, മരച്ചീനി, ചക്ക) |
| 4. | ജാമുകൾ (കൈതച്ചക്ക, മാമ്പഴം, ചക്ക, നേന്ത്രപ്പഴം) |
| 5. | പാലും പാലുല്പന്നങ്ങളും. |
| 6. | ഹോളോ ബ്രിക്സ് |
| 7. | സോപ്പുനിർമ്മാണം, സോപ്പു പൊടി |
| 8. | പരമ്പരാഗത വ്യവസായങ്ങൾ |
| 9. | റെഡിമെയ്ഡ് വസ്ത്രനിർമ്മാണം |
| 10. | ഐസ് നിർമ്മാണം |
| 11. | മെറ്റൽ ക്രഷർ |
| 12. | കോളാ, സോഡാ വ്യവസായം |
| 13. | ആയുർവേദമരുന്നു നിർമ്മാണം |
| 14. | ചകിരി, ചിരട്ട, പേപ്പർ, വാഴനാര്, ഇവ കൊണ്ടുള്ള കരകൗശലവസ്തുക്കൾ. |
| 15. | തടികൊണ്ടുള്ള ഗൃഹോപകരണങ്ങളും ശില്പങ്ങളും. |
| 16. | മത്സ്യബന്ധനവും സംസ്കരണവും. |
| 17. | കൊപ്രാ വ്യവസായം |
| 18. | പർപ്പടക നിർമ്മാണം. |
| 19. | എഞ്ചിനിയറിംഗ് വ്യവസായങ്ങൾ |
| 20. | ടൂറിസം. |
| 21. | മെഴുകുതിരി നിർമ്മാണം |
| 22. | തേങ്ങാ വെള്ളത്തിൽനിന്നും വിന്നാഗിരി |
| 23. | ഉപയോഗശൂന്യമായ ഇരുമ്പുപയോഗിച്ചുള്ള ഫാക്ടറി |
| 24. | ടൂറിസം വ്യവസായം. |





# വിദ്യാഭ്യാസം

ഒരു പ്രദേശത്തിന്റെ പുരോഗതിയുടെ അളവുകോൽ അവിടുത്തെ വിദ്യാഭ്യസത്തിന്റെ വളർച്ചയാണ്. സമൂഹത്തിന് വിദ്യാഭ്യാസം നൽകേണ്ടതിന്റെ പ്രാധാന്യം ഈ പഞ്ചായത്തിലുള്ളവർ പണ്ടേ മനസിലാക്കിയിരുന്നു. എന്നാൽ സമ്പൂർണ്ണ സാക്ഷരത നേടിയ നമ്മുടെ പഞ്ചായത്തിൽ ഇരുപതാം നൂറ്റാണ്ടിന്റെ ഉത്തരാർത്ഥത്തിലും സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളോ ആർട്സ് കോളജുകളോ ഇല്ല എന്നത് ഒരു ദുഃഖസത്യമായി നിലനിൽക്കുന്നു.

ആറന്മുളയിലെ ആദ്യകാല വിദ്യാഭ്യാസ പ്രവർത്തനങ്ങൾ പ്രധാനമായും മർത്തോമ്മാ സഭാ പ്രവർത്തകരിലൂടെയാണ് വികാസം പ്രാപിച്ചതെങ്കിലും പഞ്ചായത്തിലെ പ്രഥമവിദ്യാലയം ആറന്മുളയിലെ ഒരു പ്രമുഖ കുടുംബമായ കൊട്ടാരത്തിൽ വീട്ടിലെ കാരണവർ കേശവപിള്ളയുടെ താല്പര്യത്തിലും അദ്ദേഹത്തിന്റെ കനിഷ്ഠ സഹോദരൻ കൊട്ടാരത്തിൽ ആശാൻ എന്നറിയപ്പെട്ടിരുന്ന കൃഷ്ണപിള്ളയുടെ ഉത്സാഹത്തിലുമാണ് സ്ഥാപിക്കപ്പെട്ടത്. 1864 ൽ കുടുംബം വക വസ്തുവിൽ കുടിപ്പള്ളിക്കൂടമായി ആരംഭിച്ച് സ്വന്തമായി കെട്ടിടം നിർമ്മിച്ച് സർക്കാർ അംഗീകാരത്തോടുകൂടി നാലാം ക്ലാസുവരെയുള്ള ഒരു പ്രാഥമിക വിദ്യാലയമായി ഉയർത്തുകയായിരുന്നു. കൊട്ടാരത്തിൽ പള്ളിക്കൂടം എന്നറിയപ്പെട്ടിരുന്ന ഈ വിദ്യാലയം പഞ്ചായത്തിന്റെ വിവിധഭാഗങ്ങളിൽ നിന്നു മാത്രമല്ല സമീപസ്ഥ പഞ്ചായത്തുകളായ തോട്ടപ്പുഴശ്ശേരി മല്ലപ്പുഴശ്ശേരി എന്നിവിടങ്ങളിൽനിന്നുള്ള കുട്ടികൾക്കും വിജ്ഞാനത്തിന്റെ പ്രകാശം പ്രദാനം ചെയ്തു. സർക്കാരിനു വിട്ടുകൊടുത്ത് ഇടശ്ശേരിമല എൽ. പി. സ്കൂൾ എന്ന പേരിൽ പ്രവർത്തിച്ചുവന്ന ഈ സ്കൂൾ വിദ്യാർഥികളുടെ കുറവുമൂലം 1990 ൽ നിർത്തലാക്കി. ഇപ്പോൾ സ്കൂൾ കെട്ടിടത്തിൽ ഉപജില്ലാ വിദ്യാഭ്യാസ ആഫീസ് പ്രവർത്തിക്കുന്നു.

1060ൽ പ്രവർത്തനം ആരംഭിച്ച ഇടയാറന്മുള എം. റ്റി. എൽ. പി. എസ് 1087 ൽ സ്ഥാപിച്ച നാല്ക്കാലിക്കൽ എം. റ്റി. എൽ. പി. എസ് 1912 ൽ ആരംഭിച്ച കിടങ്ങന്നൂർ എൽ. പി. എസ് എന്നിവയും പഞ്ചായത്തിലെ ആദ്യകാല വിദ്യാലയങ്ങളാണ്.

ഇംഗ്ലീഷ് വിദ്യാഭ്യാസത്തിനായി ചെങ്ങന്നൂർ ഗവ. ഹൈസ്കൂൾ, കോഴഞ്ചേരി സെന്റ് തോമസ് ഹൈസ്കൂൾ ഇവയേ ആശ്രയിച്ചിരുന്ന നമ്മുടെ വിദ്യാർത്ഥികൾക്ക് അനുഗ്രഹമായി ഇടയാറന്മുള മർത്തോമ്മാപ്പള്ളി 1919 ൽ ഇടയാറന്മുള എ. എം. എം. ഹൈസ്കൂൾ സ്ഥാപിച്ചു. റവ. എ. ജി. തോമസ് ഇതിനു മുൻകൈ എടുത്തു.

സംസ്കൃത വിദ്യാഭ്യാസം പരിപോഷിപ്പിക്കുക എന്ന ലക്ഷ്യത്തോടുകൂടി 1938 ൽ കിടങ്ങന്നൂരിൽ ശ്രീ. വിജയാനന്ദഗുരുദേവൻ സ്ഥാപിച്ച വിദ്യാലയമാണ് എസ്. വി. ജി. എച്ച്. എസ്. ഈ വിദ്യാലയത്തിന്റെ പ്രധാനകെട്ടിടത്തിന് ശിലാസ്ഥാപനം നിർവഹിച്ചത് കിടങ്ങന്നൂർ ചത്തമലയിൽ ശങ്കരൻ എന്ന പട്ടിക ജാതി വിദ്യാർത്ഥിയാണ് എന്നത് സ്മരണീയമാണ്. സംസ്കൃതകോളജായി വളർന്ന ഈ സ്കൂൾ 1949 ൽ അക്കാഡമിക് സ്കൂളായി മാറുകയും 1952-53 ൽ പൂർണ്ണ ഹൈസ്കൂൾ ആയി പ്രവർത്തനം തുടരുകയും ചെയ്തു.

### പട്ടിക 1
### സ്കൂൾ ആരംഭിച്ച വർഷം

| | സ്കൂളിന്റെ പേര് | ആരംഭിച്ചവർഷം |
|---|---|---|
| 1. | A.M.M.H.S.S ഇടയാറന്മുള | 1919 |
| 2. | S.V.G.V.H.S. കിടങ്ങന്നൂർ | 1938 |
| 3. | T.K.M.R.M.H.S.S. വല്ലന | 1953 |
| 4. | Govt. U.P.S. ആറാട്ടുപുഴ | 1905 |
| 5. | Govt. S.N.D.P. L.I.P.S വല്ലന | 1930 |
| 6. | N.M.U.P.S. ഇടയാറന്മുള | 1930 |
| 7. | Govt. L.P.S. മാലക്കര | 1917 |
| 8. | Govt. L.P.S.കിടങ്ങന്നൂർ | 1912 |
| 9. | Govt. L.P.Sകോട്ട | 1939 |
| 10. | Govt. S.N.D.P.L.P.S ളാക | |
| 11. | W.L.P.S. ഇടയാറന്മുള | 1958 |
| 12. | Nalakalikkal M.T.L.P.S | 1087 ME |
| 13. | Edayaranmula M.Y.L.P.S | 1060 ME |
| 14. | Edayaranmula West M.T.L.P.S | 1085 |
| 15. | E.A.L.P.S Erumakkadu | 1905 AD |
| 16. | St. Mary's L.P.S. കിടങ്ങന്നൂർ | 1106 |
| 17. | M.D.L.P.Sനീർവിളാകം | 1885 |

ആറന്മുള പഞ്ചായത്തിൽ ആകെ 17 വിദ്യാലയങ്ങൾ ആണ് ഉള്ളത്. സർക്കാർ മേഖലയിൽ 5 എൽ. പി. സ്കൂളുകൾ 2 യു, പി. സ്കൂളുകൾ എന്നിവയും പ്രൈവറ്റ് മേഖലയിൽ 6 എൽ. പി. 1 യു. പി. 3 ഹൈസ്കൂളുകൾ എന്നിവയും. ഹൈസ്കൂളുകളിൽ എ. എം. എം. എച്ച്. എസ് ഇടയാറന്മുള റ്റി. കെ. എം. ആർ. എം. എച്ച്. എസ് വല്ലന എന്നിവ ഹയർസെക്കന്ററി സ്കൂളുകളാണ്. ഇതു കൂടാതെ അംഗീകാരമില്ലാത്ത ഏതാനും സ്കൂളുകളും പ്രവർത്തിക്കുന്നുണ്ട്.

ഒന്നാം വാർഡിൽ കുളമാപ്പുവഴി കണ്ണറംകോട്, കരിമാരം ഭാഗങ്ങൾ, മൂന്നംവാർഡിൽ താന്നിക്കുന്ന്, മാലക്കര പടിഞ്ഞാറുഭാഗങ്ങൾ ആറാംവാർഡിൽ ഏറെക്കുറെ പൂർണ്ണമായും പന്ത്രണ്ടാം വാർഡിൽ പള്ളിമുക്കം ഭാഗങ്ങൾ എന്നിവിടങ്ങളിൽനിന്നും എൽ.പി. യിൽ പോകാനും ഒന്നാംവാർഡിൽ മേൽപ്പറഞ്ഞ ഭാഗങ്ങൾ മൂന്നാംവാർഡിൽ മേൽപ്പറഞ്ഞ ഭാഗങ്ങൾ ആറാംവാർഡിൽ മുഴുവൻ ഭാഗവും എട്ടാം വാർഡിൽ ഒട്ടെല്ലാഭാഗങ്ങളും പത്താം വാർഡിൽ കേട്ട ചന്തഭാഗം, പന്ത്രണ്ടാം വാർഡിൽ പള്ളിമുക്കം ഭാഗം എന്നിവിടങ്ങളിൽനിന്നും യൂപിയിൽ പോകാനും ഒരു കിലോമീറ്ററിലധികം യാത്ര ചെയ്യണം. വാർഡിൽ ഒരു ഭാഗത്തുള്ളവർക്കും എച്ച്.എസിൽ പോകാൻ 3 കി.മീ. നടക്കേണ്ടി വരുന്നില്ല.

## പട്ടിക 2

| | L.P. സ്കൂൾ. | | U.P സ്കൂൾ. | | H.S | | അംഗീകാര മില്ലാത്തവ | | | അംഗൻ വാടികൾ | നേഴ്സറി | | സാങ്കേതിക വിദ്യാലയം. |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | | | | | | | | അംഗീ കാരമു ള്ളവ. | ഇല്ലാ ത്തവ | |
| വാർഡ് | ഗവ. | എയ്ഡഡ്. | ഗവ. | എയ്ഡഡ്. | ഗവ. | എയ്ഡഡ്. | L.P. | U.P | H.S | | | | |
| 1. | - | 1 | | | | | | | | 3 | | | വാസ്തുവിദ്യാ ഗുരുകുലംകമ്യൂണിറ്റി പോളിടെക്നിക് |
| 2. | 1 | 1 | | 1 | | 1 | 1 | 1 | | 2 | | 1 | |
| 3. | 1 | | | | | | | | 1 | 3 | | | |
| 4. | | | 1 | | | | 1 | | | 1 | 1 | 1 | |
| 5. | 1 | | | | | | | | | 3 | | | |
| 6. | | | | | | | | | | 4 | 1 | | |
| 7. | 1 | 1 | | | | | | | | 4 | | | |
| 8. | | 1 | | | | | | | | 2 | | | |
| 9. | | | 1 | | | 1 | | 1 | | 3 | 1 | 1 | |
| 10. | 1 | | | | | | | | | 4 | 1 | | |
| 11. | | 1 | | | | | | | | 3 | | | |
| 12. | 1 | | | | | 1 | 1 | | | 3 | | 1 | |
| ആകെ | 5 | 6 | 2 | 1 | | 3 | 4 | 1 | 1 | 35 | 4 | 4 | |

പഞ്ചായത്തിലെ എയ്ഡഡ് പ്രൈമറിസ്കൂളുകളുടെ കെട്ടിടം, ഫർണിച്ചർ, കളിസ്ഥലം, എന്നിവ തീരെ അപര്യാപ്തമാണ്. സർക്കാർ എൽ.പി. സ്കൂളുകൾക്കും ഫർണിച്ചർ കുറവാണ്. ഇടയാറന്മുള ഡബ്ല്യൂ. എൽ.പി. എസിന്റെ കെട്ടിടം നല്ലതാണ്. ഫർണിച്ചർ പര്യാപ്തമല്ല. കളിസ്ഥലം ഇല്ല. സർക്കാർ, എയ്ഡഡ് സ്കൂളുകൾക്കൊന്നിനും തൃപ്തികരമായ ആഫീസ് ഉപകരണങ്ങൾ ഇല്ല. സർക്കാർ പ്രൈമറി സ്കൂളുകളിൽ കോട്ടാ ഡി. വി.എൽ.പി.എസ് ഒഴികെയുള്ളവയ്ക്ക് പ്രത്യേക സ്റ്റാഫ് റൂമും, ഉച്ചഭക്ഷണ വിഭവങ്ങൾ സൂക്ഷിക്കാനുള്ള സ്ഥലവുമില്ല.ഒരു ചെറിയ മുറിയിൽ ആഫീസും സ്റ്റാഫ് റൂമും പാത്രങ്ങളും വിറകും സൂക്ഷി ക്കാനിടവും കണ്ടെത്തുമ്പോൾ എയ്ഡഡ് പ്രൈമ റിസ്കൂളുകൾക്ക് പ്രത്യേക മുറിപോലുമില്ല. മിക്ക പ്രൈമറി സ്കൂളുകൾക്കും ക്ലാസുകൾ വേർതിരിക്കാൻ സ്ക്രീനു കൾ ഇല്ല. ഇടയാറന്മുള ഡബ്ല്യൂ. എൽ. പി. എസ് ന് കളിസ്ഥലം പോയിട്ട് മുറ്റം പോലുമില്ല.

ആ സ്കൂളിൽ കളിസ്ഥലം ഉണ്ടാക്കണം. കോട്ട ഡി.വി.എൽ.പി. എസ് ളാക ഗവ. എസ്.എൻ. ഡി. പി. എസ് ഇവയ്ക്ക് സ്ഥല മുണ്ട്. അതു നിരപ്പാക്കി നല്ല കളിസ്ഥലമാക്കി മാറ്റണം. പഞ്ചായത്തിലെ മുഴുവൻ എയ്ഡഡ് പ്രൈമറി സ്കൂളു കൾക്കും 50 സെന്റുവീതം ഭൂമി വാങ്ങി കളിസ്ഥലം ഉണ്ടാക്കണം. ആറാട്ടുപുഴ ഗവ. യു. പി. സ്കൂളിന്റെ ഉള്ള കളിസ്ഥലം വൃത്തിയാക്കണം. വല്ലന ഗവ. എസ്. എൻ. ഡി. പി. യു.പി.എസ്ന് സ്ഥലം ഉണ്ട്. അതു നിരപ്പാക്കി നല്ല ഒരു കളിക്കളം ഉണ്ടാക്കണം.ഇടയാറന്മുള എൻ.എം.യു.പി.എസ് ന് കളി സ്ഥലവും,പ്രത്യേക ആഫീസ്മുറിയും ഫർണിച്ചറും ഉണ്ടാക്കണം. വല്ലന ഗവ. എസ്. എൻ. ഡി. പി. യു. പി. സ്കൂളിന് സ്ഥലസൗകര്യം ഇല്ല. അടിയന്തിരമായി 6 ക്ലാസുമുറികൾ ഉള്ള സ്ഥിരം കെട്ടിടം പണിയണം. ളാക ഗവ. എസ്. എൻ. ഡി. പി. എൽ. പി. എസിന്റെ സ്ഥല പരിമിതിയും പരിഹരിക്കണം.

ഇടയാറന്മുള എ. എം. എം. എച്ച് എസ്. കിടങ്ങന്നൂർ എസ്. വി. ജി. വി. എച്ച്. എസ് ഇവ കെട്ടിടം, ഉപകരണങ്ങൾ കളിസ്ഥലം ഇവയുടെ കാര്യത്തിൽ സമ്പന്നമാണ്. എന്നാൽ റ്റി. കെ. എം. ആർ. എം. എച്ച്. എസ. എസ്ൽ ക്ലാസുമുറികൾ കുറവുണ്ട്. പണി തുടങ്ങിയിരിക്കുന്ന കെട്ടിടം പൂർത്തിയാവുമ്പോൾ അതു പരിഹരിക്കപ്പെടും എന്നു കരുതുന്നു. ഹയർസെക്കണ്ടറി ക്ലാസുകൾ കൂടി നടക്കുന്ന ഈ സ്കൂളിലെ കളിസ്ഥലവും പരീക്ഷണശാലയും തൃപ്തികരമല്ല. സ്കൂളിൽ അടിയന്തിരമായി കളി സ്ഥലവും ആവശ്യമായ ലബോറട്ടറിയും ഉണ്ടാക്കണം.

നാല്ക്കാലിക്കൽ എം. റ്റി. എൽ. പി. എസ് ഇടയാറന്മുള എം. റ്റി. എൽ. പി. എസ് ഇവയ്ക്കു കുടിവെള്ളം ലഭ്യമാക്കണം. സ്കൂളുകളുടെ ഭൗതിക സൗകര്യങ്ങൾ കാണിക്കുന്ന പട്ടിക 3 ചുവടെ ചേർക്കുന്നു.

പ്രൈമറിസ്കൂളുകളിലെ പഠനനിലവാരം സാമാന്യം തൃപ്തികരമാണ്. കുറേക്കൂടി മെച്ചപ്പെടുത്താൻ ശ്രദ്ധിക്കണം. പഠനനിലവാരക്കുറവിന് അധ്യാപകരുടെ കുറവ് ഒരു പ്രധാനകാരണമാണ്. പ്രഥമാദ്ധ്യാപകനുംഒരു ക്ലാസിന്റെ പൂർണ്ണചുമതല നൽകിയിരിക്കുന്നു. അദ്ദേഹത്തിന് ട്രഷറി ജോലികൾ, കോൺഫ്രൻസുകൾ, ഉച്ചഭക്ഷണ വിഭവങ്ങൾ കൊണ്ടുവരിക, കായിക കലാമത്സരങ്ങൾ സംബന്ധിച്ച ആലോചനായോഗങ്ങൾ, സ്കൂളിന്റെ വികസനത്തിനായി പി. റ്റി.എ.യുമായി ചേർന്നുള്ള ജന സമ്പർക്കപരിപാടികൾ മുതലായവയിൽ പങ്കേടുക്കേണ്ടി വരുമ്പോൾ ക്ലാസ് നടത്താൻ കഴിയാതെവരുന്നത് സ്വഭാവികം. 4 ക്ലാസുകളും 4 അധ്യാപകരും മാത്രമുള്ള പ്രാഥമിക വിദ്യാലയങ്ങളിൽ ഏതെങ്കിലും അധ്യാപകന്റെ അവധി കൂടിവന്നാൽ ഫലപ്രദമായ പഠനം ഇല്ലാതാവും. സെൻസസ്, വോട്ടർ പട്ടിക പുതുക്കൽ റേഷൻ കാർഡിന്റെ വേരിഫിക്കേഷൻ തുടങ്ങിയ ജോലികൾക്ക് അധ്യാപകരെ കൂട്ടത്തോടെ നിയോഗിക്കുക. അധ്യയന കാലഘട്ടത്തിനിടയിലുള്ള ഇൻസർവീസ് കോഴ്സുകൾ എന്നിവ അധ്യയന നിലവാരത്തേ സാരമായി ബാധിക്കും. ഈ മാതിരി യഥാർത്ഥ അധ്യാപനമല്ലാത്ത ജോലികൾ അവധിക്കാലത്തു നടത്താൻ ശ്രദ്ധിക്കണം. എല്ലാ വിദ്യാലയങ്ങളിലും ഓരോ അധിക അധ്യാപക തസ്തിക അനുവദിച്ച് പ്രഥമാധ്യാപകനെ ക്ലാസ് ചുമതലയിൽനിന്ന് ഒഴിവാക്കണം.

എ.എം.എം. ഹൈസ്കൂളിനും എസ്. വി. ജി. വി. ഹൈസ്കൂളിനും നല്ല എസ്.എസ്.എൽ.സി വിജയശതമാനം നേടാൻ കഴിഞ്ഞിട്ടുണ്ട്. എന്നാൽ റ്റി. കെ. എം. ആർ. എം ഹൈസ്കൂളിന്റെ എസ്. എസ്. എൽ. സി വിജയശതമാനം മോശമാണ്. മെച്ചപ്പെടുത്താൻ ശ്രദ്ധിക്കണം. സ്കൂളുകളുലെ കഴിഞ്ഞ 5 വർഷത്തെ വിജയശതമാനം താരതമ്യത്തിനായി ചേർക്കുന്നു.

### പട്ടിക 4

എസ്. എസ്. എൽ. സി. വിജയശതമാനം

| | സ്കൂൾ | 91-92 | 92-93 | 93-94 | 94-95 | 95-96 | ശരാശരി |
|---|---|---|---|---|---|---|---|
| 1. | AMMHSS | 52 | 57 | 58 | 48 | 50 | 53 |
| 2. | SVGVHS | 45.2 | 47.5 | 47.6 | 72.9 | 66.6 | 55.96 |
| 3. | TKMRMHSS | 34.5 | 40 | 36 | 36 | 36.6 | |

ഈ പഞ്ചായത്തിലെ വിദ്യാർത്ഥികൾ പോയി പഠിക്കുന്ന ആറന്മുള ഗവ. എച്ച്. എസ് പുത്തൻകാവ് മെട്രോപോളിറ്റൻ എച്ച്. എസ് മുളക്കുഴ ഗവ. എച്ച്. എസ്. മെഴുവേലി പത്മനാഭോദയം ചെങ്ങന്നൂർ സെന്റ് ആനീസ് കോഴ ഞ്ചേരി സെന്റ്മേരീസ് H.S സെന്റ്തോമസ് H.S ഇവയിലും വിജയ ശതമാനം മെച്ചമാണ്.

സ്കൂളുകളിലെ പി. റ്റി. എ കൾ പ്രത്യേകിച്ച് എൽ. പി. സ്കൂളുകളിൽ വേണ്ടത്ര ശുഷ്കാന്തിയോടെ കൂടുകയും പ്രവർത്തിക്കുകയും ചെയ്യുന്നില്ല. പി.റ്റി. എ. യോഗങ്ങൾ ശുഷ്കമാണ്. കുറേക്കൂടി ഫലപ്രദമായ പ്രവർത്തനം കാഴ്ചവയ്ക്കണം. എല്ലാവിദ്യാലയങ്ങളിലും സംഘടിക്കപ്പെട്ടിരിക്കുന്ന മാതൃസംഗമം തൃപ്തികരമായി പ്രവർത്തിക്കുന്നു.

ദൂരസ്ഥലങ്ങളിൽനിന്നും നമ്മുടെ പഞ്ചായത്തിലേക്ക് പ്രായേണ വിദ്യാർത്ഥികൾ വരുന്നില്ല. വരുന്നത് അംഗീകാരമില്ലാത്ത കിടങ്ങന്നൂർ വിജയാനന്ദ വിദ്യാലയത്തിലേക്കും മാലക്കര ആത്മാനന്ദ സ്മാരക ഹൈസ്കൂളിലേക്കും മാത്രമാണ്. എന്നാൽ പഞ്ചായത്തിന്റെ എല്ലാ ഭാഗത്തു നിന്നും കുട്ടികൾ മറ്റ് സ്കൂളിലേക്കു പോകുന്നുണ്ട്. സമീപസ്ഥ ഹൈസ്കൂളുകളിലേക്ക് പോകുന്നതിനേക്കാൾ ഉപരി പഞ്ചായത്തിൽ തന്നെ പ്രവർത്തിക്കുന്ന അംഗീകാര മില്ലാത്ത ഇംഗ്ലീഷ് മീഡിയം സ്കൂളുകളിലേക്കും പഞ്ചായ

ത്തിന് പുറത്തുള്ള സെന്റ് ആനീസ്, സെന്റ് ഗ്രിഗോറിയസ്, സെന്റ്മേരീസ് എസ്. ഡി. എ എസ്. സി. ആർ. വി. റ്റി. റ്റി. ഐ തുടങ്ങിയ വണ്ടിപ്പള്ളിക്കൂടങ്ങളിലേക്കും വിദ്യാർത്ഥികൾ പ്രവഹിക്കുന്നു. സമ്പന്നവർഗ്ഗത്തിൽ കണ്ടിരുന്ന ഈ പ്രവണത മദ്ധ്യവർഗ്ഗവിഭാഗത്തിലേക്കും, സാമ്പത്തികപിന്നോക്കവിഭാഗത്തിലേക്കും സംക്രമിക്കുന്നു. ഇത് നമ്മുടെ സ്ക്കൂളുകളിലെ കുട്ടികളുടെ എണ്ണം ഗണ്യമായി കുറയുന്നതിന് കാരണമാണ്. കിടങ്ങന്നൂർ S.V.G.V.H.S-ൽ ഒഴികെ എല്ലാ സ്കൂളുകളിലും വിദ്യാർത്ഥി

**പട്ടിക 5**

**അധ്യാപക വിദ്യാർത്ഥി അനുപാതം**

| വിദ്യാലയത്തിന്റെ പേര് | ക്ലാസുകൾ | കുട്ടികൾ | | | അധ്യാപകർ | | | ഒഴിവുകൾ | അദ്യാപക വിദ്യാർഥി അനുപാതം. |
|---|---|---|---|---|---|---|---|---|---|
| | | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | | |
| A.M.M.H.S.S | 1-12 | 446 | 388 | 834 | 12 | 22 | 34 | - | 24.53 |
| S.V.G.V.H.S | 1-10 | 390 | 337 | 727 | 4 | 23 | 27 | - | 26.96 |
| T.K.M.R.M.H.S.S | 1-12 | 395 | 381 | 736 | 14 | 29 | 43 | - | 17.1 |
| Arattupuzha U.P.S | 1-7 | 67 | 63 | 130 | 2 | 7 | 9 | - | 14.44 |
| Vallana S.N.D.P.U.P.S | 1-7 | 186 | 211 | 397 | 3 | 13 | 16 | - | 24.81 |
| Edayaranmula N.M.U.P.S | 5-7 | 40 | 42 | 82 | 1 | 3 | 4 | - | 20.5 |
| G.L.P.S. Malakkara | 1-4 | 32 | 27 | 59 | 1 | 3 | 4 | - | 14.75 |
| G.L.P.S. Kidangannur | 1-4 | 67 | 59 | 126 | 1 | 3 | 4 | - | 32.00 |
| W.L.P.S. Edayaranmula | 1-4 | 14 | 19 | 33 | 2 | 2 | 4 | - | 8.25 |
| G.S.N.D.P.L.P.S. Laka | 1-4 | 46 | 43 | 89 | - | 4 | 4 | - | 22.25 |
| D.V.L.P.S. Kotta | 1-4 | 74 | 59 | 133 | - | 4 | 4 | - | 33.25 |
| M.T.T.L.P.S Nalkalikkal | 1-4 | 70 | 55 | 125 | - | 4 | 4 | - | 31.25 |
| M.T.L.P.S.Edayaranmula | 1-4 | 53 | 51 | 104 | - | 3 | 3 | - | 34.66 |
| M.T.L.P.SEdayaranmula | 1-4 | 70 | 57 | 127 | - | 4 | 4 | - | 31.75 |
| E.A.L.P.S. Erumakkadu | 1-4 | 44 | 51 | 95 | - | 4 | 4 | - | 23.75 |
| St. Mary's L.P.S Kidangannur | 1-4 | 35 | 42 | 77 | - | 4 | 4 | - | 19.25 |
| M.D.L.P.S Neervilakam | 1-4 | 31 | 19 | 50 | 1 | 3 | 4 | - | 12.25 |

കൾ കുറയുകയാണ്. ഇടയാറുമുള എൻ.എം. യു പി എസ്, മാലക്കര എൽ.പി.എസ്,ഇടയാറുമ്മുള W L P S ളാക S N D P L P S എരുമക്കാട് E A L P S കിടങ്ങന്നൂർ St:Marys L P S നീർവിളാകം എം.ഡി.എൽ.പി.എസ് ഇവ അൺഎക്കണോമിക്കു സ്കൂളുകളുടെ പട്ടികയിൽപ്പെടുന്നു. വിദ്യാർത്ഥി അദ്ധ്യാപക അനുപാതത്തിന്റെ പട്ടിക ചേർക്കുന്നു.

എരുമക്കാടു വാർഡിലുള്ള ഡബ്ല്യൂ.എൽ. പി. എസ് ലേ വിദ്യാർത്ഥികളുടെ എ, [illegible] റാചനീയമാണ്. ആ വാർഡിലുള്ള ഇ. ഏ. എൽ. [illegible] സ് ലും വിദ്യാർത്ഥികൾ കുറാവാണ്. ഒരു വാർഡിലെ രണ്ടു വിദ്യായലയങ്ങളിലും ഒരു പേലെ കുട്ടികൾ കുറയുന്നു പ്രവണത കാട്ടുമ്പോൾ അതിന്റെ കാരണം അപഗ്രഥിക്കണം. നിലവിലുള്ള സ്ഥിതി മാറ്റിയെടുക്കാൻ കൂട്ടായ യത്നം ആവശ്യമാണ്. പഞ്ചായത്തിൽ പുതിയ ആൺ എയ്ഡഡ് സ്കൂളുകൾ അനുവദിച്ചട്ടില്ല. ആരുടെയുംഅനുവാദമില്ലാതെ മുളച്ചുപെന്തുന്ന അൺറക്കഗ്നൈസ്ഡ്സ്കൂളുകൾ നമ്മുടെ വിദ്യായലയങ്ങൾക്കു ഭീഷണിയാണ്. കൂൺ പോലെ മുളയ്ക്കുന്ന അനംഗീകൃതവിദ്യാലയങ്ങളെ നിയമത്തിന്റെ പരിധിയിൽ കൊണ്ടുവരാൻ നടപടിയെടുക്കണം.

സാധാരണ സ്കൂളുകളിലെ അദ്ധ്യാപകരുടെ മക്കളെ വണ്ടിപ്പള്ളികൂടങ്ങളിൽ പഠിപ്പിക്കുന്നതിനെതിരെ ശക്തമായ നിയമനടപടികൾ ഉണ്ടാവണം. പഞ്ചായത്തിൽ പ്രവർത്തിക്കുന്ന 35 അങ്കണവാടികളിൽ 14 എണ്ണത്തിനും

സ്വന്തം കെട്ടിടമുണ്ട്. നീർവിളാകം വാർഡിൽ പൂർത്തിയാകാത്ത അങ്കണവടികെട്ടിടം പൂർത്തിയാക്കണം. 21 എണ്ണത്തിന് കെട്ടിടം ഇല്ല. കളിസ്ഥലമോ കളിപ്പാട്ടമോ ഒന്നിനുമില്ല. അങ്കണവാടികളുടെ പ്രവർത്തനം ഒരു തരത്തിലും കുട്ടികളെ ആകർഷിക്കുന്നില്ല.

നമ്മുടെ പഞ്ചായത്ത് സാക്ഷരമാണ്. സാക്ഷര പ്രവർത്തനങ്ങളിലും തുടർവിദ്യാഭ്യാസ പരിപാടിയിലും ഉണ്ടായ മാന്ദ്യത നവസാക്ഷരരെ നിരിക്ഷരതയിലേക്കു തള്ളിവിടുകയാണ്. ജനവിദ്യകേന്ദ്രങ്ങൾ 3 വാർഡുകളിൽ മാത്രമാണാരംഭിച്ചത്. അവയുടെ പ്രവർത്തനം തൃപ്തികരമല്ല. ജനവിദ്യാകേന്ദ്രം കൺവീനർന്മാർക്ക് അലവൻസനുവദിക്കണം.

പഞ്ചായത്തലൊട്ടാകെ പ്രവർത്തിക്കുന്ന അങ്കണവാടികൾ ജനവിദ്യകേന്ദ്രങ്ങൾ കൂടിയാവണം അങ്കണവാടി വർക്കർമാർ മഹിളാസ്വസ്ഥസംഘം പ്രവർത്തകർ ഇവരെ സഹകരിപ്പിച്ച് വാർഡുമെമ്പറന്മാരുടെ മുൻകൈയ്യോടു കൂടി നിരിക്ഷരത സർവ്വേ നടത്തണം. ആഴ്ചയിൽ രണ്ടു ദിവസം നിരിക്ഷരരും നവസാക്ഷരരും മഹിളാസ്വസ്ഥ സംഘം പ്രവർത്തകരും അങ്കണവാടിയിൽ ഒത്തുകൂടി അക്ഷരത്തിന്റെയും അറിവിന്റെയും കവാടം പരിചയപ്പെടുത്തണം. അങ്കണവാടി ജീവനക്കാരുടെ നിയന്ത്രണം ഗ്രാമപഞ്ചായത്തിനു നൽകണം. ഓരോ പഞ്ചായത്തിലും കോ-ഓർഡിനേറ്റർമാരേചുമതലപ്പടുത്തുകയും അവരുടെ പ്രവർത്തനം ഗ്രമപഞ്ചായത്തിന്റെ നിരിക്ഷണത്തിനും വിലയിരുത്തലിനും വിധേയമാകുകയും വേണം. നന്നായി പ്രവർത്തിക്കാത്ത കോ-ഓർഡിനേറ്റർമാരേ തിറിച്ചറിയിക്കാൻ ശുപാർശ ചെയ്യുവാൻ പഞ്ചായത്തിന് അധികാരം ഉണ്ടായിരിക്കണം. തുടർവായനക്കും പഠനത്തിനുമുള്ള പ്രസിദ്ധികരണങ്ങൾ അങ്കണവാടികൾവഴി പഠിതാക്കൾക്കുനല്കണം. നവസാക്ഷരരുടെ മത്സരങ്ങൾ കേരളോത്സവത്തോനുബന്ധിച്ച് നടത്തണം. ഓരോ ജനവിദ്യകേന്ദ്രവും ഓരോ യൂണിറ്റായി മത്സരത്തിൽ പങ്കെടുക്കണം. നന്നായി പ്രവർത്തിക്കുന്ന ജെ.വി.കെ കൺവീനർമാരേ കേരളോത്സവ സമാപന വേദിയിൽ ആദരിക്കണം.

## പ്രശ്നങ്ങൾ

1. പൊതുവിദ്യാഭ്യാസസ്ഥാപനങ്ങളുടെ ഭൗതികസാഹ്യചര്യങ്ങൾ തൃപ്തികരമല്ല.
2. എയഡ്സ് സ്ക്കൂളുകൾക്ക് കളിസ്ഥലം ഇല്ല.
3. എസ്. വി. ജി. വി. എച്ച്. എസ് ഒഴിച്ചുള്ള സ്ക്കൂളുകൾക്ക് ഒന്നിനും തന്നെ ചുറ്റു മതിൽ നിർമ്മിച്ചട്ടില്ല.
4. പ്രൈമറി വിദ്യാലയങ്ങൾക്ക് ഫർണ്ണീച്ചർ പരിമിതമാണ്.
5. ചുരുക്കം സ്ക്കുളുകൾക്ക് കുടിവെള്ളത്തിന്റെ ലഭ്യതയും ഇല്ല.
6. ക്ലാസുകൾ തിരിക്കാൻ സ്ക്രീനോ ഭിത്തിയോ ഉണ്ടാവണം.
7. എയിഡഡ് സ്ക്കൂളുകളുടെ മെയിന്റെനൻസ്ഗ്രാന്റ് നിരക്ക് നാമമാത്രമാണ്.
8. പ്രൈമറി വിദ്യാർത്ഥികൾക്ക് യൂണിഫോറം പൂർണ്ണമായിട്ടില്ല.
9. സ്ക്കൂൾ പ്രവർത്തനത്തിനിടക്ക് ഇൻസർവ്വീസ് കോഴ്സുകൾ നടത്തുന്നത് വിദ്യാഭ്യാസ നിലവാരത്തെ ബാധിക്കുന്നു.
10. അൺറക്കൊഗ്നൈസ്ഡ് സ്ക്കൂളുകളുടെ പെരുപ്പം മറ്റു സ്ക്കുളിലെ കുട്ടികളുടെ എണ്ണം കുറയ്ക്കുന്നു.
11. സ്ക്കൂളുകളുടെ കെട്ടിടങ്ങൾ പലതും പഴയതാണ്.
12. ളാക ഗവ:എസ്.എൻ.ഡി.പി. വല്ലന ടി.കെ.എൻ. ആർ.എം. ഹയർ സെക്കന്ററി സ്ക്കൂൾ, വല്ലന എസ്.എൻ .ഡിപി.യു.പി.എസ് ഇവയ്ക്ക് സ്ഥല സൗകര്യം കുറവാണ്
13. പഞ്ചായത്തിലെ വിദ്യാഭ്യാസ നില വിലയിരുത്താൻ ആവിശ്യമായ വിവരങ്ങൾ പഞ്ചായത്ത് ക്രോഡികരിച്ചട്ടില്ല.
14. വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും വികസനത്തിന് ഗ്രാമപഞ്ചായത്തിന് ഫണ്ടില്ല.
15. ആറാം വാർഡിൽ വിദ്യാലയങ്ങൾ ഒന്നുമില്ല.
16. പഞ്ചായത്തിൽ ഗവ.ഹൈസ്ക്കൂൾ ഇല്ല.
17. 30000 ൽ പരം ജനസംഖ്യയുള്ള ഈ പഞ്ചായത്തിൽ ആർട്ട്സ് സയൻസ് കോളജോ സാങ്കേതിക വിദ്യാഭ്യാസ സ്ഥപനങ്ങളോ ഇല്ല.
18. അംഗണവാടികൾക്ക് ഭൂരിപക്ഷത്തിനും സ്വന്തം കെട്ടിടമില്ല.
19. ഭൂരിപക്ഷം വിദ്യാലയങ്ങൾക്കും വൈദ്യുതിയില്ല.
20. മിക്ക വാർഡുകളിലും വായനശാലകൾ ഇല്ല.
21. ആറന്മുള ഉപജില്ല വിദ്യാഭ്യാസ ആഫീസിന് പ്രാഥമിക സൗകര്യങ്ങൾ ഇല്ല.

## സാദ്ധ്യതകൾ - പരിഹാരനിർദ്ദേശങ്ങൾ

1. എയ്ഡഡ് സ്ക്കൂളുകൾക്ക് കുറഞ്ഞത് അമ്പതു സെന്റ് സ്ഥലം ഉണ്ടാക്കൻ നടപടിവേണം. ഈ കാര്യത്തിൽ മാനേജുമെന്റെകളുടെ സഹകരണം തേടണം.
2. സ്ക്രീൻ, ഫർണിച്ചർ എന്നിവ നിർമ്മിക്കാൻ സഹായധനം അനുവദിക്കണം.
3. കുടിവെള്ളം ലഭ്യമല്ലാത്ത രണ്ടു സ്ക്കൂളുകളിൽ കിണർ നിർമ്മിക്കാൻ സഹായധനം നല്കണം. പഞ്ചായത്തു വാട്ടർസപ്ലൈ പദ്ധതിയിൽനിന്നും കണക്ഷൻ നല്കുന്ന കാര്യം പരിഗണിക്കാവുന്നതാണ്.
4. ശിശുദിന സ്റ്റാമ്പു വിൽപ്പനയിലൂടെ സമാഹരിക്കുന്ന

ശിശു ക്ഷേമ സമതിയുള്ള ഫണ്ടിൽനിന്നു പ്രൈമറി സ്ക്കൂൾ കുട്ടികൾക്ക്യൂണിഫാറം നല്കണം. വിദ്യാർത്ഥിക്ഷേമനിധിയും ഈ കാര്യത്തിനും വിനിയോഗിക്കാം.

5. ചുറ്റുമതിൽ നിർമ്മിക്കുന്നതിന് എയ്ഡഡ് സ്ക്കുളുകൾക്ക് 50% വും സർക്കാർ സ്ക്കൂളുകൾക്ക് 75%-വും ഗ്രാന്റ് നല്കണം.
6. ഇൻസർവ്വീസ് കോഴ്സുകൾ മദ്ധ്യവേനൽ അവധിക്കാലത്തുമാത്രം നടത്തണം.
7. അൺറക്കഗ്നൈസ്ഡ് സ്ക്കൂളുകളെ നിയമത്തിന്റെ പരിധിയിൽ കൊണ്ടുവരണം. അവയ്ക്ക് വിദ്യാർത്ഥികളുടെ എണ്ണത്തിന്റെയും ഭൗതിക സൗകര്യങ്ങളുടെയും അടിസ്ഥാനത്തിൽ ലൈസൻസ് ഫീസ് നിശ്ചയിക്കണം.
8. സ്ക്കൂൾ കെട്ടിടങ്ങളുടെനിർമ്മാണത്തിന് പ്രത്യേക ഫണ്ട് സമ്പാദിക്കണം. Laka Govt.SNDP LPS, Vallaua Govt. SNDP UPS ഇവയ്ക്കും അടിയന്തരമായി ഓരോ അർദ്ധസ്ഥിരകെട്ടിടങ്ങൾ നിർമ്മിക്കണം.
   (k) പഞ്ചായത്തിൽ ഒരു വിദ്യാഭ്യാസ സർവ്വേ നടത്തി ഓരോ വീട്ടിലുമുള്ള കുട്ടികൾ പഠിക്കുന്ന ക്ലാസ്, സ്ക്കൂൾ, സ്ക്കൂളിൽ പോകാത്ത കുട്ടികൾ ഇവരുടെ വിശദമായ സ്ഥിതിവിവരക്കണക്ക് ശേഖരിക്കുക.
   (L) പഞ്ചായത്തു പ്രസിഡന്റിന്റെ ചുമതലയിൽ വിദ്യാഭ്യാസവികസന ഫണ്ട് സ്വരൂപിച്ച് വിദ്യാലയങ്ങളുടെ ഭൗതികസാഹചര്യങ്ങൾ മെച്ചപ്പെടുത്താൻ വിനിയോഗിക്കുക.

1. പഞ്ചായത്തിന്റെ 6-ാം വാർഡിൽ കുറിച്ചിമുട്ടം നീർവിളാകം റോഡിന്റെ പരിസരത്ത് ഒരു പ്രാഥമിക വിദ്യാലയം സ്ഥാപിക്കുക.
2. നമ്മുടെ പഞ്ചായത്തിൽ ഒരു ഗവ.ഹൈസ്ക്കൂൾ ഇല്ല. വല്ലന ഗവ.എസ്. എൻ. ഡി.പി.യു.പി. എസ് അപ് ഗ്രേഡ് ചെയ്യതു ഹൈസ്ക്കൂൾ ആക്കുക.
3. മുപ്പതിനായിരത്തിലധികം ജനസംഖ്യയുള്ള ഈ പഞ്ചായത്തിൽ ഒരു ആർട്ട്സ് കോളജ് സ്ഥാപിക്കുക. കിടങ്ങന്നൂർ എസ്.വി.ജി.വി. ഹൈസ്ക്കൂൾ കോളജ് ആയി ഉയർത്തുക.
4. എൻ.എസ്.എസ് പോളിടെക്ക്നിക്കിന്റെ ചുമതലയിൽ ഒന്നാം വാർഡിൽ പ്രവർത്തിക്കുന്ന കമ്മ്യൂണിറ്റി പോളിടെക്ക്നിക്ക് വികസിച്ച് പൂർണ്ണപോളിടെക്ക്നിക്ക് ആക്കുക.
5. എല്ലാ വിദ്യാലയങ്ങൾക്കും വൈദ്യുതിലഭ്യമാക്കുക
6. പഞ്ചായത്തിന്റെ ചുമതലയിൽ നീർവിളാകം വല്ലന, എരുമക്കാട് വാർഡുകളിൽ സ്ഥലത്തിന്റെ ലഭ്യത അനുസരിച്ച് ഒരു ഐ.റ്റി.സി ആരംഭിക്കുക.
7. ഒന്നാം വാർഡിൽ പ്രവർത്തിക്കുന്ന വാസ്തു വിദ്യാ ഗുരുകുലം വികസിപ്പിച്ച് വാസ്തു വിദ്യ, ശില്പകല, ചിത്രകല, ചുമർചിത്രകല എന്നിവ പഠിപ്പിക്കുന്ന ഡീംഡ് യൂണിവേഴ്സിറ്റി ആക്കുക.
8. എൻ.എസ്.എസ് ന്റെ വകയായി ഒന്നാം വാർഡിൽ ഉപയോഗശൂന്യമായിക്കിടക്കുന്ന ആശുപത്രി കെട്ടിടവും സ്ഥലവും ഉപയോഗിച്ച് നേഴ്സിങ്ങ്, പാരാമെഡിക്കൽ കോഴ്സുകൾ എന്നിവയോ മറ്റ് സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളോ ആരംഭിക്കുക.
9. പഞ്ചായത്തിൽ ഭൂരിപക്ഷം അങ്കണവാടികൾക്കും സ്വന്തമായി കെട്ടിടമില്ല. ആവിശ്യമായസ്ഥലം ലഭ്യമാക്കിയാൽ അങ്കണവാടിക്ക് കെട്ടിടം നിർമ്മിക്കുന്നതിന് 25000 രൂപാമുതൽ 45000 രൂപാവരെ നല്കാൻ റിഗ്രേറ്റഡ് ചൈൽഡ് ഡവലപ്പ്മെന്റ് സ്കീമിൽ (ICDS) പദ്ധതിയുണ്ട് പഞ്ചായത്തിന്റെ വിവിധഭാഗങ്ങളിലുള്ള റവന്യൂ PWD PIPപുറമ്പോക്കു ഭൂമികളിൽ റോഡു വികസനത്തിനത്യന്താപേക്ഷിതമായതൊഴിച്ച് മുഴുവൻ ഭൂമിയും സർവ്വേ ചെയ്ത് സൗജന്യമായി പഞ്ചായത്തിനു ലഭ്യമാക്കണം. അങ്ങനെ ലഭ്യമാക്കുന്ന ഭൂമിയിൽ നിന്നും അങ്കണവാടികൾക്കു ഭൂമി നല്കി കെട്ടിടവും ചുറ്റുമതിലും നിർമ്മിക്കണം. ശിശുക്ഷേമ സമതിയുടെ സഹകരണത്തോടെ കളിപ്പാട്ടവും നൽകണം.
10. ഒരോവാർഡിലും ബഹുജനപങ്കാലിത്തത്തോടു കൂടിയ രണ്ടോ മൂന്നോ വായനശാലകൾ തുടങ്ങുക. പ്രവർത്തനശൂന്യമായ രണ്ടാം വാർഡിൽലെ രണ്ടും, പത്താം വാർഡിലെ ഒന്നും, ഒൻപതാംവാർഡിലെ ഒന്നും പന്ത്രണ്ടാം വാർഡിലെ ഒന്നും വായനശാലകൾ പുനരുജ്ജീവിപ്പിക്കുക. വായനശാലകൾക്ക് കാലാകാലങ്ങലിൽ ഗ്രാന്റ് ലഭിക്കുന്നു എന്ന് ഉറപ്പു വരുത്തുക.
11. വിദ്യാർത്ഥികളുടെ കുറവു മൂലം അധിക സ്ഥലസൗകര്യം ലഭിക്കാൻ കഴിയുന്ന ആറാട്ടുപുഴ ഗവ: യുപി സ്കൂൾ, ഇടയാറന്മുള WLPS. ഇവിടങ്ങളിൽ ലാൽ ബഹദൂർ ശാസ്ത്രി കമ്പ്യൂട്ടർ സെന്റർ, IHRD ഇവയുടെ സഹകരണത്തോടെ കമ്പ്യൂട്ടർ പരിശീലന കേന്ദ്രം സ്ഥാപിക്കുക.



12. കാലടി സംസ്കൃത സർവ്വകലാശാലയുടെ ഉപപഠന കേന്ദ്രം ആറന്മുളയിൽ ആരംഭിക്കുക.

13. പഞ്ചായത്തിന്റെ ചുമതലയിൽ ഒരു ഇൻഫർമേഷൻ സെന്റർ ആരംഭിക്കുക. കോഴിപ്പാലത്തിനു സമീപമുള്ള പ്രോഗ്രസീവ് വായനശാല ഇൻഫർമേഷൻ സെന്ററായി വികസിപ്പിക്കാം.

14. വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള ആറന്മുള ഉപ ജില്ല. പകുതി ആലപ്പുഴ ജില്ലയിലും പകുതി പത്തനംതിട്ടയിലുമാണ്. ആലപ്പുഴജില്ലയിലുള്ള മുളക്കുഴ വെണ്മണി പഞ്ചായത്തുകൾ ആറന്മുള ഉപജില്ലയിൽ നിന്നും ഒഴിവാക്കുകയും, മല്ലപ്പുഴശ്ശേരി പഞ്ചായത്ത് കൂട്ടിച്ചേർക്കുകയും ചെയ്യുക.

15. എ. ഇ. ഒ. ആഫീസിന് അടിസ്ഥാനഭൗതിക സൗകര്യങ്ങൾ ഉണ്ടാക്കുക. (മൂത്രപ്പുര, കക്കൂസ്, ആഫീസിൽ വരുന്ന അധ്യാപകർക്കും പൊതുജനങ്ങൾക്കും ഇരിക്കാൻ സൗകൃതമുണ്ടാക്കുക.)

16. മഹാത്മാഗാന്ധി യൂണിവേഴ്സിറ്റിയുടെ ആഭിമുഖ്യത്തിൽ ആറന്മുളയിൽ ട്രാവൽ ടൂറിസം കോഴ്സ് ആരംഭിക്കുക.

17. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് പത്താംക്ലാസുവരെ ഭക്ഷണവും വസ്ത്രവും പഠനോപകരണങ്ങളും സൗജന്യമാക്കുക.





ആറന്മുളയിലെ ആദ്യത്തെ വിദ്യാലയം
ഇടശ്ശേരിമല എൽ.പി സ്കൂൾ
ഇപ്പോൾ എ.ഇ.ഓ ഓഫീസ് പ്രവർത്തിക്കുന്നു.

## പട്ടിക 3
## ഭൗതിക സൗകര്യങ്ങൾ

| സ്കൂളിന്റെ പേര് | ഉടമസ്ഥത | ഭൂമി | കളിസ്ഥലം | മൂത്രപ്പുര | കക്കൂസ് | കൂടുതൽ ആവശ്യമുള്ള മുറികൾ | കുടിവെള്ളം | ആഫീസ് മുറി | സ്റ്റാഫ്റൂം | വൈദ്യുതി | ഫർണിച്ചർ വേണ്ടത് | | | | | മറ്റു സൗകര്യങ്ങൾ | | | | | ചുറ്റുമതിൽ |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | | | | | | | | ബെഞ്ച് | ഡസ്ക് | മേശ | കസേര | അലമാരി | മാപ്പുകൾ ചാർട്ടുകൾ | റേഡിയോ | ടി.വി. | ടേപ്പ് റിക്കാർഡർ | പ്രൊജക്ടർ | |
| 1. AMMHSS | Aided | 4.5ഏ | 3ഏ | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് | | - | - | - | - | - | | | | - | - | ഇല്ല |
| 2. SVGVHS | " | 6ഏക്കർ | 3ഏ | " | " | " | " | " | " | | - | - | - | - | - | | | | | - | ഉണ്ട് |
| 3. TKMRMHS | " | 3ഏക്കർ | പര്യാപ്തമല്ല | " | " | 8 | " | " | " | | - | - | - | - | - | | | - | | | ഇല്ല |
| 4 Arattupuzha UPS | Govt. | 50സെന്റ് | 20സെന്റ് | " | ഇല്ല | വേണ്ട | " | " | " | | - | - | - | - | - | | ഇല്ല | - | ഇല്ല | - | ഇല്ല |
| 5 SNDPUPS Vallana | " | 1ഏക്കർ | 50സെ | " | ഉണ്ട് | 6 | " | " | ഇല്ല | | 10 | 10 | 4 | 4 | 2 | പോരാ | | - | | - | ഇല്ല |
| 6. NMUPS | Aided | 32സെന്റ് | ഇല്ല | " | ഇല്ല | വേണ്ട | ഉണ്ട് | ഇല്ല | ഇല്ല | No | 5 | 5 | 2 | 2 | 1 | പോരാ | - | - | - | - | ഇല്ല |
| 7 Malakkara LPS | Govt. | 75സെ | 50സെ | ഇല്ല | ഇല്ല | " | " | ഉണ്ട് | " | ഉണ്ട് | - | - | - | - | 1 | മതി | | | | - | ഇല്ല |
| 8. Kidangannoor LPS | " | 1Acre | 50Cent | ഉണ്ട് | ഇല്ല | " | " | " | ഉണ്ട് | " | - | - | - | - | - | മതി | ഉണ്ട് | | ഉണ്ട് | - | പൂർണ്ണമല്ല |
| 9. WLPS Edayaranmula | " | 5Cent | ഇല്ല | ഇല്ല | ഇല്ല | " | " | " | | No | 10 | - | 2 | 3 | 1 | പോരാ | | | | - | ഇല്ല |
| 10. SNDPLPS Laka | " | 50സെന്റ് | ഇല്ല | | | 3 | " | " | ഇല്ല | No | | | | | | മതി | ഉണ്ട് | | ഉണ്ട് | - | ഇല്ല |
| 11. Kotta LPS | " | 1ഏക്കർ | 40സെന്റ് | ഉണ്ട് | ഇല്ല | വേണ്ട | " | " | " | No | | | | | | " | " | - | " | - | ഇല്ല |
| 12. Nalkalillal M.T LPS | Aided | 12സെന്റ് | ഇല്ല | " | " | 2 | ഇല്ല | ഇല്ല | " | No | 10 | - | 2 | 3 | 1 | " | " | - | " | - | ഇല്ല |
| 13. Edayaranmula MTLPS | " | 12.5സെന്റ് | ഇല്ല | | | വേണ്ട | ഇല്ല | ഇല്ല | " | No | 5 | - | 2 | 2 | 1 | " | " | - | " | - | ഇല്ല |
| 14. Edayaranmula West MTLPS | " | 10സെന്റ് | ഇല്ല | | | വേണ്ട | ഉണ്ട് | " | " | No | 10 | - | 2 | 2 | 1 | " | " | - | " | - | ഇല്ല |
| 15. Erumakkad EALPS | " | 16സെന്റ് | ഇല്ല | | | വേണ്ട | ഉണ്ട് | " | " | No | 5 | - | 1 | 1 | 1 | " | " | - | " | - | ഇല്ല |
| 16. Kidangannur St.Mary'sLPS | " | 16സെന്റ് | ഇല്ല | | | വേണ്ട | ഉണ്ട് | " | " | No | 6 | - | 1 | 1 | 1 | " | " | - | " | - | ഇല്ല |
| 17. Neervilakam MDLPS | " | 30സെന്റ് | 10സെന്റ് | | | വേണ്ട | ഉണ്ട് | " | " | No | 5 | | 1 | 1 | 1 | " | " | - | " | - | ഇല്ല |

# കുടിവെള്ളവും പൊതുജനാരോഗ്യവും

കുടിവെള്ളക്ഷാമം വേനൽകാലത്ത് ആറന്മുള പഞ്ചായത്തിനെ വ്യാപകമായി ബാധിക്കുന്നു. ദൈനം ദിനാവശ്യങ്ങൾക്കുള്ള ജലത്തിന് ജനങ്ങൾ മുഖ്യമായും കിണറുകളെയാണ് ആശ്രയിക്കുന്നത്. ആകെ 8783 വീടുകളുള്ളതിൽ 85% വീടുകൾക്കുമാത്രമാണ് സ്വന്തമായി കിണറുള്ളത്. ഏതാനും പൊതു കിണറുകളും പഞ്ചായത്തിലുണ്ട്. കുടിവെള്ളത്തിനായി കിണറൊഴിച്ചുള്ള ജല സ്രോതസ്സുകളെ ആശ്രയിക്കുന്നവർ എഴിക്കാട് കോളനിയിൽ ഒഴികെ ഇല്ലെന്നുതന്നെ പറയാം. സംസ്ഥാനത്തേ രണ്ടാമത്തേ സെറ്റിൽമെന്റ് കോളനിയായ എഴിക്കാട് കോളനിയിൽ പ്രത്യേക ജലവിതരണ സംവിധാനമുണ്ട്. മറ്റു കോളനികളിലേ ജനങ്ങൾ കുടിവെള്ളത്തിന് പൊതു കിണറുകളെ ആശ്രയിക്കുന്നു.

പഞ്ചായത്തിലെ ഏക വാട്ടർ സപ്ലൈ സ്കിം ശാപ മോക്ഷം കാത്തു കഴിയുന്നു.

ഈ പഞ്ചായത്തിലെ 3814 വീടുകൾക്ക് സ്വന്തമായി കക്കൂസുകൾ ഇല്ല. സാമ്പത്തിക പരാധീനതയാണിതിനു കാരണം. മലിനജലം കെട്ടിക്കിടക്കുന്ന പ്രദേശങ്ങൾ പഞ്ചായത്തിൽ ഇല്ല. നീരൊഴുക്കുകൾ മിക്കവാറും വേനൽകാലത്ത് വറ്റി വരളുന്നവയാണ്. ചപ്പുചവറുകൾ നീക്കം ചെയ്യാനുള്ള സംവിധാനം സ്ഥിരമായി നിലവിലില്ല. പഞ്ചായത്തിലെ രണ്ട് പബ്ലിക്ക് മാർക്കറ്റുകളിൽ അടിഞ്ഞുകൂടുന്ന പച്ചക്കറിയുടെയും മത്സ്യമാംസാദികളുടെയും അവശിഷ്ടങ്ങൾ നീക്കം ചെയ്യുവാനും സ്ഥിരമായ ഏർപ്പാട് ഇല്ല. പഞ്ചായത്തിൽ ഒരു സ്ലാട്ടർ ഹൗസ് ഇല്ലാത്തത് പരിസരമലിനീകരണത്തിടയാക്കും. ദൈനം ദിനം പെരുകുന്ന കൊതുകുകളെ നിവാരണം ചെയ്യാനുള്ള മാർഗ്ഗം കണ്ടെത്തണം. ലൈസൻസില്ലാതെ അനധികൃതമായി നായ് വളർത്തുന്നത് കർശനമായി തടയണം.



## കുടിവെള്ളവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ

1 പഞ്ചായത്ത് വാട്ടർ സപ്ലൈ സ്കീം പ്രവർത്തന സജ്ജമായിട്ടില്ല.

2 എല്ലാവാർഡുകളിലും വേനൽകാലത്ത് കുടി വെള്ള ക്ഷാമം അനുഭവപ്പെടുന്നു.

## സാദ്ധ്യതകൾ / നിർദ്ദേശങ്ങൾ

1 ആറന്മുള പഞ്ചായത്ത് ശുദ്ധജലവിതരണപദ്ധതി ഉടനടി കമ്മീഷൻ ചെയ്യുക

2 പഞ്ചായത്തിൽ കുടിവെള്ളക്ഷാമം ഏറ്റവും രൂക്ഷമായി അനുഭവപ്പെടുന്ന മാലക്കര താന്നിക്കുന്ന് പുളിന്താനം, പട്ടികജാതി സെറ്റിൽമെന്റ് കോളനികൾ, മുട്ടോൺ മണ്ണു മുതൽ മേലോട്ട് പാറക്കൂട്ടത്തിൽ ഭാഗംവരെ, പരുത്തുപാറ, കനകക്കുന്നുമല, മലമോടി, പുന്നാട്ടക്കുന്ന്, പേരങ്ങാട്ടുകോളനി, കരാലിൽ മോടി, പുലിക്കുന്നമല, എരുമക്കാട് ഹരിജൻ കോളനി, ചക്കോള ഭാഗം, ഉറുമ്പുമല, ലക്ഷംവീടുകോളനി, പമ്പാനദിയുടെ തീരം മുഴുവൻ, കിടങ്ങന്നൂർ L.P.S.-ന് പടിഞ്ഞാറുഭാഗം, കവുംകോട്ടുകുളം, സെറ്റിൽമെന്റ് കോളനി, മുടിമല ഭാഗം വലിയവീട്ടിൽ പടി, ആറാട്ടുപുഴ-വാഴയിൽ പടി റോഡിന്റെ പടിഞ്ഞാറുവശം, ആറാട്ടുപുഴ ദേവീക്ഷേത്രത്തിന്റെ തെക്കുവശത്തുള്ള അമ്പലത്തിൽ പടി-കനാൽപടി റോഡിന്റെ പരിസരം, നല്ലൂർ മലയിൽ ഭാഗം, ആറന്മുള തെക്കേനട, കൊച്ചുപ്ലാവുനില്ക്കുന്നതിൽ, ഉതിനില്ക്കുന്നതിൽ പടി, എരുമക്കാട്ട് ചക്കോളമോടി, വെട്ടിക്കൽ പള്ളം, ശാസ്താംമോടി, തുരുത്തിമല തെക്കേഭാഗം അങ്കൻവാടി പരിസരം, ഇടയാറന്മുള മൊട്ടയ്ക്കൽഭാഗം, പനേലിൽപുറത്ത്, പാങ്ങാട്ടു കടവ് കുറമലകൊശക്കുഴിഭാഗം, ചെല്ലിമല ഹരിജൻ കോളനി ആനന്തിട്ടമല ഹരിജൻ കോളനി, തലേക്കോട്ടുമല, ചുട്ടിപ്പാറ, മൂഴിക്കൽപടി, കോമാട്ടുമോടി, മയ്യാവിൽ, വാരിക്കാട്ട് പിണക്കാലിൽ പടി, മാതിരം പള്ളിൽ-ഇടത്തിമല-അണ്ടത്തേത്തുപടി, പേഴുംകാട്ടുമോടി പ്രിയദർശിനി കോളനി പനംതോട്ടം, ഇടശ്ശേരിമല സെറ്റിൽമെന്റ് കോളനികൾ

ഐക്കാട്ടുമല, കൊളമാപ്പുഴി, മൂർത്തിയിരിക്കുന്ന തിൽ ഭാഗം തുടങ്ങിയ സ്ഥലങ്ങളിൽ കുടിവെള്ള വിതരണത്തിനുള്ള ക്രമീകരണം യുദ്ധകാലാടിസ്ഥാനത്തിൽ പൈപ്പ്ലൈൻ സ്ഥാപിച്ച് കമ്മീഷൻ ചെയ്യുക.

വാരിക്കാട്ട് പുത്തൻപുര ജംഗ്ഷൻ, തുരുത്തിമല അങ്കണവാടി, ചരുവിൽപടി, ഇടത്തറപ്പടി ചാങ്ങയിൽപടി, പനേലിപ്പുറത്തുപടി, കൈലാസംപടി. SNDP ജംഗ്ഷൻ എന്നിവിടങ്ങളിൽ വാട്ടർ ടാപ്പുകൾ സ്ഥാപിക്കുക.

3 കുഴൽകിണറുകളുടെ പ്രവർത്തനം ശാസ്ത്രീയമായി വിലയിരുത്തുക.

4 കുളങ്ങളും പൊതുകിണറുകളും വേണ്ടവിധം സംരക്ഷിക്കയും കൂടുതൽ പൊതുകിണറുകൾ നിർമ്മിക്കയും ചെയ്യുക.

5 സാമ്പത്തികമായി പിന്നോക്കം നില്ക്കുന്നവർക്ക് കിണറുകൾ കെട്ടാൻ സഹായധനം നല്കുക.

6 ആളുകൾ തിങ്ങിപ്പാർക്കുന്ന ജലദൗർലഭ്യമുള്ള സ്ഥലങ്ങളിൽ കുഴൽകിണറുകളോ പൊതു പൈപ്പുകളോ സ്ഥാപിക്കുക.

7 പമ്പാനദി, കോഴിത്തോട് എന്നിവയിൽ തടയണകൾ നിർമ്മിച്ച് കുടിവെള്ളക്ഷാമം പരിഹരിക്കുക

## ആരോഗ്യം

ആരോഗ്യം എന്നത് രോഗമില്ലാത്ത അവസ്ഥയാണ്. ഒരു പഞ്ചായത്തിലെ പൗരന്മാർക്ക് ആരോഗ്യകരമായ ജീവിതം നയിക്കുന്നതിന് ഉതകുന്ന സൗകര്യങ്ങൾ കണ്ടെത്തുകയും ആയതിലേക്ക് അവരെ ബോധവല്ക്കരിക്കുകയും ചെയ്യുന്നത് അവരുടെ മാത്രമല്ല പഞ്ചായത്തിന്റേകൂടി കടമയാണ്. ഭൂമുഖത്തിനിന്നും തുടച്ചുമാറ്റിയെന്നവകാശപ്പെട്ട മാരകരോഗങ്ങൾ പൂർവ്വാധികം ശക്തിയോടെ തിരിച്ചെത്തിയിരിക്കുന്നു. അവ ജനങ്ങളുടെമേൽ താണ്ഡവമാടുന്നു. ഈ വർത്തമാനകാല യാഥാർത്ഥ്യത്തിൽനിന്നുവേണം ആരോഗ്യപരിപാലന കാര്യം വിചിന്തനം ചെയ്യാൻ. ജനങ്ങൾക്കാ വശ്യമായ പ്രഥമിക ചികിത്സാ സൗകര്യങ്ങൾപോലും അപര്യാപ്തമായ സാഹചര്യത്തിൽ ആറന്മുള പഞ്ചായത്ത് ആരോഗ്യരംഗത്തിനും പ്രഥമസ്ഥാനം നൽകണം. രണ്ടായിരാമാണ്ടോടുകൂടി 'എല്ലാവർക്കും ആരോഗ്യം' എന്ന മുദ്രാവാക്യം അന്വർഥമാക്കാൻ നാം പ്രതിജ്ഞാബന്ധരാണ്.

## പ്രശ്നങ്ങൾ

1 വല്ലനയിൽ പ്രവർത്തിക്കുന്ന ഹെൽത്തു സെന്ററിന്റെ പ്രവർത്തനം തൃപ്തികരമല്ല.

2 വല്ലന പ്രാഥമികാരോഗ്യ കേന്ദ്രം ആശുപത്രിയാക്കി കിടക്കകളോടുകൂടിയ വാർഡുപണി ഇഴഞ്ഞു നീങ്ങുന്നു.

3 ആയുർവേദ ആശുപത്രിയുടെ പ്രവർത്തനം തൃപ്തികരമല്ല.

4 ആരോഗ്യ പ്രവർത്തകരുടെ സന്ദർശനവും ബോധവൽക്കരണവും വിരളമാണ്.

5 മഞ്ഞപ്പിത്തം പഞ്ചായത്തിൽ പൊതുവേ കാണപ്പെടുന്ന ഒരു പകർച്ചവ്യാധിയാണ്. വിദ്യാഭ്യാസപരവും സാംസ്ക്കാരികവുമായ പുരോഗതി ഉണ്ടെങ്കിലും സാംക്രമിക രോഗങ്ങൾ ഉൾപ്പെടെ പല രോഗകാരണങ്ങളെക്കുറിച്ചും ജനങ്ങൾ ബോധവാന്മാരല്ല.

## നിർദ്ദേശങ്ങൾ

1 വല്ലന പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ 50-ൽ കുറയാത്ത കിടക്കകളോടുകൂടിയ കെട്ടിടത്തിന്റെ നിർമ്മാണം ത്വരിതപ്പെടുത്തുക. ഏഴിൽ കുറയാത്ത ഡോക്ടർമാരുടെ സേവനം അനിവാര്യമാക്കുക. അതോടൊപ്പം എക്സ്-റേ, സ്കാനിങ്ങ്, ലബോറട്ടറി സൗകര്യങ്ങൾ ഏർപ്പെടുത്തുക. ആവശ്യമരുന്നുകൾ സ്റ്റോക്ക് ചെയ്യുക.

2 പഞ്ചായത്തിലെ എല്ലാ വാർഡുകളിലും കുട്ടികൾക്ക് കാലാകാലങ്ങളിൽ രോഗപ്രതിരോധ കുത്തിവെയ്പു നടത്തുവാൻ പ്രത്യേക ക്യാമ്പുകൾ സംഘടിപ്പിക്കുകയും. അതോടൊപ്പം ആറന്മുളയിലെ സന്നദ്ധ സംഘടനകളുടെ നേതൃത്വത്തിൽ നടന്ന അന്ധതാ നിവാരണ പദ്ധതി വ്യാപിപ്പിക്കുകയും ചെയ്യുക.

3 മാസത്തിൽ ഒരിക്കൽ തെരഞ്ഞെടുക്കപ്പെടുന്ന ഏതെങ്കിലും ഒരു വാർഡിൽ വെച്ച് ആരോഗ്യ സെമിനാർ നിർബന്ധമായും നടത്തണം.

4 പഞ്ചായത്തിലെ പ്രധാന കേന്ദ്രങ്ങളായ കിടങ്ങന്നൂർ, ആറന്മുള, എരുക്കാട്, കോട്ടയ്ക്കകം, നീർവിളാകം, ഏഴീക്കാട് വാർഡുകളിലെ ജനങ്ങൾക്കു പ്രയോജനം ലഭിക്കത്തക്ക രീതിയിൽ ആയുർവേദ ആശുപത്രി എരുമക്കാട് സ്ഥാപിക്കുക. എരുമക്കാടു വാർഡിൽപെട്ട പുറംപോക്കുഭൂമി കണ്ടെത്തി ഇതിനു വേണ്ടി ഉപയോഗിക്കണം.

5 സന്നദ്ധ സംഘടനകളുടെയും പഞ്ചായത്തിന്റെയും നേതൃത്വത്തിൽ സാനിറ്റേഷൻ സൗകര്യങ്ങൾ ഇല്ലാത്ത വീടുകൾ കണ്ടെത്താൻ സർവ്വേ നടത്തണം.

6 ആറന്മുള പഞ്ചായത്തിലെ എല്ലാ വാർഡുകളിലും പ്രധാന ജംഗ്ഷനുകളിലും, കോട്ട, കിടങ്ങന്നൂർ ചന്തകളിലേയും ചപ്പുചവറുകൾ നീക്കം ചെയ്യുന്നതിന് പഞ്ചായത്തിൽനിന്നും തൂപ്പുകാരെ നിയമിക്കുകയും, ചപ്പുചവറുകൾ ശേഖരിച്ച് പ്രത്യേക സ്ഥല

ത്തെത്തിക്കുന്നതിന് പഞ്ചായത്തിന് സ്വതന്ത്രമായി ടെയിലറുള്ള ട്രാക്ടർ അടിയന്തിരമായി വാങ്ങുകയും ചെയ്യണം. അതോടൊപ്പം പ്രധാന കേന്ദ്രങ്ങളിൽ ഡസ്റ്റ്ബിൻ സ്ഥാപിക്കണം.

7 പഞ്ചായത്തിലെ മുഴുവൻ അമ്മമാർക്കും പോഷകാഹാരത്തെക്കുറിച്ചുള്ള അറിവ് നൽകുന്നതിനു വേണ്ടി ബോധവൽക്കരണ സെമിനാറുകൾ നടത്തുക.

8 മാലക്കര (ളാക) കോട്ടയ്ക്കകം, കോഴിപ്പാലം, നീർവിളാകം തുടങ്ങിയ വാർഡുകളിൽ കുടുംബക്ഷേമ കേന്ദ്രങ്ങൾക്ക് സ്വന്തമായി കെട്ടിടം ഉണ്ടാകുന്നതിനു വേണ്ട നടപടി സ്വീകരിക്കണം. സ്ഥലങ്ങൾ മേൽപറഞ്ഞ വാർഡുകളിൽ കണ്ടെത്തണം.

9 പഞ്ചായത്തുകളിലെ അറവുശാലകളിൽ വിൽക്കപ്പെടുന്ന മത്സ്യങ്ങൾ മാംസദികളുടെ ഗുണനിലവാരം ഹെൽത്തു ഡിപ്പാർട്ടുമെന്റ് പരിശോധനയ്ക്കു വിധേയമാക്കണം.

10 അറവുശാലകൾ, ഹോട്ടലുകൾ എന്നിവടങ്ങളിലെ അവശിഷ്ടങ്ങൾ നിയമാനുസൃതമായി മറവു ചെയ്യണം.

11 ആറന്മുള ഐക്കര ജംഗ്ഷനിൽ പ്രവർത്തിച്ചു വരുന്ന ഹോമിയോ ആശുപത്രിക്ക് ആറന്മുളയിലുള്ള സർക്കാർ വകഭൂമി ലഭ്യമാക്കുകയും കെട്ടിടം നിർമ്മിക്കുന്നതിന് പഞ്ചായത്ത് നടപടി സ്വീകരിക്കുകയും ചെയ്യണം.

12 പഞ്ചായത്തിലെ എല്ലാ പട്ടികജാതി കോളനികളിലും ശുചീകരണത്തിനായി ആളുകളെ നിയമിക്കുക.

13 പഞ്ചായത്തിൽ വൈദ്യുതശ്മശാനം സ്ഥാപിക്കണം.

14 പത്തനംതിട്ട ജില്ലയിൽ ഒരു മെഡിക്കൽ കോളജില്ല. ആറന്മുള പഞ്ചായത്തിൽ കിടങ്ങന്നൂർ ആസ്ഥാന മായി മെഡിക്കൽ കോളജ് സ്ഥാപിക്കണം. സ്ഥലം സൗജന്യമായി ലഭിക്കാൻ സാധ്യതയുണ്ട്.

15 ആറന്മുള കേന്ദ്രമാക്കി ഒരു Blood Bank സ്ഥാപിക്കുക.

17 Eye Donation Bank സ്ഥാപിക്കുക.





5-6

# ഗതാഗതവും ഊർജ്ജവും

നാടിന്റെ വികസനത്തിൽ പ്രധാന പങ്കു വഹിക്കുന്നത് പ്രദേശത്തെ റോഡുകളുടെ അവസ്ഥയാണ്. ആറന്മുള പഞ്ചായത്തിൽ റോഡുകളുടെ സ്ഥിതി പൊതുവെ പരിതാപകരമാണ്. പത്ത് അടിയെങ്കിലും വീതിയുള്ള വയായിരിക്കണം റോഡുകൾ. ഈ പഞ്ചായത്തിൽ 272km റോഡുകൾ ഉണ്ട്. P.W.D. ഉൾപ്പെടെ ടാറിട്ടത് 74.55 km ഉം ടാർ ഇടാത്ത പഞ്ചായത്ത് രോഡുകൾ 197.45 km ഉം ഉണ്ട്.

### റോഡുകളുടെ കണക്ക് വാർഡ് തിരിച്ച്

| വാർഡ് | മൺ റോഡ് | മെറ്റിൽ റോഡ് | ടാർ ചെയ്ത P.W.D. അല്ലാത്ത Road | P.W.D. | ആകെ |
|---|---|---|---|---|---|
| I | 9 | | 3 | 3.50 | 15.50 |
| II | 18.50 | | 8 | 3.50 | 30 |
| III | 23.50 | | 4.50 | 2 | 30 |
| IV | 14.75 | | 3.50 | 1.75 | 20 |
| V | 8.75 | | 4 | 3 | 15.75 |
| VI | 17 | | 3.50 | 3 | 23.50 |
| VII | 15 | | 3 | - | 18 |
| VIII | 17 | | 4 | 1 | 22 |
| IX | 15.25 | 2 | 4.50 | 2.50 | 24.25 |
| X | 25 | | 3 | 2.50 | 30.50 |
| XI | 11.70 | 2.50 | 2.30 | 3.50 | 20 |
| XII | 16.50 | 1 | 3.50 | 1.50 | 22.50 |
| | 199.95 | 5.50 | 46.80 | 27.75 | 272.00 |

### ഗതാഗതമാർഗ്ഗങ്ങൾ

| | | | |
|---|---|---|---|
| 1 | ചെങ്ങന്നൂർ | ആറന്മുള | കോഴഞ്ചേരി |
| 2 | ചെങ്ങന്നൂർ | കോട്ട | പത്തനംതിട്ട |
| 3 | ചെങ്ങന്നൂർ | കുറിച്ചിമുട്ടം | പത്തനംതിട്ട |
| 4 | ചെങ്ങന്നൂർ | എരുമക്കാട് | പത്തനംതിട്ട |
| 5 | ചെങ്ങന്നൂർ | നീർവിളാകം | പന്തളം |
| 6 | പന്തളം | കിടങ്ങന്നൂർ | കോഴഞ്ചേരി |
| 7 | പന്തളം | കോട്ടയ്ക്കകം | കോഴഞ്ചേരി |
| 8 | തിരുവനന്തപുരം | കിടങ്ങന്നൂർ | കോഴഞ്ചേരി |

### വാഹനസാകര്യം ലഭ്യമായ പ്രധാന സ്ഥലങ്ങൾ
### ടാക്സി, ആട്ടോ, ടെമ്പോ

ആറന്മുള ഐക്കരജംഗ്ഷൻ
കോഴിപ്പാലം
മാലക്കര
ആറാട്ടുപുഴ
കോട്ടയ്ക്കകം
പാമ്പാക്കോട് (കുറിച്ചി മുട്ടം)
കോട്ട ചന്ത, പെയ്കമുക്ക്
കിടങ്ങന്നൂർ

### പ്രശ്നങ്ങൾ

1 മതിയായ ഓടകൾ ഇല്ലാത്തതിനാൽ മഴക്കാലത്ത് വെള്ളം കുത്തി ഒലിച്ച് റോഡുകൾ സഞ്ചാര യോഗ്യമല്ലാതായിതീരുന്നു. ആറന്മുള ഐക്കര ജംഗ്ഷന് തെക്കുവശവും, പടിഞ്ഞാറ് പമ്പ് ഹൈസിന് സമീപവും, ആറാട്ടുപുഴ അമ്പലത്തിന് പിടിഞ്ഞാറ്വശവും വെള്ളം കെട്ടികിടന്ന് അപകടം ഉണ്ടാകുന്നു.

2 അപകടകരമായ രീതിയിൽ റോഡിന്റെ സൈഡിലും, മദ്ധ്യഭാഗങ്ങളിലും നിൽക്കുന്ന ഇലക്ട്രിക്, ടെലിഫോൺ പോസ്റ്റുകൾ അപകടം ഉണ്ടാക്കുന്നു.

3 വാട്ടർ അതോറിട്ടിയും, ടെലികാം ഡിപ്പാർട്ടുമെന്റും

കൂടെ കൂടെ റോഡുകളിൽ കുഴി എടുക്കുന്നത് റോഡിന്റെ ശോച്യാവസ്ഥയ്ക്ക് ഒരു കാരണമാണ്.

4 കാലകാലങ്ങളിൽ റോഡിന്റെ അറ്റകുറ്റപണികൾ നടത്താത്തതുകൊണ്ട് സഞ്ചാരയോഗ്യ മല്ലാതാകുകുയും അനധികൃത കൈയേറ്റംകൊണ്ട് റോഡിന്റെ വീതി ഇല്ലാതാകയും ചെയ്യുന്നു.

5 റോഡിന്റെ പ്രധാന ജംഗഷനുകളിൽ പലഭാഗത്തും വാഹനങ്ങൾ ക്രമരഹിതമായി പാർക്ക് ചെയ്യുകമൂലം അപകട സാദ്ധ്യത വർദ്ധിക്കുന്നു.

6 റോഡിൽ ഭവനനിർമ്മാണ സാമഗ്രികൾ ഇറക്കി ഇടുന്നത് ഗതാഗതത്തെ ദോഷകരമായി ബാധിക്കുന്നു.

7 പ്രധാന വഴികളിൽ ഉള്ള കൊടും വളവുകൾ അപകടം വിളിച്ചുവരുത്തുന്നുണ്ട്.

## സാധ്യതകൾ

1 ജനകീയ സമിതികൾ രൂപീകരിച്ച് അവരുടെ സഹകരണത്തോടെ റോഡിന്റെ അറ്റകുറ്റപണികൾ നടത്തുകയും റോഡ് സംരക്ഷിക്കുന്നതിന് ജനങ്ങളിൽ ആവശ്യമായ ബോധവൽക്കരണം നടത്തുകയും ചെയ്യുക.

2 എല്ലാ റോഡുകൾക്കും ആവശ്യമായ ഓടയും, കലുങ്കും നിർമ്മിച്ച് വെള്ളം ഒഴുകിപോകുന്നതിന് നടപടികൾ സ്വീകരിക്കുക.

3 എല്ലാ പഞ്ചായത്ത് റോഡുകളും രജിസ്റ്ററിൽ പ്രകാരമുള്ള വീതി അളന്ന് തിട്ടപ്പെടുത്തി സ്ഥിരമായി അടയാളം സ്ഥാപിച്ച് കൈയേറ്റം ഒഴിവാക്കേണ്ടതാണ്.

4 റോഡുകൾ വെട്ടികുഴിക്കുന്നതിന് മുമ്പായി ആവശ്യമായ അനുവാദം വാങ്ങുകയും ഒരിക്കൽ കുഴി എടുത്താൽ പിന്നെ അഞ്ച് വർഷത്തേക്ക് അനുവാദം നൽകാതിരിക്കയും ചെയ്യുക.

5 കൊടുംവളവുകൾ വീതികൂട്ടുകയും ആവശ്യമായ ''സൈൻബോർഡ്'' വയ്ക്കുകയും ചെയ്യുക. അത്യാവശ്യമായ സ്ഥലങ്ങളിൽ Speed Breaker ഉം സ്ഥാപിക്കുക.

## നിർദ്ദേശങ്ങൾ

**പുതിയറോഡുനിർമ്മാണത്തെ കുറിച്ചുള്ള എല്ലാ നിർദ്ദേശങ്ങളും താഴെ കൊടുക്കുന്നു.**

### വാർഡ് I

1 കറിമാരം മുതൽ പുഞ്ചയുടെ വശത്തുകൂടി ഏകോട്ടുപടി-കുളമാപ്പുഴി

2 ഞാലിപ്പറമ്പിൽ-പള്ളക്കതുണ്ടിയിൽ

3 കുളമാപ്പൂഴി-ചിററോഡ്

### വാർഡ് II

1 തുരുത്തിമല അംഗൻവാടി-ആനംതിട്ടമല

2 ളാക-ഇടത്തിമല-പത്താംതോട്

3 കോട്ടയ്ക്കകം S.N.D.P. സ്കൂൾ-എ.എം.എം. ഹൈസ്ക്കൂൾ

4 കുന്നത്ത്-പനേലിപ്പുറത്ത്-പാങ്ങാട്ട് കടവ്

5 കാവും പാട്ട്-അണ്ടത്തേത്ത് പടി

6 കുറുപ്പിന്റെയ്യത്ത്-ഇലത്ത്കടവ്-കൂടാലിൽപടി

7 ഐക്കരേത്ത്-ളാകവയൽ

8 മൂഴിയ്ക്കൽ പടി-കോമാട്ടുമോടി-തെക്കേടത്ത് പടി

9 കരമ്പിലയ്യത്ത്-വള്ളക്കടവ്

10 പുതുപ്പള്ളിൽ പടി-ചെറുവള്ളിൽ തോട്

11 എ.എം.എം.ഹൈസ്ക്കൂൾ-ആലക്കോട്ട്-കുമ്പികീഴിൽ

### വാർഡ് III

2 പാറമടയിൽനിന്നും-നെടിയകാലാ, മുതുവാൻകോട്ടു ഭാഗത്തേക്ക്

3 പാന്നൊട്ടേത്തുപടി (പള്ളംവഴി) കവള പ്ലാക്കൽ വരെ

കരയിൽറോഡ്-ഒരിപ്പുറത്ത് മണ്ണിൽകൂടി പാറമട റോഡുമായി ബന്ധിപ്പിക്കുക

### വാർഡ് IV

1 ആഞ്ഞിലിവേലിപടി-കുറ്റിക്കാട്ട് പടി

2 തട്ടാരുപടി-പുതുവനപടി റോഡ്-കിഴവറപടി, കനാൽ റോഡുമായി ബന്ധിപ്പിക്കുക

3 കുളത്തുങ്കൽപടി-ചക്കനാട്ടുപടി റോഡിൽനിന്നും മണ്ണിൽപടി നടുവത്ത് കടവു റോഡിനെ ബന്ധിപ്പിക്കുന്ന റോഡ് നിർമ്മിക്കുക.

### വാർഡ് V

1 പേരങ്ങാട് കോളനി മുതൽ-പൈപ്പിൻ ചേരിവരെ (പുഞ്ചയുടെ സമീപത്തുകൂടി)

2 തോണ്ടുതറ പടി മുതൽ-കുളത്തിങ്കൽ പടിവരെ

3 തോണ്ടുതറ പടി മുതൽ-തെക്കേൽ പള്ളംവരെ

4 പറങ്കാവും മൂട്ടിൽ-മണക്കത്തോട്വരെ

5 ശാന്തിമേൽപുറത്ത്പടി-നെടിയത്ത്പടി

6 വാതക്കോടുമുതൽ-എഴിക്കാട്വരെ (ബണ്ട് റോഡ്)

7 മഠത്തിലേത്ത് പടിമുതൽ-വാതക്കോട്ട്വരെ

8 പുന്നാട്ടേക്കുന്ന്, പെരളശ്ശേരി ബണ്ടുറോഡു നിർമ്മിക്കുക.

### വാർഡ് VI

1 കോളനി-കല്ലുമല (പടിഞ്ഞാറുഭാഗത്തുകൂടിയും, കിഴക്കുഭാഗത്തുകൂടിയും)

2 കുരിശ് ജംഗ്ഷൻ മുതൽ വെട്ടിക്കൽ പള്ളം (പുഞ്ചയുടെ അരികിൽകൂടി)

3 വാക്കേലേത്ത് മുതൽ-താളിക്കാട്ടുവഴി-കുറിച്ചിമുട്ടം (കനാൽ റോഡ്)

4 കുരിശ് ജംഗ്ഷൻ മുതൽ നീർവിളാകം (ബണ്ട് റോഡ്)

5 ശാന്തിക്കുഴി-കുരീക്കോട്ടിൽ ഭാഗം

6 മണലോടി മുതൽ പുത്തൻവീട്ടിൽ പടി
7 ചരിവുകാലാ-പേരങ്ങാട്ടിൽ റോഡ്

## വാർഡ് VII

1 മോടിയിൽ പടി-കടവിൽ പടി
2 എരുമക്കാട് P.H.C. മുതൽ -മുകൾഭാഗത്തേക്ക്
3 ഏകോട്ടു പടി മുതൽ-വല്ലനവരെ
4 കുറമല ഭാഗം-പുലിവാരംവരെ
5 വള്ളിക്കാലാ-ചരിവു കാലാറോഡ്
6 മാനാംമൂട്ടിൽ-ചക്കോളവരെ
7 കരുവേലി-വട്ടമോടി
8 കരാലിൽപടി-ചരുവിൽപടി
9 മൈലംതറപടി-കൊച്ചുകാലായിൽപടി
10 പുലിക്കുന്ന് മുതൽ-പാറപ്പാട്ടു തെക്കേൽവരെ
11 തലാപ്പിൽ പടി-ഭൂതപ്പാണ്ടി-തെക്കേയത്തുപടി
12 ചരുവിൽ പടി-തലക്കോട്ടുമല

## വാർഡ് VIII

1 കരിങ്ങാട്ടിൽ പടി-ചെറുവള്ളിമോടി പുലിപ്ലാവിൽ
2 തടത്തിപള്ളം-ചെറുവള്ളിമോടി
3 തെക്കേവശം-മലമുറ്റം (ബണ്ട് റോഡ്)
4 ഡെല്ലാസദനം-കാഞ്ഞിരക്കാട്ടുമല-പാട്ടുകളം
5 തലക്കോട്ടുമൂല തോട് വീതി കൂട്ടുക

## വാർഡ് IX

1 പമ്പക്കണ്ണിപടി-വല്ലന ഹൈസ്കൂൾ
2 കാരയ്ക്കാട്ടുമല-കുറ്റിയിൽപടി-കാവിന്റെ മേലേതിൽ
3 കുഞ്ഞഹമ്മദ് പുരയിടം-തിനംകാലാ-ആശുപത്രിപടി
4 പാമ്പാക്കോട് ജംഗ്ഷൻ-തെക്കേചരുവ്-പള്ളിറോഡ്
5 കട്ടയിൽപടി-ചുട്ടിപാറ (ബണ്ട് റോഡ്)
6 കാവിരിക്കുന്നപടി-ശബരിമാംതടം (ബണ്ട്റോഡ്)
7 ഇരപ്പൻ പാറ-വട്ടക്കാലാപടി (കാഞ്ഞിരക്കാട്ട് പടി) ആശുപത്രിക്ക് തെക്ക്വശത്തുകൂടി പുതിയറോഡ് നിർമ്മിക്കണം.

## വാർഡ് X

1 വാഴതെക്കേൽ-നെടിയകാല
2 തടത്തിൽ വടക്കേൽ-ഐക്കരപടി
3 പുതിയവീട്ടിൽപടി-ചെമ്പൻചിറ
4 പുതിയവീട്ടിൽപടി-ചുണ്ടയിൽപടി
5 ചേലപ്പറമ്പിൽ-ശാസ്താംമോടി
6 കോട്ട ചന്ത-മയ്യാവിൽക്ഷേത്രം
7 ലക്ഷംവീട്-പള്ളിക്കാലാ-മയ്യാവ് ക്ഷേത്രം
8 കിഴക്കേവീട്ടിൽപടി-വെട്ടിനില്ക്കുന്ന പടി
9 മുരിങ്ങൂർ പടി-വലിയാകാലാ പടി
10 കൊച്ചുപ്ലാവിൽ-കണ്ണംവീട്ടിൽ
11 സർവീ. സഹ. ബാങ്ക്-P.R.മിൽസ് റോഡ്
12 കല്ലുഴത്തിൽപടി-പാറക്കുഴി
13 മരുതൂർ വടക്കേൽ-മലങ്കാവ്വരെ
14 പുത്തനിടത്തിൽപടി-ചെമ്പൻചിറ
15 കോട്ട ചന്ത-തഴയുടത്തിൽ
16 പൊയ്കമുക്ക്-ചെമ്പൽചിറ മല

## വാർഡ് XI

1 പുന്നമല ചിറ-പുതുശ്ശേരി തടം
2 പുന്നമല ചിറ-വലിയപറമ്പിൽ പടിവരെ
3 പാറാറ്റ് പടി-ആമക്കോട് പടി
4 പാറാറ്റ് കുരിശുംപടി-തോണ്ടിയേൽ മോടി
5 കാക്കനാട്-പള്ളിമുക്കം (ബണ്ട് റോഡ്)
6 മെഴുവേലി വായനശാല-കക്കുളഞ്ഞി- വില്ലേജ് ആഫീസ്പടി
7 മുതക്കോട്ട് പടി-തടിശ്ശേരിൽപടി
8 മൂത്തേരി പടി-വാലുങ്കൽ (ബണ്ട് റോഡ്)

## വാർഡ് XII

1 ഓട്ടനിക്കൽപടി-പുന്നനിഷ്ക്കുന്നതിൽ ഭാഗം
2 ശങ്കരമംഗലം-തടത്തിൽ-കുളങ്ങരപടി
3 കനവുംകോട്ടുകുളം-മുടിമല വഴി-ലക്ഷംവീട്
4 കടുവാക്കാട്-ആഞ്ഞിലി നില്ക്കുന്നതിൽ-മറുകരപടി
5 വടുക്കുംകുളം-ഇടക്കുളം-പള്ളിമുക്കംവഴി മുല്ലശ്ശേരി പള്ളം(പുഞ്ചയുടെ സൈഡിൽകൂടി)

പുതിയ റോഡുകളുടെ നിർമ്മാണം പലതും ശ്രമദാനമായി നടത്താൻ സാധ്യതയുണ്ട്

എല്ലാവർഡുകളിലെയും പല റോഡുകളും പൊതുവേ സഞ്ചാരയോഗ്യമല്ല. ടാർ ചെയ്ത പല റോഡുകളും കാലപഴക്കംകൊണ്ട് നടന്നുപോകുവാൻപോലും നിവൃത്തിയില്ലാത്ത അവസ്ഥയിലാണ്.

കിടങ്ങന്നൂർ-മാലക്കര റോഡ്

ആറാട്ടുപുഴ-നീർവിളാകം റോഡ്

അയ്യംകോയിക്കൽ-കുളമാപ്പൂഴി

വല്ലന വഞ്ചിപ്പെട്ടി-കോട്ട റോഡ് ഇവ അടിയന്തിരമായി റീ. ടാർ ചെയ്യേണ്ടതാണ്. പുതിയതായി ടാർ ചെയ്യുന്ന റോഡുകൾ അഞ്ച് വർഷത്തിനുള്ളിൽ റീ-ടാർ ചെയ്യാനുള്ള നടപടികൾ സ്വീകരിക്കണം.

പഞ്ചായത്തിലെ പന്ത്രണ്ട് വാർഡുകളിലുംകൂടി 197.45 km മൺറോഡ് ഉണ്ട്, വാർഡ് തിരിച്ചുള്ള കണക്ക് മുകളിൽ ചേർത്തിട്ടുണ്ട്. ഇവ എല്ലാംതന്നെ ഒന്നിനൊന്ന് പ്രധാനപ്പെട്ടവയാണ്. എല്ലാംതന്നെ ആളുകൾ തിങ്ങിപാർക്കുന്ന സ്ഥലങ്ങളിലോട്ടും പട്ടിജാതി സെറ്റിൽമെന്റ് കോളനികളിലോട്ടും ഉള്ളതാണ്. ആയതിനാൽ അടിയന്തിരമായി എല്ലാ റോഡുകളും മെയിറ്റൻസ് ചെയ്യുകയും തുക ലഭ്യമാകുന്ന മുറക്ക് മെറ്റിൽ ചെയ്ത് ടാർ ഇടേണ്ടതുമാണ്. മെറ്റിൽ ചെയ്തതായ 5.50 km റോഡ്

പഞ്ചായത്തിന്റെ മൂന്ന് വാർഡുകളിലായി ഉണ്ട്. ടാറിംഗിന് ഇവയ്ക്ക് മുൻഗണന നൽകേണ്ടതാണ്.

പന്തളം, ആറന്മുള റോഡിന്റെ പ്രാധാന്യം മനസിലാക്കി ഈ റോഡ് ശബരിമല വികസനവികസന പദ്ധതിയിൽ ഉൾപ്പെടുത്തുകയും S.H. ആയി പ്രഖ്യാപിക്കുകയും വേണം. അപകട സാദ്ധ്യതയുള്ള നാല്ക്കാലിക്കൽ പാലം വീതികൂട്ടി പുനർനിർമ്മിക്കുകയുംചെയ്യണം.

പഞ്ചായത്തിലെ ഇടയാറന്മുള എരുമക്കാട്, കോട്ട, വല്ലന പ്രദേശങ്ങളെ ആറന്മുളയുമായി എളുപ്പം ബന്ധിപ്പിക്കുന്നതിനും ആ പ്രദേശത്തുള്ളവരുടെ യാത്രാദുരിതം ഒഴിവാക്കുന്നതിനും അടിയന്തിരമായി ഒഴൂർ കടവിൽ പുതിയപാലം നിർമ്മിക്കേണ്ടതാണ്. ആറന്മുളയുടെ ചരിത്രപ്രാധാന്യം ഉൾക്കൊണ്ട് ഇവിടം ഒരു ടെബിൾ ടൗൺഷിപ്പായി ഉയർത്തേണ്ടതാണ്. ആറന്മുളയിൽ K.S.R.T.C.യുടെ ഒരു സബ്ഡിപ്പോ ആരംഭിക്കുകയും പ്രധാനപ്പെട്ട എല്ലാ സ്ഥലങ്ങളുമായും ബന്ധിപ്പിക്കുന്ന തരത്തിൽ ബസ് സർവ്വീസ് ആരംഭിക്കു കുയം ചെയ്യണം. ഏതാണ്ട് 3000-ൽ പരം മോട്ടോർ വാഹനങ്ങൾ ദിനംപ്രതി ആറന്മുളയിൽകൂടി കടന്നുപോകുന്നുണ്ട്. ഇന്ധനം കിട്ടാത്ത ബുദ്ധിമുട്ട് പലപ്പോഴും അനുഭവപ്പെടുന്നു. 4.km ദൂരമുള്ള കോഴഞ്ചേരിയിലും, 10 km ദൂരമുള്ള ചെങ്ങന്നൂരിലുമാണ് പെട്രോൾപമ്പ് ഉള്ളത് അടിയന്തിരമായി ആറന്മുളയിൽ ഒരു പെട്രോൾ പമ്പ് സ്ഥാപിക്കേണ്ടതാണ്.

നിർദ്ദിഷ്ട ശബരിമല റെയിൽവേ ലൈൻ ആറന്മുളയിൽകൂടി കടന്നുപോകത്തക്കവിധം തീരുമാനം ഉണ്ടാകണം. ജില്ലയുടെ വടക്കൻ പ്രദേശങ്ങളായ തിരുവല്ലാ, മല്ലപ്പള്ളി, കോട്ടയം, കുമ്പനാട് തുടങ്ങിയ സ്ഥലങ്ങളുമായ് എളുപ്പം ബന്ധപ്പെടത്തക്കരീതിയിൽ കോഴഞ്ചേരിക്കും ആറാട്ടുപുഴയ്ക്കും ഇടയ്ക്ക് സൗകര്യപ്രദമായ സ്ഥലത്ത് പമ്പയാറിനു കുറുകെ ഒരു പാലം നിർമ്മിക്കേണ്ടതാണ്.

## ഊർജ്ജം

പഞ്ചായത്തിൽ എല്ലാ വാർഡിലും വൈദ്യുതി എത്തിയിട്ടുണ്ട്. വാർഡുകളിലെ ചില പ്രത്യേക പ്രദേശങ്ങളിൽ വൈദ്യുതി എത്തിക്കുന്നതിന് സാധിച്ചിട്ടില്ല. പ്രധാനമായും റോഡുകളുടെ അഭാവവും. വൈദ്യുതി ബോർഡിന്റെ അനാസ്ഥയും, സാമ്പത്തിക പരാധീനതയുമാണ് കാരണം.

വോൾട്ടേജ് ക്ഷാമം പഞ്ചായത്തിന്റെ എല്ലാ വാർഡുകളിലും അനുഭവപ്പെടുന്നു. ആവശ്യത്തിന് ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കയും, പ്രേഷണ-വിതരണങ്ങളിലെ അപാകത പരിഹരിച്ചും, മരച്ചില്ലകൾ മുറിച്ചുമാറ്റുന്നതിനും ശ്രദ്ധിക്കണം.

## സ്ട്രീറ്റ്ലൈറ്റ്

സ്ട്രീറ്റ്ലൈറ്റ് ഇല്ലാത്ത പ്രദേശങ്ങൾ അനവധിയുണ്ട്. ഉള്ളത് 75% പോലും പ്രയോജനപ്പെടുന്നില്ല. വഴിവിളക്കുകൾ കത്തുന്നു എന്ന് ഉറപ്പുവരുത്തണം. മാസത്തിൽ ഒരുദിവസമെങ്കിലും ബോർഡ് ഉദ്യോഗസ്ഥന്മാരും പഞ്ചായത്ത് അധികൃതരും സംയുക്തമായി പരിശോധന നടത്തണം. വീഴ്ച വരുത്തുന്ന ബോർഡ് ജീവനക്കാരുടെ പേരിൽ നടപടിയുണ്ടാകണം. ബോർഡിൽനിന്നും മാറ്റി ഇടുന്നതിന് കൊടുത്തുവിടുന്ന ബൾബുകൾ കൃത്യമായി ആവശ്യത്തിന് ഉപയോഗിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തണം വഴിവിളക്കുകളുടെ കാര്യക്ഷമമായ പ്രവർത്തനത്തിന് പഞ്ചായത്തിന്റെയും, ബോർഡിന്റെയും സംയുക്ത മേൽനോട്ടത്തിൽ ജീവനക്കാരെ നിയമിക്കയും, ഉപയോഗിക്കുന്ന കറന്റിന് മാത്രം മീറ്റർ സ്ഥാപിച്ച് പണം അടയ്ക്കുകുയം ചെയ്യണം

എല്ലാ വാർഡിലെയും പ്രധാന ജംഗ്ഷനുകളിൽ സോഡിയം വേപ്പർ ലാംബ് സ്ഥാപിക്കണം.

| | |
|---|---|
| വാർഡ് 1 | കുളമാപ്പൂഴി, അയ്യം കോയിക്കൽ, ഐക്കര ജംഗ്ഷൻ, ക്ഷേത്രനട, സത്രം ജംഗ്ഷൻ, കച്ചേരി പടി, നാല്ക്കാലിക്കൽ |
| വാർഡ് 2 | കോഴിപ്പാലം ജംഗ്ഷൻ, തുരുത്തിമല, വിളക്കുമാടം, ക്ഷേത്രം, മർത്താമ്മാ ചർച്ച്, പഴയ പോസ്റ്റ് പടി, ളാകക്ഷേത്രം |
| വാർഡ് 3 | ആൽത്തറ, ചക്കിട്ടേപടി, മാലക്കര ആശുപത്രി, പാറമട |
| വാർഡ് 4 | ആറാട്ടുപുഴ ജംഗ്ഷൻ, ഇടനാട്ടിടം-ക്ഷേത്രജംഗ്ഷൻ |
| വാർഡ് 5 | നീർവിളാകം അമ്പല-ജംഗ്ഷൻ, പേരങ്ങാട്ടു കരിശുംമൂട് |
| വാർഡ് 6 | എഴിക്കാട്, കുറിച്ചിമുട്ടം, ഗുരുമന്ദിരം ജംഗ്ഷൻ, പാമ്പാക്കോട് |
| വാർഡ് 7 | എരുമക്കാട്, മലമുറ്റം, മണക്കുപ്പി |
| വാർഡ് 8 | കോട്ടയ്ക്കകം, കളരിക്കോട്, കരിങ്ങാട്ടിൽ |
| വാർഡ് 9 | വല്ലന ഗുരുമന്ദിരം, പഴയ ആശുപത്രി ജംഗ്ഷൻ വഞ്ചിപ്പെട്ടി ജംഗ്ഷൻ |
| വാർഡ് 10 | കോട്ട ചന്ത, പൊയ്കമുക്ക്, പുതിയോട്ടിപടി, ലക്ഷംവീട് P.R. Mills. |
| വാ2ഡ് 11 | കിടങ്ങന്നൂർ മാർക്കറ്റ്, കുരിശുംമൂട്, മണപ്പള്ളി, വായനശാല ജംഗ്ഷൻ, പുന്നമല, കോഴിമല |
| വാർഡ് 12 | വാഴേപടി, ലക്ഷംവീട്, നാല്ക്കാലിക്കൽ, പള്ളിമുക്കം, കവുങ്കോട്ടുകുളം |

പുതിയതായി സ്ട്രീറ്റ്ലൈറ്റുകൾ സ്ഥാപിക്കേണ്ട പ്രദേശങ്ങൾ

I കുശക്കുഴിവിഭാഗം, ഞാലിപറമ്പിൽ, പണക്കതു ണ്ടി കൈപാല വൊയ്കേൽകടവ്, പഞ്ചായത്ത് വക കുളിക്കടവുകൾ, ഐക്കരമലമോടി ഭാഗം റാത്തറ ഭാഗം, കൊണ്ടൂർഭാഗം, കുറ്റിയിൽ ഭാഗം വള്ളിക്കാലാ ഭാഗം, മാലക്കരേത്ത് കടവ്

II കോമാട്ടുമോടി കോളനി, കുറുപ്പിന്റെയ്യത്ത്-കൂടാ ലിൽ പടി, ആനംതിട്ടമല, കോമാട്ടുമോടി, ചെല്ലി മല കോളനി, കുറമല മൂഴിയ്ക്കൽ പടി-തെക്കേ ടത്തു പടി, കൊയിക്കൽ കടവ്, നാറാണത്തു കടവ്, കുന്നത്ത്-പാങ്ങാട് കടവ്, ഇടഞ്ഞിമല-പഞ്ചായത്തിങ്കൽ-അണ്ടത്തേത്ത് പടി കരമ്പില യ്യത്ത്-വള്ളക്കടവ്, പുതുപ്പള്ളിൽ പടി-ചെറു വള്ളിൽ തോട്, കോട്ടയ്ക്കകം S.N.D.P. സ്ക്കൂൾ -എ.എം.എം. ഹൈസ്ക്കൂൾ.

III കവലപ്ലാക്കൽ, പുളിന്താനം, താന്നിക്കുന്ന് തേവേ രേത്ത് പടി മഠത്തിൽ കടവ് മാവേലി റോഡ്, കിഴക്കേടത്ത് ഭാഗം പാറകൂട്ടത്തിൽ ഭാഗം, പെരു മേത്ത് ഭാഗം

IV കുളത്തുങ്കൽപടി-ചക്കനൊട്ടുപടി റോഡ്, നല്ലൂർ മല, ചെറുതാലക്കടവ് റോഡ് തട്ടാരു പടി-പുതു മനപടി റോഡ്

V വാതിക്കോട്ട്, ചരിവുകാലാപടി, മാന്താനത്ത് പുളിനില്കുംപടി, കുന്നേൽപടി, കണ്ണം പ്ലാമൂട്ടിൽ കല്ലുപറമ്പ്, നെടിയത്തുപടി, മൂത്താന്റേത്ത് പടി, തെക്കേടത്ത് പടി, മുതൽ, ഇന്ദിരാമണ്ഡപം നിർവിളാകം-മാലക്കര റോഡ് അമ്പലം വൈപ്പിൻ ചേരിവരെ.

VI കൂടത്തുംപറമ്പ്-കനാൽ റോഡ്, പരുത്തുപാറ-പേരങ്ങാട്ടുകുഴി, പൊട്ടൻമല-വെട്ടിയ്ക്കൽ പള്ളം, ശാന്തികുഴി റോഡ്, ഇരുപ്പൻപാറ ശവക്കോട്ട

VII തടത്തുകാലാ-പാലനില്ക്കുന്ന കാലാ കുറ്റിക്കാ വിൽ പടി-മലനട-കിഴക്കേ തുരിത്തിപടി, മോടി യിൽപടി-കണ്ണംകാട്ടുകുഴി, കറാലിൽ പടി-ചരുവിൽപടി, കുരങ്ങാട്ടുപടി-പെരുമ്പുഴയ്ക്കാട്ടു പടി, മണക്കുപ്പി-കുരങ്ങാട്ടുപടി, ഒഴൂർ കടവ്-വള്ളിക്കാലാ പടി, മാനാംമൂട്ടിൽപടി-ഭൂരഹിത കോളനി

VIII നെടിയകാലാ-ഉമ്മിഴക്കത്ത് പടി, കൊല്ലിരിക്കൽ-നെടിയകാലാപടി, മാന്നാംമ്പ്രപടി-നെടിയുഴത്തിൽ പടി, പഞ്ചായത്ത് പടി-കാഞ്ഞിരക്കാട്ടുമല, കുമ്പ ഉപ്പള്ളി-നെല്ലിനില്ക്കുന്നപടി, കോട്ടയ്ക്കകം-മണ ക്കുപ്പി

IX കാവുമുക്ക്-ഗുരുമന്ദിരം-കുറിച്ചിമുട്ടം റോഡ് വഞ്ചി പടി-കോട്ടറോഡ്, പള്ളിയിറയം-വാരിക്കാട്, പള്ളി മുക്ക്-ശബരിമാൻതടം, പാമ്പാക്കോട്-തെക്കേ ചരുവ്, വല്ലന്ന P.H.-ചുട്ടിപ്പാറ-ഹൈസ്ക്കൂൾ, ഇറ പ്പൻപാറ-കാഞ്ഞിരനില്കുന്ന്-പമ്പകണ്ണ്, കാലാ യിൽപടി-ശാന്തികുഴി, തലക്കോട്ടുമല-ത ത്തുമല

X മയ്യാവ്ക്ഷേത്രം-ലക്ഷംവീട് കോളനി റോഡ്, D.V. L. P.S.-പൊയ്കയിൽകാവ് റോഡ് ,മയ്യാവ് സർ ക്കുലർ റോഡ്, തടയുഴത്തിൽ ഭാഗം, ഗന്ധർവ്വ മുറ്റം-വെട്ടിക്കൽ, ശാസ്താനട-കുഴിപ്രായിൽ റോഡ്, കോട്ട ചന്ത-മയ്യാവ് ക്ഷേത്രം, പൊയ്കമുക്ക്-ചെമ്പൻചിറമല, പാറാറ്റികുഴി-തെറ്റാലി റോഡ്, കിഴക്കേവീട്ടിൽപടി-ലക്ഷംവീട് റോഡ്

XI തടിശ്ശേരിപടികരിക്കപ്പടി, പാറാറ്റുപടി-ചന്തറോഡ്, മണപ്പള്ളികനാൽ ജംഗ്ഷൻ, പുന്നമല ചിറ-പാറാറ്റുപടി, കാക്കനാട്ടുപടി-കുറവുമ്പറമ്പ് റോഡ്, Y.M.C.A .-പീടികയിൽപടി, പുതുശ്ശേരി പടി-പുന്ന മല ചിറ റോഡ്, കൂടാതെ ഭാഗികമായി വഴിവിളക്കുകൾ സ്ഥാപിച്ചിട്ടുള്ളറാഡുകളിൽ പൂർണ്ണ മായി ലൈറ്റ് സ്ഥാപിക്കേണ്ടതാണ്.

XII വാഴയിൽപടി-വലിയവീട്ടിൽപടി, വഞ്ചിപടി-വടു ക്കുംകുളം റോഡ്, തെക്കേടത്ത്പടി-കല്ലുപറമ്പ്, ലക്ഷംവീട്-ചാത്തമല റോഡ്, കനവുംതോട്ടുകുളം-കൊച്ചുമല-മുളക്കനോടി റോഡ്

പഞ്ചായത്തിൽ അനവധി വീടുകൾ ഇനിയും വൈദ്യുതികരിക്കാൻ ഉണ്ട്. സൗജന്യമായി പഞ്ചായത്തിൽ നിന്നും ഒന്നരപോയന്റ് വയറിംഗ് ചെയ്തു കൊടുത്ത വീടുകൾക്ക് കണക്ഷൻ നൽകിയിട്ടില്ല. വൈദ്യുതി ലഭി ക്കുന്നതിന് അടിയന്തിരമായി നടപടികൾ കൈക്കൊള്ളേ ണ്ടതാണ്.

വൈദ്യുതികരിക്കാത്ത എല്ലാ ലക്ഷംവീട് കോളനി, ഭൂരഹിതകർഷക തൊഴിലാളി കോളനി, പട്ടികജാതി പട്ടികവർഗ്ഗ സെറ്റിൽമെന്റ് കോളനി ഇവകൾ വൈദ്യുതീ കരിക്കാൻ നടപടികൾ ഉണ്ടാകണം.

ഈ പഞ്ചായത്തിൽ മിക്ക വീടുകളിലും പാചക ത്തിന് വിറകാണ് ഉപയോഗിക്കുന്നത്. പുകയില്ലാത്ത അടുപ്പുകളുടെ ഉപയോഗം കുറവാണ്. ഗോബർ ഗ്യാ സിന്റെ ഉപയോഗവും തീരെയില്ല. പഞ്ചായത്തിന്റെ മുഴു വൻ പ്രദേശങ്ങളിലും നല്ല സൂര്യപ്രകാശം ലഭിക്കുന്ന തിനാൽ ഗൃഹ ഉപയോഗത്തിനും വഴിവിളക്കിനും സോ ളാർ വിളക്കുകൾ ഉപയോഗിക്കുന്നതിന് സാദ്ധ്യതകൾ ഏറെയുണ്ട്. പഞ്ചായത്തിലെ എഴിക്കാട്, നീർവിളാകം, വല്ലന മുതലായ പ്രദേശങ്ങളിൽ ശക്തിയായ കാറ്റ് നിര ന്തരം ലഭിക്കുന്നതുകൊണ്ട് കാറ്റാടി യന്ത്രം സ്ഥാപിച്ച് കറന്റ് ഉൽപാദിപ്പിക്കുന്നതിൽറെ സാദ്ധ്യതയെകുറിച്ച് പര്യ വേഷണം നടത്തേണ്ടതാണ്.

പഞ്ചായത്തിന്റെ പടിഞ്ഞാറെ അതിർത്തിയായ ആറാട്ടുപുഴ പ്രദേശത്തെ വൈദ്യുതി വിതരണം പൂർണ്ണ മായും ആറന്മുള ഫീഡറിന്റെ കീഴിലാക്കേണ്ടതാണ്.

## മാർക്കറ്റ്

പൊതുമാർക്കറ്റ് നിലവിലില്ലാത്തത് ഈ പഞ്ചായത്തിൽ ഒന്നു മുതൽ ഒൻപതുവരെ വാർഡിലും 12-ാം വാർഡിലുമാണ്. ഒന്നാം വാർഡിൽ പഞ്ചായത്തിനു സ്വന്തമായി മാർക്കറ്റിനു സ്ഥലമുണ്ടെങ്കിലും ഇതുവരെ മാർക്കറ്റ് ആരംഭിച്ചിട്ടില്ല. 11, 10 വാർഡുകളിൽ മാത്രമാണ് പൊതു മാർക്കതറ്റ് ഉള്ളത്. ആഴ്ചചന്തകൾ നടത്തുന്നത് ഈ രണ്ടു വാർഡുകളിൽ മാത്രമേയുള്ളൂ.

വിൽപന സാദ്ധ്യതയുള്ള കാർഷികോൽപന്നങ്ങൾ ധാരാളമായുള്ളതാണ് നമ്മുടെ പഞ്ചായത്ത്. നെല്ല്, ഇഞ്ചി, റബ്ബർ, കുരുമുളുക്, കശുവണ്ടി, വാഴക്കുലകൾ, കപ്പ, നാളീകേരം, അരി, വിവിധതരം പച്ചകറികൾ, ഓല, കിഴങ്ങുവർഗ്ഗങ്ങൾ, കൂൺ അടയ്ക്കാ മുതലായവ ഇതിൽപ്പെടും.

ഒന്നാംവാർഡിൽ ആഴ്ചചന്ത ഉടനെ ആരംഭിക്കുന്നതാണ്. പ്രധാന ജംഗ്ഷനടുത്തുതന്നെ പഞ്ചായത്തിന് ഈ വാർഡിൽ മാർക്കറ്റിനായ് സ്ഥലം ഉണ്ട്. സ്റ്റാറ്റുകൾ നിർമ്മിച്ച് മാർക്കറ്റ് എത്രയും പെട്ടെന്ന്തന്നെ ആരംഭിക്കാനുള്ള നടപടികൾ സ്വീകരിക്കണം. അതുപോലെ മറ്റു വാർഡുകളിലും, പുറമ്പോക്ക്, സർക്കാർ ഭൂമികൾ ഉണ്ട്. അത് ഏറ്റെടുത്ത് വാർഡുകൾതോറും മാർക്കറ്റ് ആരംഭിക്കാം. നിലവിലുള്ള രണ്ടു മാർക്കറ്റും അതുപോലെ 1-ാം വാർഡിലുള്ള മാർക്കറ്റു സ്ഥലവും, മെച്ചപ്പെടുത്താൻ വഴി ടാർ ചെയ്യുക. ചുറ്റുമതിൽ നിർമ്മിക്കുക, സ്റ്റാളുകൾ നിർമ്മിക്കുക, വൈദ്യുതി നൽകുക, പൊതു കക്കൂസ്സ് നിർമ്മിക്കുക, മാർക്കറ്റ് ശുചീകരണത്തിന് കാര്യക്ഷമമായ സംവിധാനം ഉൾപ്പെടെ നടപ്പിലാക്കുകയും ചെയ്യേണ്ടതാണ്.

പ്രകൃതിവിഭവങ്ങളും, കാർഷികവിഭവങ്ങളും ജനജീവിതവുമായി കോർത്തിണക്കി ഒരു ഗ്രാമീണ സംസ്കാരവും പ്രസ്തുത ചന്തയോട് കഴിയാവുന്നത്ര ആശ്രയത്വവും വിധേയത്വവും കാണിക്കുന്ന ഗ്രാമീണ മനസ്സുകളും വാർത്തെടുക്കുവാൻ കഴിഞ്ഞാൽ നമ്മുടെ പഞ്ചായത്തിന് സ്വായശ്രയത്തിന്റെ ചുവടുറപ്പിക്കാനും, സമ്പന്നതയുടെ തിരുമുറ്റത്തേക്ക് നടന്നുകയറുവാനും കഴിയും എന്ന ഉൾവിളി ഗ്രാമസഭകളിൽ പ്രതിഫലിച്ചിരുന്നു.

സഹകരണാടിസ്ഥാനത്തിലോ, സ്വകാര്യവ്യക്തികൾ ഒന്നിച്ചു ചേർന്നോ, വിവിധ ഗ്രാമസഭകൾ പ്രാതിനിധ്യ സ്വഭാവത്തിൽ സംഘടിച്ചോ ഉള്ള കാർഷികോൽപന്നങ്ങളുടെയും നിർമ്മിതിയ്ക്കും വിപണമത്തിനും നല്ല സാദ്ധ്യതയുണ്ട്. ഇത്തരം ഒരു വിപണന ശ്രംഖല പഞ്ചായത്തിൽ വികസിപ്പിച്ച് എടുക്കേണ്ടതിനെപ്പറ്റി ഗൗരവമായി ആലോചിക്കേണ്ടതാണ്.

C.B.N.P. (Community Based Nutrition Programme) ഉപയോഗപ്പെടുത്തിയാൽ, സാക്ഷരതാപ്രവർത്തകരെയും, ജനശക്തിയെയും കോർത്തിണക്കിയാൽ ചുരുങ്ങിയ ചിലവിൽ ഉൽസാഹമുള്ള മനുഷ്യവിഭവശേഷി ലഭ്യമാകുന്നതാണ്. CBNP, കുടുംബങ്ങളിലെ തൊഴിലില്ലായ്മയ്ക്കു പരിഹാരം കാണുന്നതിനും, പഞ്ചായത്തിലെ കർഷഷർക്ക് അവരുടെ ഉൽപന്നങ്ങൾക്ക് കുറെകൂടി മെച്ചപ്പെട്ട വില ലഭ്യമാക്കാനും ഈ ഉൽപന്നശൃംഖല വിപണന വഴി ഒരുക്കുന്നതാണ്. ഇതേ സംവിധാനം ഉപയോഗിച്ച്തന്നെ കാർഷിക വ്യവസായ സഹകരണരംഗങ്ങളിലെ ഉൽപന്നങ്ങൾക്കും വിപണി കണ്ടെത്താൻ കഴിയും. ഇപ്രകാരം നമ്മുടെ പഞ്ചായത്തിൽ ലഭ്യമായിട്ടുള്ള എല്ലാ വിഭവങ്ങളും കോർത്തിണക്കി ഓരോന്നിന്റെയും, അധികലഭ്യതയും, ഇല്ലായ്മയും, സമതുലനം ചെയ്യാനുള്ള കരുത്തുറ്റ വ്യവസ്ഥയോടുകൂടിയ ഒരു പഞ്ചായത്ത് വിപണന സംവിധാനം കരുപിടിപ്പിക്കുന്നത് സ്വാശ്രയഗ്രമത്തിലേക്കുള്ള നമ്മുടെ ഒന്നാമത്തെ കാൽവെപ്പായിരിക്കുമെന്ന കാര്യത്തിൽ സംശയമില്ല.



# ഭവനനിർമ്മാണവും സാമൂഹ്യക്ഷേമവും

ഒരു നാടിന്റെ സമഗ്രമായ വികസനം പൂർണ്ണമാകണമെങ്കിൽ 'എല്ലാവർക്കും വീട്, എല്ലാവർക്കും വിദ്യാഭ്യാസം' എന്ന ആശയം യാഥാർത്ഥ്യമാകണം. തലചായ്ക്കാനൊരു വീടെന്ന സ്വപ്നം ഏതൊരു പൗരന്റെയും പ്രതീക്ഷയാണ്.

1992 - ലെ സാമൂഹീക സാമ്പത്തിക സർവ്വേ പ്രകാരം ആറന്മുള പാഞ്ചായത്തിൽ 8783 ഭവനങ്ങളാണ് ഉള്ളത്. അതിൽ ഒന്നിൽ കൂടുതൽ നിലകളുള്ളത് 289 എണ്ണമാണ്. കോൺക്രീറ്റ് വീടുകൾ 2031 എണ്ണവും, ഓടുമേഞ്ഞവ 47772 എണ്ണവും, ഓല മേഞ്ഞവ 1228 എണ്ണവും മറ്റുള്ളവ 463 എണ്ണവും ആണ്. വീടുകളിൽ 80% ത്തോളം വൈദ്യുതീകരിച്ചതാണ്. ഇതിൽ 15% വീടുകൾക്ക് അടിയന്തിരമായി അറ്റകുറ്റപ്പണി ആവശ്യമാണ്. കുടിലുകളിൽ പാർക്കുന്നവരിൽ ഭൂരിഭാഗവും പട്ടിക ജാതിയിൽപ്പെട്ടവരാണ്.

പഞ്ചായത്ത്, ബ്ലോക്ക് മുഖേന ലഭിക്കുന്ന ഭവന നിർമ്മാണ സഹായം അപര്യാപ്തമാണ്. പ്രസ്തുത സ്ഥാപനങ്ങളിൽ നിന്നും ലഭിക്കുന്ന വായ്പകൾ ഉദാരവൽക്കരിക്കണം.

കെട്ടിടനിർമ്മാണവുമായി ബന്ധപ്പെട്ട സാധന സാമഗ്രികൾക്ക് ദൈനംദിന വില വർദ്ധനവാണ് ഉണ്ടായിക്കൊണ്ടിരിക്കുന്നത്.

ആഡംബരപൂർവ്വവും ചെലവേറിയതുമായ വീടുകൾ നിർമ്മിക്കുന്നതിലാണ് സാമ്പത്തികമായി മുന്നോക്കം നിൽക്കുന്നവർക്കു താത്പര്യം.

ജീവിത സൗകര്യങ്ങൾ എളുപ്പം ലഭിക്കുന്ന പ്രദേശത്ത് വീടു വെയാക്കനാണ് എല്ലാവർക്കും താത്പര്യം. ഗൾഫ് പണത്തിന്റെ അമിതമായ സ്വാധീനം വസ്തുക്കൾക്ക് വർദ്ധിച്ചവിലയേറാൻ ഇടയായി.

കോളനികളിലെ വീടുകളുടെ ശോചനീയാവസ്ഥ അവർണ്ണനീയമാണ്. ശുദ്ധജല ദൗർലഭ്യം, അനാരോഗ്യകരമായ ചുറ്റുപാടുകൾ, കക്കൂസ്സുകളുടെ അപര്യാപ്തത എന്നിവ അവയിൽ ചിലതുമാത്രം.

ഈ അടുത്തസമയം വരെ കെട്ടിടനിർമ്മാണ തൊഴിലാളികളിൽ ഭൂരിപക്ഷവും തമിഴുനാട്ടുകാരായിരുന്നു. തമിഴുനാട്ടിലും മോശമല്ലാത്ത കൂലി ലഭിച്ചു തുടങ്ങിയതോടെ കെട്ടിടനിർമ്മാണ രംഗത്തു പ്രവർത്തിച്ചിരുന്ന തമിഴുതൊഴിലാളികൾ കുറഞ്ഞ കൊണ്ടിരിക്കുന്നു. മേസ്തിരിപ്പണിക്ക് 125 രൂപായും മൈക്കാടിന് 80 രൂപയും ആണ് കൂലി.

**പട്ടിക 1**

**കൂലിനിരക്കിൽ വന്നവ്യത്യാസം**

| വർഷം | മേസ്തരി രൂപ. | മൈക്കാട് രൂപ. | റിമാക്സ് |
|---|---|---|---|
| 1970 | 10 | 5 | |
| 1972 | 15 | 8 | |
| 1975 | 20 | 10 | |
| 1978 | 30 | 15 | |
| 1981 | 40 | 20 | |
| 1984 | 50 | 25 | |
| 1985 | 60 | 30 | |
| 1987 | 80 | 40 | |
| 1988 | 90 | 50 | |
| 1990 | 100 | 55 | |
| 1991 | 110 | 65 | |
| 1992 | 110 | 70 | |
| 1996 | 125 | 80 | |
| | | | |

* ഭവന നിർമ്മാണ സാമഗ്രികളിൽ ഇഷ്ടിക നിർമ്മാണം പഞ്ചായത്തിൽ പുരോഗമിക്കുന്നു. ഫർണിച്ചർ ഉണ്ടാക്കിവിൽക്കുന്ന വർക്ക്ഷോപ്പും പഞ്ചായത്തിലെ മിക്കവാർഡുകളിലും പ്രവർത്തിക്കുന്നു. ഹോളോ ബ്രക്സിന്റെ നിർമ്മാണം പഞ്ചായത്തിലെ 1, 5 വാർഡിൽ നടക്കുന്നു.

പട്ടിക 2

## കക്കൂസ് നിർമ്മാണം

| വാർഡ് | [IRDP സർവ്വേ] സാനിറ്ററി കക്കൂസ് ഇല്ലാത്ത വീടുകൾ. | അനുവദിച്ചത് | പൂർത്തിയാക്കിയത് | വേണ്ട കുടുംബ ങ്ങളുടെ എണ്ണം |
|---|---|---|---|---|
| 1 | 458 | 25 | 20 | 428 |
| 2 | 308 | 12 | 10 | 290 |
| 3 | 222 | 15 | 13 | 205 |
| 4 | 42 | 9 | 9 | 33 |
| 5 | 307 | 12 | 10 | 292 |
| 6 | 465 | 12 | 8 | 292 |
| 7 | 418 | 9 | | 409 |
| 8 | 307 | 9 | | 293 |
| 9 | 478 | 7 | | 458 |
| 10 | 468 | 8 | | 460 |
| 11 | 240 | 8 | | 232 |
| 12 | 262 | 8 | | 256 |
| പൂർണ്ണമല്ല | | ആകെ | | 3814 |

### പ്രശ്നങ്ങൾ

1 1228 വീടുകൾ കുടിലുകളാണ്.
2 ദർബ്ബലവിഭാഗങ്ങൾക്ക് ധനസഹായം നൽകുന്ന (ഭവന നിർമ്മാണത്തിന്) ഏജൻസികൾ ഇവിടെയില്ല.
3 ഭവനനിർമ്മാണത്തിന് ധനസഹായം നൽകുന്നത് വരുമാനത്തിന്റെ അടിസ്ഥാനത്തലല്ല.
4 കോളനികളിൽ മിക്ക വീടുകൾക്കും അറ്റകുറ്റപ്പണികൾ ആവശ്യമുണ്ട്.
5 ഭവന നിർമ്മാണ രംഗത്ത് അസംസ്കൃത പദാർത്ഥങ്ങളുടെ ദുർവ്യയം ഏറെയാണ്.
6 കെട്ടിടനിർമ്മാണ സാമഗ്രികൾ പ്രാദേശികമായി നിർമ്മിക്കാനുള്ള സാധ്യതകൾ ആരായുന്നില്ല. .
7 കെട്ടിടനിർമ്മാണ തൊഴിലാളികളിൽ സമ്പാദ്യശീലം കുറവുള്ളതായി കാണുന്നു.

## പട്ടിക 3

## ആറന്മുള ഗ്രാമപഞ്ചായത്ത് വീടുകളുടെ വിവരം

| വാർഡ് | കെട്ടിടങ്ങളുടെ എണ്ണം | ഒന്നിൽ കൂടുതൽ നിലകൾ ഉള്ളവ | കോൺക്രീറ്റ് | ഓട് | ഓല | മറ്റുള്ളവ | വിവിധ ഭവനനിർമ്മാണ പദ്ധതിവഴി നിർമ്മിച്ചവ 94-95 |
|---|---|---|---|---|---|---|---|
| 1 | 1032 | 33 | 185 | 518 | 143 | 153 | 3 |
| 2 | 718 | 55 | 190 | 361 | 57 | 55 | 1 |
| 3 | 642 | 35 | 225 | 238 | 105 | 39 | 3 |
| 4 | 664 | 38 | 222 | 351 | 24 | 29 | 1 |
| 5 | 703 | 9 | 97 | 483 | 107 | 7 | 3 |
| 6 | 861 | 2 | 130 | 470 | 235 | 24 | 32 |
| 7 | 587 | 9 | 90 | 370 | 106 | 12 | 9 |
| 8 | 485 | 6 | 27 | 307 | 65 | 80 | 8 |
| 9 | 615 | 11 | 30 | 359 | 110 | 5 | 7 |
| 10 | 842 | 11 | 223 | 459 | 139 | 10 | 6 |
| 11 | 739 | 53 | 295 | 317 | 36 | 38 | 3 |
| 12 | 895 | 27 | 217 | 539 | 101 | 11 | 3 |
| ആകെ | **8783** | **289** | **2031** | **4772** | **1228** | **463** | **79** |

അവലംബം ദ്വിതീയ വിവരശേഖരണ റിപ്പോർട്ട്

## സാമൂഹ്യക്ഷേമം

ഐ.ആർ.ഡി.പി. സർവ്വേപ്രകാരം ദാരിദ്രരേഖയ്ക്കു താഴെയുള്ള 1398 കുടുംബങ്ങളാണുള്ളത്. ഇതിൽ പട്ടികജാതി കുടുംബങ്ങൾ 430 എണ്ണമാണ്. നാളിതുവരെ സാമ്പത്തികസഹായം ലഭിച്ച കുടുംബങ്ങൾ 440 എണ്ണമാണ്.

1991-95 കാലയളവിൽ ട്രൈസം-തൊഴിൽ പരിശീലനം നേടിയവരുടെ എണ്ണം 17 ആണ്. ടൂൾവർക്ക്, കൈത്തറി എന്നിവയിലാണ് മേൽപറഞ്ഞവർ പരിശീലനം നേടിയിട്ടുള്ളത്. ഇവരിൽ 10 പേരാണ് സ്വയംതൊഴിൽകണ്ടെത്തിയത്. 7 പേർ തൊഴിലന്വേഷകരായി അലയുന്നു.

IRDP പ്രകാരം ടൂൾകിറ്റ് വിതരണം ചെയ്തതിന്റെയും കക്കൂസ് നിർമ്മിച്ചതിന്റെയും പട്ടികകൾ ചുവടെ ചേർക്കുന്നു.

## പട്ടിക 4

### ടൂൾകിറ്റ് (RAP) പരിപാടി

| വാർഡ് നമ്പർ | IRDP സർവേപ്രകാരം ഗ്രാമീണകൈ തൊഴിലുകാരുടെ എണ്ണം | സഹായം ലഭിച്ചവരുടെ എണ്ണം | ഇനി സഹായത്തിന് അർഹതയുള്ള വരുടെ എണ്ണം | കുറിപ്പ് |
|---|---|---|---|---|
| I | 15 | 5 | 10 | |
| II | 15 | 3 | 12 | |
| III | 20 | 4 | 16 | |
| IV | 12 | 2 | 10 | |
| V | 20 | 5 | 25 | |
| VI | 18 | 3 | 18 | |
| VII | 20 | 6 | 14 | |
| VIII | 17 | 5 | 12 | |
| IX | 25 | 7 | 18 | |
| X | 82 | 20 | 62 | |
| XI | 18 | 8 | 10 | |
| XII | 20 | 9 | 11 | |

DWCRA പദ്ധതിപ്രകാരം 2 തൊഴിൽ സംരംഭങ്ങളാണുണ്ടായിരുന്നത്. ഇവ 6, 10 വാർഡുകളിലാണ്. 20പേർ പ്രവർത്തിച്ചിരുന്നു. വെറ്റിലയും കറവപശുക്കളെ വളർത്തലുമായിരുന്നു സംരംഭങ്ങൾ. ഇപ്പോൾ ഇവരുടെ പ്രവർത്തനം ഇല്ല.

പഞ്ചായത്തിൽ 35 അംഗൻവാടികൾ ഉണ്ട്. ചിലതിനു സ്വന്തമായ കെട്ടിടങ്ങളില്ല. അറ്റകുറ്റപ്പണിയും സ്വന്തമായ ഭൂമിയും വേണ്ടതുണ്ട്. ആവശ്യമായ ഉപകരണങ്ങൾ ഇല്ല.

IRDP ലിസ്റ്റിൽപ്പെട്ട കുടുംബങ്ങൾക്കു വായ്പയും സബ്സിഡിയും നൽകാൻ കൊമേഴ്സൽ ബാങ്കുകൾ വിസമ്മതിക്കുന്നു. ബാങ്കുകളുടെ വായ്പാ നിക്ഷേപ അനുപാതം വർദ്ധിപ്പിക്കേണ്ടതുണ്ട്. അതോടൊപ്പം IRDP പരിധി ഉയർത്തുകയും വേണം.

## നിർദ്ദേശങ്ങൾ

1. നിർദ്ധനരായ വിദ്യാർത്ഥികളുടെ പഠനസൗകര്യാർത്ഥം പഞ്ചായത്തുതലത്തിൽ ഹോസ്റ്റലുകൾ അനുവദിക്കുക.
2. പട്ടികജാതി/വർഗ്ഗം, ദരിദ്ര ദുർബ്ബല ജനവിഭാഗങ്ങൾക്ക് വീടിന്റെ അറ്റകുറ്റപണികൾക്കും, കക്കൂസ് കുളിമുറി എന്നിവയ്ക്കുമുള്ള ആനുകൂല്യം നൽകുക.
3. പട്ടികജാതി/വർഗ്ഗം-മറ്റു പിന്നോക്കം നിൽക്കുന്ന ജനവിഭാഗങ്ങളിൽപ്പെട്ട കുട്ടികൾ ഇവർക്ക് നേഴ്സറിതലംമുതൽ പത്താംതരംവരെ സൗജന്യമായി പുസ്തകം, ഭക്ഷണം, വസ്ത്രം എന്നിവ നൽകുക.
4. അംഗൻവാടികളുടെ ഇന്നത്തെ ശോചനീയാവസ്ഥയ്ക്കു മാറ്റം വരണം. കുഞ്ഞുങ്ങൾക്കു പഠിക്കാനും കളിക്കാനും വിശ്രമിക്കാനുമായി പഠനവിനോദ ഉപകരണങ്ങള്, ശുചിയും സുരക്ഷിതവുമായ മറ്റു സംവിധാനങ്ങൾ ഏർപ്പെടുത്തുക. വാർഡുതല അധ്യാപക രക്ഷകർത്താ സമിതികൾരൂപീകരിക്കുക.
5. വില്ലേജ് തലത്തിൽ മൃഗാശുപത്രി അനുവദിക്കുക
6. സർക്കാർ വകുപ്പുകൾ പ്രസിദ്ധീകരിക്കുന്ന ലഘുലേഖകൾ, തൊഴിൽ വാർത്തകൾ, ക്ഷേമപദ്ധതികളെ കുറിച്ചുള്ള അറിയിപ്പുകൾ തുടങ്ങിയവ പൊതുജനങ്ങളെ അറിയിക്കുവാൻ പഞ്ചായത്തുതലത്തിൽ ഇൻഫർമേഷൻ സെന്റർ ആരംഭിക്കുക.
7. ഹോം നഴ്സിംഗിനുള്ള പരിശീലനം പഞ്ചായത്തുതലത്തിൽ ആരംഭിക്കുക.
8. നിർദ്ധനരായ പെൺകുട്ടികളുടെ വിവാഹത്തിനു നല്കുന്ന ധനസഹായവിഹിതം വർദ്ധിപ്പിക്കുകയും കാര്യക്ഷമമാക്കുകയും ചെയ്യുക.
9. വിധവകളുടെ മക്കൾക്ക് വിദ്യാഭ്യാസ ധനസഹായം നല്കുക.
10. ഇന്ധനക്ഷാമം പരിഹരിക്കുവാൻ ഗോബർഗ്യാസ് പ്ലാന്റ് പ്രചരിപ്പിക്കുക-സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്ക് ഗോബർഗ്യാസ് പ്ലാന്റ് പണിയാനുള്ള സാമ്പത്തിക സഹായം ലോണായി നൽകുക.
11. സാമൂഹ്യക്ഷേമ രംഗത്തെ പ്രവർത്തനം മോനിട്ടർ ചെയ്യണം.
12. കൂടുതൽപേർക്ക് സ്വയംതൊഴിൽ കണ്ടെത്താനുള്ള അനുകൂല സാഹചര്യം ഉണ്ടാക്കണം. .
13. ഒന്നാംവാർഡിൽ മാലക്കരേത്ത് കടവ് കെട്ടുക, കടവിലേക്കുള്ള വഴി വൃത്തിയാക്കുക.
14. പഞ്ചായത്തിലെ കുളങ്ങൾ, കുളിക്കടവുകൾ കെട്ടി വൃത്തിയാക്കുക.

# സംസ്കാരം

ഏതൊരു ജനതതിയുടെയും ആത്മാവ് സംസ്കാരമാണ്. വ്യക്തിയേയും സമൂഹത്തെയും ചിട്ടപ്പെടുത്തുന്നതും ഈ സാംസ്കാരിക തനിമയാണ്. സാമൂഹ്യ സംവിധാനത്തിലെ മേൽക്കൂരയാണിത്. അതുകൊണ്ടുതന്നെ സാസ്കാരിക രംഗത്തുണ്ടാകുന്ന നേരിയ അസ്വാസ്ഥ്യങ്ങൾ പോലും രാഷ്ട്രത്തെ ശൈഥില്ല്യത്തിലേയ്ക്കാവും നയിക്കുക. ആറന്മുളയുടെ വർണ്ണാഭമായ സാഹിത്യ സൃഷ്ടികൾക്കും, ശില്പചാരുതയ്ക്കും സഹസ്രാബ്ദങ്ങളുടെ പൗരാണികതയാണുള്ളത്.

പ്രവാചകന്റെ കരുത്തോടെ സത്യങ്ങൾ കാവ്യാത്മാക്കളും ഹൃദയത്സ്പർശിയായും ഉത്ഘോഷിച്ച മൺമറഞ്ഞ മഹാരഥന്മാർ നിരവധിയാണുള്ളത്. സർഗ്ഗധനരായ ആ പിതാമഹന്മാർ കൊളുത്തിയ നെയ്ത്തിരി ഇന്നും ഇവിടം പ്രകാശപൂരിതമാകുകയാണ്.



ഭാരതീയ ജീവിതത്തിന്റെ അതിശാപമായിരുന്ന ചാതുർവർണ്യത്തിന്റെ ചങ്ങലകണ്ണി പൊട്ടിച്ചെറിഞ്ഞ് ഈശ്വരാധനയ്ക്കുള്ള സ്വാതന്ത്ര്യത്തിനുവേണ്ടി ഇവിടെ നടന്ന പോരാട്ടം കേരളത്തിന്റെ സാമൂഹ്യരംഗത്തുതന്നെ മാറ്റങ്ങൾക്ക് നിമിത്തമാകുകയായിരുന്നു. ഹരിജനു ക്ഷേത്രത്തിൽ കടക്കാനും ആരാധിക്കാനുമുള്ള സ്വാതന്ത്ര്യത്തിനുവേണ്ടി പോരടിച്ച കുറുമ്പൻ ദൈവത്താനും, നിരവധി ഭാഷകളിൽ പാണ്ഡിത്യമുള്ള മഹാകവി കെ.വി. സൈമണും, നാവിൽ നന്മകളിലേക്ക് മധുരം ഊറുന്ന ഗാനങ്ങളുടെ സൃഷ്ടാവ് സാധുകൊച്ചൂഞ്ഞുപദേശിയും, ശാസ്ത്രീയ സാഹിത്യ രംഗത്തെ പ്രഗൽഭനായിരുന്ന പള്ളത്ത് ഡോ. ഭാസ്കരൻ നായരും, സാഹിത്യകാരനായിരുന്ന മഹാകവി ഇടയാറന്മുള കെ.എം. വർഗീസും എഴുത്തുകാരനായ സർവ്വകോശം മുൻചീഫ് എഡിറ്റർ കെ. എം. ജോർജ്ജും നടനും, എഴുത്തുകാരനും വാഗ്മിയും സർപ്പ വിജ്ഞാനകോശം എഡിറ്ററുമായ ഡോ. ആറന്മുള ഹരിഹരപുത്രനും, ചെറു കഥാകൃത്ത് ആറന്മുള എഴുത്തുകാരനും ചിന്തകനുമായിരുന്ന സത്യവ്യതനും, കവിയും ബാലസാഹിത്യകാരനുമായിരുന്ന ആറന്മുള വി. ജെ. തോമസും, ചലച്ചിത്ര താരം ആറന്മുള പൊന്നമ്മയും, കഥകളി വിദഗ്ധയായ ആറന്മുളയുടെ വളർത്തുമകൾ ലുബ്ദാഷീൽഡും അടക്കമുള്ള പ്രതിഭാധനരാൽ നമ്മുടെ സാഹിത്യ തറവാടിന് സൂര്യതേജസാണ് ലഭ്യമായത്. തിരുനിഴൽ മാലയുടെ കർത്താവ് ഗോവിന്ദനാകട്ടെ ഇവിടെ വെള്ളി നക്ഷത്രമായി ഉദിച്ചു നിൽക്കുകയാണ്.

പമ്പയുടെ കുഞ്ഞോളങ്ങളെ കീറിമുറിച്ച് കരയ്ക്കും, ഓളപ്പരപ്പുകൾക്കും പുളകരേണുക്കൾ നൽകി ഒളിമങ്ങാതെന്നും ജനലക്ഷങ്ങളെ മാടിവിളിക്കുന്ന ഉതൃട്ടാതി ജലമേള കേരളത്തിന്റെ തന്നെ വസന്തോത്സവമാണ്. ദൃശ്യശ്രവ്യ, ശില്പകലകളുടെ സമുച്ചയമായ വള്ളംകളി ജനശക്തിയുടേയും ഏകതാഭാവത്തിന്റെയും ഐക്യബോധത്തിന്റെയും നിദർശനം കൂടിയാണ്.

ജാതിമത ചിന്തകൾക്കപ്പുറം സൗഹൃദം വിരിയുന്ന ഇവിടെ ക്രിസ്ത്യൻ, ഹിന്ദു, മുസ്ലീം ജനവിഭാഗങ്ങൾ ഇടകലർന്നാണ് ജീവിക്കുന്നത്. വിശ്വപ്രസിദ്ധമായ ആറന്മുള പാർത്ഥസാരഥിക്ഷേത്രം ഉൾപ്പെടെ 25 ക്ഷേത്ര

ങ്ങളും 17 ക്രിസ്ത്യൻ ദേവാലയങ്ങളും 4 ശ്രീനാരായണ ഗുരുമന്ദിരങ്ങളും 2 മുസ്ലീം പള്ളികളും ഇവിടെയുണ്ട്.

അഷ്ടമിരോഹിണി വള്ളസദ്യ, പുഷ്പാഭിഷേകം, കിടങ്ങന്നൂർ ദേവീക്ഷേത്രത്തിലെ പള്ളിവിളക്ക് എഴുന്നള്ളത്ത്, കോട്ട, കിടങ്ങന്നൂർ, ദേവിക്ഷേത്രത്തിലെ ആപ്പിണ്ടി എഴുന്നള്ളത്ത്, പൊങ്കാല, വിവിധ പള്ളിപ്പെരുനാളുകൾ, റംസാൻ ഘോഷയാത്രകൾ, കൺവെൻഷനുകൾ, ഗുരുമന്ദിരങ്ങൾ കേന്ദ്രീകരിച്ചുള്ള ഉത്സ വങ്ങൾ തുടങ്ങിയ ആഘോഷങ്ങൾ വിപുലമായി നട ന്നുവരുന്നു. അതുപോലെ സ്കൂളുകളിലേയും, ക്ലബ്ബുകളിലേയും, വാർഷീകാഘോഷങ്ങളും, ഓണ ക്രിസ്തുമസ് പരിപാടികളും കൃത്യമായി നടന്നുവരുന്നു. ഇതിൽ കിടങ്ങന്നൂർ സംസ്കാരയുടെ നേതൃത്വത്തിൽ നടന്നു വരുന്ന ഓണക്കാലഘോഷയാത്ര ഏറെ ശ്രദ്ധേയമാണ്.

ചുമർചിത്ര, വാസ്തുശില്പ പഠനത്തിനും ഗവേഷണത്തിനുമുള്ള ഉപരി പഠനകേന്ദ്രം, വാസ്തു വിദ്യാഗുരുകുലം ആറന്മുളയിലാണ്. ഇത്തരത്തിലുള്ള സംസ്ഥാനത്തെ ഏക സംരംഭവും ഇതുതന്നെ.

പ്രസിദ്ധനായ ആറന്മുള കണ്ണാടി ആറന്മുളയുടെ മാത്രം സമ്പത്തും സവിശേഷതയുമാണ്. ബുദ്ധിയും ശില്പചാരുതയും സന്നിവേശിക്കുന്ന ആറന്മുള ലോഹ കണ്ണാടി ശില്പ നിർമ്മാണകലയുടെ ഉയരങ്ങൾ കീഴടക്കവെ തന്നെ പ്രാചീന കലാരൂപങ്ങളായ കോലടി, കോലംതുള്ളൽ പടയണി (കിടങ്ങന്നൂർ കോട്ട) കരകം തുള്ളൽ, (എഴിക്കാട്,) പരിചമുട്ടുകളി, കുതിരക്കളി, വേലകളി, പാണപ്പാട്ട്, ഓട്ടംതുള്ളൽ എന്നിവ നിലനിൽക്കുന്നു. 30 ആർട്ട്സ് ആന്റ് സ്പോർട്ട്സ് ക്ലബുകളുണ്ടെങ്കിലും 1,10,11 വാർഡുകളിൽ മാത്രമാണ് ഓരോ അമേച്ചർ നാടക സംഘങ്ങളുള്ളത്.

## താഴെ കാണുന്നവയാണ് സാംസ്കാരിക സംഘടനകൾ.

| സംഘടനയുടെ പേര് | വാർഡ് |
|---|---|
| ആറന്മുള വികസനസമിതി | 1 |
| ജൂനിയർ ചേംബർ | 1 |
| ദർപ്പണം, സാംസ്കാരിക സമിതി | 1 |
| സമസൃഷ്ടി | 1 |
| യുവവശക്തി | 1 |
| ക്രൗൺ ആർട്സ് ക്ലബ് | 3 |
| വൈ.എം.സി.എ കോഴിപ്പാലം | 3 |
| പ്രോഗ്രസീവ് വായനശാല | 2 |
| സഹോദരൻ ലൈബ്രറി | 2 |
| കവനകൗതുകം അക്ഷരശ്ലോകസമതി | 2 |
| കൈരളി ആർട്സ് | 3 |
| സ്പോർട്ടിംഗ് ആർട്സ് ആന്റ് സ്പോർട്സ് | 3 |
| മംഗളം കലാസാഹിത്യവേദി | 4 |
| വൈ. എം. സി. എ ആറാട്ടുപുഴ | 4 |
| ടാഗോർ വായനശാല | 5 |
| ഭാവന ആർട്സ് ആന്റ് സ്പോർട്സ് | 5 |
| കൈരളി ഹരിജൻ കലാ സാംസ്കാരിക സമിതി | 6 |
| എംബ്രോയിഡ് ആർട്ട്സ് ആന്റ് സ്പോർട്ട്സ് | 7 |
| എരുമക്കാട് പൗരസമിതി | 7 |
| മംഗളം കലാസാഹിത്യവേദി | 7 |
| ആൽഫാ ബാലജന സംഘ്യം | 7 |
| ഗ്രാമോദ്ധാരണ സമതി | 7 |
| മാതൃഭൂമി സ്റ്റഡി സർക്കിൾ | 7 |
| മംഗളം കലാസാഹിത്യവേദി | 8 |
| പ്രതിഭ ആർട്സ് ആന്റ് സ്പോർട്സ് | 8 |
| വിവേകോദയം ഗ്രന്ഥശാല | 9 |
| ഒളിമ്പ്യാ ആർട്സ് ആന്റ് സ്പോർട്സ് | 9 |
| വനിതാവേദി | 9 |
| മഹമ്മദൻസ് സ്പോർട്ട് ക്ലബ്ബ് | 9 |
| സാരഥി ആർട്സ് ആൻഡ് സ്പോർട്ട്സ് | 9 |
| ദേശാഭിമാനി പൗരസമതി | 9 |
| വിവേകോദയം. മഹിളാ സമാജം | 9 |
| ടാഗോർ മെമ്മോറിയൻ വായനശാല | 10 |
| സ്വാതി ആർട്സ് ആന്റ് സ്പോർട്സ് | 10 |
| കിസാൻ ആർട്സ് ആന്റ് സ്പോർട്സ് | 10 |
| കെ. വൈ. പി. സ്പോർട്സ് | 10 |
| വിവേകാനന്ദാ സാംസ്കാരിക കേന്ദ്രം | 10 |
| കേരള ശാസ്ത്ര സാഹിത്യപരിഷത്ത് യൂണിറ്റ് | 10 |
| നവോദയ ഗ്രന്ഥശാല | 11 |
| സംസ്കാര ആർട്സ് കിടങ്ങന്നൂർ | 11 |
| നവധാര ആർട്സ് ആന്റ് സ്പോർട്സ് | 11 |
| ചിങ്ങം കലാവേദി | 11 |
| കലാലയ | 11 |
| വിന്നേഴ്സ് ആർട്സ് ആന്റ് സ്പോർട്സ് | 12 |
| സാംസ്കാരിക വേദി കവുങ്കോട്ടുകുളം | 12 |
| മംഗളം കലാസാഹിത്യവേദി | 12 |



| ഗ്രന്ഥശാലകളുടെ പേര് | സ്ഥിതിചെയ്യുന്ന സ്ഥലം. |
|---|---|
| പ്രോഗ്രസീവ് വായനശാല | കോഴിപ്പാലം |
| സഹോദരൻ ലൈബററി | കോട്ടക്കകം |
| ടാഗോർ വായനശാല | നീർവിളാകം |
| വിവേകോദയം വായനശാല | വല്ലന |
| ദേശസേവിനി വായനശാല | |
| നാൽക്കാലിക്കൽ | |
| നവോദയ വായനശാല പ്രവർത്തിക്കുന്നില്ല | |
| ടാഗോർ മെമ്മോറിയൽ വായനശാല | കോട്ട |

നിർജീവമായ ഗ്രന്ഥശാലകൾ പുനരുദ്ധരിക്കുവാൻ നിലപാടുകൾ സ്ഥിരീകരിക്കുകമാത്രമല്ല കഴിഞ്ഞ 5 വർഷ കാലമെങ്കിലും ഈ വായന ശാലകൾക്കു ലഭിച്ച ഗ്രാന്റ് എങ്ങനെ ഉപയോഗിച്ചു എന്ന് ഉറപ്പുവരുത്തേണ്ടിയിരിക്കുന്നു. കാര്യക്ഷമമായി പ്രവർത്തിക്കുന്ന വായനശാലകൾ വാർഡിൽ ഒന്നെന്ന രൂപത്തിലെങ്കിലും ഉണ്ടായാൽ സ്ത്രീകളുടെ രംഗത്തുള്ള വായനയിലെ പിന്നോക്കസ്ഥിതി പരിഹരിക്കാനാവും. സ്ത്രീകളുടെ ഗ്രാമക്കൂട്ടങ്ങൾ സംഘടിപ്പിച്ചും, വിവിധ മഹിളാ സംഘടനകളുടെ ബോധവൽക്കരണ പ്രവർത്തനങ്ങളിലൂടെയും സ്ത്രീകളുടെ വായനാശീലം വളർത്താൻ കഴിയും: ഇതിനാകട്ടെ ഗവ. വാർത്താ മാധ്യമങ്ങൾ കൂടുതൽ ശ്രദ്ധ നൽകണം.

സാംസ്കാരിക ടൂറിസത്തിന്റെ ഉദാത്ത സാധ്യതകൾ നിറഞ്ഞ നമ്മുടെ പഞ്ചായത്തിൽ കടന്നു പോയവരും കൂടെയുള്ളവരുമായ സാഹിത്യ സാംസ്കാരിക നായകന്മാരെക്കുറിച്ച് ഹാൻഡ്ബുക്ക് തയ്യാറാക്കാനും ഇവരുടെ സ്മരണകേന്ദ്രങ്ങൾ ക്രമപ്പെടുത്താനും കഴിയണം. അതുപോലെ പഞ്ചായത്ത് കേന്ദ്രങ്ങളിൽ സാംസ്കാരിക നിലയം സ്ഥാപിക്കുകയും എല്ലാകലാസാഹിത്യസമതികളുടെ പ്രവർത്തനങ്ങളും ഏകോപിപ്പിക്കുകയും ചെയ്യേണ്ടതാണ്.

ഇപ്പോൾ ഏഴിക്കാട് (2ഉം) മലമുറ്റത്തു ഒന്നും പ്രവർത്തിക്കുന്നില്ല. ടി. വി. സെറ്റുകളും ഏഴിക്കാട് ഒരു റേഡിയോയുമാണ് സർക്കാർ വകയായിട്ടുള്ളത്. എല്ലാ ക്ലബ്ബുകളുമായി അനുബന്ധിച്ച് ഇലക്ട്രോണിക് മാധ്യമങ്ങൾ നൽകുന്നതോടൊപ്പം കുട്ടികളുടെ ടെലിവിഷൻ താല്പര്യം കുറയ്ക്കുന്നതിനുള്ള നടപടികളും അനിർവാര്യമാണ്.

ടെലിവിഷൻ വ്യപകമായ സ്ഥിതിക്ക് ദേശീയമായി പാഠ്യവിഷയങ്ങൾ ഏകീകരിച്ച് വിദ്യാഭ്യാസ പരിപാടി കലാപരമായി അവതരിപ്പിക്കുണം. അതൊടൊപ്പം മറ്റു സാംസ്കാരിക രംഗങ്ങളിലേയ്ക്കും പഴയ നാട്ടുകളിക്കളങ്ങളിലേയ്ക്കും തിരിക്കുവാനും, കുട്ടികൾക്കും മുതിർന്നവർക്കും ആവശ്യമായ ബോധവൽക്കരണവും നൽകേണ്ടതുണ്ട്. ഇല്ലെങ്കിൽ ഈ ഇലക്ട്രോണിക് മാധ്യമ കടന്നു വരവ് ദൂഷ്യഫലമാവും. സൃഷ്ടിക്കുക.

## പ്രതിസന്ധികൾ

1. എല്ലാ വാർഡുകളിലും ഗ്രന്ഥശാലകളില്ല.
2. കലാകായിക സാംസ്കാരിക രംഗങ്ങളിൽ വനിതാ പങ്കാളിത്തം ശുഷ്കമാണ്.
3. സാമൂഹ്യമൂല്യബോധാടിസ്ഥാനത്തിലുമുള്ള പ്രവർത്തനങ്ങൾ നടത്തുന്ന ക്ലബ്ബുകൾ ചുരുക്കമാണ്.
4. നാടൻ കലാരൂപങ്ങൾ നടത്തുന്ന ക്ലബ്ബുകൾ ചുരുക്കമാണ്.
5. നാടൻ കലാരൂപങ്ങൾ മങ്ങുന്നു.
6. ക്ലബ്ബുകൾക്ക് സ്വന്തം കെട്ടിടങ്ങളില്ല.
7. ഒരു വാർഡിൽപോലും സാംസ്കാരിക നിലയമില്ല.
8. പത്രവരിക്കാർ അധികമെങ്കിലും വായനശീലം കുറയുന്നു.
9. പഞ്ചായത്തുതലത്തിൽ സസ്കാരിക പ്രവർത്തനം സമന്വയിപ്പിക്കാൻ കഴിയുന്നില്ല.

## പരിഗണിക്കേണ്ട നിർദ്ദേശങ്ങൾ.

1. ആറന്മുളയെ ക്ഷേത്ര നഗരമായി പ്രഖ്യാപിക്കുക.
2. സാംസ്കാരിക ടൂറിസം വികസിപ്പിക്കാൻ കേരള സർക്കാർ തെരഞ്ഞെടുത്തിട്ടുള്ള സ്ഥലങ്ങളുടെ പട്ടികയിൽ ആറന്മുളയെ ഉൾപ്പെടുത്തുക. .
3. കേന്ദ്ര ടൂറിസം വകുപ്പിന്റെ അനുമതി ലഭിച്ച 24 ലക്ഷം രൂപയുടെ ടൂറിസ്റ്റ് കോബ്ലക്സ് പദ്ധതി അടിയന്തിരമായി നടപ്പാക്കുക.
4. ടൂറിസം പ്രമോഷൻ കൗൺസിലിന്റെ ആഭിമുഖ്യത്തിൽ കച്ചേരിപ്പടിക്കൽ നടപ്പിലാക്കുവാൻ അനുമതി ലഭിച്ച 29,71024 ലക്ഷം രൂപയുടെ വഴിയോര വിശ്രമ കേന്ദ്രം പദ്ധതി ഉടൻ നടപ്പിലാക്കുക.
5. വള്ളംകളിയോടനുബന്ധിച്ച വാട്ടർ സ്റ്റേഡിയം പദ്ധതിക്ക് ഉടൻ അംഗീകാരം നൽകുക.
6. ആറന്മുള ക്ഷേത്രത്തിലെത്തുന്ന തീർത്ഥാടകർക്ക് താമസസൗകര്യം, കംഫർട്ട് സ്റ്റേഷൻ, ക്ലോക്ക്റൂം തുടങ്ങിയവ സ്ഥാപിക്കുക.
7. ക്ഷേത്രത്തിൽ ഭജനം പാർക്കുന്നവർക്ക് ഒരു അഗതി മന്ദിരം സ്ഥാപിക്കുക.
8. നിർദ്ദിഷ്ട ടൂറിസം പദ്ധതികൾക്ക് ക്ഷേത്രത്തിനടുത്തുള്ള ഉപയോഗശൂന്യമായ പോലീസ് ക്വാർട്ടേഴ്സുകൾ നിൽക്കുന്ന സ്ഥലവും കച്ചേരിപ്പടിക്കൽ ഉള്ള വിദ്യാഭ്യാസ വകുപ്പിന്റെ സ്ഥലവും ഉപയോഗപ്പെടുത്തുക.
9. പഞ്ചായത്ത് സാംസ്കാരിക നിലയം സ്ഥാപിക്കുക.
10. പഞ്ചായത്ത് വായനാശാല സ്ഥാപിക്കുക.
11. ആറന്മുള സത്രം ആധുനികവൽക്കരിക്കുക.

12. നിർദ്ദിഷ്ട കുമരകം ആറന്മുള ടൂറിസ്റ്റ് ബോട്ട്സർവ്വീസ് ഉടൻ നടപ്പിലാക്കുക.

13. പഞ്ചായത്തിലെ സാംസ്കാരിക സംഘടനകൾക്ക് ടെലിവിഷൻ സെറ്റുകൾ വിതരണം ചെയ്യുക.

14. സ്പോർട്സ് യുവജനക്ഷേമ മന്ത്രാലയത്തിൽനിന്നും സംഘടനകൾക്ക് ഗ്രാന്റ് അനുവദിക്കാനുള്ള നടപടികൾ സ്വീകരിക്കുക.

15. നിർദ്ദിഷ്ട സാംസ്കാരിക യൂണിവേഴ്സിറ്റിയുടെ കേന്ദ്രം ആറന്മുളയിൽ ആരംഭിക്കുക.

16. ആറന്മുളയിൽ ചുവർചിത്രകലാ മ്യൂസിയം അനുവദിക്കുക.

17. സാംസ്കാരിക ടൂറിസ്റ്റ് കേന്ദ്രങ്ങൾക്കുള്ള പ്രത്യേക വികസനപരിപാടിയിൽ ഉൾപ്പെടുത്തി ആറന്മുളയെ വികസിപ്പിക്കുക.

18. ദക്ഷിണ മേഖലാ ടൂറിസ്റ്റ് സർക്യൂട്ടിൽ ആറന്മുളയെ ഉൾപ്പെടുത്തുക.

19. വിദേശ രാജ്യങ്ങളിൽ ആറന്മുള വള്ളം കളിയെ ക്കുറിച്ച് കൂടുതൽ പ്രചാരം നൽകാൻ നടപടികൾ സ്വീകരിക്കുക.

20. അന്യംനിന്നുപോകാൻ സാധ്യതയുള്ള ആറന്മുള കണ്ണാടിയുടെ സാങ്കേതികവിദ്യാതലമുറകളിലേയ്ക്കു കൈമാറുന്നതിനുള്ള പഠന കേന്ദ്രം രൂപീകരിക്കണം.

21. വഞ്ചിപ്പാട്ട് പഠിപ്പിക്കുന്നതിനുള്ള സൗകര്യം ക്രമപ്പെടുത്തണം.

പുരാണപാരായണക്കാർക്കും അവശത അനുഭവിക്കുന്ന മറ്റ് കലാകാരന്മാരെയും കണ്ടെത്തി സഹായധനം അനുവദിക്കുക. കായിക താരങ്ങളെ കണ്ടെത്തി പരിശീലനം നടത്തുന്നതിനുള്ള പഞ്ചായത്തുവക സ്റ്റേഡിയവും, പ്രത്യേക പരിശീലകരേയും നിയമിക്കുക. ജല സ്രോതസുകൾ പ്രയോജനപ്പെടുത്തിക്കൊണ്ട് നീന്തൽ പരിശീലനത്തിലുള്ള സൗകര്യങ്ങളുണ്ടാക്കുക. എല്ലാ വാർഡുകളും കേന്ദ്രീകരിച്ച് വായനശാല രൂപീകരിക്കുന്നതിനും നിലവിലുള്ളവ പ്രവർത്തനക്ഷമമാക്കുന്നതിനും കഴിയണം.

പഞ്ചായത്തു കേന്ദ്രീകരിച്ച് പ്രഫഷണൽ നാടക സംഘം രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

പഞ്ചായത്തിലെ സൗകര്യമായ പുറംമ്പോക്കുഭൂമികൾ സാംസ്കാരിക സംഘടനകൾക്കും, ക്ലബ്ബുകൾക്കും കേന്ദ്രങ്ങളായി നൽകുക. പഞ്ചായത്തിന്റെ പ്രധാനകേന്ദ്രത്തിൽ സാംസ്കാരിക പാർക്ക് സ്ഥാപിക്കുകയും അവിടെ മൺമറഞ്ഞ സാംസ്കാരിക നായകന്മാരുടെയും, കവികളുടെയും പ്രതിമകളും, സ്ഥാപിക്കുകയും അനുബന്ധമായി സാംസ്കാരിക മ്യൂസിയം സ്ഥാപിക്കുകയും ചെയ്യുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കുക.



# വനിത

ഭാരതം മനോഹരമായ ആനാമം സമത്വസുന്ദരമായ സങ്കല്പത്തിന്റെ മകുടോദാഹരണമായിരുന്നു ഒരു കാലത്ത്. വൈവിദ്ധ്യങ്ങളുടെയും വൈരുദ്ധ്യങ്ങളുടെയും സങ്കലന മാണ് നമ്മുടെ രാഷ്ട്രജീവിതത്തിന്റെയും സംസ്കാരത്തി ന്റെയും അടിത്തറ.പഴയ കാലകേരളത്തിൽ സമൂഹത്തിൽ പൊതുവായും കുടുംബത്തിൽ പ്രത്യേകമായും മാന്യമായ പദവി സ്ത്രീയ്ക്കുണ്ടായിരുന്നു. കുടുംബനാഥ അക്കാ ലത്ത് സ്ത്രീ ആയിരുന്നു. കേരളകുടുംബങ്ങളിൽ സന്തതി എന്നു വ്യവഹരിച്ചിരുന്നത് പെൺകുട്ടികളെക്കുറിച്ചായി രുന്നു. തായ്‌വഴിയിലൂടെയാണ് പിൻതുടർച്ചാവകാശം കേരള സമൂഹത്തിൽ നിർണ്ണയിക്കപ്പെട്ടുപോന്നിരുന്നത്. ഭാരതത്തിന്റെ ചില ഭാഗങ്ങളിൽ ജനിക്കുന്ന പെൺ കുട്ടികൾക്ക് ജനനസമയത്തുതന്നെ നെൻമണി വായി ലിട്ടുകൊടുത്ത് ജീവിതം അവസാനിപ്പിക്കുന്ന രീതിയുണ്ടാ യിരുന്നപ്പോൾ കേരളത്തിൽ പൊന്നും തേനും അരച്ചു കൊടുത്താണ് പെൺകുട്ടിയെ സ്വീകരിച്ചിരുന്നത്.

കുടുംബജീവിതശില്പം ഉദാത്തവും മനോഹരവുമാ ക്കുക അമ്മയുടെ സജീവസാന്നിദ്ധ്യമാണ്. കുട്ടിയുടെ ആദ്യത്തെ അദ്ധ്യാപിക അമ്മയാണ്. സ്ത്രീയെ സംബന്ധി ച്ചുള്ള നമ്മുടെ ഗതകാല സ്വപ്നങ്ങളൊക്കെ തകർന്നു പോയ നിലയിലാണ് ഇന്ന് സമൂഹത്തിലുള്ള സ്ത്രീയുടെ നില. എവിടെനിന്നുമുള്ള നന്മകളെയും ഇരുകൈകളും നീട്ടി ആഗിരണം ചെയ്യാൻ തയ്യാറുള്ള നമ്മുടെ സംസ് ക്കാര പൈതൃകം ഹൃദയത്തിന്റെ കവാട വാതായന ങ്ങൾ കൊട്ടിയടച്ചപ്പോൾ ജീവിതത്തിന്റെ എല്ലാ രംഗങ്ങളി ലും രണ്ടാം നിരയിലും അതിനു പുറകിലുമുള്ള സ്ഥാനം മാത്രമേ ഇന്നു സമൂഹത്തിൽ സ്ത്രീക്കു ലഭിക്കുന്നുള്ളൂ.

ഭാരതത്തിന്റെ ഭരണഘടന സ്ത്രീക്കും പുരുഷനും തുല്യനീതിയും അവസരങ്ങളും പ്രദാനം ചെയ്യുന്നുണ്ടെ ങ്കിലും പ്രായോഗികമായി സമൂഹത്തിൽ സ്ത്രീകൾ പ്രതി നിധാനം ചെയ്യുന്ന പകുതിയോളം വരുന്ന ജനത പരാധീ നതയിൽത്തന്നെയാണ് ഇന്നും കഴിയുന്നത്. മാനസികവും ശാരീരികവുമായ പീഡനങ്ങൾക്ക് നിത്യമെന്നോണം വിധേയമായിക്കൊണ്ടിരിക്കുകയാണ് അവർ. ജീവിതത്തി ലെ പാവനകർമ്മം എന്നു കരുതപ്പെടുന്ന വിവാഹംപോ ലും സ്ത്രീയെ സംബന്ധിച്ചിടത്തോളം വിലപേശലിന്റെ അടിസ്ഥാനത്തിലാണ് നടത്തപ്പെടുന്നത്. നിയമത്തിന്റെ ദൃഷ്ടിയിൽ സ്ത്രീയും പുരുഷനും തുല്യരാണെങ്കിലും പ്രായോഗിക ജീവിതത്തിൽ ഈ തുല്യത പാലിക്കപ്പെടു കയോ അംഗീകരിക്കപ്പെടുകയോ ചെയ്തു കാണുന്നില്ല.

കഴിഞ്ഞ നാലു ദശാബ്ദങ്ങളായി ഇന്ത്യൻ സ്ത്രീക ളുടെ പിന്നോക്കാവസ്ഥയിൽ ഗണ്യമായ മാറ്റം സംഭവിച്ചി ട്ടുണ്ട്. പല കാര്യങ്ങളിലും അധ:പതനമാണുണ്ടായിട്ടുള്ള തെന്നും രേഖകൾ ചൂണ്ടികാണിക്കുന്നു.

ഉദാഹരണം:- ഇന്നും 75% സ്ത്രീകൾ നിരക്ഷരരാണ്. 90 ശതമാനത്തിലധികം സ്ത്രീകൾ അസംഘടിത മേഖല യിൽ തൊഴിലെടുക്കുന്നു.

51 ലക്ഷം പേർ എസ്.എസ്.എൽ.സി. പാസ്സായിട്ടും തൊഴിലില്ലാത്തവരാണ്.

65% ഗർഭിണികളും രക്തകുറവ് എന്ന രോഗത്തിനടി മയായി മരിക്കുന്നു.

18 പേരിൽ ഒരാൾവീതം പ്രസവസമയത്ത് മരിക്കുന്നു.

ഇന്ത്യയിൽ പ്രതിവർഷം ജനിക്കുന്ന 23 ലക്ഷം കുട്ടി കളിൽ 65% ഒന്നാമത്തെ വയസ്സു തികയും മുൻപ് മരി ക്കുന്നു.

10ൽ 4 കുട്ടികൾ വീതം പോഷകാഹാരകുറവുമൂലം മരിക്കുന്നു.

ഇതിനുപുറമേ ചിലസ്ഥലങ്ങളിൽ പെൺശിശുഹത്യ വളരെ അധികം പ്രചാരംനേടി നിയമത്തിന്റെ പിടിയിൽ പ്പെടാതെ നടത്തിവരുന്നു.

ഇതിനു കാരണം പദ്ധതികളിൽ വന്ന അപാകത കളും, പുരുഷമേധാവിത്വപരമായ സമീപനങ്ങളാണ്.

ജനാധിപത്യ പ്രക്രിയയുടെ ദൗർബല്യങ്ങളിലൊന്ന് സ്ത്രീയുടെ അദൃശ്യതയാണ്. ഇന്ത്യൻ പാർലമെന്റിൽ സ്ത്രീ കളുടെ എണ്ണം ഒരു കാലത്തും 8% ത്തിലധികം വന്നിട്ടില്ല. കേരള നിയമസഭയിലാകട്ടെ, ഒരുകാലത്തും 10-ൽ കൂടു തൽ വനിതാ അംഗങ്ങൾ ഉണ്ടായിട്ടില്ല.

ഈ പശ്ചാത്തലത്തിലാണ് അന്തരിച്ച മുൻപ്രധാന മന്ത്രി രാജീവ്ഗാന്ധി അധികാര വികേന്ദ്രീകരണമെന്ന ആശയം ഉന്നയിച്ചത്. അദ്ദേഹത്തിന്റെ ഭാവനാസന്തതി യായ പഞ്ചായത്ത്‌രാജ് സംവിധാനം 1991ലെ 73, 74 ഭരണഘടനാഭേദഗതിയും മൂന്നിലൊന്ന് സീറ്റുകളും അധ്യ

ക്ഷസ്ഥാനങ്ങളും എല്ലാതലത്തിലും സ്ത്രീകൾക്ക് സംവരണം ഏർപ്പെടുത്തണമെന്ന് വ്യവസ്ഥ ചെയ്തു.

ഈ സാഹചര്യത്തിൽ തെരഞ്ഞെടുക്കപ്പെട്ട വനിതാ പ്രതിനിധികളുടെ യഥാർത്ഥ ഭരണപങ്കാളിത്തം ഉറപ്പുവരുത്താനും അതുവഴി കേരളത്തിലെ സ്ത്രീ സമാന്യത്തിന്റെ നിലമെച്ചപ്പെടുത്താനും കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. അഖിലേന്ത്യാതലത്തിൽ സ്ത്രീപുരുഷ അനുപാതം 1000 ന് 937.

കേരളത്തിലാകട്ടെ 1000 ന് 1036 ആണ് (1991 ലെ സെൻസസ്സ്) പത്തനംതിട്ട ജില്ലയിൽ 1000 ന് 1062 എന്നതാണ് നിരക്ക്. ആറന്മുളയിലാകട്ടെ 1000 പുരുഷന്മാരുള്ളപ്പോൾ സ്ത്രീകളുടെ എണ്ണം 1015 ആണ്.

**പട്ടിക 1**

| വാർഡ് | എണ്ണം | | | സാക്ഷരത | |
|---|---|---|---|---|---|
| | പുരു. | സ്ത്രീ. | ആകെ | പുരു. | സ്ത്രീ |
| I | 1667 | 1779 | 3446 | 1392 | 1436 |
| II | 1213 | 1330 | 2543 | 1054 | 1141 |
| III | 1010 | 1131 | 2141 | 854 | 940 |
| IV | 710 | 795 | 1505 | 613 | 697 |
| V | 1226 | 1402 | 2628 | 1024 | 1145 |
| VI | 1115 | 1157 | 2272 | 939 | 961 |
| VII | 769 | 894 | 1690 | 662 | 753 |
| VIII | 1474 | 1682 | 3156 | 1255 | 1391 |
| IX | 1969 | 2150 | 4118 | 1659 | 1745 |
| X | 1102 | 1218 | 2320 | 961 | 1069 |
| XI | 1324 | 1536 | 2860 | 1133 | 1331 |

അവംലംബം സെൻസസ്സ് 1991

1991 ലെ സെൻസസ്പ്രകാരം അഖിലേന്ത്യാതലത്തിൽ സ്ത്രീകളുടെ സാക്ഷരത 39.42. കേരളത്തിലാകട്ടെ ഇത് 86.17 ആണ്. പത്തനംതിട്ടജില്ലയിൽ 91.12% ആറന്മുള പഞ്ചായത്തിൽ 74 ശതമാനമാണ്.

ആറന്മുളപഞ്ചായത്ത് ഇന്നഭിമുഖീകരിക്കുന്ന പ്രശ്നങ്ങളിൽ മുൻപന്തിയിൽ തന്നെ നിലനില്ക്കുന്നതാണ് സാമ്പത്തിക സാമൂഹ്യമണ്ഡലങ്ങളിൽ സ്ത്രീകളുടെ അദൃശ്യത. ഇവിടെ തൊഴിൽശക്തിയിൽ സ്ത്രീകളുടെ പങ്കാളിത്തം വളരെ കുറവാണ്. ജോലിചെയ്യുന്ന സ്ത്രീകൾക്ക് തങ്ങളുടെ സംരംഭത്തിൽനിന്നുള്ള സാമ്പത്തിക നേട്ടങ്ങളിൽ മേൽനിയന്ത്രണം ഉറപ്പുവരുത്താനുള്ള ഏർപ്പാടുകൾ വിരളമാണ്. മിക്ക തൊഴിൽ തുറകളിലും സ്ത്രീകളും പുരുഷന്മാരും തമ്മിൽ കൂലിയിൽ വളരെയധികം അന്തരം ഉണ്ട്. 12% സ്ത്രീകൾക്കു മാത്രമേ ഏതെങ്കിലും തൊഴിൽരംഗത്തു കടന്നുപറ്റാൻ കഴിഞ്ഞിട്ടുള്ളൂ. കോഴിവളർത്തൽ വ്യാപകമായിട്ടുണ്ട്. സ്ത്രീയുടെ കർമ്മശേഷിയും അദ്ധ്വാനശക്തിയും ഇന്ന് അടുക്കളയുടെ നാലു ചുവരുകൾക്കുള്ളിൽ ഒതുക്കപ്പെട്ടിരിക്കുകയാണ്. കുടുംബം-ഗർഭധാരണം-പ്രസവം-പരിചരണം-പുരുഷനെ നിലനിർത്തൽ ഇങ്ങനെ പോകുന്നു അവളുടെ മുഖ്യധർമ്മം. സ്ത്രീകൾചെയ്യുന്ന ജോലികൾ പരോക്ഷമാകുന്നു. വിനോദത്തിനും വിശ്രമത്തിനും സമയം ലഭിക്കാതെ പുറംലോകം നഷ്ടപ്പെട്ട ജീവിതത്തിലാണ് കൂടുതൽ സ്ത്രീകളും.

ആരോഗ്യസംരക്ഷണ പരിപാടികൾ ഒരു പരിധിവരെ വിജയകരമാണ്. പഞ്ചായത്തിൽ ഒരു പ്രൈമറി ഹെൽത്തുസെന്ററും 6 സബ്സെന്ററുകളും ഗവൺമെന്റ് ആയുർവേദ ആശുപത്രിയും, ഹോമിയോ ആശുപത്രിയും, രണ്ടു പ്രൈവറ്റു ആശുപത്രികളും ഉണ്ട്. പഞ്ചായത്തിലെ മുഴുവൻ കുട്ടികൾക്കും ഗർഭിണികൾക്കും പ്രതിരോധ ചികിത്സ കിട്ടുന്നുണ്ട്. 85% ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും 35 അങ്കണവാടികൾ മുഖേന അനുപൂരക പോഷകാഹാരം 95-96-ൽ നൽകുകയുണ്ടായി. ചാപിള്ള ജനനങ്ങൾ, ശിശുമരണങ്ങൾ ഇവ കുറവാണ്. 1929ൽ നിലവിൽവന്ന ശിശുവിവാഹ നിരോധനനിയമംമൂലം ആരുംതന്നെ ശിക്ഷിക്കപ്പെട്ടിട്ടില്ല. ഇതു സൂചിപ്പിക്കുന്നത് 19 വയസ്സിൽ താഴെപ്രായമുള്ള വിവാഹിതകളുടെ എണ്ണം കുറവാണ് എന്നാണ്.

സ്ത്രീകൾ കുടുംബനാഥകളായിരിക്കുന്ന കുടുംബങ്ങളുടെ എണ്ണം ഈ പഞ്ചായത്തിൽ കുറവാണ്. വിധവകളായ സ്ത്രീകൾ കുടിൽവ്യവസായങ്ങൾ ചെയ്തും പ്രായപൂർത്തിയായ മക്കളുടെ സംരക്ഷണയിലും കഴിയുന്നു. അർഹരായ 90% സ്ത്രീകൾക്കും വിധവാപെൻഷൻ, വാർദ്ധക്യകാല പെൻഷൻ എന്നിവ ലഭിക്കുന്നുണ്ട്. രണ്ടു കുട്ടികളുടെ മാതാവായി കഴിയുമ്പോൾ മിക്കവാറും അമ്മമാരും കുടുംബാസൂത്രണ മാർഗങ്ങൾ സ്വീകരിക്കുക സാധാരണമാണ്. മഹിളാ സ്വസ്ത് സംഘപ്രവർത്തകർ ധാരാളം ഉണ്ട്.

പഞ്ചായത്തിൽ ബ്ലോക്ക് ലവൽയൂണിയനിൽ അഫിലിയേറ്റു ചെയ്തു പ്രവർത്തിക്കുന്ന 16 മഹിളാസമാജങ്ങളുണ്ട്. പ്രവർത്തനം പൊതുവെ തൃപ്തികരമല്ല. സാമുദായിക സംഘടനകളുടെയും രാഷ്ട്രീയപാർട്ടികളുടെയും വിലക്കുകൾ മഹിളാ സമാജങ്ങളുടെ പ്രവർത്തനത്തെ ബാധിച്ചിട്ടുണ്ട്. മദ്യനിരോധന പ്രവർത്തനങ്ങളിൽ സ്തുത്യർഹ്യമായ സേവനം കാഴ്ചവെച്ചിട്ടുള്ള മഹിളാസമാജങ്ങളുണ്ട്. വർഷങ്ങളായി പ്രവർത്തിച്ചുകൊണ്ടിരുക്കുന്ന ഐക്കര ജംഗഷനിലെ മദ്യഷാപ്പ് അടച്ചുപൂട്ടാനായി ആർ. പ്രതാപ വർമ്മയോടൊപ്പം 24 ദിവസം സത്യാഗ്രഹം ഇരുന്ന മഹിളാസമാജങ്ങളെ ഈ തരുണത്തിൽ ഓർമ്മിച്ചു പോകുന്നു. കൂടാതെ രണ്ടു മദ്യഷാപ്പുകൾ വേറെയും അടച്ചുപൂട്ടാൻകാരണം മഹിളാസമാജപ്രവർത്തകരുടെ ആത്മാർത്ഥമായ പരിശ്രമമാണ്. വ്യാജമദ്യനിർമ്മാണവും വിപണനവും തടയാൻ മഹിളാസമാജം പ്രവർത്തകർ ഒപ്പിട്ടയച്ച നിവേദനം സർക്കാരിന്റെ ശ്രദ്ധയിൽ പ്പെട്ടിട്ടുള്ളതാണ്.

ബഹുജനസംഘടനകളിലെ വനിതാപങ്കാളിത്തം തരക്കേടില്ല. വനിതാ സംഘടനകളുടെയും പ്രസ്ഥാനങ്ങളുടെയും സംസ്ഥാനജില്ല നേതാക്കൾ ഈ പഞ്ചായത്തിലുണ്ട്. കേരളാപ്രദേശ് മഹിളാ കോൺഗ്രസ്സ് (ഐ) സംസ്ഥാന ജനറൽ സെക്രട്ടറി, ജില്ലാ കമ്മറ്റി അംഗം, മഹിളാമോർച്ച ജില്ലാ കമ്മറ്റി അംഗം ജില്ല മഹിളാ സമാജം യൂണിയൻ പ്രസിഡന്റ്, കേരള അനൗപചാരിക വിദ്യാഭ്യാസ വികസനസമിതി സംസ്ഥാന നിർവ്വഹണസമിതി അംഗം, ഓൾ ഇന്ത്യാ വിമൻസ് കോൺഫറൻസ് എക്സിക്യൂട്ടീവ് കമ്മറ്റി അംഗം, കേരളാ സംസ്ഥാന സാമൂഹ്യക്ഷേമ ഉപദേശക ബോർഡ് അംഗം, മദ്യവർജ്ജക സമിതി വനിതാ വിഭാഗം ജില്ലാ പ്രസിഡന്റ്, ആറന്മുള ജൂനിയർ ചേമ്പർ വനിതാ വിഭാഗം ചെയർപേഴ്സൺ, ആറന്മുള പഞ്ചായത്ത് പ്രസിഡന്റ് എന്നീ നിലകളിൽ പ്രവർത്തിക്കുന്ന വനിതകൾ ആറന്മുളയിലുണ്ട്. നിലവിലുള്ള പഞ്ചായത്തുകമ്മറ്റിയിൽ നാലു വനിതാ അംഗങ്ങളാണുള്ളത്. ജനകീയാസൂത്രണ പരിപാടിയുമായി ബന്ധപ്പെട്ട് കെ. ആർ. പി. മുതൽ എൽ. ആർ. പി. വരെയായി സജീവമായി പ്രവർത്തിച്ചുക്കൊണ്ടിരിക്കുന്ന വനിതകളും ഉണ്ട്. സാക്ഷരതാ പരിപാടിയിലും വനിതകൾ സജീവമായി പങ്കെടുക്കുകയുണ്ടായി. സാമൂദായിക സംഘടനകളുടെ നേതൃത്വത്തിൽ വനിതകൾ പ്രവർത്തിക്കുന്നുണ്ട്.

### പ്രശ്നങ്ങൾ

1. സ്ത്രീകളുടെ തൊഴിലില്ലായ്മ രൂക്ഷമാണ്.
2. തൊഴിൽപരമായ വിവേചനം നിലനില്ക്കുന്നു.
3. തൊഴിലിനു യോജ്യമായ സാങ്കേതിക വിദ്യകളിൽ പരിശീലനം ലഭിക്കുന്നില്ല.
4. ഓഫീസുകളിലും പൊതുരംഗത്തും പുരുഷന്മാരുടെ പെരുമാറ്റം സ്ത്രീകൾക്ക് ആത്മവിശ്വാസം നല്കുന്നതിനുതകുന്നതല്ല.
5. സ്ത്രീകൾക്കെതിരായി ഉയർന്നുവരുന്ന മാധ്യമ സംസ്ക്കാരം
6. പൊതുരംഗത്തു പ്രവർത്തിക്കുന്ന സ്ത്രീകൾക്ക് പരിപാടികൾ കൃത്യസമയത്തു തുടങ്ങാത്തത് പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു.
7. സ്ത്രീപീഡനം നടക്കുന്നു.
8. ഏർപ്പെടുത്തിയ മദ്യനിരോധനത്തിൽ അധികാരികൾ കാണിക്കുന്ന വിമുഖത
9. നിലവിലുള്ള സാമൂഹ്യസാംസ്കാരിക ബന്ധങ്ങളിൽ ലിംഗപരമായ വിവേചനങ്ങളും നിലനില്ക്കുന്നു.
10. സാമൂഹ്യരാഷ്ട്രീയ ഭരണരംഗങ്ങളിൽ ജനസംഖ്യാനുപാതികമായ പ്രാതിനിധ്യമില്ല.



### പരിവർത്തനത്തിനുള്ള നിർദ്ദേശങ്ങൾ

1. തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും, തൊഴിൽപരമായ വിവേചനം അവസാനിപ്പിക്കുകയും ചെയ്യുക.
2. അനുയോജ്യമായ സാങ്കേതികവിദ്യകളിൽ പരിശീലനവും കുടിൽ വ്യവസായങ്ങൾ വികസിപ്പിക്കുകയും ചെയ്യുക.
3. പഞ്ചായത്തിൽ ഒരു വനിതാ വ്യവസായ എസ്റ്റേറ്റ് സ്ഥാപിക്കുക.
4. ഗ്രാമതലത്തിലുള്ള ക്ഷേമ പദ്ധതികളിൽ സ്ത്രീകൾക്ക് മുൻഗണന നൽകികൊണ്ടുള്ള സമീപനം സ്വീകരിക്കുക.
5. സ്ത്രീ വികസനത്തിനുതകുന്ന ഭരണസംവിധാനം പഞ്ചായത്തുകളിൽ ഉറപ്പാക്കുക.
6. സ്ത്രീകൾക്കെതിരായി ഉയർന്നുവരുന്ന മാദ്ധ്യമ സംസ്ക്കാരവും, സ്ത്രീകളെ അവഹേളിക്കുന്ന രീതിയിലുള്ള ദൃശ്യശ്രവ്യമാദ്ധ്യമങ്ങളും പ്രസിദ്ധീകരണങ്ങളും, നഗ്നത പ്രദർശിപ്പിക്കുന്ന പോസ്റ്ററുകളും നിരോധിക്കുകയും നിയമനടപടികൾക്ക് വിധേയമാക്കുകയും ചെയ്യുക.
7. സൗജന്യ നിയമസഹായം നൽകുക.
8. പെൺകുട്ടികൾക്ക് ശരിയായ വിദ്യാഭ്യാസം നൽകുക.
9. ദുർബലവിഭാഗങ്ങൾക്കായി നിയമസഹായസമിതികൾ രൂപീകരിക്കുക.
10. അംഗവൈകല്യം വന്ന് സാമ്പത്തികമായി പിന്നോക്കം നില്ക്കുന്ന സ്ത്രീകൾക്കായി ഭവനങ്ങൾ നിർമ്മിക്കുക.
11. അഗതി, വിധവ, വാർദ്ധക്യകാലപെൻഷൻ ഇവയ്ക്ക് അപേക്ഷ സ്വീകരിച്ച് ശുപാർശ ചെയ്യുകയും, അനുവദിക്കുകയും ചെയ്യുക.
12. കുടുംബകോടതികൾ ആരംഭിക്കുക.
13. സ്ത്രീകളിൽ സാമ്പത്തിക സ്വാശ്രയത്വം വളർത്തുക.
14. വനിതാ ശിശുക്ഷേമ പദ്ധതികൾ നടപ്പാക്കുക.
15. മദ്യം, മയക്കുമരുന്ന് ഇവയ്ക്കെതിരായി പ്രചാരണ പരിപാടികൾ സംഘടിപ്പിക്കുക.
16. മഹിളാസമാജങ്ങളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുക.
17. സ്ത്രീകളുടെ ആരോഗ്യപരിപാലനത്തിനായി പ്രൈമറി ഹെൽത്ത് സെന്ററിന്റെ കീഴിൽ എല്ലാ വാർഡുകളിലും ഉപകേന്ദ്രങ്ങൾ ആരംഭിക്കുക.
18. പഞ്ചായത്തു തലത്തിൽ രൂപീകരിക്കുന്ന സമിതികളിൽ സ്ത്രീകളുടെ പ്രാതിനിധ്യം വർദ്ധിപ്പിക്കുക.
19. ആറന്മുള പോലീസ് സ്റ്റേഷനിൽ വനിതാ പോലീസ്

ഇൻസ്പെക്ടറേയും, കൂടുതൽ വനിതാ കോൺസ്റ്റബിൾ മാരേയും നിയമിക്കുക.

20. ഭക്ഷണത്തിൽ മായം ചേർക്കുന്നതിനെതിരെയുള്ള പ്രചരണ പരിപാടികൾ നടത്തുക.
21. തൊഴിൽജന്യ രോഗങ്ങൾക്കെതിരെ സംരക്ഷണ നടപടികൾ നടപ്പാക്കുക.
22. സ്ത്രീധനത്തിനെതിരെ ബോധവൽക്കരണവും നിയമനടപടികളും സ്വീകരിക്കുക.
23. സ്ത്രീകളുടെ ഭരണപങ്കാളിത്തം ഫലപ്രദമാക്കുക.
24. കലാസാംസ്ക്കാരിക സമിതികളിൽ അർഹമായ പരിഗണന സ്ത്രീകൾക്ക് നൽകുക. വനിതാ വായനശാല സ്ഥാപിക്കുക.
25. കുടുംബപ്രശ്നങ്ങൾ പരിഹരിക്കുന്നതിന് കൗൺസിലിങ്ങ് സെന്റർ സ്ഥാപിക്കുക.
26. സ്ത്രീകളുടെ സുരക്ഷിതത്വം കണക്കാക്കി വഴിവിളക്കുകൾ സ്ഥാപിക്കുക.
27. സ്ത്രീകളുടെ രാഷ്ട്രീയ ഉത്തരവാദിത്വം വർദ്ധിപ്പിക്കാനും, സാമൂഹ്യപദവി ഉയർത്താനും സഹായകമായി പുതിയ അവസരങ്ങളെ ഫലപ്രദമായി ഉപയോഗിക്കുക.



# സഹകരണമേഖല

സഹകരണപ്രസ്ഥാനത്തിന്റെ കളിത്തൊട്ടിലായ ഇംഗ്ലണ്ടിൽനിന്ന്, ഭാരതത്തിലേയ്ക്ക് ഈ പ്രസ്ഥാനങ്ങൾ 19-ാം നൂറ്റാണ്ടിന്റെ ആരംഭത്തിൽതന്നെ കടന്നുവന്നു. ഒരു സർക്കാർ നയമായാണ് ഇന്ത്യയിൽ സഹകരണ പ്രസ്ഥാനങ്ങൾ ആരംഭിച്ചത്. ഇന്ന് ജീവിതത്തിന്റെ സമസ്ത മേഖലകളിലും പുരോഗതിയുടെ പൊൻവെളിച്ചം തെളി ക്കാൻ സഹകരണ ജനകീയപ്രസ്ഥാനങ്ങൾക്ക് കഴിയുന്നു. സ്വാതന്ത്ര്യലബ്ധിയോടടുത്താണ് ആറന്മുള പഞ്ചായത്തിൽ സഹകരണപ്രസ്ഥാനങ്ങൾ രൂപം കൊണ്ടു തുടങ്ങിയത്.

മാർത്തോമ്മ സഭയുടെ ആഭിമുഖ്യത്തിൽ ഇടയാറൻമുള കേന്ദ്രമാക്കി പ്രവർത്തനം ആരംഭിച്ച ക്രിസ്തീയ പരസ്പര സഹായസഹകരണസംഘമാണ് പഞ്ചായത്തിലെ ആദ്യത്തെ സഹകരണസംഘം. കാർഷികരംഗത്തെ വായ്പയും മറ്റു ക്രിയവിക്രിയങ്ങളും നടത്തുവാൻ ലക്ഷ്യമിട്ട ഈ സംഘം ഇപ്പോൾ ആറൻമുള സർവ്വീസ് സഹകരണ ബാങ്കായി പരിവർത്തനം ചെയ്ത് പ്രവർത്തിക്കുന്നു. പിന്നീട് 1957-ൽ അജന്ത നാരായണൻനായർ, കെ.പി. ഭാസ്ക്കരൻനായർ, എം.എ. നാരായണൻ ആചാരി, കെ. അനിയൻ എം.എ. തോമസ് പി. തോമസ് തുടങ്ങിയ സന്നദ്ധ-സഹകരികളുടെ നേതൃത്വത്തിൽ ആറൻമുള വില്ലേജ് സർവ്വീസ് സഹകരണബാങ്ക് രൂപംകൊണ്ടു. കാർഷികരംഗത്ത് വളരെയേറെ നല്ല പ്രവർത്തനം കാഴ്ചവച്ച ഈ സംഘവും ആറൻമുള സർവ്വീസ് സഹകരണ ബാങ്കായി രൂപം പ്രാപിക്കുകയും ചെയ്തു.

1970 ന് ശേഷം പഞ്ചായത്തിൽ നിരവധി സഹകരണ സംഘങ്ങൾ രൂപീകരിച്ച് പ്രവർത്തനം നടത്തുന്നുണ്ട്. എന്നാൽ സഹകരണപ്രസ്ഥാനത്തിന് എടുത്തു പറയത്തക്ക പുരോഗതിയും ലക്ഷ്യപ്രാപ്തിയും നേടാൻ കഴിഞ്ഞിട്ടില്ല. പഞ്ചായത്ത് പ്രവർത്തനപരിധിയിൽ വരുന്നതുമായ പലസഹകരണസംഘങ്ങൾ നിലവിലുണ്ട്. ഇവയുടെ പേരു വിവരം പട്ടിക1 ൽ ചേർത്തിരിക്കുന്നു.



**ആറൻമുള പഞ്ചായത്ത് സഹകരണ സംഘങ്ങൾ ഇന്നത്തെ അവസ്ഥ**

1940 കളിൽതന്നെ സഹകരണപ്രസ്ഥാനം നമ്മുടെ പഞ്ചായത്തിൽ രൂപംകൊണ്ടങ്കിലും ഇവയുടെ പ്രവർത്തനവും വളർച്ചയും മന്ദഗതിയിലായിരുന്നു. ആദ്യ കാല സംഘങ്ങളായ ക്രിസ്തീയ പരസ്പര സഹായസഹകരണസംഘം ഇടയാറൻമുള, കോട്ട സർവ്വീസ് സഹകരണ സംഘം ആറൻമുള വില്ലേജ് സഹകരണസംഘം എന്നിവ ലയിച്ചു, ആറൻമുള സർവ്വീസ് സഹകരണ സംഘമായി 1971 മുതൽ പ്രവർത്തിക്കുകയും 1980 ൽ ആറൻമുള സഹകരണ ബാങ്കായി രൂപീകൃതമാകുകയും ചെയ്തു. ആറൻമുള പഞ്ചായത്തിലെ 3,4, 5, 6, വാർഡുകൾ ഒഴികെയുള്ള വാർഡുകൾ പ്രവർത്തനമേഖലയാകുന്ന ഈ ബാങ്കിന്റെ ഹെഡ്ആഫീസ് നാൽക്കാലിക്കലും, കോട്ട, ഇടയാറൻമുള, ആറൻമുള എന്നിവിടങ്ങളിൽ ബ്രാഞ്ചുകളുമുണ്ട്.A787 നമ്പർ ആറാട്ടുപുഴ സർവ്വീസ് സഹകരണബാങ്ക് കേന്ദ്രമാക്കി ആറാട്ടുപുഴ, മാലക്കര, നീർവിളാകം, കുറിച്ചിമുട്ടം എന്നീ പ്രദേശങ്ങൾ പ്രവർത്തന പരിധിയാക്കി പ്രവർത്തിക്കുന്നു. കാർഷികമേഖലയിൽ മേൽപ്പറഞ്ഞ രണ്ടുബാങ്കും സജീവമായി പ്രവർത്തിക്കുന്നു.

ക്ഷീരോത്പാദകരംഗത്ത് കിടങ്ങന്നൂർ ക്ഷീരോൽപാദക സഹകരണസംഘവും, കോട്ട ക്ഷീരോൽപാദക സഹകരണസംഘവും ഉന്നതമായ പ്രവർത്തനം കാഴ്ചവയ്ക്കുന്നുണ്ട്.

ഖാദിബോർഡുമായി ബന്ധപ്പെട്ട് പഞ്ചായത്തിൽ ഒരു ഖാദി ഉൽപാദക വ്യവസായസഹകരണസംഘം(A-84-ാം നമ്പർ) കോട്ടയിൽ ഉണ്ടായിരുന്നു. സ്വന്തമായി സ്ഥലവും, മറ്റു യന്ത്രസാമഗ്രികളുമുള്ള ഈ സംഘം ഇന്ന് നിശ്ചലമാണ് ഉല്പാദക വിതരണരംഗത്ത് മെച്ചമായ തൊഴിൽ സാദ്ധ്യതയുള്ള ഈ സംഘത്തിന്റെ പ്രവർത്തനം പുന: സംഘടിപ്പിച്ചാൽ പഞ്ചായത്തിന് ഒരനുഗ്രഹമാകും.

പത്തനംതിട്ട ജില്ലാ സഹകരണബാങ്കിന്റെ ബ്രാഞ്ച് കോട്ടയിൽ പ്രവർത്തിക്കുന്നുണ്ട്. വായ്പാവിതരണ രംഗത്തും നിക്ഷേപത്തിലും മെച്ചമായ രീതിയിൽ ഈ ബാങ്ക് പ്രവർത്തിക്കുന്നു.

എഴിക്കാട് ഹരിജൻ വ്യവസായ സഹകരണസംഘം, കുളനട ബ്ലോക്ക് മഹിളാ സഹകരണസംഘം, ഗവ.

## പട്ടിക-1

## വിവിധ സഹകരണ സംഘങ്ങൾ

| ക്രമനമ്പർ | വിഭാഗം | പേരും നമ്പരും | തുടങ്ങിയ വർഷം | പ്രവർത്തന വരിധി |
|---|---|---|---|---|
| 1 | വായ്പാസംഘങ്ങൾ | ആറൻമുള സർവ്വീസ് സഹകരണബാങ്ക് ക്ലിപ്തം നമ്പർ A.703 | 1980 | ആറൻമുള പഞ്ചായത്തിലെ 3,4,5,6 വാർഡുകൾ ഒഴികെ എല്ലാ വാർഡുകളും |
| 2 | വായ്പാസംഘങ്ങൾ | ആറാട്ടുപുഴ സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ A.787 | | ആറാട്ടുപുഴ, മാലക്കര, നീർവിളാകം, കുറിച്ചിമുട്ടം |
| 3 | | പത്തനംതിട്ട ജില്ലാ സഹകരണ ബാങ്ക് (ബ്രാഞ്ച്) | | പത്തനംതിട്ട ജില്ല |
| 4 | ക്ഷീരോൽപാദനം | കോട്ട ക്ഷീരോൽപ്പാദക സഹകരണസംഘം (2 Collection Branch) | | ആറൻമുള പഞ്ചായത്ത് |
| 5 | ക്ഷീരോൽപാദനം | കിടങ്ങന്നൂർ ക്ഷീരോല്പാദക സഹകരണ സംഘം ക്ലിപ്തം നമ്പർ A 40 (D) | 1978 | ആറൻമുള പഞ്ചായത്ത് 11, 12 വാർഡ് |
| 6 | വായ്പാസംഘങ്ങൾ | ആറന്മുള, കോഴഞ്ചേരി എഡ്യൂക്കേഷണൽ സബ് ഡിസ്ട്രിക്ക് എയ്ഡഡ് സ്കൂൾ എംപ്ലോയിഡ് സഹകരണസംഘം ക്ലിപ്തം നമ്പർ A 274 | 1971 | ആറന്മുള,കോഴഞ്ചേരി വിദ്യാഭ്യാസ ജില്ലകൾ |
| 7 | പലവക | കുളനടബ്ലോക്ക് മഹിളാ സഹകരണസംഘം ക്ലിപ്തംനമ്പർ PT 18 | | |
| 11 | | കിടങ്ങന്നൂർ വില്ലേജ് ഹരിജൻ ഫിഷറീസ് സഹകരണസംഘം | | കിടങ്ങന്നൂർ വില്ലേജ് |
| 12 | വ്യവസായം | കോട്ടഖാദി ഉൽപ്പാദക വ്യവസായ സഹകരണസംഘം A-84 | കോട്ട | |
| 13 | സ്കൂൾ | S.V.G.V.H.S. സഹകരണസംഘം | | |
| 14 | സ്കൂൾ | A.M.M.H.S.S. സഹകരണസംഘം | | |
| 15 | സ്കൂൾ | T.K.M.R.M.H.S. സഹകരണസംഘം | | |
| 16 | സ്കൂൾ | N.M.U.P.S. സെന്റർ സഹകരണസംഘം | | |

എംപ്ലോയിസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി, പന്തളം റബ്ബർമാർക്കറ്റിംഗ് സൊസൈറ്റിയുടെ കളക്ഷൻ സെന്റർ, കിടങ്ങന്നൂർ വില്ലേജ് ഹരിജൻ ഫിഷറീസ് സഹകരണ സംഘം എന്നിവയുടെ പ്രവർത്തനങ്ങൾ മന്ദഗതിയിലോ നിലച്ചിരിക്കുന്ന അവസ്ഥയിലോ ആണ്. സജീവമായ പരിഗണനകൾ നല്കിയാൽ ഈ സംഘങ്ങളുടെ പ്രവർത്തനം ഊർജ്ജിതപ്പെടുത്തി വളരാൻ കഴിയും.

നമ്മുടെ പഞ്ചായത്തുകൂടി പ്രവർത്തനമേഖലയിൽ വരുന്ന നിരവധി സഹകതരണ സംഘങ്ങളും പ്രവർത്തിക്കുന്നുണ്ട്. എന്നാൽ ഇവയുടെ പ്രവർത്തനങ്ങളെപ്പറ്റിയും മേഖലയെപ്പറ്റിയുമുള്ള അജ്ഞത ജനങ്ങളെ ഈ സംഘങ്ങളിൽനിന്നും അകറ്റി നിർത്തിയിരിക്കുന്നു.

സഹകരണം എല്ലാവരുടെയും നന്മയ്ക്കുള്ള യഥാർത്ഥ സഹകരണമാക്കുന്നതിനും, പഞ്ചായത്തിലെ സഹകരണപ്രസ്ഥാനത്തിന്റെ പുരോഗതിയ്ക്കു നാടിന്റെ സമഗ്രവികസനത്തിനും ഓരോ മേഖലയും പ്രത്യേകം എടുത്ത് അവയുടെ പ്രശ്നങ്ങൾ പരിശോധിക്കേണ്ടതായിട്ടുണ്ട്. സഹകരണമേഖലയെ പ്രധാനമായും, കാർഷികം, ക്ഷീരോത്പാദകം, വ്യവസായം മാർക്കറ്റിംഗ് വിദ്യാഭ്യാസം എന്നിങ്ങനെ തിരിച്ച് വിലയിരുത്തിയിരിക്കുന്നത് പ്രയോജനകരമായിരിക്കും.

## കാർഷികമേഖല

കാർഷികരംഗത്ത് പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ ആറൻമുള സർവ്വീസ് സഹകരണബാങ്ക്, ആറാട്ടുപുഴ സർവ്വീസ് സഹകരണബാങ്ക് എന്നിവയാണ് A 703-ാം നമ്പർ ആറൻമുള സർവ്വീസ് സഹകരണബാങ്കിന് ഇപ്പോൾ 8069 അംഗങ്ങളുണ്ട്. ഈ സർവ്വീസ് സഹകരണബാങ്കിനെ ഇന്നത്തെ നിലയിൽ എത്തിക്കുന്നതിന് നിരവധി സഹകാരികളുടെ നിസ്വാർത്ഥ സേഴനം ലഭിച്ചിട്ടുണ്ട് എന്നുള്ളത് വിസ്മരിക്കാനാവാത്തതാണ്. 3,4, 5, 6 വാർഡുകൾ ഒഴികെ ബാക്കി എല്ലാ വാർഡുകളും, മുളങ്കുഴ പഞ്ചായത്തിലെ ചില ഭാഗങ്ങളും പ്രവർത്തനമേഖലയായ ഈ ബാങ്കിന്റെ ഹെഡ്ആഫീസ് നാൽക്കാലിക്കലും, കോട്ട, ഇടയാറൻമുള, ആറൻമുള എന്നിവിടങ്ങളിൽ ബ്രാഞ്ച് ആഫീസുകളുമുണ്ട്. ബാങ്കിന്റെ രൂപീകൃതലക്ഷ്യം ഒരു പരിധിവരെ കെവരിക്കുന്നതിൽ വിജയിച്ചിട്ടുണ്ട്. കാർഷിക വായ്പകൾ, സ്വർണ്ണപണയം, ഹയർപർച്ചേസ് എന്നിങ്ങനെ വായ്പകളും, പൊതുജനങ്ങളിൽനിന്ന് ഹ്യസ്വ-ദീർഘ-നിക്ഷേപങ്ങൾ സ്വീകരിച്ചും സാധാരണ ജനങ്ങളുടെയിടയിൽ ഉന്നതമായ പ്രവർത്തനം കാഴ്ചവയ്ക്കുന്നു. ഇതുപോലെതന്നെ - ൽ രൂപീകരിച്ച A 787-ാം നമ്പർ ആറാട്ടുപുഴ സർവ്വീസ് സഹകരണബാങ്ക് ആറാട്ടുപുഴ,

മാലക്കര, നീർവിളാകം, കുറിച്ചിമുട്ടം എന്നീ പ്രദേശങ്ങൾ കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്നു. 3201 അംഗങ്ങൾ ഉള്ള ഈ ബാങ്ക്-കാർഷിക-കാർഷികേതര വായ്പകൾ നല്കിയും, നിക്ഷേപങ്ങൾ സ്വീകരിച്ചും സജീവമായി പ്രവർത്തിക്കുന്നു.

കർഷകർക്ക് ആവശ്യമായ വളം, കീടനാശിനികൾ, ആസിഡ് ഇവ വാങ്ങി ന്യായവിലയ്ക്ക് വിതരണം നടത്തുന്നുണ്ട്. ഈ ബാങ്കുകൾ അംഗങ്ങളുടെ കാർഷികേതര ആവശ്യങ്ങൾ പരിഹരിക്കുന്നതിന് വിവിധ ഇനം വായ്പകൾ വിതരണം നടത്തിവരുന്നതിനും പുറമേ അംഗങ്ങൾക്കായി ചിട്ടികൾ നടത്തുകയും, സ്വർണ്ണപ്പണയവായ്പയും നിലവിലുണ്ട്. ഉത്സവകാലങ്ങളിൽ ഉത്സവകാല ചന്തകൾ നടത്തി ന്യായവിലയ്ക്ക് സാധനങ്ങൾ ലഭ്യമാകുന്നു. ആദ്യകാലങ്ങളിൽ കെട്ടുതെങ്ങ് പദ്ധതി നിലവിലുണ്ടായിരുന്നു ഇപ്പോൾ മുകളിൽപറഞ്ഞ രണ്ടുബാങ്കുകളിൽനിന്നായി കാർഷികവായ്പ ഇനത്തിൽ 15,89,495 രൂപയും, ഇതര വായ്പയിന്നത്തിൽ 93, 77, 739 രൂപയും വിതരണം ചെയ്തിട്ടുണ്ട്. 2, 31, 27, 410 രൂപ വിവിധിഇന നിക്ഷേപങ്ങളും ഈ ബാങ്കിലുണ്ട്. തിരഞ്ഞെടുത്ത ഭരണസമിതികളാണ് ബാങ്കിനെ നിയന്ത്രിക്കുന്നത്. കാർഷികരംഗത്ത് പ്രവർത്തിക്കുന്ന ജില്ലാ സഹകരണ ബാങ്കിന്റെ ബ്രാഞ്ച് ആഫീസ് കോട്ടയിൽ പ്രവർത്തിക്കുന്നുണ്ട്. ഒരു കാർഷികവികസന ബാങ്കിന്റെ അപര്യാപ്തത പഞ്ചായത്തിനെ സാരമായി ബാധിക്കുന്നുണ്ട്

## പ്രശ്നങ്ങൾ നിർദ്ദേശങ്ങൾ, സാദ്ധ്യതകൾ

1 പ്രാഥമിക സർവ്വീസ് സഹകരണബാങ്കിൽനിന്നും വ്യക്തി ജാമ്യത്തിന്റെ അടിസ്ഥാനത്തിൽ 10,000 രൂപവരെ വായ്പ നൽകുന്ന നിയമമുണ്ട്. ഇതിൽ സർക്കാർ ഉദ്യോഗസ്ഥൻമാരെ ജാമ്യം നിർത്തുന്ന രീതി ഒഴിവാക്കി വായ്പ എടുക്കുന്ന വ്യക്തിയുടെ ആസ്തികൾ ഈട് നൽകി വായ്പ അനുവദിക്കുന്ന നിയമം കൊണ്ടുവരിക. സർക്കാർ ഉദ്യോഗസ്ഥൻമാർ ജാമ്യം നിന്നു എന്ന പേരിൽ അവർക്കനുഭവപ്പെടുന്ന മാനസിക പീഢനങ്ങൾ ഒഴിവാക്കുകയും, സ്വന്തം ആസ്തിതന്നെ ഈട് നൽകുന്നതുകൊണ്ട് ലോൺ തിരിച്ചടയ്ക്കൽ ശുഷ്കാന്തി കാട്ടുകയും ചെയ്യും.

2 വിതരണം ചെയ്യുന്ന വായ്പകളുടെ തിരിച്ചടവ് യഥാകാലം നടക്കാത്തത് ബാങ്കിനെ സാമ്പത്തിക പ്രതിസന്ധിയിലെത്തിക്കുന്നു. ഇതൊഴിവാക്കാൻ വിതരണം ചെയ്ത വായ്പകൾ തിരിച്ചടപ്പിക്കുന്ന ഉത്തരവാദിത്വം ബാങ്ക് ഭരണസമിതിയും ജീവനക്കാരും ഏറ്റെടുക്കുകയും കൃത്യമായി ലോൺ തിരിച്ചടയ്ക്കുന്നവർക്ക് പ്രോത്സാഹന സമ്മാനപദ്ധതി ആവിഷ്ക്കരിക്കുകയും ചെയ്യുക.

3 കൂടുതൽ വായ്പകൾ വിതരണം നടത്തുന്നതിന് ആവശ്യമായ കൂടുതൽ ഫണ്ടുകൾ സ്വരൂപിക്കുകയും വായ്പാ വിതരണത്തിലെ കാലതാമസം ഒഴിവാക്കുകയും ചെയ്യുക.

4 കാർഷികവായ്പയ്ക്കുവേണ്ടി ദേശസാൽകൃത ബാങ്കുകളെ ആശ്രയിക്കുന്ന അവസ്ഥ ഒഴിവാക്കു

ന്നതിന് കർഷകർക്ക് വേണ്ടിയുള്ള കൂടുതൽ വായ്പാ പദ്ധതികൾ നടപ്പാക്കുകയും, പലിശനിരക്ക് കുറച്ച്, നിയമനടപടികൾ ലഘൂകരിച്ചും പരമാവധി ജനോപകാരപ്രദമാക്കുക.

5 വോട്ടവകാശമുള്ള എല്ലാവരേയും അതാത് പ്രദേശത്തെ സഹകരണസംഘങ്ങളിൽ അംഗങ്ങളാകാൻ പ്രേരിപ്പിക്കുകയും 'വീടിന്നൊരു സഹകാരി' സഹകാരിയ്ക്കൊരു നിക്ഷേപം എന്ന മുദ്രാവാക്യം നടപ്പിലാക്കുകുയും ചർച്ചാക്ലാസ്സുകൾ, സെമിനാറുകൾ എന്നിവ സംഘടിപ്പിക്കുകയും ചെയ്യുക.

6 കീടനാശിനികൾ, വളങ്ങൾ, വിത്തിനങ്ങൾ, എന്നിവ യഥാസമയങ്ങളിൽ വിതരണം ചെയ്യുക. അതോടൊപ്പം ഫലവൃക്ഷതൈകളും വിതരണം നടത്തുക.

7 മാവേലിസ്റ്റോറുകളെ മാതൃകയാക്കി സഹകരണ സംഘങ്ങളിലൂടെ നിത്യോപയോഗ സാധനങ്ങൾ വിതരണം ചെയ്യുന്ന കൺസ്യൂമർ സ്റ്റോറുകൾ തുറന്ന് പ്രവർത്തനം ആരംഭിക്കുക.

8 കാർഷിക വിളകൾക്കുള്ള ഇൻഷുറൻസ് സഹകരണസംഘങ്ങൾ ഏറ്റെടുത്ത് നടത്തുക.

9 ക്രെഡിറ്റ് കാർഡ് സിസ്റ്റം സർവ്വീസ് സഹകരണ ബാങ്കിൽ നടപ്പിൽവരുത്തുക. ബോധവൽക്കരണം നടത്തുകയും ചെയ്യുക.

10 പഞ്ചായത്തിന്റെ സാമ്പത്തിക ഇടപാടുകൾ അതായത് പഞ്ചായത്തിൽ പ്രവർത്തിക്കുന്ന സഹകരണ ബാങ്കുകൾവഴി നടത്തുക.

11 കശുവണ്ടി, കൊക്കോ, നാളികേരം, റബ്ബർപാൽ തുടങ്ങിയവ സഹകരസംഘങ്ങൾതന്നെ ഏറ്റെടുത്ത് സംസ്ക്കരിച്ച് വിപണിയിലെത്തിക്കുക.

12 പ്രാഥമിക സഹകരണ കാർഷിക വികസനബാങ്കിന്റെ ഒരു സബ്-ആഫീസ് ആറൻമുള പഞ്ചായത്തിൽ അനുവദിക്കുക, ദീർഘകാലവായ്പയ്ക്ക് പ്രാധാന്യം നൽകുകയും ചെയ്യുക.

13 ദുർബല വിഭാഗങ്ങൾക്ക് വേണ്ടിയുള്ള തനതായ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പാക്കുക.

14 ബാങ്കിന്റെ സേവനം എല്ലാവിഭാഗം ജനങ്ങൾക്കും പ്രദേശത്തും ലഭ്യമാക്കുന്നതിനായി കൂടുതൽ ബ്രാഞ്ചുകളോ കൗണ്ടറുകളോ തുറന്ന് പ്രവർത്തിക്കുക.

15 ആറൻമുള സർവ്വീസ് സഹകരണബാങ്കിന്റെ കോട്ട ബ്രാഞ്ചിൽ ഒരു സായാഹ്ന കൗണ്ടർ തുറക്കുക

16 പ്രാഥമിക സഹകരണബാങ്കിന്റെ പ്രവർത്തനം സേവനരംഗത്തുകൂടി വ്യാപിപ്പിക്കുക.

17 നിർബന്ധ ഗ്രൂപ്പ് ഫാമിംഗ് ഏർപ്പെടുത്തുക.

18 Poultry farming കോട്ട കേന്ദ്രമാക്കി സംഘടിപ്പിക്കുക.

19 വല്ലന-കുറിച്ചിമുട്ടം കേന്ദ്രമാക്കി സഹകരണ ബാങ്കിന്റെ ബ്രാഞ്ച് ഓഫീസ് തുറക്കുക, വളം ഡിപ്പോ ആരംഭിക്കുകയും ചെയ്യുക.

20 വായ്പാ വിനിയോഗം വിലയിരുത്തുകയും മനുഷ്യന്റെ എല്ലാ ആവശ്യത്തിനും വായ്പകൾ ലഭ്യമാക്കുകയും, 'സ്കീമാറ്റിക്' വായ്പകൾ ആവിഷ്ക്കരിക്കുകയും ചെയ്യുക.

## ക്ഷീരവ്യവസായം

ക്ഷീരോൽപാദകരംഗത്ത് ആറൻമുള പഞ്ചായത്ത് വളരെയേറെ പിന്നിലാണ്. ഈ രംഗത്ത് സജീവമായ പ്രവർത്തനം ഉണ്ടാകേണ്ടിയിരിക്കുന്നു. ധാരാളം തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുവാൻ കഴിയുന്ന ഈ മേഖലയിൽ രണ്ട് ക്ഷീരോൽപാദക സഹകരണ സംഘം മാത്രമാണുള്ളത്. പഞ്ചായത്തിലെ മുഴുവൻ ക്ഷീര കർഷകരും ഈ സംഘങ്ങളുടെ പരിധിയിൽ വന്നിട്ടില്ല.

## പ്രശ്നങ്ങൾ,നിർദ്ദേശങ്ങൾ,സാദ്ധ്യതകൾ

1 ക്ഷീരകർഷകരിൽ ഭൂരിഭാഗവും പൊതുവിപണിയിൽ പാൽ വിറ്റഴിക്കുകയാണ്. അതുകൊണ്ട് ക്ഷീരോൽപ്പാദക സഹകരണസംഘത്തിന്റെ പരിധിയിൽ വരാത്ത വാർഡുകളിൽ ക്ഷീരസംഘങ്ങളോ, നിലവിലുള്ളവയുടെ കളക്ഷൻ കേന്ദ്രങ്ങളോ തുറന്ന് പ്രവർത്തിക്കുക.

2 പാലുല്പന്നങ്ങൾ നിർമ്മിക്കുന്ന ഒരു ക്ഷീരോൽപ്പന്ന വ്യവസായസഹകരണസംഘം ആറൻമുള പഞ്ചായത്തിൽ കോട്ടപൊയ്ക്കമുക്കിന് തുറന്ന് പ്രവർത്തിക്കാവുന്നതാണ്. (അല്ലെങ്കിൽ അനുകൂലമായ മറ്റുപ്രദേശത്ത്)

3 ക്ഷീരകർഷകരെ ക്ഷീരസംഘത്തിൽ അംഗങ്ങളാക്കുവാൻ അടിയന്തിരശ്രദ്ധ ചെലുത്തുകയും തടസ്സമായി നിൽക്കുന്ന നിയമങ്ങൾ മാറ്റുകയും ചെയ്യുക.

4 ക്ഷീരോത്പാദക സഹകരണസംഘത്തിലെ ജീവനക്കാർക്ക് മാന്യമായ സേവനവേതന പദ്ധതി നടപ്പിലാക്കുകുയും, മിൽമായിൽനിന്നുള്ള സേവനം ഊർജ്ജിതപ്പെടുത്തുകയും ചെയ്യുക.

5 ക്ഷീരകർഷകർക്കുവേണ്ടി കാലിത്തീറ്റയും ഔഷധങ്ങളും ന്യായമായ വിലയ്ക്ക് സംഘത്തിലൂടെ വിതരണം ചെയ്യുക.



## വ്യവസായ മേഖല

വ്യവസായികരംഗത്ത് വളരെ പിന്നിലായ പഞ്ചായത്തിൽ വ്യവസായ സഹകരണസംഘങ്ങൾക്ക് വളരെയേറെ പ്രസ്ക്തിയുണ്ട്. ഈ പഞ്ചായത്തിൽ വ്യവസായ സഹകരണ സംഘങ്ങൾ നിലവിലില്ല. ഖാദിബോർഡുമായി ബന്ധപ്പെട്ട ഒരു ഖാദി ഉൽപ്പാദക വ്യവസായ സഹകരണസംഘം കോട്ടയിൽ ഉള്ളത് പ്രവർത്തനരഹിതമാണ്. ഇതിന്റെ പ്രവർത്തനം പുനഃരാരംഭിച്ച് വ്യവസായരംഗത്ത് മെച്ചപ്പെട്ട പ്രവർത്തനം കാഴ്ചവെയ്ക്കാൻ വൻസാദ്ധ്യതയുണ്ട്.

### പ്രശനങ്ങൾ, നിർദ്ദേശങ്ങൾ സാദ്ധ്യതകൾ

1. പ്രവർത്തനം മുടങ്ങിക്കിടക്കുന്ന A. 84-ാം നമ്പർ ഖാദി ഉദ്പാദക വ്യവസായ സംഘത്തിന്റെ പ്രവർത്തനം പുനരാരംഭിച്ച് ഖാദിത്തുണിത്തരങ്ങൾ, സോപ്പ്, മെഴുകുതിരി, അഗർബത്തികൾ, മെഡിസിൻ കവർ തുടങ്ങിയവയുടെ നിർമ്മാണം നടത്തുകയും ചെയ്യുക.
2. കർമ്മോന്മുഖമായ ഒരു വനിതാ വ്യവസായ സഹകരണസംഘം പഞ്ചായത്ത് കേന്ദ്രമാക്കി ആരംഭിക്കുകയും വാർഡു തലത്തിൽ അതാത് പ്രദേശത്തിന്റെ വിഭവ ലഭ്യത അനുസരിച്ച് യൂണിറ്റുകൾ രൂപീകരിക്കുകയും ചെയ്യുക.

   ഉദാ. തയ്യൽ യൂണിറ്റുകൾ, മെഴുകുതിരി നിർമ്മാണം, സോപ്പ്, അഗർബത്തികൾ, അച്ചാറുകൾ, റെഡിമെയ്ഡ് വസ്ത്രങ്ങൾ, കളിപ്പാകൾ, ബാഗുകൾ തുടങ്ങിയവ.
3. റബ്ബറുല്പന്നങ്ങൾ നിർമ്മിക്കുന്നതി ഒരു വ്യവസായ സംഘം രൂപീകരിക്കുക. റബ്ബർ ലഭ്യത കൂടുതലുള്ള പ്രദേശങ്ങളിൽ ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിന് യൂണൂറ്റുകൾ അനുവദിയ്ക്കുക. റബ്ബർ ചെരുപ്പുകൾ, റബ്ബർ ബാൻഡുകൾ, ബലൂണുകൾ, ഇവയ്ക്കുവേണ്ടി ചെറുകിട ഫാക്ടറികൾ സ്ഥാപിക്കുന്നതിന് നല്ല സാധ്യത കാണുന്നു.
4. ഗതാഗത രംഗത്ത് സഹകരണസംഘങ്ങൾ സ്വാധീനം ഉറപ്പിക്കുക. ബസ്സ് സർവ്വീസുകൾ പഞ്ചായത്തിൽ ആരംഭിക്കുക.

## മാർക്കറ്റിംഗ്

മാർക്കറ്റിംഗ് രംഗത്ത് പ്രവർത്തിക്കുവാൻ സജീവമായ സഹകരണസംഘം നമ്മുടെ പഞ്ചായത്തിലില്ല. പന്തളം റബ്ബർ മാർക്കറ്റിംഗ് സൊസൈറ്റിയുടെ ഒരു കളക്ഷൻ ആഫീസ് കോട്ടയിൽ പ്രവർത്തിക്കുന്നു. ഇതിന് ജനകീയ അടിത്തറ ഇവിടെയില്ല. ഇതിന്റെ പ്രവർത്തനം വിപുലീകരിച്ചും പുതിയ മാർക്കറ്റിംഗ് സംഘങ്ങൾ രൂപാകരിച്ചും വളരെയേറെ മാറ്റങ്ങളുണ്ടാക്കാൻ കഴിയും.

### പ്രശ്നങ്ങൾ,നിർദ്ദേശങ്ങൾ,സാധ്യതകൾ

1. ഒരു റബ്ബർ മാർക്കറ്റിംഗ് സഹകരണസംഘം പഞ്ചായത്തടിസ്ഥാനത്തിൽ രൂപീകരിക്കുക.
2. വാർഡുകൾതോറും കളക്ഷൻ സെന്ററുകൾ സ്ഥാപിക്കുകയും ഉയർന്ന വില ഉറപ്പാക്കുകയും ചെയ്യുക.
3. റബ്ബർ ലഭ്യത കൂടുതലുള്ള വാർഡുകളിൽ റബ്ബർ സംസ്കരണസംഘം വ്യവസായികാടിസ്ഥാനത്തിൽ പ്രവർത്തിക്കുക.
4. കേരകർഷക സഹകരണസംഘം, കേര സംസ്കരണ വ്യവസായ സഹകരണസംഘം എന്നിവ അനുകൂലമായ പ്രദേശങ്ങളിൽ രൂപീകരിക്കുക.
5. നെല്ലുല്പാദക സഹകരണ സംഘങ്ങൾ രൂപീകരിക്കുക. നെല്ല് സംഭരണം നടത്തുകയും, വിലനിർണയം നടത്തുകയും ചെയ്യുക.
6. പഴം, പച്ചക്കറി രംഗത്ത് ഇടപെടലുകൾ നടത്തുക.

## തൊഴിൽ, വിദ്യാഭ്യാസം,ആരോഗ്യം.

ഈ മേഖലകളിൽ പ്രവർത്തിക്കുന്ന സഹകരണ സ്ഥാപനങ്ങൾ ഒന്നും തന്നെയില്ല നമ്മുടെ പഞ്ചായത്തിൽ. നാടിന്റെ വികസനത്തിന് ഈ രംഗങ്ങളിലും സഹകരണസംഘങ്ങൾ ശ്രദ്ധ ചെലുത്തണം.

### നിർദ്ദേശങ്ങൾ, സാധ്യതകൾ.

1. ആറന്മുള പഞ്ചായത്തിൽ വയർമെൻലൈസെൻസ് നേടിയിട്ടുള്ള അഭ്യസ്ത വിദ്യരായ തൊഴിൽ രഹിതർക്കുവേണ്ടി ഒരു സഹകരണസംഘം രൂപീകരിക്കുകയും ഈ സംഘങ്ങൾ വഴി ഇലക്ട്രിക്കൽ ഉപകരണങ്ങൾ വിൽക്കാനുള്ള സൗകര്യങ്ങളും ചെയ്തുകൊടുക്കുകയും ചെയ്യുക.
2. Labour Contract സൊസൈറ്റി രൂപീകരിക്കുക.
3. പ്രാഥമിക ആരോഗ്യകേന്ദ്രങ്ങൾ സഹകരണ മേഖലയിൽ സ്ഥാപിക്കുക. പ്രതിരോധ കുത്തിവയ്പുകൾ, രക്തഗ്രൂപ്പു നിർണ്ണയം, ആരോഗ്യബോധവൽക്കരണം തുടങ്ങിയവ ഈ ആരോഗ്യ കേന്ദ്രങ്ങൾ വഴി നടത്തുക.
4. പ്രവർത്തന ഹരിതമായ കിടങ്ങന്നൂർ വില്ലേജ് ഹരിജൻ സഹകരണ സംഘം കൂടുതൽ പ്രാതിനിധ്യവും പ്രവർത്തനവും നടത്താൻ കഴിയുന്ന സ്ഥലത്തേയ്ക്ക് മാറ്റി പ്രവർത്തിപ്പിക്കുക.
5. പഞ്ചായത്തിൽ ഒരു സഹകരണ സ്പിന്നിംഗ് മില്ലിന് നല്ല സാധ്യത കാണുന്നു. രൂപീകരിച്ചാൽ പഞ്ചായത്തിന് ഒരു അനുഗ്രഹകരമായിരിക്കും.
6. കോട്ട പൊയ്കമുക്ക് കേന്ദ്രമാക്കി ഒരു സഹകരണ ഷോപ്പിംഗ് കോംപ്ലക്സും പണിയുക.

7. സഹകരണമേഖലയിൽ ഒരു സ്വയം തൊഴിൽ പരിശീലനകേന്ദ്രം ഉന്നത വിദ്യാഭ്യാസത്തിന് സൗകര്യ മില്ലാത്ത പഞ്ചായത്തിൽ പോളിടെക്നിക്ക്, ഡിഗ്രി കോളേജ്, കമ്പ്യൂട്ടർ സെന്ററുകൾ എന്നിവ കോട്ട, കിടങ്ങന്നൂർ, ആറന്മുള എന്നീ പ്രദേശങ്ങളിൽ തുറക്കുക.

8. സ്വന്തമായി കെട്ടിടങ്ങൾ ഇല്ലാത്ത സഹകരണസംഘങ്ങൾക്ക് പഞ്ചായത്ത് പുറംപോക്ക് സ്ഥലങ്ങളിൽ അവ നിർമ്മിച്ചു നൽകുവാൻ വേണ്ട ക്രമീകരണങ്ങൾ നടത്തുക.

9. തച്ചുശാസ്ത്രം, പ്രാചീനകലകൾ തുടങ്ങിയവയിൽ പ്രാവീണ്യം നേടിയവർക്ക് ക്ഷേമനിധികൾ സംരക്ഷണസ്ഥാപനങ്ങൾ ഏറ്റെടുത്ത് നടത്തുകയും, ധനസഹായം നൽകുകയും ചെയ്യുക.

10. പഞ്ചായത്തിൽ ഒരു ഓട്ടോറിക്ഷാ സഹകരണസംഘം, പട്ടികജാതി സഹകരണസംഘം, ഈറ്റ സഹകരണസംഘം, വനിതാ ചാരിറ്റബിൾ സൊസൈറ്റി തുടങ്ങിയവ അനുയോജ്യമായ പ്രദേശങ്ങളിൽ രൂപീകരിച്ച് പ്രവർത്തിക്കാവുന്നതാണ്.

11. പഞ്ചായത്തിൽ സ്കൂൾ സഹകരണസംഘങ്ങളുടെ പ്രവർത്തനം പുതിയതായി ആരംഭിക്കേണ്ടിയിരിക്കുന്നു. പാഠോപകരണങ്ങൾ ന്യായമായ വിലയ്ക്ക് നൽകുവാൻ ഈ സംഘങ്ങൾക്ക് കഴിയും. വനിതാ വ്യവസായ സഹകരണസംഘങ്ങളുടെ ഉല്പന്നങ്ങളായ, നോട്ടുബുക്കുകൾ വിവിധ തരത്തിലുള്ള പാഠ്യ- പാഠ്യേതരസാധനങ്ങളും സ്കൂൾ തലത്തിൽ കൂടി വിറ്റഴിക്കാം. സ്കൂൾ സഹകരണസംഘങ്ങൾ രൂപീകരിക്കുമ്പോൾ ഒരു സെക്രട്ടറിയും സെയിൽസ്മാനും ഉണ്ടായാൽ നല്ല രീതിയിൽ പ്രവർത്തിക്കുവാൻ കഴിയും. തൊഴിലവസരവും ലഭ്യമാകും.

5-11

# പട്ടികജാതി/വർഗ്ഗക്ഷേമം

സംസ്ഥാനത്തെ രണ്ടാമത്തെതും ജില്ലയിലെ ഒന്നാമത്തേതുമായ എഴിക്കാട് ഹരിജൻ കോളനി. നമ്മുടെ പഞ്ചായത്തിലാണ്. ആറന്മുള ഗ്രാമപഞ്ചായത്തിൽ 38 ഹരിജൻകോളനികളിലായി 2057 പട്ടികജാതീ കുടുംബങ്ങൾ അധിവസിക്കുന്നു. പ്രഖ്യാപിത കോളനികളിലല്ലാതെയും ഹരിജൻ കുടുംബങ്ങൾ ഉണ്ട്. 1500 കുടുംബങ്ങൾക്കു വാസയോഗ്യമായ വീടുകളില്ല. ഈ പഞ്ചായത്തിലെ പട്ടികജാതിക്കാരുടെ പിന്നോക്കാവസ്ഥ പലരംഗങ്ങളിലും പൂർണ്ണമായി പരിഹരിക്കാനായിട്ടില്ല. അടിസ്ഥാന സൗകര്യങ്ങളുടെ കുറവും സാനിട്ടേഷൻ സൗകര്യങ്ങളുടെ അപര്യാപ്തതയും ഇവരുടെ ആരോഗ്യസ്ഥിതിയെ ബാധിക്കുന്നുണ്ട്. 55 ശതമാനം വീടുകളും വൈദ്യുതീകരിച്ചിട്ടില്ല. കോളനികളിലേക്കുള്ള ഗതാഗതസൗകര്യങ്ങളിലും പോരായ്മയുണ്ട്. പട്ടിക 1 കാണുക

വിദ്യാഭ്യാസപരമായും പിന്നോക്കാവസ്ഥ നിലനില്ക്കുന്നു. പട്ടികജാതി വിഭാഗത്തിലെ കുട്ടികൾ മുഴുവൻ സ്കൂളിൽ പ്രവേശിക്കുന്നു എങ്കിലും ഹൈസ്ക്കൂൾതലം പൂർത്തിയാക്കാതെ കൊഴിഞ്ഞുപോകുന്നവരും മെട്രിക്കുലേഷനുശേഷം വിദ്യാഭ്യാസം തുടരാത്തവരും നിരവധിയാണ്. നാട്ടിൻ പുറത്ത് സാധാരണ വിദ്യാലയങ്ങളിലാണ് ഭൂരിപക്ഷം പട്ടികജാതി വിഭാഗം വിദ്യാർത്ഥികളും പഠിക്കുന്നത്. അദ്ധ്യയനനിലവാരത്തിലുണ്ടായിരിക്കുന്ന പൊതുതകർച്ച കൂടുതൽ ബാധിക്കുന്നത് ഈ വിഭാഗത്തെയാണ്.

പട്ടികജാതി വിഭാഗത്തിൽ ഇതരമേഖലകളിൽ ജോലി ചെയ്യുന്നവരുണ്ടെങ്കിലും 75 ശതമാനം ആളുകളും കാർഷികമേഖലയിലാണ് പണിയെടുക്കുന്നത്. ജാതീയതയുടെ അവശിഷ്ടങ്ങൾ ഇനിയും അവശേഷിക്കുന്നു. ഭൂരിഭാഗം പട്ടികജാതിക്കാരും പത്തുസെന്റുമുതൽ താഴോട്ടു വിസ്തൃതിയിലുള്ള ഭൂമിയിലാണ് താമസിക്കുന്നത്. ഇവർക്ക് കൃഷിഭൂമിയുണ്ടാവുക എന്നത് സ്വപ്നമായി അവശേഷിക്കുന്നു.

## പ്രശ്നങ്ങൾ

1. കോളനികളിലെയും ഒറ്റപ്പെട്ടു താമസിക്കുന്ന പട്ടികജാതി കുടുംബങ്ങളുടെയും അടിസ്ഥാന സൗകര്യങ്ങൾ പരിമിതമാണ്.
2. കോളനികളിലെ ശുചിത്വപരിപാലന സൗകര്യങ്ങൾ തൃപ്തികരമല്ല.
3. ധാരാളം പട്ടികജാതി കുടുംബങ്ങൾ ബന്തവസ്സില്ലാത്ത ചെറ്റപ്പുരകളിൽ പാർക്കുന്നുണ്ട്.
4. ലക്ഷംവീടുകോളനികളിലെ ഇരട്ട കുടുംബ സംവിധാനം പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു.
5. പഞ്ചായത്തു ധനസഹായത്തോടെ വയറിംഗ് പൂർത്തിയാക്കിയ ധാരാളം വീടുകൾക്ക് വൈദ്യുതി കണക്ഷൻ ലഭിച്ചിട്ടില്ല.
6. ഉദ്യോഗസ്ഥന്മാരുടെ ഒത്താശയോടെ വ്യാജജാതി സർട്ടിഫിക്കറ്റ് സംഘടിപ്പിച്ച് ആനുകൂല്യം തട്ടിയെടുക്കുന്ന പ്രവണത നിലവിലുണ്ട്.
7. പട്ടികജാതിക്കാർക്ക് ഭൂരിപക്ഷത്തിനും കൃഷിഭൂമി ഇല്ല.
8. കാർഷികേതര മേഖലയിൽ തൊഴിൽ ലഭ്യത കുറവാണ്.
9. പട്ടികജാതി/വർഗ്ഗ ക്ഷേമത്തിനുള്ള തുക വകമാറ്റി ചെലവഴിക്കുകയോ, വികസന പദ്ധതികൾ നടപ്പാക്കുമ്പോൾ കാലതാമസം വരുത്തുകയോ ചെയ്യുന്ന സ്വഭാവം കാണുന്നു.

## നിർദ്ദേശങ്ങൾ/സാദ്ധ്യതകൾ

1. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിലെ കുട്ടികൾക്ക് ഒന്നുമതുൽ പത്തുവരെ ഭക്ഷണം, വസ്ത്രം, പഠനോപകരണങ്ങൾ സൗജന്യമാക്കണം
2. കർഷകതൊഴിലാളി പെൻഷൻ വർദ്ധിപ്പിക്കുകയും ഗ്രാമപഞ്ചായത്തുകൾ വഴി വിതരണം ചെയ്യുകയും ചെയ്യുക.
3. ഗ്രാന്റ്, ലോൺമുതലായവയ്ക് ഏർപ്പെടുത്തിയിരിക്കുന്ന 50 രൂപാ മുദ്രപത്രം ഒഴിവാക്കുക.
4. രക്ഷകർത്താക്കളില്ലാത്ത പെൺകുട്ടികളുടെ വിവാഹച്ചെലവിന് അനുവദിച്ചിട്ടുള്ള തുക വർദ്ധിപ്പിക്കുക.

5. കർഷകതൊഴിലാളി ക്ഷേമനിധിയിൽ പണമടച്ചു പൂർത്തിയാക്കിയ പട്ടികജാതി/വർഗ്ഗക്കാർക്ക് സൂപ്പർ ആനുകൂല്യം കൊടുക്കുക.
6. പട്ടികജാതി/വർഗ്ഗക്കാരുടെ വീടുകളുടെ അറ്റകുറ്റപ്പണികൾക്കു ധനസഹായം ചെയ്യുക.
7. പട്ടികജാതി/വർഗ്ഗക്കാരിൽ വീട്ടിൽ ഒരാളിന് എങ്കിലും ഗവൺമെന്റ് ജോലി നല്കുക.
8. സ്വയംതൊഴിൽ പദ്ധതിയിലൂടെ പണം ലഭിക്കുന്നതിനുള്ള താമസം ഒഴിവാക്കുക.
9. പട്ടികജാതിക്കാരായ മുഴുവൻപേർക്കും സൗജന്യ ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി ഏർപ്പെടുത്തുക.
10. പട്ടികജാതിക്കാരുടെ കടം എഴുതിത്തള്ളുക
11. പട്ടികജാതി/വർഗ്ഗത്തിൽപ്പെട്ട കർഷകർക്ക് വിത്ത്, വളം, കീടനാശിനികൾ, കാർഷികോപകരണങ്ങൾ എന്നിവ സൗജന്യമായി നല്കുക.
12. വയറിംഗ് നടത്തിയ വീടുകൾക്ക് കണക്ഷൻ നല്കുക
13. എല്ലാ സെറ്റിൽമെന്റ് കോളനികളിലും വായനശാലയും സാംസ്കാരിക കേന്ദ്രങ്ങളും സ്ഥാപിക്കുക.

    കോളനികൾക്ക് T.V. സെറ്റ് നല്കുക.
14. പരമ്പരാഗത തൊഴിൽ ചെയ്യുന്നവർക്ക് അസംസകൃത വസ്തുക്കൾ ലഭ്യമാക്കുക.
15. കോളനികളിൽ ജലവിതരണ കേന്ദ്രങ്ങൾ സ്ഥാപിക്കുക.
16. പട്ടികജാതി/വർഗ്ഗവികസന കോർപ്പറേഷൻ നല്കുന്ന ബാങ്കുവായ്പ ഉദാരമാക്കുക.
17. വീട് ഓടുമേയുന്നതിനും മറ്റും നല്കുന്ന സഹായധനം ഉയർത്തുക.
18. കോളനികളിലേക്കുള്ള റോഡുകൾ നന്നാക്കി വഴിവിളക്കുകൾ സ്ഥാപിക്കുക.
19. പട്ടികജാതി കോളനികളിൽനിന്നും ഗ്രാമത്തിന്റെ വിവിധ കേന്ദ്രങ്ങളിലേക്കും പഞ്ചായത്ത് വില്ലേജ് ആഫീസുകളിലേക്കും ബസ് സൗകര്യം ഏർപ്പെടുത്തുക.
20. പട്ടികജാതി/വർഗക്കാരുടെ ജീവിതനിലവാരവും അടിസ്ഥാന സൗകര്യങ്ങളും വർദ്ധിപ്പിക്കാനുള്ള പദ്ധതികൾ നടപ്പാക്കുമ്പോൾ അതതു വാർഡുകളിലെ ഗുണഭോക്താക്കളുടെ പങ്കാളിത്തവും സേവനവും ഉപയോഗപ്പെടുത്തിക്കൊണ്ട് ഇടത്തട്ടുകാരെ ഒഴിവാക്കുക.
21. മിശ്രവിവാഹിതർക്കുള്ള ധനസഹായം വർദ്ധിപ്പിക്കുക.
22. പട്ടികജാതിക്കാരുടെ ഭൂമിയുടെ അതിരുകൾ സംരക്ഷിക്കാൻ പദ്ധതികൾ ആവിഷ്ക്കരിച്ചു നടപ്പിലാക്കുക.
23. ഈറ്റ, പായ് തൊഴിലാളികൾക്ക് വാർദ്ധക്യകാല പെൻഷൻ നല്കുക.
24. പട്ടിജാതിക്കാരുടെ ഉല്പന്നങ്ങൾ സംഭരിച്ച് വിപണനം നടത്താൻ പ്രത്യേക സംവിധാനം ഏർപ്പെടുത്തുക.
25. എഴിക്കാട് കോളനിയിൽ ഒരു ഗ്രന്ഥശാല സ്ഥാപിക്കണം.
26. ഇടശ്ശേരിമല, വല്ലന, കിടങ്ങന്നൂർ, കോട്ട ലക്ഷം വീടുകോളനികൾ, എരുമക്കാട് ഭൂരഹിത കർഷക തൊഴിലാളി കോളനി, പേരങ്ങാട്ട് കോളനി എഴിക്കാട് കോളനി ഇവയുടെ അതിരുകൾ സംരക്ഷിക്കുക- ചുറ്റുമതിൽ കെട്ടുക.

## പട്ടിക 1

## പട്ടികജാതി കോളനികളുടെ പൊതുസ്ഥിതി

| വാർഡ് | നമ്പർ | കോളനിയുടെ സ്ഥാനം | റോഡ് | വൈദ്യുതി | കുടിവെള്ളം |
|---|---|---|---|---|---|
| I | 1 | | IX | IX | IX |
| | 2.1. | പാട്ടുകളും-പുങ്ങകോളനി | N | N | N |
| | 3.2 | വലക്കടവിൽ കോളനി | N | N | N |
| | 4.3 | കൊണ്ടൂർമല കോളനി-ലക്ഷംവീട് | N | N | N |
| | 5.4 | നെടിയകാലാ-ഐക്കരമല കോളനി | N | N | N |
| II | 7.6 | കോമാട്ടു കോളനി | N | N | N |
| | 8.7 | ചെല്ലിമല കോളനി | N | N | N |
| III | 9.8 | ആനംതിട്ട കോളനികൾ | N | N | N |
| | 10.9 | താന്നിക്കുന്നു കോളനി | P | P | P |
| | 10 | പുളിന്താനം കോളനി | P | N | N |
| IV | | കോളനി ഇല്ല | | | |
| V | 11 | പേരങ്ങാട്ടു കോളനി | A | P | N |
| | 12 | കല്ലുവരമ്പ് കോളനി | P | P | N |
| | 13 | മലമോടി ഹരിജൻ കോളനി | P | P | N |
| | 14 | പുന്നട്ടുകുന്നു ഹരിജൻ കോളനി | P | P | N |
| VI | 15 | എഴിക്കാട് ഹരിജൻ കോളനി | A | P | A |
| | 16 | പൊട്ടൻമല സെറ്റിൽമെന്റ് കോളനി | N | N | N |
| | 17 | പരുത്തിപ്പാറ സെറ്റിൽമെന്റ് കോളനി | P | N | N |
| | 18 | ഇരപ്പൻപാറ സെറ്റിൽമെന്റ് കോളനി | P | N | N |
| VII | 19 | തുരുത്തിമല സെറ്റിൽമെന്റ് | P | P | N |
| | 20 | പുലിക്കുന്നിൽ സെറ്റിൽമെന്റ് | A | P | P |
| | 21 | എരുമക്കാട് സെറ്റിൽമെന്റ് | A | P | P |
| | 22 | എരുമക്കാട് ഭൂരഹിത കോളനി | P | P | P |
| VIII | 23 | നെടിയുഴത്തിൽ ഭാഗം കോളനി | N | N | N |
| | 24 | പേഴുംകാട്ട് ഹരിജൻ കോളനി | N | P | N |
| | 25 | പ്രിയദർശിനി ഹരിജൻ കോളനി | A | A | N |
| | 26 | കരിങ്ങാട്ടിൽ-പനംതോട്ടം കോളനി | N | N | N |
| IX | 27 | വല്ലന ചുട്ടിപ്പാറ ഹരിജൻ കോളനി | N | N | P |
| | 28 | ചരിവുകാലാ ഹരിജൻ കോളനി | N | N | N |
| | 29 | എരപ്പിൽപാറ സെറ്റിൽമെന്റ് കോളനി | N | N | N |
| | 30 | കാവിരിക്കുന്നതിൽ ലക്ഷംവീട് കോളനി | A | P | P |
| X | 31 | മയ്യാവിൻ സെറ്റിൽമെന്റ് കോളനി | P | P | P |
| | 32 | കോട്ടലക്ഷം വീടുകോളനി | P | P | P |
| XI | 33 | കോഴിമല സെറ്റിൽമെന്റ് കോളനി | P | P | P |
| | 34 | പുന്നമല സെററിൽമെന്റ് കോളനി | P | P | P |
| XII | 35 | കിടങ്ങന്നൂർ ഹരിജൻ കോളനി | P | P | P |
| | 36 | കവും കോട്ടുകുളം-കൊച്ചുമല സെറ്റിൽമെന്റ് | P | N | N |
| | 37 | കടുവാക്കാട്-തത്തംകോട് സെററിൽമെന്റ് | P | P | P |
| | 38 | മുടിമല സെറ്റിൽമെന്റ് | P | P | N |

സൂചന
**A** ഉണ്ട്
**N** ഇല്ല
**P** ഭാഗികം

# 5-11

# വിഭവസമാഹരണം

ഒരു പഞ്ചായത്തിന്റെ സമഗ്രവികസനത്തിനുള്ള പരിപാടികൾ ആവിഷ്ക്കരിക്കുമ്പോൾ ആ വികസന പ്രവർത്തനം വിജയകരമായി പൂർത്തിയാക്കാൻ ആവശ്യമായ വിഭവങ്ങൾ അന്വേഷിക്കേണ്ടത് പ്രധാനസംഗതിയാണ്. സ്വാതന്ത്ര്യസമ്പാദനത്തിനുമുമ്പു നാട്ടിൽ വേണ്ടകാര്യങ്ങൾ രാജാവ് ചെയ്യിച്ചിരുന്നു. അതിൽ ജനപങ്കാളിത്തം ഇല്ലാ യിരുന്നതുപോലെ സ്വാതന്ത്ര്യാനന്തരവും ആസൂത്രണവും വികസനവും മുകളിൽ നന്നായിരുന്നതിനാൽ ഒരു വികസന പ്രവർത്തനത്തിലും ജനങ്ങളുടെ സംഭാവന പ്രധാനമായി കണ്ടില്ല. കഴിഞ്ഞ ചില പഞ്ചവത്സര പദ്ധതികളിൽ ഭാഗികമായി ഫണ്ട് അനുവദിക്കുകയും ബാക്കി ജനപങ്കാളിത്തവും എന്നു നിശ്ചയിച്ചിരുന്ന പ്രവർത്തനങ്ങളിൽ പോലും ലഭിച്ച ഫണ്ടുകൊണ്ട് പ്രവർത്തനം നടത്തുകയും ജനപങ്കാളിത്തം കടലാസിൽ മാത്രമാവുകയും ചെയ്തിട്ടുണ്ട്. അതു പരിഹരിക്കാനും തങ്ങൾക്ക് ആവശ്യമായ വികസനപ്രവർത്തനം എന്തെന്ന് നിശ്ചയിക്കാനും ഈ അധികാരത്തോടൊപ്പം അതിനാവശ്യമായ വിഭവങ്ങൾ അവർ തന്നെ കണ്ടെത്താനുള്ള ചുമതലയും ജനങ്ങൾക്ക് നല്കിയിരിക്കുകയാണ്. ജനകീയാസൂത്രണ പ്രസ്ഥാനത്തിൽ പഞ്ചായത്തിന്റെ ആയാലും സർക്കാരിന്റെ ആയാലും ഫണ്ടുകൾ മുഴുവൻ ജനങ്ങളുടെ നികുതി പണം കൊണ്ട് സ്വരൂപിക്കുന്നതാണ്.

വിഭവം എന്ന പദം കൊണ്ട് ഉദ്ദേശിക്കുന്നത് നികുതികളിലൂടെയും ഗ്രാന്റുകളിലൂടെയും പഞ്ചായത്തിന്റെ വശം വന്നുചേരുന്ന പണം മാത്രമല്ല. പഞ്ചായത്തിൽ ലഭ്യമാകുന്ന മനുഷ്യപ്രയത്നവും വിദേശനാണ്യവും പ്രധാന വിഭവമാണ്. ഗ്രാമത്തിലെ മുഴുവൻ ആളുകൾക്കും ആവശ്യമായ വീടുകൾ, കക്കൂസുകൾ, സ്ക്കൂളുകൾ, ഗതാഗത സൗകര്യം മുതലായവ ഒരുക്കാൻ ആവശ്യമായ പണം ഇല്ലാതെ പഞ്ചായത്തുകൾ വിഷമിക്കുന്നുണ്ട്.

നമ്മുടെ പഞ്ചായത്തിന്റെ ഇപ്പോഴുള്ള പ്രധാന മാർഗ്ഗങ്ങൾ കെട്ടിടനികുതി, തൊഴിൽനികുതി, വിദേശ ജോലിക്കാരുടെ എണ്ണം വിവിധ ലൈസൻസ് ഫീസുകൾ, വിനോദനികുതി, പബ്ലിക്ക് മാർക്കറ്റ് എന്നിവ കൂടാതെ പല ജനങ്ങളിലായി ലഭിക്കുന്ന ഗവൺമെന്റ് ഫണ്ടുകൾ ഇവയാണ്. പമ്പാനദിയിലെ മണൽ നമ്മുടെ പ്രധാന ഒരു വരുമാനമാർഗ്ഗം ആയിരുന്നു. പരിസ്ഥിതിപ്രശ്നങ്ങളുടെ പേരിൽ മണൽ വരൽ നിരോധിക്കപ്പെട്ടു. അതിനുശേഷം പരിമിതമായ തോതിൽ മണൽ വരൽ അനുമതി നല്കി എങ്കിലും അതു മൂലമുള്ള വരുമാനം ഗണ്യമായി കുറഞ്ഞു. ഈ പരിമിതമായ പണം കൊണ്ട് നമ്മുടെ വികസനാവശ്യങ്ങൾ പൂർത്തികരിക്കാൻ കഴിയുകയില്ല.

പുതിയ വരുമാന മാർഗ്ഗങ്ങൾ കണ്ടെത്തുന്നതുപോലെ പ്രധാനമാണ് വരുമാനത്തിലെ നഷ്ടം കണ്ടെത്തി പരിഹരിക്കുന്നതിനും ധനവിനിയോഗത്തിലെ ചോർച്ചകൾ ഒഴിവാക്കുന്നതും. മനുഷ്യ അദ്ധ്വാന ശക്തിയും പണത്തെ പോലെ തന്ന പരിഗണിക്കേണ്ട വിഭവമാണ്.

പ്രധാന വരുമാന മാർഗ്ഗങ്ങളായ കെട്ടിടനികുതി, തൊഴിൽനികുതി ഇവയുടെ പട്ടിക ചുവടെ ചേർക്കുന്നു.

കെട്ടിട നികുതി ഈടാക്കുന്നതിന് സ്വീകരിക്കുന്ന മാനദണ്ഡം ഇപ്രകാരമാണ്. കെട്ടിടത്തിന്റെ പ്രതിവർഷ വാടകയുടെ 10% മെയിന്റൻസ് ചെലവുകഴിച്ച് ബാക്കിയുടെ ആറുമുതൽ പത്തുശതമാനം വരെ ഈടാക്കാൻ നിയമം അനുവദിക്കുന്നു. ഇപ്പോൾ വിട്ടുകരം നിശ്ചയിക്കുന്നതിൽ അപാകതയുണ്ടെന്ന് വിമർശനം ഉണ്ട്. പഞ്ചായത്തിലാകെ 970 പേരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നുണ്ട്. പട്ടിക ശ്രദ്ധിക്കുക. പഞ്ചായത്തിലുള്ള രണ്ടു മാർക്കറ്റിൽ നിന്നും 111375 രൂപയും, ഒരു സിനിമാശാലയിൽ നിന്നും 3447 രൂപയും വരുമാനം ലഭിക്കുന്നു. അനുവദിക്കപ്പെടുന്ന ഫണ്ടുകളും ഗ്രാന്റുകളും യഥാസമയം ലഭിക്കാതിരിക്കുന്നത് വികസന പ്രവർത്തനങ്ങളെ ബാധിക്കാറുണ്ട്. നമ്മുടെ പഞ്ചായത്തിൽ നിന്നു ഗൾഫ് നാടുകളിൽ ധാരാളം പേർ ജോലി ചെയ്യുന്നു. പട്ടിക ശ്രദ്ധിക്കുക അവരുടെ നിക്ഷേപങ്ങൾ പഞ്ചായത്തിലെ പ്രത്യുല്പാദനപരമായ പ്രവർത്തനങ്ങൾക്ക് പ്രയോജനപ്പെടുന്നില്ല.

പഞ്ചായത്തിൽ നിരവധി ധനകാര്യസ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു. 3 ദേശീയ ബാങ്കുകൾ ജില്ലാ സഹകരണബാങ്ക്, 2 സഹകരണബാങ്കുകൾ, 3 ഷെഡ്യൂൾ ബാങ്കുകൾ എന്നിവ കൂടാതെ 14 സ്വകാര്യ ധനകാര്യ സ്ഥാപനങ്ങളും ഇവിടെ പ്രവർത്തിക്കുന്നു

ബാങ്കുകളിലെ നിക്ഷേപവായ്പ അനുപാതം തൃപ്തികരമല്ല. വായ്പ വിതരണം ഉയർത്താൻ ബാങ്കുകൾ ശ്രദ്ധിക്കേണ്ടതാണ്.

പ്രത്യുല്പാദനപരമല്ലാത്ത കാര്യങ്ങൾക്ക് കൂടുതൽ തുക ചെലവാക്കേണ്ടിവരുന്നതും ഭരണപരമായ ചെലവുകൾ ഏറിവരുന്നതും മൂലം അടിസ്ഥാന വികസന പ്രവർത്തനങ്ങൾക്ക് പണം കണ്ടെത്താൻ ബുദ്ധിമുട്ടുണ്ടാകുന്നു. ഈ വിഷമസ്ഥിതി പരിഹരിക്കാൻ കൂടുതൽ വരുമാന മാർഗ്ഗങ്ങൾ കണ്ടെത്തണം.

നിർദ്ദേശങ്ങൾ

1. വഴിവിളക്കുകൾക്ക് ചാർജ്ജ് അടയ്ക്കുന്ന ഇന്നത്തെ സംവിധാനം മാറ്റണം. കത്താത്ത ബൾബുകൾക്ക് ചാർജ്ജ് കൊടുക്കേണ്ടതായി വരുന്നു. വാർഡുതോറും വഴി വിളക്കുകൾക്ക് പ്രത്യേകം മീറ്റർ സ്ഥാപിച്ച് ഉപയോഗിക്കുന്ന വൈദ്യുതിക്കുമാത്രം ചാർജ്ജ് നല്കുന്ന സംവിധാനമുണ്ടാക്കണം.
2. റോഡുകൾ, പൊതുകുളങ്ങളും, കിണറുകളും ഇവയുടെ സംരക്ഷണവേലകൾ നടത്തുന്നതിൽ കോൺട്രാക്ടർമാരേ ഒഴിവാക്കുക. ഈ പ്രവർത്തനങ്ങൾ ഗുണഭോക്താക്കളുടെ സമിതിയേ ഏല്പിച്ചാൽ ഫലപ്രദമായി പ്രവർത്തനം നടത്താൻ മനുഷ്യപ്രയത്നം കൂടി ഉപയോഗിക്കാൻ കഴിയും.
3. റോഡുകളുടെ മെയിന്റനൻസ് വർഷകാലത്തിനടുത്ത് നടത്തുന്നതിനാൽ മഴ പെയ്യുമ്പോൾ ഒഴുകി പോകുന്നു. ഓടകൾ നിർമ്മിക്കാത്തതിനാൽ ഇത് വർഷംതോറും ആവർത്തിക്കുന്നു. സ്ഥിരമായ ഓടകൾ നിർമ്മിച്ചാൽ ഈ ആവർത്തന ചെലവ് ഒരു പരിധിവരെ കുറയ്ക്കാം.
4. വാടകകൊടുക്കുന്ന കെട്ടിടങ്ങളുടെ വാടക കൃത്യമായി പരിശോധിച്ച് നികുതി പരിഷ്ക്കരിക്കുക. നികുതിയുടെ വിശദ വിവരം നോട്ടിസ് ബോർഡിൽ പരസ്യപ്പെടുത്തുക.
5. വീടുകളേ, തറ വിസ്തീർണ്ണത്തിന്റെയും ആഡംബരത്തിന്റെയും, നിർമ്മാണരീതിയുടെയും, അടിസ്ഥാനത്തിൽ ഇനം തിരച്ച് പ്രത്യേക നിരക്കുകളിൽ നികുതി ചുമത്തുക.
6. കേരള പഞ്ചായത്ത്രാജ് 218-ാം വകുപ്പനുസരിച്ചും അതിനുമുമ്പു നിലവിലുണ്ടായിരുന്ന കേരള പഞ്ചായത്ത് ആക്ട് അനുസരിച്ചും പുറമ്പോക്കു ഭൂമികൾ പരിപൂർണ്ണമായും ഗ്രാമപഞ്ചായത്തുകളിൽ നിക്ഷിപ്തമാണ്. ഈ പുറമ്പോക്കുസ്ഥലങ്ങൾ എടുക്കേണ്ടിവരുമ്പോൾ വില അടക്കേണ്ടിവരുന്ന സ്ഥിതി ഒഴിവാക്കുക.
7. നദി, തോട്, കനാൽ ഓരങ്ങളിലുള്ള പുറമ്പോക്കു ഭൂമികളിൽ തേക്ക്, ഈട്ടി, ആഞ്ഞിലി മുതലായ വൃക്ഷങ്ങൾ വച്ചുപിടിപ്പിക്കുന്നത് ഭാവിയിൽ നല്ല മുതൽ കൂട്ടായിരിക്കും ഈറ, മുള മുതലായവ വച്ചുപിടിപ്പിക്കുന്നതും ആദായകരമാണ്.
8. പമ്പയാറ്റിലെ നമ്മുടെ പഞ്ചായത്തുപരിധിയിൽ നിന്നും മണൽ വാരാനുള്ള അവകാശം പഞ്ചായത്തിനായിരിക്കണം. അനധികൃതമണൽവാരൽ തടഞ്ഞ് വരുമാനം വർദ്ധിപ്പിക്കണം.
10. പ്രധാന കേന്ദ്രങ്ങളിൽ ഒട്ടോറിക്ഷാ ടാക്സിസ്റ്റാൻഡുകൾ നിർമ്മിച്ച് പാർക്കിംഗ് ഫീസ് ഏർപ്പെടുത്തണം.
11. വള്ളംകളിക്കു തടസ്സമായി പമ്പയാറ്റിൽ ക്ഷേത്രക്കടവിനു സമീപമുള്ള മണൽ പുറ്റ് ലേലം കൊടുത്തു നീക്കം ചെയ്യിച്ചാൽ പഞ്ചായത്തിൽ വൻ വരുമാനം ലഭിക്കുന്നതിനോടപ്പം വള്ളംകളിക്കുള്ള തടസ്സം നീങ്ങുകയും ചെയ്യും.
12. പഞ്ചായത്തിൽ, പരസ്യത്തിനു വേണ്ടി സ്ഥാപിക്കുന്ന ചുവരെഴുത്ത് ബോർഡുകൾ എന്നിവയ്ക്ക് ഫീസ് ഏർപ്പെടുത്തുക.
13. ഒരേക്കറിൽ അധികം റബർ കൃഷിയുള്ള കൃഷിക്കാരിൽ നിന്നും സെസ് ഏർപ്പെടുത്തുക.
14. വിദേശത്തുജോലി ചെയ്യുന്ന നമ്മുടെ നാട്ടുകാരുടെ നിക്ഷേപം മൂലധനമാക്കി പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ റബർ അടിസ്ഥാനവ്യവസായങ്ങൾ തുടങ്ങുക.
15. പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ പബ്ലിക്ക് മാർക്കറ്റുകളും ഷോപ്പിംഗ് കോംപളക്സുകളും സ്ഥാപിക്കുക.
16. കേബിൾ ടി.വി ഏജൻസികളിൽ നിന്നുള്ള ലൈസൻസ് ഫീസ് വർദ്ധിപ്പിക്കുക.
17. സ്വകാര്യവാഹന ഉടമകളിൽ നിന്നും ലൈസൻസ് ഈടാക്കുക.
18. മത്സ്യകൃഷി പ്രോത്സാഹിപ്പിച്ച് തൊഴിലവസരം വർദ്ധിപ്പിക്കുകയും, മത്സ്യകൃഷിക്കാർക്ക് ലൈസൻസ് ഏർപ്പെടുത്തുകയും ചെയ്യുക.
19. പഞ്ചായത്തിൽ സർക്കാൻ അധീനതയിലുള്ള പാറകൾ പഞ്ചായത്തിൽ നിക്ഷിപ്തമാക്കുക.
20. എഴിക്കാട് പ്രദേശത്ത് കാറ്റിൽ നിന്നും വിദ്യുത്ച്ഛക്തി ഉല്പാദിപ്പിക്കുന്നതിനുള്ള ബാധ്യത പരിശോധിക്കുക.

## പട്ടിക 1
## നികുതി വരുമാനത്തിന്റെ വിവരണം.

| വാർഡ് | എണ്ണം | കെട്ടിടനികുതി | | | തൊഴിൽ ദായകർ | | ലൈസൻസ് | |
|---|---|---|---|---|---|---|---|---|
| | | നികുതിയില്ലാത്തവ | നികുതിയുള്ളവ | നികുതി തുക | എണ്ണം | തുക | എണ്ണം | തുക |
| 1 | 1032 | 410 | 622 | 53850 | 234 | 20934 | 74 | 1406 |
| 2 | 720 | 188 | 532 | 49748 | 107 | 11680 | 20 | 430 |
| 3 | 642 | 186 | 456 | 48802 | 110 | 7105 | 20 | 2340 |
| 4. | 446 | 63 | 403 | 36041 | 76 | 4930 | 35 | 2795 |
| 5 | 483 | 171 | 312 | 12381 | 22 | 835 | 15 | 260 |
| 6 | 862 | 274 | 588 | 16313 | 24 | 495 | 18 | 345 |
| 7 | 589 | 222 | 367 | 12972 | 25 | 1420 | 13 | 360 |
| 8 | 486 | 196 | 421 | 17422 | 81 | 8645 | 10 | 150 |
| 9 | 617 | 196 | 421 | 17422 | 81 | 8645 | 10 | 150 |
| 10 | 846 | 104 | 742 | 30974 | 82 | 3205 | 61 | 1560 |
| 11 | 740 | 81 | 659 | 43023 | 111 | 7022 | 66 | 1532 |
| 12 | 798 | 130 | 668 | 39583 | 62 | 5100 | 14 | 225 |
| Totel | 8281 | 2221 | 6060 | 3662247 | 970 | 72946 | 366 | 11658 |

## വിദേശ ജോലിക്കാരുടെ എണ്ണം

| വാർഡ് | 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | ആകെ |
|---|---|---|---|---|---|---|---|---|---|---|---|---|---|
| എണ്ണം | 250 | 130 | 250 | 300 | 150 | 100 | 45 | 70 | 100 | 100 | 125 | 50 | 1670 |

# 6

# ടൂറിസം

**വി**നോദസഞ്ചാരികളുടെ പറുദീസയാണ് ആറന്മുള. തല ഉയർത്തി നിൽക്കുന്ന മാമലകളും, പച്ച പുതപ്പണിഞ്ഞ നെല്പാടങ്ങളും, തെളിനീരുമായൊഴുകുന്ന പമ്പയും ചേർന്ന് പ്രകൃതിയുടെ കരാംഗുലികൾ ഇവിടെ വർണ്ണച്ഛവി വിതറുന്നു. വാസ്തു വിദ്യകലയുടെ പൈതൃക സംഭാവനയും, ആരാധനാലയങ്ങളും, സാംസ്കാരിക തനിമയും, ആതിഥ്യമര്യദയും ഏതൊരു വിനോദസഞ്ചാരിയുടെ മനസിലും എന്നെന്നും മധുര സ്മരണകളാണ് ചാർത്തുക.

കിലോമീറ്ററുകൾ ദൂരം നയനഗോചരമാവുന്ന പരുത്തുപാറ, മുടിമല, കിടാരത്തിൽമല, പുലിക്കുന്നുമല തുടങ്ങിയ ഉയർന്ന പ്രദേശങ്ങളും ആറന്മുള വള്ളം കളി, ആറന്മുള കണ്ണാടി, ആറന്മുള ക്ഷേത്രം തിരുവെണത്തോണി, പള്ളിവിളക്ക്, വാസ്തുവിദ്യാഗുരുകുലം, പമ്പാനദി, കവികളുടെയും സാംസ്കാരിക നായകന്മാരുടെയും സ്മൃതിയിടങ്ങൾ തുടങ്ങി എണ്ണിയാൽ തീരാത്ത മന്ദ്രമനോഹരങ്ങളായ കേന്ദ്രങ്ങൾ ആരെയാണ് ആകർഷിക്കാത്തത്? വിദേശിയേയും സ്വദേശിയേയും ഒരുപോലെ ആനന്ദ പുളകിതരാക്കുന്ന ഭൂപ്രദേശമാണ് ആറന്മുള പഞ്ചായത്ത്.

## വള്ളംകളി.

ചരിത്രാതീത കാലം താണ്ടി ഇന്നും നിലനിൽക്കുന്ന കാണാം ആറന്മുള ഉതൃട്ടാതി ജലമേള. പമ്പാനദിയിൽ നിക്ഷേപമാലിമുതൽ ആറന്മുള സത്രക്കടവുവരെ ഒരു കിലോമീറ്റർ ദൂരത്തുനടക്കുന്ന ജലകേളി കാണാൻ ജന ലക്ഷങ്ങളാണ് ഓരോ വർഷവും എത്തുന്നത്. നിർമ്മാണത്തിലെ സവിശേഷത, ശില്പഭംഗി, വേഷവിധാനം, അലങ്കാരം, താളലയ സംഗീതം അടക്കം ലോകത്തു മറ്റെങ്ങുമില്ലാത്ത സവിശേഷതയാണ് നമ്മുടെ ജല കേളിയ്ക്കുള്ളത്.

## ആറന്മുള ലോഹക്കണ്ണാടി

ഒന്നിലധികം ലോഹങ്ങൾ പ്രത്യേക അനുപാതത്തിൽ ചേർത്തു നിർമ്മിക്കുന്ന ലോഹക്കണ്ണാടി ആറന്മുളയുടെ മാത്രം സമ്പത്താണ്. യഥാർത്ഥ പ്രതിബിംബം കാണാൻ കഴിയുന്ന ഈ കണ്ണാടി കണ്ണുകൾക്ക് കുളിർമ നൽകും. എത്ര നൂറ്റാണ്ടു വേണമെങ്കിലും കേടുകൂടാതെ സൂക്ഷിക്കാൻ കഴിയുന്ന ഇവയുടെ ശില്പഭംഗിയും കൗതുകകരമാണ്. ലോകത്തേ ഒട്ടെല്ലാമ്യൂസിയങ്ങളിലും ജനലക്ഷങ്ങൾക്ക് അത്ഭുതം നൽകി ആറന്മുള ലോഹക്കണ്ണാടി സ്ഥാനം പിടിച്ചിരിക്കുന്നു.



# ആറന്മുള ലോഹക്കണ്ണാടി



## പാർത്ഥസാരഥി ക്ഷേത്രം

പമ്പാനദിയുടെ തീരത്ത് തല ഉയർത്തി നിൽക്കുന്ന ആറന്മുള പാർത്ഥസാരഥി ക്ഷേത്രവും ചരിത്രാതീതമാണ്. ചുറ്റുമുള്ള പ്രദേശമാകെ വെള്ളപ്പൊക്കത്തിൽ മുങ്ങിയാലും ഒരിറ്റുവെള്ളംപോലും ക്ഷേത്രമുറ്റത്തു കയറാത്ത രൂപത്തിലാണ് നിർമ്മിതി. ചുറ്റുമതിൽ, ശ്രീകോവിൽ, കൊടിമരം പ്രതിഷ്ഠ, ദാരുശില്പങ്ങൾ, ചുമർ ചിത്രങ്ങൾ, കൽപ്രതിമകൾ തുടങ്ങി ആരേയും അത്ഭുതപ്പെടുത്തുന്നവയാണ് ആറന്മുള ക്ഷേത്രത്തിലെ കാഴ്ചകൾ.

## തിരുവോണത്തോണി

തിരുവോണനാളിൽ, ഐതിഹ്യവുമായി ബന്ധപ്പെട്ട കാട്ടൂർ മഠത്തിൽ നിന്നും സദ്യയ്ക്കുള്ള വിഭവങ്ങളുമായി പാർത്ഥസാരഥി ക്ഷേത്രത്തിലേക്കുനീങ്ങുന്ന തിരുവോണത്തോണി മനോഹരമാണ്. മുൻഭാഗം ഗരുഡന്റെ രൂപത്തിൽ കൊത്തിയെടുത്തിട്ടുള്ള ഇത്തരം വള്ളം ആറന്മുളയിൽ മാത്രമാണുള്ളത്.



# തിരുവോണത്തോണി



## പള്ളിവിളക്ക്

കിടങ്ങന്നൂർ പള്ളിമുക്കത്ത് ദേവീക്ഷേത്രത്തിൽ മീനഭരണിഉത്സവത്തിന് എഴുന്നള്ളിക്കുന്നതാണ് ഏറെ സവിശേഷതകളുള്ള പള്ളിവിളക്ക്. 3001 തിരികൾ കത്തിച്ച് നൂറുകണക്കിനാളുകൾ തോളിൽ ചുമന്ന് നൂറു മീറ്റർ ദൂരെയുള്ള പടങ്ങിൽ സ്ഥാപിക്കുന്ന പള്ളിവിളക്ക് കൗതുകകരമാണ്. ആയിരക്കണക്കിന് നക്ഷത്രങ്ങൾ വരിവരിയായി നമുക്കടുത്തേക്ക് അണയുന്ന അനുഭൂതിയാണ് ഈ കാഴ്ച നൽകുക.

## വാസ്തുവിദ്യാ ഗുരുകുലം

തച്ചുശാസ്ത്രത്തിന്റെയും ചുവർ ചിത്രകലയുടെയും ഉപരിപഠനത്തിനും ഗവേഷണത്തിനുമായി സ്ഥാപിച്ചിട്ടുള്ള വിദ്യാപീഠമാണിത്. ശാസ്ത്ര കുതുകികളായ ആയിരങ്ങളെയാണ് ഈ സ്ഥാപനം ആകർഷിക്കുന്നത്.

## മഹാകവി കെ. വി. സൈമൺ

മഹാകവി നിത്യ വിശ്രമം കൊള്ളുന്ന പാവന ശവകുടീരം ആറന്മുള പഞ്ചായത്തിലെ ഇടയാറന്മുളയിലാണ്. ആറന്മുള ഐക്കര ജംഗ്ഷനിൽനിന്നും ഒരുകിലോ മീറ്റർ ദൂരത്താണ് സാഹിത്യകുതുകികളുടെ ഈ തീർത്ഥാടന കേന്ദ്രം. അനവദ്യസുന്ദരമായ ഈരടികളിലൂടെ ക്രൈസ്തവ സംഗീത ലോകത്തേ സമ്പുഷ്ടമാക്കിയ സാധു കൊച്ചു കുഞ്ഞുപദേശി ആറന്മുളയുടെ മണൽ തരിയിൽപോലും ആദ്ധ്യാത്മിക പ്രഭാപൂരം വാരിവിതറിയ മനുഷ്യദേഹമാണ്. അദ്ദേഹത്തിന്റെ ജന്മം കൊണ്ട് പാവനമായ മുത്താമ്പലത്ത് ഭവനവും ഇടയാറന്മുളയിൽത്തന്നെ. അദ്ദേഹം ഇടയാറന്മുള മാർത്തോമ്മാപ്പള്ളി സെമിത്തേരിയിൽ അന്ത്യവിശ്രമം കൊള്ളുന്നു.



സാമൂഹ്യനവോത്ഥാനത്തിന്റെ ശംഖനാദം മുഴക്കിയ കുറുമ്പൻ ദൈവത്താന്റെ സ്മൃതിയിടം എരുമക്കാട് ഗുരുമന്ദിരം ജംഗ്ഷനിലാണ്. സാഹിത്യലോകത്തിലെ ഉജ്ജ്വലതാരമായ വി. ജെ. തോമസ്സിന്റെ ഗൃഹം ആറന്മുള ജംഗ്ഷനിൽ നിന്നും കേവലം 200 മീറ്റർ അകലെയാണ്. പ്രശസ്ത ശാസ്ത്രസാഹിത്യകാരനായ ചെല്ലത്ത് ഡോ. കെ. ഭാസ്കരൻനായർ, അനുഗൃഹീത പത്രപ്രവർത്തകൻ ആറന്മുള സത്യവ്രതൻ എന്നിവരുടെ ജന്മംകൊണ്ട് സമ്പുഷ്ടമാണ് ആറന്മുള.

വിനോദസഞ്ചാരം രംഗത്ത് ആറന്മുളയുടെ പ്രാധാന്യം കേരളാ ഗവൺമെന്റിന്റെ ശ്രദ്ധയിൽപെടുത്താൻ ഏറ്റവും കൂടുതൽ പരിശ്രമിച്ച ദേഹമാണ് മാലേത്ത് ഗോപിനാഥപിള്ള എക്സ് എം. എൽ. എ. അദ്ദേഹത്തിന്റെ നിർദ്ദേശമനുസരിച്ചുള്ള പദ്ധതിയുണ്ടാക്കുന്നതിനുള്ള കർമ്മ പരിപാടികൾ ആവിഷ്കരിച്ചു നടപ്പാക്കാൻ നാളിതുവരെ നമ്മുടെ ഭരണാധികാരികൾക്കു കഴിഞ്ഞില്ല എന്ന ദുഃഖസത്യം നിലനിൽക്കുന്നു.

## ആവശ്യങ്ങൾ

1. ടൂറിസ്റ്റുകൾക്കു താമസിക്കുന്നതിനുള്ള ലോഡ്ജിംഗ് സംവിധാനം ഏർപ്പെടുത്തുക
2. ആറന്മുള സത്രത്തിന്റെ ചുറ്റുമതിൽ കെട്ടുകയും കൂടുതൽ സൗകര്യങ്ങൾ ക്രമീകരിക്കുകയും ചെയ്യുക.
3. മൺമറഞ്ഞ സംസ്കാരിക നായകന്മാരുടെ പ്രതിമകൾ, പഞ്ചായത്തിലെ ആകർഷക കേന്ദ്രങ്ങളുടെ ചിത്രം, ശില്പങ്ങൾ ഇവ ഉൾപ്പെടുന്ന സാംസ്കാരികപാർക്കും അനുബന്ധമായി സാംസ്കാരിക മ്യൂസിയവും സ്ഥാപിക്കുക. ഇതിനായി സ്പോൺസറിങ്ങ് വിദേശസഹായം ഇവ തേടുകയും ഒരു പ്രത്യേക സമിതിതന്നെ ഇതിനായി രൂപീകരിച്ച് പ്രവർത്തനം തുടങ്ങുകയും ചെയ്യണം.
5. ആറന്മുളയിലെ വാട്ടർ സ്റ്റേഡിയം പണി ഉടൻ ആരംഭിക്കുക
6. ആറന്മുളയുടെ സവിശേഷതകളെക്കുറിച്ച് വ്യാപകമായ പ്രചരണം മാധ്യമങ്ങളിലൂടെയും അല്ലാതെയും നടത്തുക.





Printed at : Puthethu Offset Printers, Kallissery. Ph : 0479 - 455561

# സ്നേഹാദരങ്ങളോട്

ഇന്ത്യയുടെ ആത്മാവ് ഇന്ത്യൻ ഗ്രാമങ്ങളിലാണെന്നാണ് രാഷ്ട്രപിതാവ് പറഞ്ഞത്. ഗ്രാമങ്ങളുടെ സ്വയം പര്യാപ്തതയിലൂടെ മാത്രമേ രാജ്യം വികാസം പ്രാപിക്കുകയുള്ളൂ. എന്നാൽ 8 പഞ്ചവത്സരപദ്ധതികൾ പിന്നിട്ടിട്ടും ഈ സ്വപ്നങ്ങൾ സാക്ഷാത്കരിക്കപ്പെട്ടിട്ടില്ല. ജീവനും ഓജസ്സും മങ്ങി മുരടിച്ച വർത്തമാനകാലഗ്രാമങ്ങളെ പുനരുജ്ജീവനത്തിലേക്കു നയിക്കേണ്ടതുണ്ട്. ഇതിനാവശ്യം ഗ്രാമങ്ങൾ കണ്ടറിഞ്ഞുള്ള വികസനപദ്ധതികളാണ്. സംസ്ഥാനത്തെ പുത്തൻ ആസൂത്രണ പരിപാടി ഈവിധ ലക്ഷ്യത്തോടുകൂടിയാണ് ആവിഷ്കരിച്ചിട്ടുള്ളത്.

പഞ്ചായത്ത് രാജ് നിയമം നടപ്പിലായതോടെ അധികാരവികേന്ദ്രീകരണനടപടികളിൽ ഒരു നൂതന കാൽവയ്പാണ് നടന്നത്. ഓരോ ഭൂപ്രദേശത്തെയും കാലാവസ്ഥയേയും പരിതസ്ഥിതികളേയും പരിഗണിച്ചുകൊണ്ടുള്ള ആസൂത്രണ സംരംഭം ലോകത്തിനുതന്നെ മാതൃകയാവുകയാണ്. സാക്ഷരതാ പ്രവർത്തനത്തിലൂടെ ലോകത്തിന്റെ അഭിനന്ദനം നേടിയെടുത്ത കൊച്ചു കേരളത്തെ വീണ്ടും സാർവ്വദേശീയ ശ്രദ്ധയിലേക്കു ഉയർത്തുന്ന ഈ ജനകീയാസൂത്രണ പദ്ധതി വൻ സാമൂഹ്യ സാമ്പത്തിക മുന്നേറ്റത്തിനു വഴിതെളിക്കുമെന്നതിൽ എനിക്കു സംശയമില്ല. ഈ ഗൗരവത്തിലാണ് ആറന്മുള ഗ്രാമപഞ്ചായത്തിലും ജനകീയാസൂത്രണ പരിപാടിക്ക് രൂപം കൊടുത്തിട്ടുള്ളത്. ജനങ്ങളുടെ ആത്മാർത്ഥമായ സഹകരണത്തോടുകൂടിയാണ് ഞങ്ങൾ ഈ രൂപരേഖ തയ്യാറാക്കിയിട്ടുള്ളത്.

ഈ യത്നത്തിൽ ഞങ്ങളോടു സഹകരിച്ചവരോട് വാക്കുകൾക്കതീതമായ നന്ദിയുണ്ട്. എഡിറ്റോറിയൽ ബോർഡ് അംഗങ്ങളോട് കൃതാർത്ഥതയുണ്ട് ചർച്ചകൾ ധന്യമാക്കിയവർ, ഗ്രാമസഭകളിലും മറ്റുയോഗങ്ങളിലും പങ്കെടുത്തവർ, എന്നു തുടങ്ങി ഈ മഹായജ്ഞത്തിൽ പ്രത്യക്ഷമായും പരോക്ഷമായും സഹായസഹകരണങ്ങൾ നൽകിയ മുഴുവൻ പേരോടുമുള്ള നന്ദിയും സ്നേഹാദരങ്ങളും പഞ്ചായത്തു ഭരണസമിതിക്കുവേണ്ടി ഹൃദയംഗമായി രേഖപ്പെടുത്തുന്നു.

സ്നേഹപൂർവ്വം.
നിങ്ങളുടെ പ്രസിഡന്റ്,

പി. ആർ. ഗീതാകുമാരി.